ക്കാരുടെ മാനസപുത്രൻമാരായി കേരളത്തിലെ പോലീസുകാർ മാറുന്ന ചിത്രമാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഡി.വൈ.എഫ്.ഐ. പ്രവർത്തകർ മാർച്ച് നടത്തി. ബഹുമാനപ്പെട്ട സ്പീക്കർ അന്ന് ആലപ്പുഴയിലുണ്ടായിരുന്നു. ഡി.വൈ.എഫ്.ഐ. ക്കാരുടെ ഡി.വൈ.എസ്.പി. ഓഫീസിലേക്കുള്ള മാർച്ച് നല്ല പ്രാസമുണ്ട്. പക്ഷെ മുദ്രാവാക്യം വിളിക്കാൻ വിട്ടില്ല. മുദ്രാവാക്യം പാർട്ടി തിരുത്തി. പോലീസിന് എതിരായി മുദ്രാവാക്യം വിളിച്ചപ്പോൾ പാർട്ടി ഇടപെട്ട് തിരുത്തി. ഡി.വൈ.എഫ്.ഐ. ക്കാർക്ക് സമാധാനിക്കാം. എന്തിനാണ് മുദ്രാവാക്യം വിളിക്കുന്നത്. പാവപ്പെട്ടവന്റെ ഒരു കണ്ണുപോയാലും സ്വന്തം നേതാവിന് ഒരു യോഗ്യതയുമില്ലാതെ കയർ കോർപ്പറേഷനിൽ എം.ഡി. ആകാൻ പറ്റിയില്ലേ? ലക്ഷകണക്കിനു ചെറുപ്പക്കാർക്ക് ജോലിയില്ല. പക്ഷേ ഒരാളിന് എം.ഡി. ആയി ജോലി കിട്ടിയില്ലേ. ഡി.വൈ.എഫ്.ഐ ക്കാർക്ക് സമാധാനിക്കാം. കേരളത്തിൽ വേറെ ഒരു പ്രശ്നവുമില്ല. ഞാൻ ഈ നിയമസഭയിലെ 140 അംഗങ്ങളിൽ ഒരാളാണ്. ഈ സഭയിൽ ഞാൻ കഴിഞ്ഞ തവണ വികാരപരമായി ഉന്നയിച്ച ഒരു പ്രശ്നമുണ്ട്. 1997 സെപ്റ്റംബർ മാസം 7-ാം തീയതി എന്നെ ആലപ്പുഴയിലെ പോലീസുദ്യോഗസ്ഥൻ, സർക്കിൾ ഇൻസ്പെക്ടർ മർദ്ദിച്ചു. ഒരു മാസക്കാലം ഞാൻ ആശുപത്രിയിൽ കിടന്നു. ക്രൈംബ്രാഞ്ച് ഡി.ഐ.ജി. യും എസ്. പി.യും വന്ന് മൊഴിയെടുത്തു. കേസെടുക്കുമെന്നു പറഞ്ഞു. 29.6.1998, 2.2.1999, 7.4.1999 എന്നീ ദിവസങ്ങളിൽ സർവ്വശ്രീ. കെ.എ. ചന്ദ്രൻ പി.ജെ. ജോയി, വി. ബാലറാം എന്നിവർ ചോദിച്ച ചോദ്യങ്ങളുടെ മറുപടി. സംസ്ഥാന ക്രൈംബ്രാഞ്ച് കേസന്വേഷണം പൂർത്തിയാക്കുകയും അന്വേഷണ റിപ്പോർട്ട് നിയമോപദേശത്തിനു നൽകിയിരിക്കുകയുമാണ്. 22.2.1999 രണ്ടര കൊല്ലമായി ഒരു നിയമസഭാംഗത്തിനു നേരെ കയ്യേറ്റമുണ്ടായി. രണ്ടു മാസത്തോളം ആശുപത്രിയിൽ കിടന്ന് ക്രൈം ബ്രാഞ്ച് സാക്ഷികളെ വിസ്തരിച്ച് നിയമോപദേശം തേടിക്കഴിഞ്ഞ് ഒരു വർഷം പൂർത്തിയായി. ഒരു വർഷം കഴിഞ്ഞിട്ടും ആ കേസന്വേഷണവുമായി ബന്ധപ്പെട്ട നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. വിശ്വവിഖ്യാതനായ ഷേക്സ്പിയറിന്റെ ഒരു നാടകമാണ് "ദി ടെംപസ്റ്റ്". അതിനകത്ത് പ്രോസ്പെരൊ എന്ന് പറയുന്ന ഒരു ഡ്യൂക്ക് ഉണ്ട്. വില്യം ഡ്യൂക്ക് രാജാവ്. സ്വന്തം സഹോദരനും ശത്രുക്കളും ചേർന്ന് ആ രാജാവിനെ നിഷ്കാസിതനാക്കി നാടുകടത്തി. അവസാനം ഒരു ഐലൻഡിൽ സ്വന്തം മകളോടൊപ്പം അഭയം പ്രാപിച്ചു. ആ രാജാവിന് ഒരു മാന്ത്രികവിദ്യ അറിയാമായിരുന്നു. ആ മാന്ത്രികവിദ്യകൊണ്ട് സ്വന്തം ശത്രുക്കളെ ഒരു കപ്പലിൽ വരുത്തി. ആ കപ്പൽ ഐലൻഡിലേക്ക് അടുപ്പിച്ചു. ആ കപ്പലിനകത്ത് സ്വന്തം മകളുടെ പ്രതിശ്രുതവരനുമുണ്ടായിരുന്നു. ആ മകളുടെ പ്രതിശ്രുതവരനെ ആദ്യം രക്ഷപ്പെടുത്തി. കഴിഞ്ഞ 12 വർഷക്കാലം തങ്ങളെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ച എല്ലാ ശത്രുക്കളും ആ കപ്പലിൽ ഉണ്ടായിരുന്നു. രാജാവ് തന്റെ മാന്ത്രികവിദ്യയിലൂടെ ആ കപ്പൽ വിറപ്പിച്ചു. എല്ലാവരേയും കൊല്ലാൻ ഒരു നിമിഷം. എല്ലാ ശത്രുക്കളേയും ഒരു നിമിഷം കൊണ്ട് മുങ്ങിചാകാൻ സഹായിച്ചു. രാജാവിന്റെ ഭൃതഗണങ്ങൾ പറഞ്ഞു അങ്ങയുടെ മഹത്തരമായ നടപടികൾക്കു കളങ്കം ചാർത്തും എന്നുപറഞ്ഞു. അദ്ദേഹം പറഞ്ഞ മറുപടിയുണ്ട്. ഒരു സ്പിരിച്ചലിന്റെ മാനസികാവസ്ഥ ഇതാണെങ്കിൽ ഒരു മനുഷ്യനായ ഞാൻ മാനസ്സികമായി എത്ര വളരണം. സർ, ഇവിടെ അഹങ്കാരംകൊണ്ട് നിങ്ങൾക്ക് പ്രതികാരം ചെയ്യാം. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി ഞങ്ങൾ നിങ്ങളെ എതിർത്തിട്ടുണ്ട്. അതിന്റെ പേരിൽ നിങ്ങൾക്ക് അധികാരം ഉപയോഗിച്ച് കേസെടുക്കാതിരിക്കാം. തല്ലിക്കൊല്ലാം. എന്നെ തല്ലിയ സി.ഐ.യ്ക്ക് ഡിവൈ.എസ്.പി. പ്രൊമോഷൻ കൊടുത്ത് കല്പറ്റയിലേക്ക് അയച്ചു. എം.എൽ.എ. യെ തല്ലിയ പോലീസുകാരന് കല്പറ്റ

LIBRARY ARCHIVES Kerala Legislative Assembly

യിൽ ലാ ആന്റ് ഓർഡർ കൊടുത്തിരിക്കുന്നു. അവസാനം ആ രാജാവ് പറഞ്ഞു, ' the rarer action is virtue than vengeance', പ്രതികാരത്തിനേക്കാൾ സംയമനമാണ് മഹത്തരമെന്ന്. അതുമാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. എ. കണാരൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ വേണുഗോപാൽ ഇവിടെ ഇപ്പോൾ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് സംസാരിച്ചു. അദ്ദേഹം എന്തോ കുറേ മലയാളവും ഇംഗ്ലീഷും വാചകങ്ങൾ ചേർത്ത് കൈകാലിട്ടടിക്കുന്നതു കണ്ടു. എനിക്കൊന്നും മനസ്സിലായില്ല. ഏറ്റവും ഉന്നതമായ ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ച് പറയുമ്പോൾ മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ ആരോ കയറി ചെന്നു എന്നു പറഞ്ഞു. അവിടെ മനുഷ്യനല്ലാതെ വേറെ ആരാണ് കയറി ചെല്ലേണ്ടത്? ആരുടെയോ കണ്ണുപോയി, കാതുപോയി എന്നൊക്കെ പറഞ്ഞു. വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെപ്പറ്റിയുള്ള ചർച്ചയാണിത്. ഞാൻ ഇതിനെ അഭിമാനപൂർവ്വം അനുകൂലിക്കുന്നത് വെടിവെയ്പും വർഗ്ഗീയ കലാപവും സംഘട്ടനങ്ങളും ലോക്കപ്പ് മരണവും ഇല്ലാതെ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിച്ച ഗവൺമെന്റിന്റെ ധനാഭ്യർത്ഥന ആയതുകൊണ്ടാണ്. ഇന്ത്യ ആകെ പരിശോധിച്ചാൽ ക്രമസമാധാന നില ഭദ്രമായ സംസ്ഥാനം കേരളമാണ്. കോൺഗ്രസ് ഭരിച്ച ഡൽഹി, ഒറീസ, മധ്യപ്രദേശ്, ബി.ജെ.പി. ഭരിച്ച മഹാരാഷ്ട്ര, ഉത്തർപ്രദേശ്, രാജസ്ഥാൻ, പ്രാദേശിക പാർട്ടികൾ ഭരിച്ചുകൊണ്ടിരിക്കുന്ന തമിഴ്നാട്, ബീഹാർ, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ എന്താണു സ്ഥിതി? വെടിവെയ്പും കലാപവും സ്ത്രീ പീഡനവും വർധിച്ചുവരികയല്ലേ?

വഴി നടക്കാൻപോലും പറ്റാത്ത അവസ്ഥയാണ്. ആളുകളെ കൂട്ടമായി വെടിവെച്ചുകൊല്ലുക, കൂട്ടമായി ബലാത്സംഗം ചെയ്യുക, എന്നിട്ട് മരത്തിന്റെ ചുവട്ടിലിരുന്ന് ഭക്ഷണം കഴിച്ച് വിശ്രമിച്ച് പോകാവുന്ന കാടത്തമല്ലേ എല്ലായിടത്തും നടന്നുകൊണ്ടിരിക്കുന്നത്. അതിൽ നിന്നെല്ലാം വ്യത്യസ്തമല്ലേ കേരളം? കേരളത്തിലെ ജനങ്ങൾക്ക് സൈരജീവിതം ഉറപ്പുനൽകുന്ന ഒരു ഗവൺമെന്റാണ് കഴിഞ്ഞ മൂന്നു വർഷമായി ഇവിടെ ഭരിക്കുന്നത്. നമുക്ക് യു.ഡി.എഫിന്റെ ഭരണകാലത്തെ കണക്കെടുക്കാം. എത്ര രാഷ്ട്രീയ കൊലപാതകം ഇവിടെയുണ്ടായി. രാഷ്ട്രീയ സംഘട്ടനങ്ങളും വർഗ്ഗീയ സംഘട്ടനങ്ങളും പോലീസ് വെടിവയ്പ്പും, ലാത്തിചാർജ്ജും, ലോക്കപ്പ് മരണവും സ്ത്രീ പീഡനവും ഒക്കെയായി ഈ രാജ്യത്ത് എന്തായിരുന്നു സ്ഥിതി? നിങ്ങളന്ന് മെമ്പറല്ല. പൂന്തുറ, വിഴിഞ്ഞം, പാലക്കാട്, കാസർഗോഡ് എല്ലാം വർഗ്ഗീയ കലാപത്തിന്റെ നാടായി മാറി. മുൻ സ്പീക്കർക്കറിയില്ലേ? യു.ഡി.എഫ്. ന്റെ കാലത്ത് നിയമസഭാ സമ്മേളനം ചേർന്നപ്പോൾ കലാപത്തിന്റെ ഒച്ചകേട്ട് നമ്മൾ എത്ര പ്രാവശ്യം സ്തംഭിച്ചുപോയി. അവർക്കാർക്കുമറിയില്ല. നിങ്ങൾ പറഞ്ഞു കൊടുക്കണം. എൽ.ഡി.എഫ്. ഗവൺമെന്റിനെ എതിർക്കാൻവേണ്ടി എന്തെങ്കിലും സംസാരിക്കണ്ട. സത്യസന്ധമായി പറയണം. ആ അവസ്ഥയെല്ലാം ഇവിടെ മാറി. മൂന്നുവർഷത്തെ എൽ.ഡി.എഫ്. -ന്റെ ഭരണം അഭിമാനാർഹമാണ്. കിഴക്ക്, തെക്ക്, വടക്ക്, പടിഞ്ഞാറ് തുടങ്ങിയ നാല് അതിർത്തികളുടെ സ്ഥിതിയെന്താണ്? നമ്മുടെ അയൽ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? തമിഴ്നാട്ടിലും കർണ്ണാടകയിലും ഹിന്ദു- മുസ്ളീം കലാപങ്ങൾ നടക്കുന്നു. അല്ലേ? ഞാൻ ആന്റണിയോട് പറയുകയാണ്. സംഘട്ടനങ്ങളും ബോംബ് സ്ഫോടനങ്ങളും പോലീസ് വെടിവെയ്പുകളും അയൽ സംസ്ഥാനങ്ങളിൽ നിത്യസംഭവമാണ്. കേരളം മതസൗഹാർദ്ദത്തിന്റെ തുരുത്താണ്. നാലുഭാഗമെടുത്തുനോക്കികഴിഞ്ഞാൽ മതസൗഹാർദ്ദത്തിന്റെ തുരുത്താണിത്. നമുക്ക് അതിൽ അഭിമാനിക്കാം. പ്രതിപക്ഷവും ഗവൺമെന്റ് പക്ഷവും വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

മറ്റെല്ലാ പ്രദേശത്തും കലാപം നടന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്നതുകൊണ്ടാണ്. കമ്മ്യൂണിസ്റ്റ് എന്ന പദം നല്ല പദമാണ്. അവരെ അപമാനിക്കണ്ട. ഇടതുപക്ഷ പാർട്ടികളും കമ്മ്യൂണിസ്റ്റുകാരുംകൂടി ചേർന്നു ഭരിക്കുമ്പോഴെ ഇതുണ്ടാവുകയുള്ളൂ. അതാണ് ഇതിന്റെ അർത്ഥം. കോയമ്പത്തൂരിൽ ബോംബ് സ്ഫോടനമുണ്ടായി. അവിടെ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി വന്നപ്പോൾ ബോംബ് സ്ഫോടനമുണ്ടായി. പോലീസ് വെടിവെയ്പിൽ നൂറുകണക്കിനാളുകളെയാണ് വെടിവെച്ചുകൊന്നത്. ആയിരക്കണക്കിനാളുകളെയാണ് മാരകമായി പരിക്കേൽപ്പിച്ചത്. വീരാജ്പേട്ടയിലും മംഗലാപുരത്തും വർഗ്ഗീയ കലാപമുണ്ടായി, എന്നിട്ട് സാധാരണക്കാരന് സൈര്യജീവിതം നയിക്കാൻ കഴിയാത്ത അവസ്ഥ അവിടെയുണ്ടായി. അയൽ സംസ്ഥാനങ്ങളുടെ സ്ഥിതി നമ്മുടെ സംസ്ഥാനത്തിൽനിന്നും വ്യത്യസ്തമാണ്. ഇവിടെ 20% മുസ്ളീം, 20% ക്രിസ്റ്റ്യൻ ജനവിഭാഗങ്ങൾ ഇതെല്ലാം കൂടി ചേർന്ന് വളരെ സൗഹാർദ്ദത്തോടുകൂടി ജീവിച്ചുകൊണ്ടിരിക്കുന്നു. ഇത് ജനങ്ങൾക്കറിയാം. അവരെ നിങ്ങൾ പഠിപ്പിക്കണ്ട. കേരളം എന്താണെന്നും കർണാടകം എന്താണെന്നും തമിഴ്നാട് എന്താണെന്നും കോയമ്പത്തൂർ എന്താണെന്നുമെല്ലാം ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം. ബഹുമാനപ്പെട്ട വേണുഗോപാലിനോട് പറയുകയാണ്. അതുകൊണ്ടാണ് കഴിഞ്ഞ മൂന്നുവർഷക്കാലം കൊണ്ട് ആറ് ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ ആറ് തെരഞ്ഞെടുപ്പിലും എൽ.ഡി.എഫ്. വിജയിച്ചത്. ശിവഗിരിയിൽ എന്തുണ്ടായി? അവിടെ പോലീസിനെ അഴിച്ചുവിട്ട് കലാപമുണ്ടാക്കി. ആരുണ്ടാക്കി? ബഹുമാനപ്പെട്ട ആന്റണി ഡെൽഹിയിൽനിന്ന് ഓർഡർ കൊടുത്തു, അതിന്റെ അകത്തേക്ക് കയറാൻ. എന്നിട്ട് ജീവനക്കാരെയും സന്യാസിമാരേയും ആക്രമിച്ചു. പരിപാവനമായ ദേവാലയം അടിച്ച് തകർത്തു. ബഹുമാനപ്പെട്ട ആന്റണി ഭരിക്കുന്ന അവസരത്തിലാണ്. ആ പുണ്യസ്ഥലം അടിച്ച് തകർക്കാൻ അദ്ദേഹം ഡൽഹിയിൽനിന്ന് ഓർഡർ കൊടുത്തതാണ്. എന്നിട്ട് അവിടത്തെ ജീവനക്കാരെയുമെല്ലാം ആക്രമിച്ചു. അല്ലേ? ഇത് ജനങ്ങൾ മറന്നിട്ടില്ല. മനസ്സിലായോ? ഇത് ജനങ്ങൾ മനസ്സിലാക്കികൊണ്ടിരിക്കുന്നു. ഇവിടെ മാരാമൺ കൺവെൻഷനുണ്ടായി. അവിടെ സമ്മേളനം സമ്മതിക്കുകയില്ലെന്ന് പറഞ്ഞു. ഇവിടത്തെ ഡി.വൈ.എഫ്.ഐ. ക്കാരും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനവും പറഞ്ഞു. അനുവദിക്കും. അവർ വോളണ്ടിയർ സേനയുണ്ടാക്കി. അവരെ കാവൽ നിറുത്തിയിട്ട് അവരുടേതായ സമ്മേളനം നടത്താൻ അനുവദിക്കുമെന്ന് പറഞ്ഞു. അതാണ് ഇവിടത്തെ അവസ്ഥാവിശേഷം. അതുപോലെതന്നെ ദേവാലയങ്ങൾക്കും വിശ്വാസികൾക്കും നേരെ പോലീസ് അതിക്രമം നടന്നത് യു.ഡി.എഫ്. -ന്റെ ഭരണകാലത്താണ്. ഇതൊന്നും ജനങ്ങൾ മനസ്സിലാക്കുന്നില്ലെന്ന് ധരിക്കണ്ട. ഞാൻ ബഹുമാനപ്പെട്ട ആന്റണിയോട് അവകാശ സമരങ്ങളെപ്പറ്റി ചോദിക്കുകയാണ്. ശ്രീ. കരുണാകരനും എം.വി. രാഘവനുംകൂടി ചേർന്ന് കണ്ണൂർ മെഡിക്കൽ കോളേജുണ്ടാക്കി. ഞങ്ങൾ പറഞ്ഞു, സഹകരണാടിസ്ഥാനത്തിൽ വേണമെന്ന്. ശ്രീ. കരുണാകരന്റെയും രാഘവന്റേയും കുടുംബസ്വത്തുപോലെ, ഇഷ്ടംപോലെ പണം വാങ്ങി, ഇഷ്ടമുള്ളവരെ ചേർത്തു. എന്നിട്ട് തറവാട് സ്വത്തുപോലെയാക്കാൻ വേണ്ടി ശ്രമിച്ചു. എന്നിട്ട് കരുണാകരൻ രാജിവച്ച് ബഹുമാനപ്പെട്ട ആന്റണി ഇവിടെ വന്നപ്പോഴും അതിനുമാറ്റമുണ്ടായില്ല. ബഹുമാനപ്പെട്ട കരുണാകരനായിരുന്നു അതിന്റെ ചെയർമാൻ. നാണം കെട്ട ലജ്ജാകരമായ അവസ്ഥ ഇവിടെയുണ്ടായി. മുൻ സ്പീക്കർക്ക് ഈ കഥ അറിയില്ലേ? എം.വി. രാഘവൻ നടത്തിയ ഈ തെറ്റായ നടപടിക്കെതിരായി യുവജനങ്ങൾ പ്രതിഷേധിച്ചു. എന്നിട്ട് ആ യുവജനങ്ങളുടെ നേരെ നെഞ്ചിൽ നിറയൊഴിച്ച് മന്ത്രിയും നിയമസഭാ സാമാജികനെ കൊലപ്പെടുത്താൻ ശ്രമിച്ച എം.എൽ.എ. യുമൊക്കെ കോൺഗ്രസ്സിനും ആന്റണിക്കും അലങ്കാരങ്ങളായിരിക്കാം. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ലെന്ന് മനസ്സിലാക്കണം. ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്കറിയാം. ജനങ്ങൾ എല്ലാം മനസ്സിലാക്കുന്നുണ്ട്. എന്നെയും നിങ്ങളെയുമെല്ലാം മനസ്സിലാക്കുന്നുണ്ട്. മഅ്ദനിക്ക് വി.ഐ.പി. പരിവേഷം നൽകിയതാരാണ്? ബഹുമാനപ്പെട്ട കരുണാകരനാണ്. എന്നിട്ട് കൊട്ടിഘോഷിച്ച് നടന്നു. ഇതൊന്നുമറിയാതെ സംസാരിക്കണ്ട. അറിഞ്ഞ് പറഞ്ഞാൽ മതി. 56 കേസിൽ പ്രതിയായിരുന്നു മഅ്ദനി, എന്നിട്ട് മഅ്ദനിയുടെ തോളിൽ കൈയിട്ട് പോലീസ് കാവൽ ഏർപ്പെടുത്തിയതാരാണ്? 56 കേസുള്ള മദനിയെ രാജ്യത്ത് അങ്ങോളമിങ്ങോളം എഴുന്നള്ളിച്ച് നടന്നതാരാണ്? പൂമാലയിട്ട് പൂജിച്ചതാരാണ്? ഉത്തര കേരളത്തിൽ മതതീവ്രവാദ പ്രസ്ഥാനങ്ങൾക്ക് വേരോട്ടം ഉണ്ടാക്കിയതാരാണ്? ഇവിടെ തീവ്രവാദമുണ്ടാക്കാൻവേണ്ടി പരിശ്രമിച്ചതാരാണ്? ആയുധ പരിശീലനകേന്ദ്രങ്ങളുണ്ടാക്കാൻ സൗകര്യം നൽകിയതാരാണ്? കോയമ്പത്തൂരിൽ നിന്ന് ആയുധങ്ങൾ ഇവിടെ കടത്തിക്കൊണ്ടുവരാൻ വേണ്ടി സൗകര്യം നൽകിയതാരാണ്? ഇതെല്ലാം ബഹുമാനപ്പെട്ട ആന്റണിയുടെയും കരുണാകരന്റെയും കാലത്താണ്. കേരളത്തിലെ ജനങ്ങൾക്ക് ഇത് അറിയാം. നിങ്ങൾ ദേശദ്രോഹിയായ മഅ്ദനിയെ അറസ്റ്റു ചെയ്യാനുള്ള ധൈര്യം കാണിച്ചില്ല. അതിനു ധൈര്യം കാണിച്ച ഗവൺമെന്റാണിത്.അതിൽ നിങ്ങൾ അഭിമാനിക്കണം. മഅ്ദനി ഇപ്പോൾ കാരിരുമ്പഴിക്കുള്ളിലാണ്. കൽത്തുറങ്കിലാണ്. മഅ്ദനിയെ ആർ.എസ്.എസ്. കാർ ബോംബെറിഞ്ഞ് കാൽ മുറിച്ചു, എന്നിട്ട് അവരെ നിങ്ങൾ സഹായിച്ചു. നിങ്ങൾ അവരെ പിടിച്ചില്ല. ഇന്ന് മഅ്ദനിയെ ബോംബ് എറിഞ്ഞു. കാൽ മുറിച്ച ആർ.എസ്.എസ്. കാർ ജയിലിലാണ്. മഅ്ദനിയും ജയിലിലാണ്. ഇതെല്ലാം യാഥാർത്ഥ്യമാണ്. ഇതെല്ലാം പച്ച പരമാർത്ഥമാണ്. മൂന്നുവർഷത്തെ പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രകീർത്തിക്കപ്പെടേണ്ടതാണ്. സത്യസന്ധമായി പ്രകീർത്തിക്കപ്പെടേണ്ടതാണ്. കുറ്റാന്വേഷണത്തോടൊപ്പം കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി വിപുലമായ സംവിധാനങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചെറിയ പോരായ്മയുണ്ടാകാം. തെറ്റിനെക്കാളും വലിയ ശരി. ശരിയെക്കാളും വലിയ തെറ്റില്ല. തെറ്റും ശരിയും എടുത്ത് പരിശോധിച്ചാൽ ശരി വളർന്നുകൊണ്ടിരിക്കുകയാണ്. കുറ്റ കൃത്യങ്ങളെപ്പറ്റി വിവരങ്ങൾ അടിയന്തിരമായി സ്വീകരിക്കാനുള്ള ക്രൈംസ്റ്റോപ്പർ സംവിധാനം ഇപ്പോഴുണ്ട്. മൂന്നു നഗരങ്ങളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഫ്ളയിംഗ് സ്കാഡുകൾ ഇപ്പോഴുണ്ട്. കൺട്രോൾ റൂം സംവിധാനം ഇപ്പോഴുണ്ട്. ക്രൈം മോണിറ്ററിംഗ് സമ്പ്രദായം ഇപ്പോഴുണ്ട്. രാത്രികാലങ്ങളിൽ കുറ്റകൃത്യങ്ങൾ നേരിടാൻ പാന്തർ പട്രോളിംഗ് സംവിധാനമുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായുള്ള അതിക്രമങ്ങൾ തടയാൻ അതീവജാഗ്രത ഇപ്പോഴുണ്ട്. വാഹനാപകടങ്ങൾ ഇല്ലാതാക്കാൻ കൈയും മെയ്യും മറന്ന് പ്രവർത്തിക്കുന്ന ട്രാഫിക് പോലീസ് ഇവിടെയുണ്ട്. ജനക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു നവീകരിക്കപ്പെട്ട ഒരു പോലീസ് സേനയാണുള്ളത്. പോലീസ് സേനയിൽ മാറ്റംവരുത്തികൊണ്ടിരിക്കുകയാണ്. മൂന്നുവർഷത്തെ എൽ.ഡി.എഫ്.-ന്റെ പ്രവർത്തന നേട്ടമാണിത്. മൊത്തത്തിൽ എടുത്തുകഴിഞ്ഞാൽ മൂന്നുവർഷക്കാലം കൊണ്ട് പോലീസ് സേനയെ നവീകരിച്ചിട്ടുണ്ട്. ജനങ്ങളുമായി ബന്ധപ്പെട്ട ഒരു സേനയാക്കാൻവേണ്ടി പരിശ്രമിക്കുകയാണ്. ഇനിയും അനവധി കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ടെങ്കിലും പോലീസ് സേനയിൽ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികളുണ്ടാകണം. മാതൃകാപോലീസ് സ്റ്റേഷനുകളിൽ രസീത് കൊടുക്കുന്ന സമ്പ്രദായമുണ്ടാകണം. ഇതുസംബന്ധിച്ച് മിനിഞ്ഞാന്ന് ആരോ സംസാരിച്ചു. അത് ശരിയാണ്. എട്ടുമണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കണം. അർഹതപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് യഥാസമയം ഉദ്യോഗക്കയറ്റം നൽകാൻ നടപടി സ്വീകരിക്കണം. സേനാബലത്തിന്റെ 10% വനിതകളെ റിക്രൂട്ടുചെയ്യാൻ നടപടികൾ സ്വീകരിക്കണം. വനിതാ എസ്.ഐ.മാരെ നേരിട്ട് തെരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ തരത്തിൽ 21-ാം

LIBRARY ARCHIVES Kerala Legislative Assembly

നൂറ്റാണ്ടിൽ കേരളത്തിലെ പോലീസിനെ ജനകീയ പോലീസാക്കി മാറ്റാനുള്ള ശ്രമങ്ങൾക്ക് വേഗതകൂട്ടണം. 21-ാം നൂറ്റാണ്ടാകുമ്പോൾ ഒരു ജനകീയ പോലീസ് സേന ഇവിടെ വേണം. എല്ലാവർക്കും പാർപ്പിട പ്രശ്നം പരിഹരിക്കാൻ വേണ്ട ഒരു കേരളം ഇവിടെയുണ്ടാകണം. ഇലക്ട്രിസിറ്റി മിച്ചമായുള്ള ഒരു കേരളമുണ്ടാകണം. കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുന്ന ഒരു കേരളമുണ്ടാകണം. നമുക്കൊന്നായി ചേർന്നു കൊണ്ടുണ്ടാക്കണം. ഈ രാജ്യത്ത് ഒരു ജനകീയ പോലീസ് സേനയെ നമുക്ക് വാർത്തെടുക്കണം. അതിന്റെ പ്രവർത്തനമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ സന്തോഷത്തോടുകൂടി അനുകൂലിച്ചത്.

അതുപോലെ ജയിൽവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കണം. തടവുപുള്ളികളോടുള്ള സമീപനത്തിൽ മാറ്റം വരുത്തണം. അവർ മനുഷ്യരാണെന്നുള്ള പുരോഗമന കാഴ്ചപ്പാടുള്ള ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. യു.ഡി.എഫിന്റെ കാലത്ത് കാലിതൊഴുത്തിനേക്കാൾ കഷ്ടമായിരുന്നു ജയിലുകൾ. ഞാൻ ജയിലിൽ കിടന്നതാണ്. ഞങ്ങളൊക്കെ ജയിലുകളിൽ കിടന്നതാണ്. ഞങ്ങൾക്ക് ഇനിയും ജയിലുകളിൽ കിടക്കണം. അതുകൊണ്ട് ജയിലുകൾ നന്നാകണം. നിങ്ങൾ ജയിലുകളിൽ പോയിട്ടില്ല. ജയിലുകളിൽ പോകാനായിട്ട് ചിലർ തയ്യാറായിട്ടുണ്ട്. ഇവിടെ ശ്രീ. ടി.എം.ജേക്കബ്, ബാലകൃഷ്ണപിള്ള തുടങ്ങിയവരെല്ലാം ജയിലുകളിൽ പോകാനുള്ള സന്നദ്ധത എടുത്തുകൊണ്ടിരിക്കുന്നുണ്ട്. അവർക്ക് ജയിലിൽ കിടക്കണമെങ്കിൽ ഈ കാലിത്തൊഴുത്തിന്റെ അവസ്ഥ മാറ്റി നല്ല ജയിലാക്കി മാറ്റാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. അതുകൊണ്ട് ജയിലുകൾ നവീകരിക്കണം, ജയിൽപുള്ളികളെ മാനസികമായി പീഡിപ്പിക്കുന്ന രീതി അവസാനിപ്പിച്ചിട്ട് ഇവിടെ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടു വരാനുള്ള സംവിധാനമുണ്ടാക്കണം. തടവുപുള്ളികളുടെ ജീവിതത്തിന് പുതുവെളിച്ചം നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്വഭാവത്തിലുള്ള ഗുണകരമായ മാറ്റം കണക്കിലെടുത്ത് തടവുപുള്ളികളെ മോചിപ്പിക്കാനുള്ള കാലദൈർഘ്യം 7 വർഷമായിട്ട് കുറയ്ക്കണം. ജയിലുകൾ തടവുപുള്ളികൾ ഇല്ലാത്ത ജയിലുകളാക്കി നമുക്ക് മാറ്റണം. കളവില്ലാത്ത, ചതിയില്ലാത്ത, ബലാത്സംഗമില്ലാത്ത, കുറ്റകൃത്യമില്ലാത്ത ഒരു നാടായി മാറിക്കഴിഞ്ഞാൽ ജയിലുകളെ ഫാക്ടറികളാക്കിമാറ്റാൻ നമുക്ക് കഴിയും. ആ സംവിധാനത്തിലേക്കുവേണ്ട മാറ്റങ്ങൾ വരുത്തികൊണ്ട് വരണം. അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. തൊഴിൽ പരിശീലനം ജയിലുകളിൽ ഉണ്ടാക്കണം എന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. അവിടെനിന്നും പുറത്തു വന്നു കഴിഞ്ഞാൽ പുതിയൊരു മനുഷ്യനായിട്ടു മാറാൻ, കുറ്റകൃത്യങ്ങൾ ചെയ്യാത്ത മനുഷ്യനായിട്ട്, മാറാനുള്ള സംവിധാനം ഉണ്ടാക്കണം. താമസിച്ച് ലഭിക്കുന്ന നീതി, നീതി നിഷേധത്തിനു തുല്യമാണ്. ഇത് മനസ്സിലാക്കി പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്. നീതിനിർവഹണത്തിൽ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ വേഗം സ്വീകരിക്കണം. കെട്ടിക്കിടക്കുന്ന കേസുകൾക്ക് അടിയന്തിര പരിഹാരം നൽകാൻ വേണ്ടി എല്ലാ ജില്ലാകോടതികളും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. ആ നടപടി വീണ്ടും പുരോഗമിപ്പിച്ച് എല്ലാ കേസുകളും തീർക്കാനുള്ള പ്രവർത്തനം ഉണ്ടാകണം.

അച്ചടി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. ശരിയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്കൂളുകൾ തുറന്ന് 6 മാസം കഴിഞ്ഞാലും പുസ്തകം കിട്ടാത്ത അവസ്ഥയുണ്ടായിരുന്നു. കൃത്യസമയത്ത് കുട്ടികൾക്ക് പുസ്തകം കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഗവൺമെന്റ് പ്രസ്സുകളിൽ ഓവർടൈം ജോലി ചെയ്യുന്നവർക്ക് വേതനം കൊടുക്കാൻ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. ആ സംവിധാനം നിർത്തണം. അത് നിർത്തിയിട്ട് ഇത്തരം ആളുകളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ പി.എസ്.സി. മുഖേനയോ നിയമനം നടത്താനുള്ള സംവിധാനമുണ്ടാക്കണം. നിയമസഭാമന്ദിരത്തിനകത്ത് ഒരു പ്രസ്സ് സ്ഥാപിക്കണം. നിയമസഭാ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും തൊഴിലില്ലാത്ത കുറേയധികം ആളുകൾക്ക് തൊഴിൽ ലഭിക്കാനും അതുകൊണ്ട് കഴിയും. ബഹുമാന്പ്പെട്ട സ്പീക്കർ അതിനെക്കുറിച്ച് ശ്രദ്ധിക്കണം. അങ്ങ് മുൻകൈയെടുത്ത് ഒരു പ്രസ്സ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിൽ സമസ്ത മേഖലയിലും പുരോഗതി ഉണ്ടാക്കിയിട്ടുള്ള ഒരു ധനാഭ്യർത്ഥനയാണിത്.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട കണാരന്റെ പ്രസംഗത്തിൽ ഒരു ആത്മാർത്ഥതയുമില്ല. ആർക്കോവേണ്ടി പറയുന്നതുപോലെയാണ്. അച്യുതാനന്ദൻ ഗ്രൂപ്പ് ആയതുകൊണ്ടാണോ?

ശ്രീ. എ. കണാരൻ : അത് തോന്നും കോൺഗ്രസും ബി.ജെ.പി. യുമെല്ലാം മതന്യൂനപക്ഷങ്ങൾക്ക് എതിരാണ്. അത് മനസ്സിലാക്കിയിട്ടാണ് ശ്രീ. കുഞ്ഞാലികുട്ടി ഇവിടെ സംസാരിച്ചത്. ശ്രീ. കുഞ്ഞാലികുട്ടി ഇതിനെപ്പറ്റി കുറച്ചു മനസ്സിലാക്കിയിട്ടുണ്ട്. മുസ്ലീം ജനവിഭാഗത്തിന്റെ വികാരമാണ് ഇന്നലെ ഇവിടെ പ്രകടിപ്പിച്ചത്. കോൺഗ്രസ് ഭരിക്കുന്ന എം.പി. യിലാണ് കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്തത്. ഇത് നിരന്തരമായിട്ട് പറയും. ആ കോൺഗ്രസ് പാർട്ടിയിൽനിന്നു വിടുന്നതുവരെ നിങ്ങളുടെ കൊള്ളരുതായ്മകളെപ്പറ്റി പറയും. ഇന്നലെ പറഞ്ഞ് അവസാനിപ്പിച്ചുവെന്ന് ധരിക്കണ്ട. ഒറീസയിലാണ് ഒരു ക്രിസ്ത്യൻ മിഷനറിയെയും രണ്ട് കുട്ടികളെയും ചുട്ടുകൊന്നത്. മനുഷ്യത്വം നശിച്ച കാട്ടുമൃഗങ്ങൾ പോലും ചെയ്യാത്ത പണിയാണ്. അതുകൊണ്ടാണ് ശ്രീ. കുഞ്ഞാലികുട്ടി ആ ന്യൂനപക്ഷത്തിന്റെ വികാരം ഈ സഭയിൽ വളരെ വേദനയോടുകൂടി പ്രകടിപ്പിച്ചത്. ഞാൻ അത് ശ്രദ്ധാപൂർവ്വം കേൾക്കുകയായിരുന്നു. യു.ഡി.എഫ്. മുന്നണിയിലെ ഒരാളായതുകൊണ്ടാണ് അത്രമാത്രം പറഞ്ഞത്. അതിൽ നിന്നും ..... ഇല്ലെങ്കിൽ എന്തെല്ലാം ശ്രീ. കുഞ്ഞാലികുട്ടിക്കു പറയാനുണ്ടായത് എന്ന് ഞാൻ ഓർത്തുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായമാണ് ഇന്നലെ ഈ നിയമസഭയിൽ പ്രകടിപ്പിച്ചത്. ഞാൻ ചോദ്യം..... പള്ളി പൊളിച്ചു, പള്ളിക്കൂടം തകർത്തു, കന്യാസ്ത്രീകളെ ബലാത്സംഗം ചെയ്യൽ, മിഷനറിയെയും കുഞ്ഞുങ്ങളെയും ചുട്ടുകൊല്ലുക എന്നീ ഹീനകൃത്യങ്ങളിൽ ഏർപ്പെടുന്ന ആർ.എസ്. എസ്സിന്റെയും സംഘപരിവാറിന്റെയും ഭരണം എത്രയും പെട്ടെന്ന് അവസാനിപ്പിക്കുകയെന്നുള്ള ലക്ഷ്യമായിരുന്നു സി.പി.എം. നുണ്ടായിരുന്നത്. നിങ്ങൾക്ക് മനസ്സിലാകുകയില്ല. അതുകൊണ്ടാണ് കേന്ദ്രഭരണം കോൺഗ്രസ് ഏറ്റെടുക്കണമെന്ന് സി.പി.എം. പറഞ്ഞത്. ഒരു ദിവസമെങ്കിൽ ഒരു ദിവസം. അര ദിവസമാണെങ്കിൽ അര ദിവസം. ഏറ്റവും വേഗത്തിൽ ഈ രാജ്യത്തെ തകർക്കുന്ന ഭരണം അവസാനിപ്പിക്കണം. അതുകൊണ്ടാണ് രണ്ടാമത്തെ കക്ഷിയായ കോൺഗ്രസ് ഭരണത്തിൽ വരണമെന്ന് പറഞ്ഞത്. കോൺഗ്രസിനോട് ഒരു സ്നേഹവുമില്ല. കോൺഗ്രസ് ഈ രാജ്യത്തെ തകർക്കുന്നവരാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യ പട്ടിണിയുടെയും പരിതാപത്തിന്റെയും എല്ലാ കെടുകാര്യസ്ഥതയുടെയും കേന്ദ്രമാണ്. ഈ രാജ്യത്തെ കുളംതോണ്ടിയ, തകർത്ത പാരമ്പര്യമുള്ള പാർട്ടിയാണ് കോൺഗ്രസ്. സ്വാതന്ത്ര്യസമരത്തിന്റെ മേന്മ നിങ്ങൾക്കുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയെ ഇത്തരത്തിലെത്തിച്ചത് നിങ്ങളാണ്. നിങ്ങളോടുള്ള ഇഷ്ടം കൊണ്ടല്ല. ജയലളിതയുടെ അഴിമതികൾ, കാലിത്തീറ്റ കുംഭകോണം, ഇതെല്ലാം വലുതാണ്. ഇവിടെ എന്തെല്ലാം കാട്ടിക്കൂട്ടിയിരിക്കുന്നു. ആയുധപുരയിൽനിന്ന് ആയുധമെടുത്ത് ആർ.എസ്.എസ്. കാരന് കൊണ്ടുകൊടുക്കുന്നു. നാവികസേനാ മേധാവി വിഷ്ണു ഭഗത്തിനെ മാറ്റുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രാജ്യരക്ഷാമന്ത്രിയുടെ ഉപദേശകൻ ആർ.എസ്.എസ് കാരനായിട്ടുപോലും ചട്ടുകമായി തീരുന്നില്ലെയെന്നു പറഞ്ഞ് മാറ്റിക്കൊണ്ടിരിക്കുകയാണ്. വിദ്യാലയങ്ങൾ മുഴുവൻ ആർ.എസ്.എസ്. കേന്ദ്രങ്ങളാക്കി മാറ്റി ഹിന്ദുത്വവൽക്കരിക്കുന്നു. ന്യൂനപക്ഷങ്ങൾക്ക് രക്ഷയില്ലാത്ത ഒരവസ്ഥ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ആ അവസ്ഥയ്ക്കു മാറ്റം വരുത്താനാണ് സി.പി.ഐ (എം) പറഞ്ഞത്. അത് സി.പി.ഐ. (എം) ന് പറയാനെ ആവുകയുള്ളൂ. ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കുവേണ്ടി തൊഴിലാളികളോട്, കർഷകരോട് താല്പര്യമുള്ള ഒരു പാർട്ടിക്ക് ഇത് പറയാനാവൂ, എന്നിട്ട് അവരെ പരിഹസിക്കുകയാണ്. നിങ്ങൾ പരിഹസിക്കരുത്. അത് നിങ്ങളോടുള്ള സ്നേഹം കൊണ്ടല്ല. ഈ രാജ്യത്തെ രക്ഷിക്കാനുള്ള സ്നേഹം കൊണ്ടാണ്. എന്നിട്ട് ഇവിടെ പറയുകയാണ് ഞങ്ങൾ ഒറ്റക്ക് ഭരിക്കും. എന്ത് ഒറ്റക്കു ഭരിക്കുമെന്നാണ്. ഒറ്റകക്ഷി ഭരണമെന്നുള്ളത് ഇന്ത്യയിൽ അവസാനിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് ഇവിടത്തെ അവസ്ഥ. ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്. രാഷ്ട്രം മുഴുവൻ സങ്കീർണ്ണമാണ്. ദേശീയ പാർട്ടികളും പ്രാദേശിക പാർട്ടികളും പിളർന്ന് പ്രാദേശിക പാർട്ടികൾ അവസരവാദികളായിട്ട് മാറുന്നു. ഇതല്ലേ ഇവിടത്തെ അവസ്ഥ. കോൺഗ്രസ് രണ്ടായിട്ട് പിളർന്നു. ബി.ജെ.പി. എന്നുപറയുന്ന പാർട്ടിയുടെ ഘടകകക്ഷികൾ ഓരോന്നായി പോയിക്കൊണ്ടിരിക്കുന്നു. ഐക്യമുന്നണിയിൽ ചേർന്ന ഡി.എം.കെ. ബി.ജെ.പി. യിൽ ചേർന്നു. ജയലളിത ബി.ജെ.പി.യിൽ നിന്ന് വിട്ടു. തെലുങ്കുദേശം പാർട്ടിയിൽ മാറ്റം വന്നു. ഇപ്പോഴത്തെ അവസ്ഥ ഇതാണ്. ഇവിടെ അവസരവാദപാർട്ടികൾ വളർന്നു വരുന്നു. ഇതിനെല്ലാം എതിരായി ഇടതുപക്ഷ മതേതര പ്രസ്ഥാനം ഈ രാജ്യത്ത് ഉയർന്നുവരുന്നു. രാജ്യം അതിന്റെ പ്രസവവേദന അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സംശയം വേണ്ട. അതിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്ത് ഇടതുപക്ഷജനാധിപത്യമതേതര പ്രസ്ഥാനം ഈ തെരഞ്ഞെടുപ്പിനു മുമ്പ് ഇവിടെ ഉയർന്നു വരും, അതുകൂടി ചേർന്ന ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടാകും. ഇടതുപക്ഷമതേതര പ്രസ്ഥാനത്തിന് പങ്കാളിത്തമില്ലാത്ത ഗവൺമെന്റ് ഇവിടെ ഉണ്ടാകുകയില്ലയെന്നുള്ളതാണ് അവസ്ഥ. കോൺഗ്രസ്സിന്റെ സ്ഥിതി ഞാൻ പറയുന്നില്ല. കേരളത്തിൽ നിങ്ങൾക്ക് സീറ്റ് കിട്ടുമോ. കഴിഞ്ഞ പ്രാവശ്യം നിങ്ങൾക്ക് 11 സീറ്റ് കിട്ടി. 9 എണ്ണം എൽ.ഡി.എഫിനും കിട്ടി. ഞാൻ പറയുന്നു അത് ഇനി കോൺഗ്രസിനു കിട്ടാൻ പോകുന്നില്ല. ഈ രാജ്യത്തെ പതിനായിരക്കണക്കിന് ന്യൂനപക്ഷജനവിഭാഗവും പുരോഗമന ജനാധിപത്യ വിഭാഗവും എൽ.ഡി.എഫിന് ഒപ്പമാണ്. കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, ഇടുക്കി സീറ്റുകൾ നിങ്ങൾക്ക് കിട്ടുമെന്നാണോ ധരിക്കുന്നത്..... കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 1300 വോട്ടിനു നിങ്ങൾ മാവേലിക്കരയിൽ തോറ്റു, 2000 വോട്ടിനു തോറ്റ കണ്ണൂർ, നിങ്ങൾക്ക് കിട്ടുമെന്നാണോ പ്രതീക്ഷിക്കുന്നത്. കോൺഗ്രസിന്റെ പ്രതീക്ഷകൾ ഇവിടെ തകരും. എൽ.ഡി.എഫ്. ബംഗാൾ, കേരളം, ത്രിപുര എന്നിവിടങ്ങളിൽ അതിശക്തമായി മുന്നോട്ടുവരും. ബീഹാർ, യു.പി, കർണ്ണാടക, തമിഴ്നാട് എല്ലാംകൂടിചേർന്ന് ഒരു ഉറച്ച ഇടതുപക്ഷ പുരോഗമന ജനാധിപത്യ പ്രസ്ഥാനത്തിന്റെ നാടായി വളർന്നുകൊണ്ടിരിക്കുകയാണ്. ഈ കാറ്റ് മനസ്സിലാക്കി ബോധപൂർവ്വം പ്രവർത്തിക്കാനുള്ള അവസരമുണ്ടായില്ലെങ്കിൽ കോൺഗ്രസ് എന്ന പാർട്ടി ഈ രാജ്യത്ത് ഇല്ലാതാകുന്ന അവസ്ഥയുണ്ടാകും അതിന് ഇടവരുത്തരുതെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

[12 Noon] ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഒരു ഗവൺമെന്റിന്റെ നയം വ്യക്തമാക്കുന്നത് പോലീസ് ഭരണത്തിലൂടെയാണ്. ഈ നിയമസഭയിൽ ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വന്ന ആദ്യത്തെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പോലീ

LIBRARY ARCHIVES Kerala Legislative Assembly

സിനെക്കുറിച്ച് വ്യക്തമായ നയങ്ങളും പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വളരെ വിശദമായി പ്രതിപാദിക്കുകയുണ്ടായി. ഇതിൽ സൂചിപ്പിച്ച കാര്യങ്ങൾ നിറവേറ്റുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോയെന്ന് ഈ മൂന്നുവർഷത്തിനുശേഷം പരിശോധിക്കണമെന്നാണ് ഞാനഭ്യർത്ഥിക്കുന്നത്. അതിനുമുമ്പ് ഈ ബഡ്ജറ്റ് പാസ്സാക്കി കൊടുക്കുന്നത് പോലീസ് വകുപ്പും ജയിലും അതുപോലെതന്നെ മറ്റു വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും വേണ്ടിയാണ്. നീതിന്യായ വ്യവസ്ഥയിൽ പോലീസിനുള്ള സുപ്രധാനമായ പങ്കിനെക്കുറിച്ച് ഞാൻ ഇവിടെ പറയണമെന്നാഗ്രഹിക്കുന്നില്ല. നമ്മുടെ മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന പോലീസ് വകുപ്പിന് ഈ നിയമസഭ പാസ്സാക്കിക്കൊടുത്ത സംഖ്യ മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം ഞാനുന്നയിക്കുകയാണ്. എന്തിനാണ് ഇവിടെ കൂടുന്ന നിയമസഭയിൽ മുഖ്യമന്ത്രി ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്നാവശ്യപ്പെടുന്നത്? പക്ഷേ പാസ്സാക്കി കൊടുത്ത സംഖ്യകൾ ചെലവാക്കിയിട്ടില്ല എന്ന് സി.എ.ജി റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

1996-ൽ 21.35 കോടി രൂപ ഈ സഭ പാസ്സാക്കി കൊടുത്തത് ചെലവാക്കിയിട്ടില്ല. 1997-ൽ 31.01 കോടി രൂപ പോലീസ് വകുപ്പിന് നീക്കി വച്ചത് ചെലവാക്കാൻ സാധിച്ചിട്ടില്ല. 1998-ൽ 36.95 അല്ലെങ്കിൽ 37 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന്റെ പോലീസ് വകുപ്പിന് നീക്കി വച്ചത് അല്ലെങ്കിൽ നിയമസഭ പാസ്സാക്കികൊടുത്തത് ചെലവാക്കാൻ സാധിച്ചിട്ടില്ല എന്ന് ഞാൻ ആക്ഷേപമുന്നയിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിഷേധിക്കാൻ സാധിക്കുമോ? നമ്മുടെ ആഭ്യന്തരവകുപ്പ് പോലീസ് പരിഷ്ക്കരണത്തിനും പോലീസ് സേനയെ സുശക്തമാക്കുവാനും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. ശ്രീ. കണാരേട്ടൻ പറഞ്ഞു ലോക്കപ്പ് മർദ്ദനങ്ങളും അതുപോലെതന്നെ കസ്റ്റഡി മരണങ്ങളുമൊന്നും ഇല്ലാത്ത ഒരു ഭരണമാണ് മൂന്നുകൊല്ലം ഇവിടെ നടന്നതെന്ന്. സി.എ.ജി റിപ്പോർട്ടിൽ 131-ാം പേജിൽ പറയുകയാണ്.

Death in Police custody increased to six during 1996--97 as against 2 in 1995-96.

പിന്നെ എങ്ങനെയാണ് സി.എ.ജി. ക്ക് ഈ റിപ്പോർട്ട് കിട്ടിയത് എന്നെനിക്കറിയില്ല. സ്ത്രീ പീഡനങ്ങളെക്കുറിച്ച് പ്രസംഗിച്ചാണ് ഈ ഭരണം അധികാരത്തിൽ വന്നത്. ഇപ്പുറത്തിരിക്കുന്നവരും അപ്പുറത്തിരിക്കുന്നവരും പറഞ്ഞു സി.എ.ജി. കോൺഗ്രസുകാരനല്ല, അതുപോലെ തന്നെ മാർക്സിസ്റ്റുകാരനല്ല, യു.ഡി.എഫ്. കാരനല്ല. സ്വതന്ത്രമായ ഒരു ഏജൻസി അന്വേഷിച്ച് കണക്കാക്കിയ ഒരു റിപ്പോർട്ടാണ്. 1995-നെക്കാൾ 96-97 കാലഘട്ടത്തിൽ സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യങ്ങൾ 100% വർദ്ധിച്ചു. അതിനെ നിഷേധിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയുമോ? അദ്ദേഹം മറുപടി പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാക്കണം. ഞാൻ 1995-97 കാലഘട്ടങ്ങളിലേതാണ് പറയുന്നത്. 1996-97-ൽ ആരാണ് ഭരണം നടത്തിയത്? 1997- ൽ വളരെ വ്യക്തമാക്കുന്നുണ്ട്. സ്ത്രീപീഡനം തടയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. വനിതാ പോലീസ് സ്റ്റേഷൻ എല്ലാ ജില്ലകളിലും സ്ഥാപിക്കുമെന്ന്. ഒന്നാമത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞു ഈ രാജ്യത്തെ സ്ത്രീപീഡനം അവസാനിപ്പിക്കാൻ. സ്ത്രീകളുടെ പരാതി

LIBRARY ARCHIVES Kerala Legislative Assembly

കൾ കേൾക്കാൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കും എന്ന്. വനിതാ പോലീസ് സ്റ്റേഷൻ നമ്മുടെ സംസ്ഥാനത്ത് സ്ഥാപിച്ചോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം. എന്തിനേറെ പറയുന്നു ഉത്തരവാദിത്വമുള്ള ഒരു വനിതാ പോലീസ് എസ്.ഐ. യെ റിക്രൂട്ട് ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോ? ഗ്രാഡ്വേറ്റായ ഒരു സി.ഐ. വനിതാ പോലീസിലുണ്ടോ? ഒരു ഡിവൈ. എസ്.പി. ഉണ്ടോ? വനിതാ പോലീസിന്റെ കാര്യങ്ങൾ പറഞ്ഞ് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് വനിതാ പോലീസ് സ്റ്റേഷൻ സുശക്തമാക്കുന്ന കാര്യത്തിൽ വളരെ കൃത്യവിലോപം കാണിച്ചു എന്നു ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. കൂടാതെ മോഷണങ്ങളുടെ ഇടയിലേക്ക് ഞാൻ വരണമെന്നാഗ്രഹിക്കുന്നില്ല. മോഷണങ്ങൾ ഇത്രയുമധികം ഉണ്ടായ ഒരു കാലഘട്ടം ഇതിനു മുമ്പുണ്ടോ? അങ്ങ് തന്നെ പറയണം. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സ്ഥലങ്ങൾ പരിശോധിക്കണം. ഈ നിയമസഭയിലിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണന്റെ ബാഗ് മോഷ്ടിച്ചു എന്നു പറഞ്ഞാൽ അത് മുമ്പൊരിക്കലുമുണ്ടാകാത്ത ഒരു കാര്യമാണ്.

ചീഫ് വിപ്പ് (ശ്രീ. ടി.കെ. ഹംസ) : അദ്ദേഹത്തിന്റെ കയ്യിൽ നിന്നു പോയതാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : അദ്ദേഹത്തിന്റെ കയ്യിൽ നിന്നു പോയതല്ല. അദ്ദേഹം പരാതി കൊടുത്തതാണ്. മന്ത്രിയുടെ ബാഗ് മോഷ്ടിച്ച ഒരു കാലഘട്ടം ഈ ഗവൺമെന്റിന്റെ കാലത്തല്ലാതെ ഇതിനു മുമ്പുണ്ടായിട്ടുണ്ടോ? ജയിൽ ഐ.ജി. എന്നു പറഞ്ഞ് അഡീഷണൽ ഡി.ജി.പി. യുടെ റാങ്കിലുള്ള ആളിൽനിന്ന് ജയിലിൽവച്ച് മോഷ്ടിക്കപ്പെട്ടു എന്ന് പരാതി വന്നു. നമ്മുടെ ഹോം സെക്രട്ടറി, ശ്രീ. കൃഷ്ണമൂർത്തി.

ചീഫ് വിപ്പ് (ശ്രീ. ടി.കെ. ഹംസ): ബഹുമാനപ്പെട്ട സുന്ദരംസ്വാമി പഞ്ചായത്ത് വകുപ്പിന്റെ മന്ത്രി ആയിരുന്നകാലത്ത് കള്ളന്മാർ അകത്തുകടന്ന് ബെഡ്റൂമിൽനിന്ന് ഭാര്യയുടെ അരഞ്ഞാണം മോഷ്ടിച്ചിട്ടാണ് പോയത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : അതിനെതിരായി വന്ന ഒരു ഗവൺമെന്റാണല്ലോ. അതേ മാർഗ്ഗം തുടരുകയാണെന്ന് ശ്രീ. ടി.കെ. ഹംസ സമ്മതിച്ചാൽ മതി. ഞാൻ സ്വാഗതം ചെയ്യുന്നു. എന്ത് ഞങ്ങൾ ഇവിടെ പറഞ്ഞാലും നിങ്ങളുടെ കാലത്ത് നടന്നിട്ടില്ലേ? അഞ്ചുവർഷവും നിങ്ങൾക്ക് പറയാനുള്ളത് നിങ്ങളുടെ കാലത്ത് നടന്നിട്ടില്ലേ എന്നാണ്. ഞാൻ സൂചിപ്പിക്കുന്നത് മോഷണങ്ങൾ ഇവിടെ വളരെ അശാസ്ത്രീയമായ രീതിയിൽ നടക്കുകയാണ്.

ശ്രീ. പി.സി. ജോർജ്ജ് : പത്രം വായിക്കേണ്ടേ? ഇന്നത്തെ പത്രത്തിൽ ആഭ്യന്തര സെക്രട്ടറിയുടെ വീട്ടിൽ കയറിയ മോഷ്ടാവ് പിടിയിൽ. ശ്രീ. നായനാരുടെ പോലീസ് ഇതിനെയൊക്കെ പിടിച്ചു അകത്തിട്ടു. അറിഞ്ഞോ? അതറിയാതെ വന്ന് പ്രസംഗിക്കുകയാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ആഭ്യന്തര സെക്രട്ടറിയുടെ വീട്ടിൽ നടന്ന മോഷ്ടാക്കളെ, പിടിച്ചു. പക്ഷെ എം.എൽ.എ. യുടെ വിട്ടിൽ കടന്ന മോഷ്ടാക്കളെ, ശ്രീ. കടമ്മനിട്ട രാമകൃഷ്ണന്റെ കാര്യം നിങ്ങൾക്കറിയാം. അതുപോലെ എത്ര ആളുകളെ അറിയാം. എനിക്ക് ഇനി ഒന്നുരണ്ടു കാര്യങ്ങൾ പറയാനുണ്ട്. പോലീസിന്റെ അച്ചടക്കം വളരെ പ്രധാനമാണ്. ഞാൻ ശ്രീ. പി.സി. ജോർജ്ജിനോട് ചോദിക്കട്ടെ, അങ്ങയോട് ഋഷിരാജ്സിംഗ് എന്ന പോലീസ് എസ്.പി. പെരുമാറിയത് സംബന്ധിച്ച് അങ്ങ് പരാതി നൽകി. അത് പ്രിവി

LIBRARY ARCHIVES Kerala Legislative Assembly

ലേജ് കമ്മിറ്റിക്ക് വന്നു. എം.എൽ.എ. മാരോട് പോലീസ് എങ്ങനെ പെരുമാറുന്നു എന്നതിനെക്കുറിച്ച് അങ്ങേയ്ക്കുണ്ടായ അനുഭവം അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ? എം.എൽ.എ. മാരോടുവരെ പോലീസുകാർ ഈ രീതിയിലാണ് പ്രവർത്തിക്കുന്നതെങ്കിൽ സാധാരണക്കാരനോട് പോലീസിന്റെ സ്വഭാവം എന്തായിരിക്കും. ഇന്ത്യാരാജ്യത്ത് ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ ഈ രാജ്യത്തിന്റെ സുരക്ഷയും ഈ രാജ്യത്തിന്റെ ഐക്യവും കാക്കേണ്ട സൈനിക ഉദ്യോഗസ്ഥൻ ബി.ജെ.പി. സമ്മേളനത്തിൽ പങ്കെടുത്ത ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. ഞങ്ങൾ അതിനെ ശക്തിയായി എതിർക്കുന്നു. ഇന്ത്യയുടെ കരസൈന്യാധിപൻ ബി.ജെ.പി.യുടെ വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടുത്തത് ഞങ്ങൾ ശക്തിയായി എതിർക്കുന്നു. അഡ്മിറൽ വിഷ്ണുഭഗവത് തിരുവനന്തപുരത്തുവന്ന് ചെയ്ത സ്റ്റേറ്റ്മെന്റ്, പോലീസിനും പട്ടാളത്തിനും രാഷ്ട്രീയം, കയറിയാൽ ഈ രാജ്യത്തിന്റെ സ്ഥിതി എന്താണ്? കേന്ദ്രത്തിലായാലും സംസ്ഥാനത്തിലായാലും അത് അപകടകരമാണ്. സംസ്ഥാന പോലീസിനെ നിയന്ത്രിക്കുന്നത് അസോസിയേഷൻ അല്ലായെന്ന് പറയാൻ സാധിക്കുമോ? ഡി.ജി.പി. ശാസ്ത്രി., അദ്ദേഹത്തിന്റെ പേര് ശാസ്ത്രിയാണെങ്കിലും ശാസ്ത്രീയമായ പ്രവർത്തനമൊന്നും ഇല്ല. ഞാൻ സൂചിപ്പിക്കുന്നത് പോലീസ് കോൺസ്റ്റബിളിനെ മാറ്റാൻ അദ്ദേഹത്തിന് അധികാരമുണ്ടോ? അദ്ദേഹം മാറ്റിയാൽ, അസോസിയേഷൻ ഇടപെട്ടാൽ ആ നിമിഷം ആ ട്രാൻസ്ഫർ ക്യാൻസൽ ആകുമോ? ഉന്നത ഉദ്യോഗസ്ഥൻമാർക്ക് സ്വതന്ത്രമായി ഇവിടെ പ്രവർത്തിക്കുവാനുള്ള സാഹചര്യമുണ്ടോ? ഗവൺമെന്റ് ട്രാൻസ്ഫർ ചെയ്യട്ടെ, ഞങ്ങൾ ഇടപെടുകയില്ല. കേന്ദ്രത്തിൽ വി.പി. മല്ലിക് ബി.ജെ.പി. യുടെ യോഗത്തിൽ പങ്കെടുത്തതുപോലെ ഗൗരവമാണ് നമ്മുടെ നീതിന്യായനിർവ്വഹണത്തിൽ പോലീസിനെ സ്വതന്ത്രമാക്കുന്നത്, അത് ഗവൺമെന്റിൽ നിക്ഷിപ്തമാക്കണം. അതിനെ ഞങ്ങൾ അനുകൂലിക്കുന്നു. അതുകൊണ്ട് പോലീസ് രാഷ്ട്രീയമായി ഇടപെടാൻ പാടില്ല. സായുധസേനയിലും പോലീസ് സേനയിലും അച്ചടക്കം പോയാൽ ഈ രാജ്യത്ത് പോലീസ് സേന നിർവീര്യമാകും. ഉത്തരവുകൾ തെറ്റാണെങ്കിൽ അനുസരിക്കണ്ടായെന്ന് ചില പോലീസ് ഓഫീസർമാരുടെ നിർദ്ദേശം പ്രായോഗികമാണോ? സ്വതന്ത്രമായി തീരുമാനങ്ങൾ എടുത്ത് പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥന്മാർ ഇങ്ങനെയൊക്കെ പത്രപ്രസ്താവനകൾ നടത്തിയാൽ നമ്മുടെ രാജ്യത്തിന്റെ പോലീസ് സേനയുടെ പോക്ക് എങ്ങോട്ട് ആയിരിക്കും. സന്ദർഭത്തിന് ഒത്ത് ഉയർന്ന് നിർദ്ദേശങ്ങൾ നൽകാൻ നമ്മുടെ ഉന്നത ഉദ്യോഗസ്ഥന്മാർക്ക് കഴിയണം. സ്വതന്ത്രമായി അധികാരങ്ങൾ ഉപയോഗിക്കുമ്പോൾ അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കണം. രാഷ്ട്രീയം മാറുമ്പോൾ ഇവിടെ പോലീസ് മാറുന്നില്ല, ഭരണം മാറുമ്പോൾ പോലീസ് മാറുന്നില്ല, ഭരണത്തിന്റെപേരിൽ പോലീസ് ഓഫീസറൻമാരെ വേട്ടയാടുന്നത് നമ്മുടെ പോലീസിന്റെ മൊറാലിറ്റി നഷ്ടപ്പെടുന്നു. കുറ്റക്കാരായ പോലീസിന്റെ പേരിൽ മുഖം നോക്കാതെ നടപടിയെടുക്കണം. പോലീസ് അതിക്രമങ്ങൾ ഉണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കണം. അച്ചടക്കം പോലീസ് സേനയെ സംബന്ധിച്ചിടത്തോളം ഏറ്റവും അനിവാര്യമായ ഒരു ഘടകമാണ് അതിനു മുൻതൂക്കം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ രാജ്യത്ത് മോഡണൈസേഷൻ എന്താണ് നടക്കുന്നത്. അതിനുവേണ്ടി പാസ്സാക്കിക്കൊടുത്ത ചെലവാക്കാത്ത ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ കഴിഞ്ഞ മൂന്ന് വർഷക്കാലം എൽ.ഡി.എഫ്. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നതിനുശേഷം ഈ സംസ്ഥാനത്തിലെ ക്രമസമാധാനനില പരിശോധിക്കുന്ന ഘട്ടത്തിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ കുറഞ്ഞിട്ടുള്ള ഒരു കാലമായിരുന്നു, വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത ഒരു കാലമായിരുന്നു. വർഗ്ഗീയ കലാപങ്ങൾ എന്നു പറയുമ്പോൾ നിങ്ങളുടെ കഴിഞ്ഞകാല ഗവൺമെന്റിന്റെ കാലത്ത് ആ ഗവൺമെന്റിന്റെ ആദ്യത്തെ മൂന്ന് വർഷക്കാലം, ശ്രീമാൻ കരുണാകരനും ബഹുമാനപ്പെട്ട ആന്റണിയും ഭരിച്ചിട്ടുള്ള ആദ്യത്തെ മൂന്ന് വർഷക്കാലം 1129 വർഗ്ഗീയ സംഘട്ടനങ്ങൾ ഈ കേരളത്തിൽ നടന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : ഇത് നിയമസഭയാണ്, കേരളത്തിൽ വർഗ്ഗീയ കലാപം നടന്നുവെന്നുള്ളത് സത്യമാണ്. പക്ഷേ 1250-ഓളം വർഗ്ഗീയ കലാപം നടന്ന ഒരു സംസ്ഥാനമല്ല കേരളം. ഈ സംസ്ഥാനത്തെ വർഗ്ഗീയ കലാപ കേരളമാക്കി ഇങ്ങനെ നിയമസഭയിൽ ഞങ്ങളെ ആക്ഷേപിക്കുന്നതിനുവേണ്ടി, ഈ ഗവൺമെന്റിനെക്കുറിച്ചു പറയുന്നില്ല, വാസ്തവത്തിൽ കേരള സമൂഹത്തോട് നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ തെറ്റാണ്, ഇങ്ങനെ പറയരുത്.

<u>ശ്രീ. സത്യൻ മൊകേരി</u> : 1129 വർഗ്ഗീയ സംഘർഷങ്ങൾ യു.ഡി.എഫ്. ഭരണകാലത്ത് ഇവിടെ റിക്കാർഡ് ചെയ്തിട്ടുണ്ട്. 1129 വർഗ്ഗീയ സംഘട്ടനങ്ങളാണ് ഈ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ യു.ഡി.എഫ്. ഭരണകാലത്ത് നടന്നിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ കാലത്ത് 54 വർഗ്ഗീയ സംഘട്ടനങ്ങൾ മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ സംഘട്ടനങ്ങൾ ലഘൂകരിക്കുന്നതിനും അത് ഇല്ലാതാക്കി മാറ്റുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ചെറിയ കാര്യമല്ല. നിങ്ങളുടെ ഭരണകാലത്ത് വർഗ്ഗീയ സംഘർഷം വ്യാപകമായിരുന്നു. വർഗ്ഗീയകക്ഷികൾ ബോധപൂർവ്വമായ പരിശ്രമങ്ങൾ നടത്തുകയും അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ട്. ഇല്ലെന്ന് പറയാൻ പറ്റുമോ? അതിന് കണക്കുകളുണ്ട്. അന്നത്തെ പോലീസിന്റെ സ്ഥിതി എന്തായിരുന്നു? പോലീസിനകത്ത് ഗ്രൂപ്പിസം ആയിരുന്നില്ലേ, പോലീസിനകത്ത് പരസ്പരം ഗ്രൂപ്പിസവും ലോബിയിസവും ആയിരുന്നു. ഇപ്പോൾ അച്ചടക്കത്തോടുകൂടിയുള്ള ഒരു പോലീസ് സംവിധാനം ഇവിടെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ന്റെ ഭരണകാലത്ത് നമ്മുടെ സംസ്ഥാനത്ത് ആദ്യത്തെ മൂന്ന് വർഷക്കാലം 55 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്, ഇപ്പോൾ ഇവിടെ 38 രാഷ്ട്രീയ കൊലപാതകങ്ങളേ നടന്നിട്ടുള്ളൂ. കുറയ്ക്കാൻ കഴിഞ്ഞിട്ടില്ലേ? രാഷ്ട്രീയ സംഘട്ടനങ്ങൾ നിങ്ങളുടെ ഭരണകാലത്ത് ഇവിടെ വ്യാപകമായിരുന്നില്ലേ? 2723 രാഷ്ട്രീയ സംഘട്ടനങ്ങൾ യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രമസമാധാനനില തകർന്നിട്ടില്ലേ? 2475 രാഷ്ട്രീയ സംഘട്ടനങ്ങൾ മാത്രമേ ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. നാദാപുരത്ത് ഇപ്പോൾ ശാന്തമാണ്. ശ്രീമാൻ കരുണാകരൻ അധികാരത്തിൽ വന്നിട്ടുള്ള 1991-ൽ 5 പേരെ ആ വർഷത്തിൽ വെടിവച്ചു കൊന്നു. 28 തവണ വെടിവയ്പ്പ് നടത്തി. ഇവിടെ നടന്നിട്ടുള്ള എല്ലാ സമരങ്ങളേയും അടിച്ചൊതുക്കുകയായിരുന്നു. അവകാശസമരങ്ങളേയും ബഹുജനപ്രസ്ഥാനങ്ങൾ നടത്തിയിട്ടുള്ള സമരങ്ങളേയുമെല്ലാം തന്നെ അടിച്ചൊതുക്കി എത്രപേരുടെ കണ്ണ് കുത്തിപ്പൊട്ടിച്ചു, എത്രപേരുടെ കൈകാലുകൾ നിങ്ങൾ തല്ലിയൊടിച്ചു. എത്രപേരെ ലോക്കപ്പിൽ അടച്ചു? തിരുവനന്തപുരത്ത് സഖാവ് ജയപ്രകാശിനെ വെടിവെച്ചുകൊന്നു. കൂത്തുപ്പറമ്പിൽ കൂട്ടക്കൊല നടത്തി. വിദ്യാർത്ഥി സമരങ്ങളെ വേട്ടയാടിയിട്ടുള്ളതും തൊഴിൽ സമരങ്ങളെ വേട്ടയാടിയിട്ടുള്ളതും നിങ്ങളുടെ കാലത്താണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കാലത്ത് എവിടെയെങ്കിലും അവകാശസമരങ്ങൾ അടിച്ച മർത്തിയിട്ടുണ്ടോ? അന്ന് 27 ലാത്തിച്ചാർജ്ജ് നടന്നു, ഇപ്പോൾ 9 ലാത്തി ച്ചാർജ്ജേ നടന്നിട്ടുള്ളൂ. ഇവിടെ പല മെമ്പറന്മാരും മോഷണത്തിന്റെ കാര്യം പറഞ്ഞു. ശ്രീ. ഇസ്ഹാക് കുരിക്കൾ സംസാരിക്കുമ്പോൾ പറഞ്ഞു, മോഷണ മാണ് ഇവിടെ നടക്കുന്നത്. 1991-ൽ യു.ഡി.എഫ്. സർക്കാരിന്റെ ആദ്യവർഷം 4261 മോഷണ കേസ്സുകൾ റിപ്പോർട്ടു ചെയ്തു, ഇവിടെ മോഷണം നടക്കുന്നി ല്ലെന്ന് ഞാൻ പറയുന്നില്ല, പക്ഷേ കുറയ്ക്കാൻ കഴിയുന്നു. 1997-ൽ ഞങ്ങൾ അധികാരത്തിൽ വന്ന ആദ്യത്തെ വർഷം റിപ്പോർട്ട് ചെയ്തിട്ടുള്ള മോഷണ ക്കേസുകൾ 3831 മാത്രമാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനു ശേഷം മോഷണകേസുകൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ മോഷണമേ നടക്കുന്നുള്ളൂ എന്ന് വസ്തുതകൾക്ക് വിരുദ്ധമായി പറയരുത്. ഈ ഗവൺമെന്റ് വന്നതിനുശേഷം മോഷണങ്ങൾ കുറയുന്നു, അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്ത് എത്ര ലഹളകൾ നടന്നു. 1991-ൽ നിങ്ങളുടെ ആദ്യത്തെ ഭരണവർഷത്തിൽ ലഹളക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്, 7837. ഞങ്ങളുടെ ആദ്യത്തെ വർഷം 1997-ൽ 5345 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ലഹളകൾ കുറയുകയാണ്. ക്രമസമാധാന നിലയിൽനിന്നും എന്താണ് മനസ്സിലാക്കുന്നത്? എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിന്റെ അടി സ്ഥാനത്തിൽ, ഞങ്ങളുടെ ഗവൺമെന്റിന് രാഷ്ട്രീയമായി പോലീസ് എങ്ങനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ച് ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഒരു പൊളിറ്റിക്കലായ നേതൃത്വം ഗവൺമെന്റിന്റെ ശരിയായ ഭരണ നേതൃത്വമുള്ളതുകൊണ്ട് വർഗ്ഗീയ പ്രവർത്തനങ്ങളെ തടയുക, കുറ്റകൃ ത്യങ്ങളെ തടയുക, അക്രമങ്ങളെ തടയുക എന്നീ ലക്ഷ്യം വച്ച് പോലീസിനെ നിഷ്പക്ഷമായി പ്രവർത്തിപ്പിക്കുക എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തി ലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സഖാവ് നായനാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പോരായ്മകൾ ഇല്ലേ? ഉണ്ട്, കളവുകൾ നട ത്തുന്നില്ലേ, പോലീസ് കുറ്റകൃത്യങ്ങൾ ഇല്ലേ, ഉണ്ട്, ഇല്ലെന്നൊന്നും ഞങ്ങൾ പറയുന്നില്ല, പക്ഷേ ഒരു ഗവൺമെന്റ് എന്ന നിലയിൽ ഒരു മുന്നണി എന്ന നിലയിൽ ആ വകുപ്പിനെ കറക്ട് ചെയ്യുന്നതിനുവേണ്ടി, നേരായ വഴിക്ക് നയി ക്കുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമങ്ങളാണ് നടക്കുന്നത്. ഇന്ത്യയിലാ ണല്ലോ കേരളം.

ഇന്ത്യയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം. അത് ക്രൈം റേറ്റുകളുടെ കാര്യങ്ങൾ എടുത്തുനോക്കൂ. 9-ാം സ്ഥാനത്താണ് കേരളം ഉള്ളത്. ഒരു ലക്ഷത്തി പതിമൂന്നായിരത്തി നാനൂറ്റി നാൽപ്പത് കേസ്സുകൾ 1997-ൽ ഇന്ത്യ യിൽ റിക്കാർഡ് ചെയ്തതാണ്. അതിന്റെ റേറ്റ് എന്നുപറയുന്നത് 363.9. 9-ാമത് സ്ഥാനമാണ് കേരളത്തിന്. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ, ബി.ജെ.പി. ഭരി ക്കുന്ന സംസ്ഥാനങ്ങൾ. തമിഴ്നാട്, കർണ്ണാടക, ഡൽഹി, മഹാരാഷ്ട്ര, ഹരിയാ ന, മധ്യപ്രദേശ്, ഗുജറാത്ത്, ആന്ധ്ര. കേരളം ഒഴിച്ചുള്ള മറ്റ് സംസ്ഥാനങ്ങളിൽ എല്ലാംതന്നെ ക്രൈം റേറ്റ് പെരുകിപ്പെരുകി പോകുകയാണ്. ക്രൂരമായ കുറ്റകൃ ത്യങ്ങൾ, കൊലപാതകങ്ങൾ, കേരളം എന്നുപറയുന്നത് ഇന്ത്യയിലാണ്. ആ ഇന്ത്യയിലെ കേരളം കുറ്റകൃത്യങ്ങളുടെ പട്ടികയിൽ 14-ാം സ്ഥാനമാണ്. കൊല പാതകത്തിന്റെ കാര്യം, 37686 കൊലപാതകങ്ങൾ 1997-ൽ ഇന്ത്യയിൽ നടന്നു. 419 കൊലപാതകങ്ങളേ ഇവിടെ നടന്നുള്ളൂ. കേരളം ഒരു ചെറിയ സംസ്ഥാനമാ ണ്. പക്ഷേ അതിന്റെ സ്ഥാനം 14. കേരള സംസ്ഥാനം കൊലപാതകങ്ങളുടെ കാര്യത്തിൽ 14-ാം സ്ഥാനമാണ്. കൊലയോടുകൂടിയ കൊള്ള, 378 റിപ്പോർട്ടു കൾ ഇന്ത്യയിൽ ഉണ്ടായപ്പോൾ കേരളം 10-ാം സ്ഥാനം. 5 എണ്ണമേ ഇവിടെ നട

LIBRARY ARCHIVES Kerala Legislative Assembly

ന്നിട്ടുള്ളൂ. ബലാൽസംഗങ്ങൾ ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിങ്ങൾ പറയുകയാണ് ഇവിടെ പരക്കെ ബലാൽസംഗമാണെന്ന്. സ്ത്രീകൾക്ക് രക്ഷയില്ല. സ്ത്രീകളെയെല്ലാം ആക്രമിക്കുന്നു. സ്ത്രീകളുടെ ആക്രമണം കുറെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശരിയാണ്. ഞങ്ങൾ പറയുന്നു പക്ഷേ എന്താണ് കാരണം? സ്ത്രീകൾ കൂടുതൽ പരാതി നൽകാൻ മുന്നോട്ടുവരുന്നു. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനം ശക്തിപ്പെടുത്തി. കഴിഞ്ഞ കാലത്ത്, നിങ്ങളുടെ ഭരണകാലത്ത് സ്ത്രീകൾ പരാതി നൽകിയാൽ റിക്കാർഡ് ചെയ്തിരുന്നില്ല. കേസ് രജിസ്റ്റർ ചെയ്തിരുന്നില്ല. ഇപ്പോൾ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന വനിതാ പോലീസ് സ്റ്റേഷൻ സ്വതന്ത്ര ചുമതലയോടുകൂടി വരാൻ പോകുകയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട സത്യൻമൊകേരി, അതിന്റെ ഒരു കോപ്പിയിങ്ങു തന്നാൽ ഞങ്ങൾക്ക് ഒന്നു പഠിക്കാമായിരുന്നു.

<u>ശ്രീ. സത്യൻ മൊകേരി</u> : അതെ. നിങ്ങൾ പഠിക്കാനുണ്ട്. അതിനാണ് ഞാൻ ശ്രമിക്കുന്നത്. ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് നിങ്ങളെ പഠിപ്പിക്കാനാണ്. നിങ്ങൾ സാവകാശം ഇരിക്കുക. നിങ്ങൾ മനസ്സിലാക്കേണ്ടത്, കഴിഞ്ഞ കാലത്ത് സ്ത്രീകൾ നൽകിയിട്ടുള്ള പരാതികൾ രജിസ്റ്റർ ചെയ്യാൻ നിങ്ങൾ കൂട്ടാക്കിയിരുന്നില്ല. സ്ത്രീകളെ ബലാൽസംഗം ചെയ്യുന്നവരെ, സ്ത്രീകളെ ആക്രമിക്കുന്നവരെ സംരക്ഷിക്കുന്ന സമീപനമായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്. ഇപ്പോൾ കേസ്സുകൾ വരുന്നു, ഞങ്ങൾ രജിസ്റ്റർ ചെയ്യുന്നു. നടപടി സ്വീകരിക്കുന്നു. പ്രോസിക്യൂട്ട് ചെയ്യുന്നു. ഒരുപാട് കേസ്സുകൾ. എത്രയെത്ര കേസ്സുകൾ. വനിതാ കേസ്സുകൾ അന്വേഷിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്. എല്ലാ പോലീസ് ജില്ലാ ആസ്ഥാനങ്ങളിലും വനിതാ കേസ്സുകൾ കൈകാര്യം ചെയ്യാനുള്ള പ്രത്യേക സംവിധാനങ്ങൾ. അതൊക്കെയുണ്ടാക്കിയില്ലേ? അതുപോലതന്നെ ബലാൽസംഗ കേസ്സുകൾ. നമ്മുടെ സംസ്ഥാനം 10-ാം സ്ഥാനത്താണ്. ബലാൽസംഗ കേസ്സുകൾ കേരളത്തിൽ താരതമ്യേന കുറവാണ്. 1997-ൽ 595 കേസ്സുകൾ മാത്രമേ ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ആകെ 15028 കേസ്സുകൾ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്തു. തട്ടിക്കൊണ്ടുപോകുന്ന കേസ്സുകൾ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്തതിൽ 10-ാം സ്ഥാനമാണ് കേരളം. അതുപോലെതന്നെ കൊള്ള. നമ്മുടെ സംസ്ഥാനത്തിന് 11-ാം സ്ഥാനമാണ്. 91 എണ്ണം മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ബീഹാറിലേയും ഉത്തർപ്രദേശിലേയും മധ്യപ്രദേശിലേയും കാര്യങ്ങൾ എടുത്തുനോക്കിയാൽ മധ്യപ്രദേശിൽ പ്രതിപക്ഷ നേതാവിന്റെ സഹപ്രവർത്തകനാണ് മുഖ്യമന്ത്രി. അവിടത്തെ എണ്ണം 3453. പിടിച്ചുപറി, കേരളത്തിന് 14-ാം സ്ഥാനമാണ്. ഭവനഭേദനത്തിൽ കേരളം 10-ാം സ്ഥാനമാണ്. എന്നിട്ട് പറയുകയാണ്, ഇവിടെ മോഷണം പെരുകിക്കൊണ്ടിരിക്കുകയാണെന്ന്. രാവും പകലും മോഷണമാണെന്ന്. 1991-ലേയും 1997-ലേയും മോഷണ കണക്കുകൾ ഇവിടെ പറഞ്ഞു. കേരളത്തിന് 15-ാം സ്ഥാനമാണ്. 3831 കേസ്സുകൾ മാത്രമാണ് 1997-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള മോഷണക്കേസ്സുകൾ. വാഹന മോഷണം. 12-ാം സ്ഥാനമാണ്. ഇന്ത്യയിലെ ഈ കൊച്ചു കേരളം മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ക്രമസമാധാന നില ഭദ്രമായ ഒരു സംസ്ഥാനമാണ്. വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത സംസ്ഥാനം.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, പോലീസ് നിഷ്പക്ഷമല്ല, ഞങ്ങളുടെ ആളുകൾക്ക് രക്ഷയില്ല, അതുകൊണ്ട് ഞങ്ങളുടെ ആളുകളുടെ രക്ഷയ്ക്ക് ഞങ്ങൾ കർമ്മസേന രൂപവൽക്കരിക്കുന്നു എന്നുള്ള സി.പി.ഐ.യുടെ ഒരു തീരുമാനം കണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. സത്യൻ മൊകേരി</u> : സി.പി.ഐ.-സി.പി.ഐ.(എം.) സംഘർഷവും സംഘട്ടനവും ഉണ്ടാക്കലാണല്ലോ നിങ്ങളുടെ പ്രധാന ജോലി. ഞങ്ങൾ കേരളത്തിലെ പോലീസിന്റെ നയത്തെക്കുറിച്ചാണ് പറയുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളിൽ പോലീസിൽ കുറ്റകൃത്യങ്ങൾ നടക്കുന്നില്ലേ. നടക്കുന്നുണ്ട്. ഒരു കോൺഗ്രസിനകത്ത് 2 ഗ്രൂപ്പുകൾ തമ്മിലുള്ള പ്രശ്നമെന്താണ്? ഞാൻ അതുകൊണ്ടാണ് പറയുന്നത്, താരതമ്യേന ക്രമസമാധാന നില ഭദ്രമായ ഒരു സംസ്ഥാനമാണ് കേരളം. അത് ഈ ഗവൺമെന്റിന്റെ മെച്ചമാണ്. നിങ്ങളുടെ ഗവൺമെന്റിന്റേയും ഞങ്ങളുടെ ഗവൺമെന്റിന്റേയും ഭരണകാലം താരതമ്യപ്പെടുത്തണം ബഹുമാനപ്പെട്ട ആര്യാടൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വർഗ്ഗീയ കലാപങ്ങൾ തടയാൻ കഴിയുന്നു. വർഗ്ഗീയ ശക്തികൾക്കെതിരായി ഭൂരിപക്ഷ വർഗ്ഗീയതയായാലും ന്യൂനപക്ഷ വർഗ്ഗീയതയായാലും ആ വർഗ്ഗീയതയ്ക്ക് എതിരെ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണിത്. അതുപോലെതന്നെ പോലീസിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള തീരുമാനങ്ങൾ. വനിതാ പോലീസുകാരുടെ എണ്ണം 10 ശതമാനമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. നിങ്ങളുടെ ഭരണകാലത്ത് 500 ആയിരുന്നു. വനിതാ പോലീസിന്റെ എണ്ണം. 500-ൽ നിന്നും 4000 ആയി വർദ്ധിപ്പിച്ചു. വനിതാ എസ്. ഐ.മാരുടെ എണ്ണം സ്വതന്ത്ര ചുമതലയോടുകൂടി 10 ശതമാനമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. പി.എസ്.സി.യിൽ നിന്നും 6000 പുതിയ കോൺസ്റ്റബിൾമാരെ റിക്രൂട്ട് ചെയ്യാൻ തീരുമാനിച്ചു. 4337 കോൺസ്റ്റബിൾമാരുടെ പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട് നിയമനം നടത്താൻ തീരുമാനിച്ചു. ഈ രൂപത്തിൽ പോലീസിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി, ടൈമിംഗ്‌ലി ഇൻവെസ്റ്റിഗേഷൻ എന്നുപറയുന്നത് മൂന്നാംമുറ മാത്രമല്ല, ആധുനികമായ രീതിയിൽ പോലീസിനെ ട്രെയിൻ ചെയ്യിക്കുന്നതിനുവേണ്ടിയുള്ള നേതൃത്വം നൽകുകയാണ്. അതുപോലെതന്നെ ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു. അതുപോലെതന്നെ വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നു. വിജിലൻസ് സാധാരണ മോശക്കാരായിട്ടുള്ളവരെ, ട്രാൻസ്ഫർ ചെയ്ത് ടംപ് ചെയ്യുന്ന ഒരു കേന്ദ്രമായിരുന്നു. അതുമാറി. ഏറ്റവും എഫിഷ്യന്റായവരെ കണ്ടുപിടിച്ച് അവിടെ പോസ്റ്റ് ചെയ്യുകയാണ്. എന്താണ് സാമ്പത്തിക കുറ്റം. കള്ളന്മാരെ, കള്ളപ്പണക്കാരെ, അഴിമതിക്കാരെ കണ്ടുപിടിക്കാൻ കഴിയുന്ന തരത്തിൽ വിജിലൻസിനെ ശക്തിപ്പെടുത്തി മുന്നോട്ടു പോകുന്നു. ജയിൽ പരിഷ്കരിക്കുന്നു. അതുപോലെതന്നെ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ആ രൂപത്തിലാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിന് സഹായകമായ ഈ ഡിമാന്റിനെ പൂർണ്ണമനസ്സോടുകൂടി, ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : സർ, പോലീസും പോലീസ് ഭരണവും എക്കാലവും വിമർശന വിധേയമാണ്. അങ്ങനെ ആകാതിരിക്കാൻ തരമില്ല. പക്ഷേ പോലീസിനെപ്പറ്റിയും പോലീസ് ഭരണത്തെപ്പറ്റിയും ഉള്ള വിമർശനങ്ങൾ ചെറുതായി ചെറുതായി ലഘൂകരിച്ചു കൊണ്ടുവരിക എന്നുള്ളതാണ് പോലീസ് ഭരണത്തിന്റെ മേന്മ. നമ്മുടെ നാട്ടിൽ അതാണോ നടക്കുന്നത് എന്നു പരിശോധിക്കുമ്പോഴാണ് പോലീസ് ഭരണം ഇവിടെ കേരളത്തിൽ എന്ത് എന്ന് പറയുന്നത് ഓരോരുത്തരും അനുകൂലമായും പ്രതികൂലമായും സംസാരിച്ചു. അനുകൂലമായി സംസാരിക്കേണ്ടവർക്ക് അതൊരു ബാധ്യതയും കടമയുമാണ്. അവർ അങ്ങനെ പറയുന്നതിനെപ്പറ്റി എനിക്ക് യാതൊരു വിരോധവുമില്ല. ഒന്നുമില്ലെങ്കിലും ഒത്തിരിയുണ്ട് എന്നുപറഞ്ഞാൽ തമ്പുരാൻ കനി

യുമെങ്കിൽ അങ്ങനെ പറഞ്ഞുകൊള്ളട്ടെ. യാതൊരു വിരോധവും ഞങ്ങൾക്കില്ല. അങ്ങനെയൊരു കാലഘട്ടം. സംസ്കാരത്തിന്റെ കേതാരം, അതിന്റെ വിളനിലം എന്നുപറയുന്ന കേരളത്തിൽ ഈ പോലീസിന്റെ കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞ ഒരു കാലഘട്ടം നമുക്കു കിട്ടുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കേരളത്തിൽ ഇത്രയൊക്കെ പുരോഗതിയുണ്ടായിട്ടും പുരോഗമനക്കാർ ഉണ്ടെന്നുപറഞ്ഞിട്ടും എല്ലാ മുക്കിലും മൂലയിലും ചെറിയ കണ്ണിലൂടെ ഈ ലോകത്തെ മുഴുവൻ വരച്ചു കാണിക്കാൻ കഴിവുള്ള പുതിയ പുതിയ മാസ്മരിക വിദ്യാഭ്യാസം ഈ രാജ്യത്ത് ഉണ്ടായിട്ടും എന്തേ മനുഷ്യൻ നന്നാവാത്തത്? എന്തേ മനുഷ്യന്റെ പ്രവർത്തനങ്ങൾ നന്നാവാത്തത്? അവിടെയെല്ലാം പോലീസിനെക്കൊണ്ട് ഭരിപ്പിക്കണം എന്ന ആഗ്രഹം വന്നതുകൊണ്ടാണ് എല്ലാ മന്ത്രിമാരും മന്ത്രിസഭകളിലും പോലീസിനെ കൈകാര്യം ചെയ്യാനാഗ്രഹിക്കുന്നത്. പക്ഷെ പോലീസിനെ വെറുതെ വിടണമെന്നാണ് എന്റെ അഭിപ്രായം. ഈ മന്ത്രിമാരും മന്ത്രിസഭകളും മാറിമാറിവരും.. പക്ഷേ ഇവിടത്തെ നീതിയും ന്യായവും തുടരേണ്ടതാണ്. അങ്ങനെ തുടരണമെങ്കിൽ തീർച്ചയായും ഈ വകുപ്പിന്റെ നിയന്ത്രണം സംസ്ഥാനമൊട്ടാകെ എന്നും നിലനിൽക്കുന്ന ഒരു ഔദ്യോഗിക നേതൃത്വത്തിൽ വരേണ്ടതാണ്. ചീഫ് സെക്രട്ടറിക്കെന്തേ ഇതിനെ നിയന്ത്രിക്കാൻ കഴിയുകയില്ലേ. കാലാകാലങ്ങളിൽവരുന്ന മന്ത്രിമാരും മന്ത്രിസഭയും തങ്ങളുടെ അഭിപ്രായങ്ങൾക്ക് അനുകൂലമായി ഈ പോലീസിനെ ഉപയോഗിക്കുകയാണ്. അങ്ങനെ ചെയ്താൽ പാവപ്പെട്ടവനും സാധാരണക്കാരനും ഇവിടെ ഒരിക്കലും നീതി ലഭിക്കുകയില്ല. അതുതന്നെയാണ് ഇന്നത്തെ അനുഭവം. ഒരു വ്യത്യാസവുമില്ല. അതുകൊണ്ടുതന്നെയാണ് .....

<u>ശ്രീ. ജി. സുധാകരൻ</u> : അങ്ങ് പോലീസ് സ്റ്റേഷനുവേണ്ടി വാദിക്കുകയാണോ ഡെമോക്രാറ്റിക് സ്റ്റേറ്റിനുവേണ്ടി വാദിക്കുകയാണോ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : ഏതായാലും ശ്രീ. ജി. സുധാകരനു വേണ്ടി വാദിക്കുകയല്ല. ഈ നാട്ടിൽ നടക്കുന്നതിനെപ്പറ്റി പറഞ്ഞുവെന്നുമാത്രമേയുള്ളൂ. അടുത്ത പ്രാവശ്യം ബഡ്ജറ്റ് വരുമ്പോഴും ഇവിടത്തെ കൊലപാതകങ്ങളും സ്ത്രീപീഡനങ്ങളും കൂടുകയല്ലാതെ കുറയുകയില്ല. പള്ളിക്കൂടങ്ങളും കോളേജുകളും കൂടുന്നു. അതിന്റെ പ്രതിഫലനം പോലീസ് സ്റ്റേഷന്റെ എണ്ണത്തിലും കൂടുന്നുവെന്നാണ്. ഇതാണ് കേരളത്തിലെ സംസ്കാരമെങ്കിൽ ആ സംസ്കാരത്തിൽനിന്ന് ജീവനക്കാരെ രക്ഷിക്കാൻ ഏതു മാർഗ്ഗമാണ് കാണേണ്ടത്. പോലീസിന്റെ പ്രവർത്തനങ്ങളെപ്പറ്റിയോ പോലീസിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റിയോ ഒന്നും പലരും വിശദീകരണം പറയാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പോലീസിനെത്തന്നെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. പോലീസ് വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഒരു ജനകീയ ഗവൺമെന്റിന്റെ ഇഷ്ടമനുസരിച്ച് ചെയ്തുവെങ്കിൽ മാത്രമേ ഒരുദ്യോഗസ്ഥന് ഒരിടത്തിരിക്കാൻ കഴിയൂവെങ്കിൽ ചിലപ്പോൾ ഒരുപക്ഷേ ആദർശം വിട്ടു പ്രവർത്തിച്ചുവെന്നും വരും. അതുകൊണ്ട് പോലീസിനെ അവർ സ്വമേധയാ വിട്ട്, സ്വാതന്ത്ര്യം കൊടുത്താൽ, നാട്ടിൽ കാണുന്ന കുറ്റങ്ങൾ കണ്ടുപിടിക്കാനും തക്ക ശിക്ഷ കൊടുക്കാനും അവർ പഠിച്ചവരല്ലേ. അവർ നിയമം പഠിച്ചവരല്ലേ. 7-ാം ക്ലാസ്സുകാരനാണോ എം.എ. പാസ്സായ പോലീസുകാരനെ ന്യായം പഠിപ്പിക്കാൻ. അപ്പോൾ ആ രീതിയിലേയ്ക്ക് പോലീസുകാരെക്കൊണ്ട് പറഞ്ഞു ചെയ്യിപ്പിക്കുന്ന ഒരു ഏർപ്പാടാണുള്ളത്. ഈ ഗവൺമെന്റിൽ മാത്രമല്ല എല്ലാ രാഷ്ട്രീയക്കാരുടേയും ശൈലിയാണ്. ആ ശൈലി

LIBRARY ARCHIVES Kerala Legislative Assembly

മാറണം. ഇവിടെ ഒരു പ്രത്യേക ശൈലിയുണ്ടായെങ്കിൽ മാത്രമേ കേരള സംസ്കാരത്തിനനുകൂലമായ ഒരു ഭരണം ഇവിടെ നടക്കുകയുള്ളൂ. കേരളം സംസ്കാര സമ്പന്നമാണ്. ആർക്കാണ് സംസ്കാരമുള്ളത്. ഇവിടെ പലരും പറയുന്നതുകേട്ടു, ഞങ്ങളുടെ ഭരണം വന്നതിൽപ്പിന്നെ കുഴപ്പമൊന്നുമില്ലെന്ന്. പാവപ്പെട്ട കുട്ടികളെ എറിഞ്ഞുകൊന്ന സംഭവം ഉണ്ടായി. ചങ്ങനാശ്ശേരിയിൽ എസ്.പി.യായ ജിയോ ജേക്കബിനെ കല്ലെറിഞ്ഞ വ്യക്തിയെ ശിക്ഷിച്ചില്ലായെന്നുമാത്രമല്ല അവനെ പോലീസിലെടുത്തിരിക്കുകയാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സുകുമാരക്കുറുപ്പിനെ അതിനിഷ്ഠൂരമായി വണ്ടിയിലിട്ട് ചുട്ടുകൊന്ന സംഭവത്തിൽ അങ്ങുകൂടി ഭരണത്തിലിരുന്ന അവസരത്തിൽ ആ പ്രതികളെ പിടിക്കാതിരുന്നത് പോലീസിന്റെ സാമർത്ഥ്യം കൊണ്ടാണോ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ എവിടെയാണ് ജീവിക്കുന്നത്. ആ കുറുപ്പും ഈ കുറുപ്പും തമ്മിൽ എത്രയോ അകലം. ആ കുറുപ്പിന് എവിടെ കരിഞ്ഞുവെന്നുള്ളതൊന്നും എനിക്കറിഞ്ഞുകൂടാ. ആ കുറുപ്പും ഈ കുറുപ്പും തമ്മിൽ വ്യത്യാസമുണ്ട്. എന്നെപ്പിടിച്ച് മറ്റു ഭാഗങ്ങളിലേക്ക് കൊണ്ടുപോകേണ്ട കാര്യമില്ല. ഇവിടെ ഞങ്ങളുടെ ഭരണം കൊണ്ട് ഇന്നയിന്ന മെച്ചങ്ങളുണ്ടായിയെന്ന് പറഞ്ഞയിടത്തെല്ലാം പരമാർത്ഥത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയാണ്. സ്ത്രീപീഡനത്തിലായാലും മോഷണത്തിലായാലും കച്ചവടത്തിലായാലും കൊള്ളയിലായാലും പകൽക്കൊള്ളയിലായാലും വർദ്ധനവുമാത്രമേയുള്ളൂ. ശ്രീ. കണാരൻ പറഞ്ഞതുപോലെ ഉറക്കെപ്പറഞ്ഞാൽ ഒരുപക്ഷെ സത്യമാക്കാൻ കഴിയും. ഇവിടെ നടക്കുന്നതൊക്കെ അങ്ങനെയാണ്. ആറു പ്രാവശ്യം ആവർത്തിച്ചാൽ ഒരു കള്ളത്തെ സത്യമാക്കാൻ ശ്രമിക്കുന്നതുപോലെ. അങ്ങനെ ചെയ്തിട്ടില്ലായെന്നു പറഞ്ഞാൽ പിന്നെന്താണ് ചെയ്യുക. അങ്ങനെ ചെയ്തിട്ടുണ്ടെന്നു പറയാനല്ലേ നമുക്കു കഴിയൂ. ആ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഇവിടെ സാധാരണക്കാരന് ജീവിക്കാൻ കഴിയുകയില്ല. ഇവിടെ നിയമം പലവിധമാണ്. നീതിയും പലവിധമാണ്. ഭരണകക്ഷിക്ക് ഒരു നീതി. പ്രതിപക്ഷത്തിന് ഒരു നീതി. ഭരണകക്ഷിയിൽത്തന്നെ തട്ടുതട്ടുകൾക്ക് പ്രത്യേകം പ്രത്യേകം നീതി. ഇത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ചിലരെ അടിയ്ക്കാൻ ഓങ്ങിയാൽ നടപടി. ചിലരെ അടിച്ചാലും കൊന്നാലും നടപടിയില്ല. ബഹുമാനപ്പെട്ട സത്യൻ മൊകേരി ഇതെല്ലാം മറന്നാണോ നെഞ്ചത്ത് കൈവച്ച് ഇതൊക്കെ പറഞ്ഞത്. ലോക്കപ്പു മരണം നടന്നില്ലായെന്നൊക്കെ എത്ര വീറോടെയാണ് ശ്രീ. കണാരൻ പ്രസംഗിച്ചത്. പോലീസിന്റെ നയത്തെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും വാദത്തിനുവേണ്ടി വാദിച്ചവരല്ലാതെ യഥാർത്ഥത്തിൽ ഈ പോലീസിന്റെ നയമെന്താണ്? ഭരണമെന്താണ്? അവരാണോ ഭരിക്കുന്നത്? അവരെക്കൊണ്ട് ഭരിപ്പിക്കലാണോ. ഇതൊക്കെ പരിശോധിക്കുമ്പോൾ മാത്രമേ ഇതിന്റെ രഹസ്യം മനസ്സിലാക്കാൻ കഴിയൂ. കേരളത്തിൽ ഇന്ന് ക്രമസമാധാനമുണ്ടെന്ന് അവർ പറഞ്ഞാൽ ഇല്ലായെന്ന് ഞങ്ങൾ പറയുമ്പോൾ ഞങ്ങളും അങ്ങനെതന്നെ പറയും. എവിടെയാണ് ക്രമസമാധാനം. പരാതി കൊടുത്താൽ അത് അന്വേഷിക്കണമെങ്കിൽ പരാതി കൊടുത്തയാൾ ഒരു പ്രത്യേക പാർട്ടിയിൽപ്പെട്ടവരാകണം. അല്ലെങ്കിൽ ഒരൊറ്റ പോലീസുകാരേയും കിട്ടുകയില്ല. എന്റെ സ്വന്ത അനുഭവം പറയുകയാണ്. എന്റെയടുത്താണ് കറുകച്ചാൽ പോലീസ് സ്റ്റേഷൻ. അവിടെ പണ്ട് കയറിപ്പോകാത്ത ആളുകൾ ഒരു ദിവസം നാൽപ്പത്, അൻപത് പ്രാവശ്യമാണ് പ്രമാണിമാരൊക്കെ പോകുന്നത്. എന്തിനാണാവോ? അറിഞ്ഞുകൂടാ. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പോലീസിനെയും പോലീസിന്റെ പ്രവർത്തനങ്ങളെയും അവരുടെ കഴിവുകളെയും സ്വാധീനതയെയും വിറ്റ് കാശാക്കാനുള്ള ഏർപ്പാടുപോലും ഇന്നുണ്ട്. അങ്ങനെ പോലീസിനെക്കൊണ്ട് ശുപാർശ ചെയ്യാതെ ഒരു കാര്യംപോലും ഇന്നാർക്കും ചെയ്യാൻ കഴിയുകയില്ല. ഇന്ന് സാധാരണക്കാരൻ പരാതി കൊടുക്കാറില്ല. ലോക്കപ്പുമരണം നടന്നിട്ടില്ലായെന്ന് ബഹുമാനപ്പെട്ട കണാരൻ പറഞ്ഞു. എനിക്ക് അദ്ദേഹത്തോട് ഒരു ചോദ്യമേയുള്ളൂ. ആലപ്പുഴയിൽ ഒരു തങ്ങൾകുഞ്ഞ് മരിച്ചതെങ്ങനെയാണ്. അതൊക്കെ മറന്നുകൊണ്ട് ഒന്നും നടന്നിട്ടില്ല ഞങ്ങളുടെ കാലത്തൊക്കെ ഭേഷ് എന്നുപറഞ്ഞാൽ ആ ഭരണം ഭേഷാകുമോ? ബഹുമാനപ്പെട്ട നായനാർ അധികാരമേറ്റപ്പോൾ പറഞ്ഞ സത്യവാങ്മൂലവും പ്രതിജ്ഞയുമൊക്കെ പലപ്പോഴും ഞാൻ ഓർക്കാറുണ്ട്. ഇവിടെ നല്ല ഒരു നാടായി അനീതിയില്ലാത്ത ഒരു നാടായി സ്ത്രീകൾക്ക് യഥേഷ്ടം അർദ്ധരാത്രിക്കുപോലും നടക്കാൻ കഴിവുള്ള നാടായി കേരളത്തെ ഞങ്ങൾ മാറ്റുമെന്നുപറഞ്ഞിട്ട് എവിടെപ്പോയി? പകൽപോലും നടക്കാൻ കഴിയുകയില്ല. അതാണനുഭവം. അത് അദ്ദേഹത്തിന്റെ കുഴപ്പമല്ല. അദ്ദേഹത്തിന് പറയാതിരിക്കാൻ കഴിയുമോ? വോട്ടിനുവേണ്ടി നാമെല്ലാം എന്തെല്ലാം പറഞ്ഞു? അതെല്ലാം രാഷ്ട്രീയ പാർട്ടിയുടെ ആദർശമായി കണക്കാക്കാനുള്ള വിഡ്ഢിത്തമൊന്നും ഞങ്ങൾക്കില്ലാത്തതുകൊണ്ട് ഞങ്ങൾ അതത്ര വിശ്വസിച്ചില്ല. പോലീസ് ഭരണത്തെപ്പറ്റി വികലമായ അഭിപ്രായങ്ങൾ മാത്രമേ നമുക്ക് പറയാൻ കഴിയൂ. അത് പോലീസുകാരന്റെ മാത്രം കുഴപ്പമല്ല. അത് പോലീസിനെ ഭരിക്കുന്ന മന്ത്രിസഭയുടെ മാത്രം കുഴപ്പവുമല്ല. പക്ഷേ പോലീസിനെ ഭരിക്കുന്ന മന്ത്രിസഭ, ഇടപെടേണ്ട കാര്യങ്ങളിൽമാത്രം ഇടപെട്ട് കൊടുക്കേണ്ട സ്വാതന്ത്ര്യം പോലീസിനു കൊടുത്താൽ ഈ രാജ്യത്ത് ക്രമസമാധാനം കിട്ടുമെന്ന് നമുക്ക് പറയാൻ കഴിയും. അതല്ലാതെ ക്രമസമാധാനം എന്ന് എഴുതി വച്ചതുകൊണ്ടും, കൂടുതൽ പ്രാവശ്യം പ്രസ്താവിച്ചതുകൊണ്ടും പ്രയോജനമില്ല. ഇവിടെ എല്ലാം പ്രസ്താവനയാണ്. ഏതു മന്ത്രിക്കും പ്രസ്താവനയാണ്. കേരളത്തിൽ അടുത്ത പ്രാവശ്യം ഇന്നതെല്ലാം ഉണ്ടാക്കുമെന്ന പ്രസ്താവന. ഇങ്ങനെയുള്ള വികലമായ പോലീസ് ഭരണം നടക്കുന്ന ഈ പോലീസിന്റെ നയത്തെപ്പറ്റി, പോലീസ് ഭരണത്തെപ്പറ്റി അനുകൂലമായി ഒന്നും പറയാനില്ല. അതുകൊണ്ട് അതിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല ഈ പോലീസിനെക്കൊണ്ട് നല്ലതുചെയ്യിപ്പിക്കാൻ കഴിവുള്ള ഒരു സാഹചര്യമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കേണ്ടതാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ കേരളം സംസ്കാരസമ്പന്നമാണ്. ആ സംസ്കാരസമ്പന്നമായ കേരളത്തിലെ ആളുകളെല്ലാം വികൃതമായ പ്രവർത്തനങ്ങൾ ചെയ്യുന്നുവെന്ന് മറ്റുള്ളവരെക്കൊണ്ട് പറയിക്കാതിരിക്കാനെങ്കിലും പോലീസിനെക്കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ സ്വതന്ത്രമായി ചെയ്യിക്കാനുള്ള കാര്യങ്ങൾ ചെയ്യണം. നമുക്കുവേണ്ടിയല്ല, ഒരു പാർട്ടിക്കുവേണ്ടിയല്ല ജനങ്ങൾക്കുവേണ്ടിയാണ് പോലീസെന്ന് കരുതണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്നലെയും ഇന്നുമായി സഭയിൽ നടന്ന ചർച്ചകൾ എളിയവനായ ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇന്നലെയും ഇന്നുമായി നടന്ന ചർച്ചകളിൽ ഒരു കാര്യം സത്യമാണെന്ന് എല്ലാപേർക്കും മനസ്സിലായി. നിങ്ങൾക്ക് ഈ രാജ്യത്തെ ജനങ്ങളോട് ഒന്നും പറയുവാനില്ല. ഈ ഗവൺമെന്റിന് എതിരായി ശബ്ദിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. അതാണ് നില. സത്യം അതല്ലേ; മുന്നുവർഷം പ്രതിപക്ഷമായിരുന്നതിന് മാറി നിന്നു എന്നുള്ള അസ്വസ്ഥത. ശ്രീ. ടി.എം. ജേക്കബ് ഇവിടെ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അത് പറയും എന്നുള്ളതുകൊണ്ട് ശ്രീ. കെ.എം. മാണി ഇറങ്ങിപ്പോയി എന്നെനിക്കറിയാം. മൂന്നുകൊല്ലം പ്രതിപക്ഷത്തിരുന്നപ്പോൾ നിങ്ങൾക്കുണ്ടായ അസ്വസ്ഥത കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകും. കേരളം അല്ലാതെ, രാത്രി അല്ല പകലുപോലും സമാധാനത്തോടെ ഇറങ്ങി നടക്കാമെന്ന ഒരു സംസ്ഥാനം ഈ രാജ്യത്തുവേറെയുണ്ടോ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : ബംഗാളുണ്ട്.

ശ്രീ. പി.സി. ജോർജ്ജ് : ബംഗാളുണ്ട്. കേരളത്തിലെ അത്രയും നല്ലതല്ല. അതാണ് സത്യം. ഈ ഡിമാന്റുമായിട്ട് ബന്ധപ്പെട്ടതല്ലെങ്കിലും ഞാൻ പറയുകയാണ് ഇന്നലെ ബഹുമാനപ്പെട്ട എ.കെ. ആന്റണി കൃഷിവകുപ്പുമന്ത്രിയുമായി തർക്കമുണ്ടായി. എന്തായിരുന്നു തർക്കം? പ്രളയം അല്ലേ; നിങ്ങൾക്ക് നഷ്ടം കൊടുക്കുവാൻ കഴിഞ്ഞോ? ശ്രീ. എ.കെ. ആന്റണിയോട് ചോദിക്കുകയാണ്. ഞാൻ ഇന്ന് ഒരു പുസ്തകവും ചുമന്നുകൊണ്ടാണ് വന്നത്. ഞാൻ ഇന്നലെ എടുത്താൽ അദ്ദേഹത്തിന് സുഖിക്കില്ല. ശ്രീ. ആര്യാടന് പ്രത്യേകിച്ച് സുഖിക്കില്ല. അതുകൊണ്ടാണ് ഞാൻ എടുക്കാതിരുന്നത്. നമ്മുടെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ റിപ്പോർട്ടാണ്. 1993-ൽ കേരളത്തിലുണ്ടായ ഏറ്റവും വലിയ ഉരുൾപൊട്ടൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ അടിവാരത്താണ്. ഒരു ഗ്രാമത്തിൽ മുഴുവൻ 106 ഉരുൾ ആണ് വീണത്. അവിടെ കോൺഗ്രസ്സുകാരനായ ടോണിയുടെ അപ്പൻ മരിച്ചു. മൂന്നു മരണം സംഭവിച്ചു. ഒരു പൈസ നിങ്ങൾ നഷ്ടം കൊടുത്തില്ല. നിങ്ങൾ ഭരിച്ചില്ലേ അഞ്ചുവർഷം; ഒരു പൈസ നഷ്ടം കൊടുക്കാത്തതിന്റെ റിപ്പോർട്ടാണിത്. നിങ്ങളുടെ സ്വഭാവം പറയുവാൻ വേണ്ടിയാണ് ഞാനിത് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണിയോടുതന്നെയാണ് പറയുന്നത്. നിങ്ങളുടെ കാലത്ത് എന്തുകൊടുത്തു; നിങ്ങൾ എന്തുകൊടുത്തു; നിങ്ങളുടെ കാലത്ത് ഈ രാജ്യത്തെ ജനതയോട് എങ്ങനെ പെരുമാറി? ചിന്തിക്കേണ്ടേ? എന്നിട്ടുവേണ്ടേ വർത്തമാനം പറയുവാൻ. അപ്പോൾ എന്താണ് പ്രശ്നം; മൂന്നുവർഷം പ്രതിപക്ഷത്തിരുന്നു കഴിഞ്ഞപ്പോൾ നിങ്ങൾക്ക് അസ്വസ്ഥത ഉണ്ടായിരിക്കുകയാണ്. ശ്രീ. എ.കെ. ആന്റണിയോട് ചോദിക്കട്ടെ, അങ്ങ് കോൺഗ്രസ് സദാചാര കമ്മിറ്റിയുടെ ചെയർമാനല്ലേ? അങ്ങേയ്ക്ക് കുമാരി ജയലളിതയെ കാണാൻ പോകേണ്ട ഗതികേട് ഉണ്ടായില്ലേ? അങ്ങ് പറഞ്ഞത് മുഴുവൻ അങ്ങ് വിഴുങ്ങുകയാണ്. അറിഞ്ഞുകൂടാ ഞാൻ പറഞ്ഞതാണ് ശരി. അങ്ങ് ബന്ദിന് എതിരായിട്ട് പ്രഖ്യാപനം നടത്തി. സെക്രട്ടേറിയറ്റിനു മുൻപിൽ സമരം പാടില്ലെന്ന് പറഞ്ഞു. ഉണ്ണാവ്രതമിരുന്നു. രക്തസാക്ഷി മണ്ഡപത്തിനുമുൻപിൽ ശ്രീ. എം.എം. ഹസ്സന്റെ നേതൃത്വത്തിൽ നടന്ന സമരത്തിന്റെ ധർണ ഉദ്ഘാടനം ചെയ്തത് ശ്രീ. എ.കെ. ആന്റണിയാണ്. പക്ഷേ അങ്ങ് മൂന്നുവർഷം പ്രതിപക്ഷത്തിരുന്നപ്പോൾ ചാടിക്കയറി ബന്ദ് പ്രഖ്യാപിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബന്ദോ?

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

ശ്രീ. പി.സി. ജോർജ്ജ് : ബന്ദില്ലാതെ പിന്നെ എന്താണ്; ബന്ദ് അല്ലെന്നാണോ; ഹർത്താൽ എന്നുപറയേണ്ട കാര്യമില്ല. ബന്ദ് അല്ലേ ഇത്? വാക്ക് കൊണ്ട് ഹർത്താൽ. പാർട്ടി കൊടുത്ത നിർദ്ദേശം ബന്ദാണ്. യുദ്ധം നടക്കുമ്പോഴാണ്. എനിക്ക് അറിയാം. ശ്രീ. എ.കെ. ആന്റണിക്ക് വന്ന മാറ്റങ്ങൾ. ശ്രീ. കെ.എം. മാണിയെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഞാൻ പറഞ്ഞാൽ കുഴപ്പമാകും. അദ്ദേഹത്തെ എനിക്ക് ഇഷ്ടമില്ലെന്നാണ്. കേരളം കാണുവാൻ എയർ കണ്ടീഷൻ യാത്ര. ഉച്ചയ്ക്ക് റ്റി.വി. കാണുമ്പോൾ അദ്ദേഹം ഏതാണ്ട് ചവച്ച് തിന്നുകയാണ്. ജീരകം ആയിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നില്ല. ആലോചിച്ചാൽ മനസ്സിലാകും. അദ്ദേഹം തിരുവനന്തപുരത്തു വരുമ്പോൾ ഗവൺമെന്റിന്റെ അടിത്തറ ഇളക്കുമെന്ന് പറഞ്ഞു. ശ്രീ. ഇ.കെ. നായനാരുടെ ഏത് അടിത്തറയാണ് ഇളക്കിയതെന്ന് എനിക്ക് മനസ്സിലായില്ല. നാണം വേണ്ടേ? ആരുടെ അടിയാണ് ഇളകിയത്? നിങ്ങൾ പ്രതിപക്ഷം എന്നുപറഞ്ഞ് നടക്കുന്നു. 10 ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഈ ഗവൺമെന്റിന് എതിരെ സമരം നടത്തുവാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ആരുണ്ട് ഇപ്പോൾ സമരം ചെയ്യുവാൻ. നിങ്ങൾ മനസ്സിലാക്കണം. മൂന്നുവർഷം ബ്രഹ്മപുരം ഉൾപ്പെടെ വിറ്റു കാശാക്കിയ മാണിമാർക്കും പത്മരാജന്മാർക്കും നേതൃത്വം കൊടുത്ത ശ്രീ. എ.കെ. ആന്റണിയുടെ ദുർഭരണം അവസാനിപ്പിച്ചുകൊണ്ടാണ് ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ കേരളത്തിലെ ജനങ്ങൾ അധികാരത്തിൽ കയറ്റിയതെന്ന് നിങ്ങൾ മനസ്സിലാക്കണം. അഭിമാനബോധത്തോടുകൂടിയാണ് ഈ മൂന്ന് വർഷത്തെ ഭരണത്തെ ഞങ്ങൾ കണ്ടത്. ഞാൻ ചോദിക്കട്ടെ, ഇവിടെ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടായി? നിങ്ങളുടെ അഞ്ചുവർഷത്തെ ഭരണത്തിനിടയിൽ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടായി? 1998 ഡിസംബർ 6-ാം തീയതി ഈ സംസ്ഥാനത്ത് എന്തെങ്കിലും ഉണ്ടായോ? ആ വേദനിക്കുന്ന അനുഭവം. 1996, 1997 ഡിസംബർ 6-ാം തീയതി ..... അത് പരിശോധിക്കണം. 1998 ഡിസംബർ 6-ാം തീയതി സമാധാനപരമായി കേരളം കടന്നുപോയില്ലേ. ഇവിടെ വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാക്കുവാൻ കോൺഗ്രസ്സിന്റെ പാദസേവകരായ പ്രാദേശിക നേതാക്കന്മാർ ശ്രമിക്കുമ്പോഴും അതിനെ ശക്തിയുക്തം എതിർത്തുകൊണ്ട് മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷം കേരളത്തിൽ ഉണ്ടാക്കുവാൻ കഴിഞ്ഞത് നായനാർ സർക്കാരിനാണ്, ശ്രീ. ഇ.കെ. നായനാരുടെ ഭരണത്തിനാണ് എന്നത് നിഷേധിക്കുവാൻ കഴിയുകയില്ല. ഇവിടെ പലരും സ്ത്രീപീഡനത്തെപ്പറ്റിയും സ്ത്രീകളുടെ കേസ്സിനെപ്പറ്റിയും പറയുന്നു. ശ്രീ. ഇസ്ഹാക് കുരിക്കൾ എന്താണ് പറഞ്ഞത്? ഒരു കാലഘട്ടത്തിലും ഒരു ഗവൺമെന്റും ചെയ്യാത്ത പ്രവർത്തനങ്ങളാണ് എല്ലാ ഡിപ്പാർട്ടുമെന്റിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപ്പാക്കിയിരിക്കുന്നത്. പത്ത് നിർദ്ദേശങ്ങൾ കൊടുത്തല്ലോ. സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. നിങ്ങൾ എടുത്ത് വായിക്ക്. കണ്ണ് തുറക്കട്ടെ, ബോധം ഉണ്ടാകട്ടെ അതുകൊണ്ട് പറയുകയാണ്. നിങ്ങൾ എടുത്ത് വായിക്കൂ. അപ്പോൾ ഗുണം കിട്ടും. വനിതകൾക്ക് നേരെ അതിക്രമം തടയുന്നതിനുവേണ്ടി ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു വനിതാസെല്ലും, 17 ജില്ലാ പോലീസ് ഓഫീസുകളോടനുബന്ധമായി ഒരു വനിതാ സബ് ഇൻസ്പെക്ടറും രണ്ട് വനിതാ ഹെഡ് കോൺസ്റ്റബിൾമാരും രണ്ട് കോൺസ്റ്റബിൾമാരും അടക്കമുള്ള വനിതാ സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ വനിതായാത്രക്കാർക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്നതിന് വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതൊന്നും നിങ്ങൾ അറിയുന്നില്ല. നിങ്ങൾ ഭരിച്ചില്ലേ അഞ്ചുവർഷക്കാലം? പോലീസിന്റെ സുഖം കണ്ടുകൊണ്ടിരുന്ന ശ്രീ. കെ. കരുണാകരൻ ഇവിടെ ഭരിച്ചില്ലേ? ഇതൊക്കെ ശ്രീ. ഇ.കെ. നായനാർ ഭരിച്ചപ്പോൾ ചെയ്ത കാര്യങ്ങളാണ്.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : വനിതാ സെല്ലുകൾ രൂപീകരിച്ചത് പറഞ്ഞു. ഏതെങ്കിലും ഒരു ജില്ലയിൽ ഒരു വനിതാ സ്റ്റേഷൻ ഉണ്ടായതായി അങ്ങേയ്ക്ക് പറയാമോ? ഇന്ന ജില്ലയിൽ എന്നുപറയണം. 17-ഉം 20-ഉം ഒന്നും വേണ്ട. ഒരു ജില്ല പറഞ്ഞാൽ മതി.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : ശ്രീ. ഇസ്ഹാക് കുരിക്കൾ ദിവാസ്വപ്നം കണ്ടുകൊണ്ട് ജീവിക്കുകയാണ്. കൊല്ലം ജില്ലയിൽ പോയി നോക്കൂ. വെടിവയ്പ്പുകാര്യം യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ. കെ.സി. വേണുഗോപാൽ പോയോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : പ്രൊഫ: മീനാക്ഷി തമ്പാൻ ഉണ്ടല്ലോ?

ശ്രീ. പി.സി. ജോർജ്ജ് : പ്രൊഫ: മീനാക്ഷി തമ്പാൻ സുഖമായിട്ടിരിക്കുന്നു. ഞങ്ങൾ നോക്കിക്കൊള്ളാം. ശ്രീ. ജോണി നെല്ലൂർ വിഷമിക്കണ്ട. ഈ കഴിഞ്ഞ മൂന്നു വർഷക്കാലം പോലീസ് ഈ സംസ്ഥാനത്ത് ഒരാളെപ്പോലും വെടിവച്ച് കൊന്നിട്ടില്ല.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : ആകാശത്തേയ്ക്ക് വെടിവച്ചിട്ടുണ്ട്.

ശ്രീ. പി.സി. ജോർജ്ജ് : അങ്ങോട്ട് വെടിയുണ്ട. നിങ്ങൾ വഴക്കുണ്ടാക്കുമ്പോൾ എങ്ങോട്ടെങ്കിലും വെടിവച്ച് നിങ്ങളെ ഓടിക്കേണ്ടേ? കൊല്ലാൻ പറ്റുമോ? ശ്രീ. ഇ.കെ. നായനാരുടെ പോലീസ് മനുഷ്യരെ കൊല്ലാൻ ആഗ്രഹിക്കുന്നില്ല, നിങ്ങളുടെ പോലീസ് വെടിവച്ച് കൊല്ലും. ഞങ്ങളുടെ പോലീസ് അത് ആഗ്രഹിക്കുന്നില്ല. അതാണ് സത്യം. 122 വെടിവയ്പ്പുകളിലായി 18 മനുഷ്യ ജീവൻ കവർന്നെടുത്തത് യു.ഡി.എഫിന്റെ ഭരണകാലത്താണ്. അവരാണ് പറയുന്നത് ശ്രീ. ഇ.കെ. നായനാരുടെ പോലീസ് മോശമാണെന്ന്. എന്താണ് അതിന് മറുപടി പറയുക. വെടിവയ്ക്കുന്നില്ല എന്നുള്ളതാണ് ഞങ്ങളുടെ പേരിലുള്ള കുഴപ്പം. നായനാർ പോലീസിനുമേലുള്ള കുഴപ്പം അതാണ്. ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ലോക്കപ്പ് മർദ്ദനം എത്രയാണ്. നിങ്ങളുടെ കാലത്ത്? മൂന്നു മനുഷ്യ ജീവൻ ലോക്കപ്പിൽ കിടന്ന് നരകിച്ച് മരിച്ചില്ലേ? മൂന്നുവർഷമായി ഞങ്ങൾ ഭരിക്കുന്നു. ഒരൊറ്റ മനുഷ്യജീവൻ ജയിലിനകത്ത് പോയോ? ഒരെണ്ണം പോയില്ല. നിങ്ങൾക്ക് പലതും തോന്നും. ശ്രീ. കെ. കരുണാകരന്റെ കാര്യം ഓർത്തിട്ടാണ്. ഉത്തരവാദിത്വത്തോടുകൂടി ഒരു കാര്യം ഞാൻ പറയട്ടെ, കൂടുതൽ ഒന്നും പറയുന്നില്ല. ഇവിടെ കൊലപാതകത്തിന്റെ കണക്ക് പറഞ്ഞു. കേസ്സുകളുടെ എണ്ണം സ്റ്റേറ്റ്വെച്ച്, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ക്രൈം റേറ്റ് നോക്കുമ്പോൾ, ശ്രീ. റ്റി.എം. ജേക്കബ് ചോദിച്ചു ഏതു പുസ്തകമെന്ന്. ആഭ്യന്തരരംഗം ശക്തം ഭദ്രം, എന്നതുതന്നെയാണ് അടിച്ചിരിക്കുന്നത്. കുഴപ്പമില്ല അത് നല്ല ഹെഡ്ഡിംഗ് തന്നെയാണ്. ആ പുസ്തകം പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റേതാണ്. ക്രൈംറേറ്റ് 361.9 ആണ് കേരളത്തിൽ. നിങ്ങളുടെ പാർട്ടി ഭരിക്കുന്ന മധ്യപ്രദേശിൽ 516.8 ആണ്. കൊലപാതകം മധ്യപ്രദേശിൽ 3471 ആണ്. കേരളത്തിൽ 419 ആണ്. നിങ്ങൾ അറിഞ്ഞിരിക്കണം. കൊലയോടുകൂടിയുള്ള കൊള്ള മധ്യപ്രദേശിൽ പത്തും കേരളത്തിൽ അഞ്ചുമാണ്. കോൺഗ്രസ് ഭരിക്കുന്ന മധ്യപ്രദേശിൽ ബലാൽസംഗങ്ങളുടെ എണ്ണം 3483 ആണ്. കേരളത്തിൽ 595. തട്ടിക്കൊണ്ടുപോകുന്ന കാര്യത്തെക്കുറിച്ച് ശ്രീ. ഇസ്ഹാക് കുരിക്കൾ ഇവിടെ പറഞ്ഞു. തട്ടിക്കൊണ്ടുപോകൽ മധ്യപ്രദേശിൽ ഒൻപതാണ്. കേരളത്തിൽ അഞ്ച്. കൊള്ളയുടെ കാര്യത്തിൽ മധ്യപ്രദേശിൽ 3483-ഉം കോൺഗ്രസ് ഭരിക്കുന്ന ഒറീസ്സയിൽ 271-ഉം ആണ്. കേരളത്തിൽ 91. എന്നിട്ട് ഇവിടെ വന്നു വെറുതേ വർത്തമാനം പറയുന്നു. പിടിച്ചുപറിയുടെ കാര്യം ഇവിടെ പറഞ്ഞു. ഇതു ശ്രീ. നായനാരുടെ പോലീസാണ്. മര്യാദയ്ക്ക് നിർത്തും. അതുകൊണ്ടാണ് പിടിച്ചുപറി ഇല്ലാത്തത്. ആഭ്യന്തരവകുപ്പ് സെക്രട്ടറിയുടെ വീട്ടിൽ കള്ളൻ കയറിയെന്നാണ് ആരോപണം. എത്ര ദിവസമായി അവിടെ കള്ളൻ കയറിയിട്ട്. കള്ളനെ ഇന്നലെ പിടിച്ചകത്തിട്ടു. അതാണ് നായനാരുടെ പോലീസ്. പിടിച്ചുപറി ഡെൽഹിയിൽ 625, മധ്യപ്രദേശിൽ 1710, കേരളത്തിൽ 237. നിങ്ങളിതൊക്കെ അറിയണം. ഭവനഭേദനം, മധ്യപ്രദേശിൽ 16,382, കേരളത്തിൽ 4704. ഇതൊക്കെ അറിയാതെ വർത്തമാനം പറയുന്നു. വാഹനങ്ങളുടെ മോഷണത്തിൽ മഹാരാഷ്ട്രയിൽ 3382, കേരളത്തിൽ 224. എന്നിട്ടും ഇവിടെ കുഴപ്പമാണ്. അതിലുള്ള ഉത്തരവാദിത്വം നിങ്ങൾക്കാണ്. ഇത്രയും ശക്തമായി ജനങ്ങളുടെ വികാരം മാനിച്ചുകൊണ്ട് പോലീസ് ഭരണം നടത്തുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഡിമാന്റുകളേയും ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ടി.കെ. രാമകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച ഡിമാന്റുകളേയും ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഇവിടെയിപ്പോൾ സംസാരിച്ചു നിർത്തിയ ശ്രീ. പി.സി. ജോർജ്ജും അതിനുമുമ്പ് സംസാരിച്ച ശ്രീ. സത്യൻ മൊകേരിയും പറഞ്ഞ കാര്യങ്ങളൊക്കെ ഞാൻ കേൾക്കുകയായിരുന്നു. ആ സ്നേഹം നിലനിർത്തിക്കൊണ്ടു തന്നെ ശ്രീ. ജോർജ്ജിനോട് ഞാൻ ചോദിക്കുന്നു. ശ്രീ. ജോർജ്ജ് ഇവിടെ ചെയ്ത പ്രസംഗം അങ്ങയുടെ പാർട്ടി മീറ്റിംഗിൽ. പറയാൻ കഴിയുമോ? ശ്രീ. സത്യൻ മൊകേരി ഇവിടെ ചെയ്ത പ്രസംഗം പാർട്ടിയോഗത്തിൽ പറയാൻ കഴിയുമോ? പൊതുയോഗത്തിൽ പറയേണ്ട. ഞാൻ അതു വിടുകയാണ്. ഇവിടെ ക്രമസമാധാന നില ഭദ്രമാണെന്നാണ് നിങ്ങൾ അവകാശപ്പെടുന്നത്. ഭദ്രമാണെന്ന വാദത്തിനുവേണ്ടി സമ്മതിച്ചാൽ അതിന്റെ നേട്ടം ആർക്കാണ്? നിങ്ങൾക്കുള്ളതാണോ? ആ നേട്ടം അന്തസ്സായി പ്രവർത്തിക്കുന്ന പ്രതിപക്ഷത്തിന്റെ നേട്ടമാണ്. നിങ്ങളുടെ നേട്ടമല്ല. ഇവിടെ അക്രമത്തിന്റെ മാർഗ്ഗമല്ല പ്രതിപക്ഷം സ്വീകരിക്കുന്നത്. സമാധാനത്തിന്റെ മാർഗ്ഗമാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലം ഭരിച്ചപ്പോൾ ക്രമസമാധാനം തകർന്നു എന്നു നിങ്ങൾ പറഞ്ഞു. ക്രമസമാധാനം തകർത്തവരാണ് ഇപ്പോൾ അപ്പുറത്തിരിക്കുന്നത്. അതുകൊണ്ടാണ് ഇപ്പോൾ കുറഞ്ഞത്. അന്നു ക്രമസമാധാനം തകർത്ത ആളുകൾ ഇപ്പോൾ അപ്പുറത്തിരുന്നു ഭരിക്കുകയാണ്. ഈ സംസ്ഥാനത്ത് എല്ലാ കാലത്തും അഴിഞ്ഞാട്ടം നടത്തിയ ആളുകൾ ഇപ്പോൾ അവിടെയിരുന്നു ഭരിക്കുകയാണ്. അതുകൊണ്ടാണ് എണ്ണം കുറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22.3.99-ന് ശ്രീ. എ.വി. താമരാക്ഷന്റെ 58-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരം പറയാം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 മാർച്ച് വരെ എത്ര സ്ത്രീപീഡന കേസ്സുകളുണ്ടായി എന്ന ചോദ്യത്തിന് 14,345 എന്നാണ് ഉത്തരം. സ്ത്രീപീഡനം അവസാനിപ്പിക്കാൻ അധികാരത്തിൽ വന്നവർ രണ്ടര കൊല്ലം ഭരിച്ചപ്പോൾ 14,345 സ്ത്രീപീഡന കേസുകളുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽപ്പെട്ട എത്ര പേർ കൊല ചെയ്യപ്പെട്ടു എന്ന ചോദ്യത്തിന് പട്ടികജാതിക്കാരിൽ 67, പട്ടികവർഗ്ഗക്കാരിൽപ്പെട്ടവർ 29 എന്നാണ് ഉത്തരം. പാവങ്ങൾക്കു വേണ്ടി ശബ്ദിക്കുന്ന ആളുകളാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ വ്യക്തികൾക്കെതിരെയും സ്റ്റേറ്റിനെതിരെയും പൊതുസേവകർക്കെതിരെയും ഉള്ള കേസ്സുകളെത്ര? സ്റ്റേറ്റിനെതിരെ 225. വ്യക്തികൾക്കെതിരെ 2,18,595. പൊതുസേവകർക്കെതിരെ 768. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര കൊള്ളകൾ നടത്തിയിട്ടുണ്ട് എന്ന 1935-ാം നമ്പർ ചോദ്യത്തിന് 9.2.99-ൽ നൽകിയ ഉത്തരം, കൊള്ളകൾ-243. അതിൽ തന്നെ പട്ടാപ്പകൽ എത്ര നടന്നു എന്നതിന് 57 എന്നാണ് ഉത്തരം. പെരുവഴിയിൽ നടന്ന കൊല എത്ര എന്ന ചോദ്യത്തിന് 52 എന്നാണ് ഉത്തരം. ക്രമസമാധാനത്തിന്റെ പുരോഗതിയാണ്. നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉത്തരമാണ്. മറ്റൊന്ന്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര രാഷ്ട്രീയ സംഘട്ടനങ്ങളുണ്ടായിട്ടുണ്ട് 1998 ഡിസംബർ 31 വരെ എത്ര രാഷ്ട്രീയ സംഘട്ടനങ്ങളുണ്ടായിട്ടുണ്ട് എന്ന ചോദ്യത്തിന് 1968 എന്നാണ് ഉത്തരം. അധികാരത്തിൽ വന്നശേഷം ഉള്ള കാര്യങ്ങളെക്കുറിച്ച് കൊട്ടിഘോഷിച്ചു പറയുകയാണ്. അധികാരത്തിൽ വന്നശേഷം വെടിവയ്പ്പു നടന്നോ എന്നാണ് ചോദിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പോലീസ് വെടിവയ്പ്പു കേസുകളുണ്ടായിട്ടുണ്ട് എന്ന ചോദ്യത്തിന് 11 എന്നാണ് ഉത്തരം. ഒന്നുമില്ലെന്നാണ് അപ്പുറത്തിരിക്കുന്നവർ പറയുന്നത്. വെടിവയ്പു കുറഞ്ഞു എന്ന അവരുടെ വാദത്തിനു വേണ്ടി അംഗീകരിച്ചാൽ പറയട്ടെ, വെടിവയ്പ്പുണ്ടാക്കിയത് ആരാണ്? കൂത്തു

LIBRARY ARCHIVES Kerala Legislative Assembly

പ്പുറമ്പിൽ വച്ച് അഞ്ചു പാവപ്പെട്ട ചെറുപ്പക്കാർ മരിച്ചു. ശ്രീ. എം.വി. ജയരാജൻ അപ്പുറത്തിരിപ്പുണ്ട്. ആരാണ് ആ വെടിവയ്പ്പിനു ഉത്തരവാദി? അക്രമം അഴിച്ചുവിട്ട് സംസ്ഥാനത്തെ മന്ത്രിമാരെപ്പോലും വഴിനടക്കാൻ, കാറിൽ യാത്ര ചെയ്യാൻ പോലും സമ്മതിക്കാതെ മന്ത്രിമാരുടെ കാറുകൾക്കു മുന്നിൽ ചാടി വീണ് അക്രമം അഴിച്ചുവിട്ടിട്ട് അപ്പുറത്തുള്ളവർ വെടിവയ്പ്പിനെക്കുറിച്ച് പറയുന്നു. ഞാൻ അപ്പുറത്തിരിക്കുന്ന മന്ത്രിമാരോട് പറയുന്നു, പ്രതിപക്ഷം ഇവിടെ ഇരിക്കുമ്പോൾ നിങ്ങളുടെ മന്ത്രിമാരെ ആരെയെങ്കിലും വഴി തടയാൻ വന്നിട്ടുണ്ടോ? സമാധാനത്തിന്റെ മാർഗ്ഗമാണ് ഞങ്ങൾക്ക്. ഞങ്ങൾ സമധാനത്തിന്റെ മാർഗ്ഗത്തിലാണ്. നിങ്ങളുടെ കാറിന്റെ മുന്നിൽ പത്താളുകളെ കൊണ്ടുവന്ന് മുദ്രാവാക്യം വിളിപ്പിക്കാനോ കൊല ചെയ്യിപ്പിക്കാനോ ഞങ്ങൾക്കു കഴിയാഞ്ഞിട്ടല്ല. ഞങ്ങൾ മര്യാദക്കാരാണ്. അതുകൊണ്ടാണ്. അതു നിങ്ങളുടെ നേട്ടമായിട്ട് ചിത്രീകരിക്കുന്നു. അന്തസ്സായി പ്രവർത്തിക്കുന്ന പ്രതിപക്ഷം, ആ നേട്ടം ഞങ്ങൾക്കുള്ളതാണ്. നിങ്ങൾക്ക് അവകാശപ്പെട്ടതല്ല. ഇവിടെ എന്താണ് സ്ഥിതി? പോലീസ് വകുപ്പു ആരാണ് ഭരിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസ് വകുപ്പിൻമേൽ എന്താണ് നിയന്ത്രണം. ചില കടലാസ്സുകൾ ഒപ്പിടുന്നു എന്നല്ലാതെ ആ പോലീസ് വകുപ്പിന്റെ നിയന്ത്രണം ആർക്കാണ്? ഭരണഘടനയ്ക്ക് വിധേയമല്ലാത്ത ചില സഖാക്കൾ, പൊളിറ്റിക്കൽ സെക്രട്ടറി ഭരണം നടത്തുകയാണ്. അവർ പോലീസിന് നിർദ്ദേശം കൊടുക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പിൻവലിച്ച എത്ര രാഷ്ട്രീയ കേസ്സുകളുണ്ട്. ഈ സംസ്ഥാനത്ത് സി.പി.ഐ.(എം.) ന്റെ ആളുകൾ പ്രതികളായിട്ടുള്ള കേസ്സുകൾ പിൻവലിച്ചിരിക്കുന്നു. ചാർജ്ജ് ചെയ്ത കേസ്സുകളുൾപ്പെടെ പിൻവലിച്ചിരിക്കുന്നു. പൊളിറ്റിക്കൽ സെക്രട്ടറി ശശി പ്രതിയായ കേസ്സുകളുൾപ്പെടെ നിരവധി കേസ്സുകൾ പിൻവലിച്ചിരിക്കുന്നു. ഇതെന്തു മര്യാദയാണ്? നിയമവാഴ്ച ഇതാണോ, നീതി ഇതാണോ? ശ്രീ. സത്യൻ മൊകേരി ഇവിടെ പ്രസംഗിച്ചു, ക്രമസമാധാന നില ഭദ്രമാണെന്ന്. നിങ്ങളുടെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ എറണാകുളം ജില്ലാ സെക്രട്ടറി സഖാവ് മുരളി, ഞാൻ ബഹുമാനിക്കുന്ന ആളാണ്. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേട്ടു. അതിന്റെ ഒരു വരി ഞാൻ പറയാം. അദ്ദേഹം പിറവം പോലീസ് സ്റ്റേഷനു മുന്നിൽ വച്ചു പ്രസംഗിച്ചു. ഇവിടെ നീതി ഇല്ല, നിയമവാഴ്ചയില്ല എന്നുപറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു, 'ആ ഇരിക്കുന്ന പിറവം പോലീസ് സ്റ്റേഷൻ എന്ന ബോർഡ് എടുത്തുമാറ്റി മാർക്സിസ്റ്റ് ഏരിയാ കമ്മിറ്റി, പിറവം' എന്നാക്കി മാറ്റണം എന്നാണ്. സി.പി.ഐ.യുടെ എറണാകുളം ജില്ലാ സെക്രട്ടറിയാണ് ഇതു പറഞ്ഞത്. ഇവിടെ സി.പി.ഐ.(എം.) ലെ ആളുകൾക്കു മാത്രമേ നീതി ലഭിക്കുന്നുള്ളൂ എന്നു പറഞ്ഞ് നാടൊട്ടു ആക്ഷേപിച്ചു പ്രസംഗിച്ചു നടക്കുന്ന സി.പി.ഐ.യുടെ ജില്ലാ സെക്രട്ടറിമാരുൾപ്പെടയുള്ള നേതാക്കൻമാർ ഇവിടെ സത്യം മറച്ചുവച്ചു പ്രസംഗിക്കുന്നു. ഞങ്ങൾക്ക് പരാതിയില്ല. അങ്ങനെ നിങ്ങൾ പറഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ. 1999 ഫെബ്രുവരി 26-ലെ മലയാളം വാരികയിൽ, 'ഇടതുമുന്നണി സർക്കാരിന്റെ ആഭ്യന്തര വകുപ്പു ഭരണത്തിൽ എന്തൊക്കെയോ ചീഞ്ഞുനാറുന്നു, സത്യത്തിന്റെ വെളിച്ചത്തെ തല്ലിക്കെടുത്താനുള്ള ബോധപൂർവ്വമായ നീക്കങ്ങളാണ് ഇതിനു കാരണം,' 'ഭീകര അട്ടിമറി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതടക്കം അതീവഗുരുതരമായ പല കേസ്സുകളുടെയും അന്വേഷണം സർക്കാർ ഇടപെട്ടു മരവിപ്പിച്ചിരിക്കുന്നു. എല്ലാറ്റിനും പിന്നിൽ ഒരുപിടി നാറുന്ന അന്തഃപുര കഥകൾ.' ഈ സംസ്ഥാനത്ത് ഇന്ന് പോലീസ് സ്റ്റേഷനുകളിൽ അഴിമതിയില്ലേ? പോലീസ് സ്റ്റേഷനുകളിൽ അഴിമതി ഇത്രമാത്രം വ്യാപകമായ ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? എസ്.ഐ. മുതൽ ഡിവൈ.എസ്.പി. വരെയുള്ള ആളുകൾ കണക്കു പറഞ്ഞ് പണം വാങ്ങുന്നു. മറ്റു ചില ആളുകൾക്ക് കൊടുക്കാനാണെന്നു പറഞ്ഞാണ് പണം വാങ്ങുന്നത്. മധ്യസ്ഥത പറഞ്ഞ് വാദിയു

LIBRARY ARCHIVES Kerala Legislative Assembly

ടെയും പ്രതിയുടെയും കയ്യിൽ നിന്ന് പണം വാങ്ങി അതിന്റെ വിഹിതം എത്തേണ്ട സ്ഥലത്ത് എത്തിക്കുന്നു. അതല്ലേ നടക്കുന്നത്? രാത്രിയിലും ഉച്ചയ്ക്കും വൈകിട്ടും മാർക്സിസ്റ്റുപാർട്ടിയുടെ ഏരിയാ കമ്മിറ്റി ഓഫീസിൽ പോയി സല്യൂട്ടടിച്ചു നിൽക്കുന്ന, ഇട്ടിരിക്കുന്ന കാക്കിയുടെ മാന്യത പോലും ധരിച്ചിരിക്കുന്ന തൊപ്പിയോട് ബഹുമാനം പോലും ഇല്ലാതെ അവിടെ സല്യൂട്ട
[1 p.m] ടിച്ചു നിൽക്കുന്ന നാണംകെട്ട പോലീസിനെയാണ് ഇന്ന് കാണാൻ കഴിയുന്നത്. ആജ്ഞാനുവർത്തികളായി നിൽക്കുന്നവരാണ്. ആർക്കാണ് ഇന്ന് നീതിയുള്ളത്? ഇവിടെ ഇപ്പുറത്തുള്ളവർക്ക് നീതിവേണ്ട. അപ്പുറത്തുള്ളവർക്കുണ്ടോ? സി.പി.ഐ.(എം.)-ലെ അച്ച്യുതാനന്ദൻ ഗ്രൂപ്പിൽപ്പെട്ടവർക്കല്ലാതെ ആർക്കെങ്കിലും നീതിയുണ്ടോ? ആർക്കും നീതി കിട്ടുന്നില്ല. സി.പി.ഐ.ക്കാർ മുക്കിനുമുക്കിന് അടികൊള്ളുന്നു. എന്നിട്ട് നാണംകെട്ട പ്രസംഗം ഇവിടെവന്ന് നടത്തുന്നു. ഇതല്ലേ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്? നമ്മുടെ സംസ്ഥാനത്ത് ഇത്രമാത്രം പോലീസ് സേനയിൽ അസ്വസ്ഥതയുണ്ടായ ഒരു കാലഘട്ടമുണ്ടോ? പോലീസ് സേനയിൽ അസ്വസ്ഥത വളർന്ന് ഇന്ന് പോലീസ് അസോസിയേഷൻ തന്നെ രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പോലീസ് അസോസിയേഷൻ പിടിച്ചെടുക്കാൻ വഴിവിട്ട ശ്രമം എന്ന ഹെഡ്ഡിംഗാണ്. ഇവിടെയുള്ള ഹോം സെക്രട്ടറിയുടെ കേസ്സിൽ കുറ്റവാളികളെ പിടിച്ചോ? വലിയ നേട്ടമാണെന്നുപറഞ്ഞ് പ്രസംഗിക്കുന്നു. ഞാൻ ചോദിക്കട്ടെ, ഇവിടെയിരിക്കുന്നല്ലോ കൊല്ലത്തെ മെമ്പർ ബഹുമാന്യനായ ശ്രീ. ബാബുദിവാകരൻ. കൊല്ലത്തുനിന്നുമുള്ള മറ്റ് എം.എൽ.എ.മാരുമുണ്ട്. കൊല്ലത്ത് ചില സംഭവങ്ങൾ നടന്നു. അവിടെ എന്താണുണ്ടായത്? കൊല്ലത്തെ എ.ആർ. ക്യാമ്പിൽ പോലീസുകാർക്ക് ശമ്പളം കൊടുക്കാൻ വച്ചിരുന്ന രണ്ടുലക്ഷം രൂപ അടിച്ചോണ്ടുപോയിട്ട് രണ്ടുകൊല്ലമായി, ഇവിടെ വീരവാദം മുഴക്കുന്ന ആളുകൾക്ക് പ്രതിയെ പിടിക്കാൻ കഴിഞ്ഞില്ല. നടുറോഡിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഒരു യാത്രക്കാരനെ തടഞ്ഞുവച്ച് കൊള്ളയടിച്ചു. ഇതുവരെ ആ പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പോലീസ് ഉദ്യോഗസ്ഥനെ ഡ്യൂട്ടിക്കിടയിൽ കുത്തിക്കൊന്നു, പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ ഇത്രമാത്രം ഭീകരാവസ്ഥയിലേയ്ക്ക് മാറ്റിവിട്ട ഒരു കാലഘട്ടമുണ്ടോ? 36 രാഷ്ട്രീയ കൊലപാതകങ്ങൾ കഴിഞ്ഞ മാർച്ചുമാസംവരെ ഉണ്ടായി എങ്കിൽ ആ പ്രതികൾ എല്ലാ കേസ്സിലും ഒരു വശത്ത് അല്ലെങ്കിൽ മറുവശത്ത് മാർക്സിസ്റ്റു പാർട്ടിയിൽപ്പെട്ട ആളുകളാണെന്നുള്ളതാണ് ഏറെ പ്രത്യേകത. ഇവിടെ കേസ്സുകൾ പിൻവലിച്ച കാര്യം ഞാൻ പറഞ്ഞു. മുൻമന്ത്രിയായിരുന്ന ശ്രീ. എം.വി. രാഘവനോട് ഒരുപക്ഷേ നിങ്ങൾക്ക് വെറുപ്പുകാണും. അദ്ദേഹത്തിന്റെ വീട് തീവച്ചുനശിപ്പിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സ്നേക്ക് പാർക്ക് തീവച്ചു നശിപ്പിച്ചു. പാവപ്പെട്ട ഇഴജന്തുക്കൾ എന്ത രാഷ്ട്രീയമാണ് കാണിച്ചത്? ആ കേസ്സുകൾപോലും പിൻവലിച്ചിരിക്കുന്നു. ഈ രീതിയിൽ ക്രിമിനൽ കേസ്സുകളിലെ പ്രതികളെ രാഷ്ട്രീയത്തിന്റെ പേരിൽ പിൻവലിച്ച ഈ സംസ്ഥാനത്ത് ഒരു വിഭാഗം ആളുകൾക്കുമാത്രം നീതി എന്നുള്ള ആ നയം നടപ്പാക്കുന്ന ഒരു പോലീസ് സംവിധാനമാണ് ഇന്നുള്ളത്. മുഖ്യമന്ത്രിക്ക് ഒരു നിയന്ത്രണവുമില്ലാതെ പൊളിറ്റിക്കൽ സെക്രട്ടറിയുടെ നിയന്ത്രണത്തിൽമാത്രം മുന്നോട്ടുപോകുന്നതാണ് പോലീസ് വകുപ്പ്. ഈ വകുപ്പിന്റെ ധനാഭ്യർത്ഥനകൾ കേരളത്തെ നശിപ്പിക്കുമെന്ന ഒറ്റ കാരണത്താൽ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കേരളത്തിലെ പോലീസ്, ജയിൽ വകുപ്പുകളിലേയ്ക്കുള്ള വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. നമ്മുടെ പോലീസ് സംവിധാനത്തെ പരിഷ്കരിക്കുന്നതിനും ആധുനിക

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരിക്കുന്നതിനും പരമാവധി ശ്രമം ഈ നിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ട്. പോലീസ് പരിശീലനത്തിനും മറ്റും 2,99,84,000 രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. അതുപോലെ കുറ്റാന്വേഷണ വിഭാഗം ഒരു സംസ്ഥാനത്തിന്റെ ക്രമസമാധാനം നിലനിർത്താൻ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. കുറ്റാന്വേഷണ വിഭാഗത്തിനും വിജിലൻസിനും 31,21,36,000 രൂപ ഇതിൽ വകകൊള്ളിച്ചിരിക്കുകയാണ്. അതുപോലെ നമ്മുടെ വാർത്താവിനിമയ സംവിധാനം. പോലീസിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വാർത്താവിനിമയ രംഗത്തെ പ്രവർത്തനം വളരെ പ്രധാനപ്പെട്ടതാണ്. 14,42,10,000 രൂപയാണ് ഇതിന് വകകൊള്ളിച്ചിട്ടുള്ളത്. ഞാൻ അതിന്റെ പട്ടികയിലേയ്ക്ക് ദീർഘമായി കടന്നുപോകുന്നില്ല. പോലീസ് സേനയെ നവീകരിക്കുന്നതിനുമൊക്കെ വളരെയേറെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. 1996 പകുതിയോടുകൂടിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഇവിടെ ക്രൈം റിവ്യൂവിനെ സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ചില കാര്യങ്ങൾ പറയുകയുണ്ടായി. അതുതന്നെയാണ് എനിക്കും പറയാനുള്ളത്. 1996-ന്റെ പകുതി പിന്നിടുമ്പോഴാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കൂടി സംഭാവനയാണ് 1996. അന്ന് കവർച്ച 6,066 ആയിരുന്നു. 1998-ൽ അത് 4668 ആയി കുറയ്ക്കാൻ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. അതുപോലെ 1996-ൽ തട്ടിക്കൊണ്ടുപോകൽ 230 ആയിരുന്നത് 1998-ൽ 200 ആയി കുറയ്ക്കുവാൻ കഴിഞ്ഞു. അതുപോലെ റോഡ് അപകടങ്ങൾ 1996-ൽ 35,731 ആയിരുന്നത് 1998 ആയപ്പോൾ 32,674 ആയി കുറയ്ക്കുവാൻ കഴിഞ്ഞു. വളരെ ശ്രമകരമായ പ്രവർത്തനം ആ രംഗത്തെല്ലാം ഗവൺമെന്റ് നടത്തുന്നുണ്ട്. പക്ഷേ ഒരു ഗവൺമെന്റിനും അത്ഭുത വിദ്യകൊണ്ടെന്നപോലെ പരിഷ്കരിക്കാൻ കഴിയുന്നതല്ല പോലീസ് വകുപ്പ് എന്ന് നമുക്കറിയാം. 1861-ലെ പോലീസ് ആക്ട് അനുസരിച്ചാണ് പോലീസ് സേന രൂപീകരിക്കപ്പെടുന്നത്. ഇവിടെ നിലനിന്നിരുന്ന കൊളോണിയൽ ഭരണത്തെ സംരക്ഷിക്കുന്നതിനും ജനാധിപത്യ പോരാട്ടങ്ങളെ അടിച്ചമർത്തുന്നതിനും വേണ്ടിയുള്ള ഒരു സംവിധാനമെന്നുള്ള നിലയിൽ ആണ് പോലീസും ജയിലുമൊക്കെ രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് നമുക്ക് കാണുവാൻ കഴിയും. അപ്പോൾ അത്തരത്തിലുള്ള ഒരു സംവിധാനം വളരെ പെട്ടെന്ന് മാറ്റിതീർക്കുവാൻ കഴിയുന്നതല്ല. പക്ഷേ ഈ പോലീസിന്റെയും ജയിലിന്റെയുമൊക്കെ പ്രവർത്തനം സ്വാതന്ത്ര്യ പൂർവ്വ ഭാരതത്തിൽ ദേശീയ വിമോചന പോരാട്ടത്തെ തകർക്കുന്നതിനുവേണ്ടിയുള്ളതായിരുന്നുവെങ്കിൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പുരോഗമന പ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിനുവേണ്ടിയുള്ളതാണെന്നു കാണാം. പ്രാകൃതവും മനുഷ്യത്വ രഹിതവുമായ ഈ സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്തുവാൻ പിന്നീട് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് ഊന്നൽ കൊടുക്കുന്നത് ആ കാലോചിതമായ മാറ്റങ്ങൾക്കുതന്നെയാണെന്ന് നമുക്ക് കാണുവാൻ കഴിയും. വനിതകളുടെ കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഈ ഗവൺമെന്റ് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പോലീസിൽ വനിതാ സെല്ലുകൾ രൂപീകരിച്ചു. വനിതകൾക്ക് നിർഭയമായി അവർക്കുണ്ടാകുന്ന പീഡനങ്ങളെക്കുറിച്ചും അക്രമങ്ങളെക്കുറിച്ചും പരാതി കൊടുക്കാനും അതിന് പരിഹാരം കാണാനും കഴിയുന്ന ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. മറ്റു കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ ദീർഘമായി കടക്കുന്നില്ല. കുറ്റാന്വേഷണ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്.

205/2010

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വായിച്ചു രണ്ടുകോടി രൂപയാണ് പോലീസിന്റെ ട്രെയിനിംഗിനുവേണ്ടി നീക്കി വച്ചിട്ടുള്ളതെന്ന്. കേരളത്തിനു തൊട്ടുകിടക്കുന്ന സംസ്ഥാനമാണ് ആന്ധ്ര. അവിടെ 38 കോടി രൂപയാണ് പോലീസ് ട്രെയിനിംഗിനുവേണ്ടിയുള്ളത്. ട്രെയിനിംഗ് ഇല്ലാതെ പോലീസ് സംവിധാനം നന്നാകില്ല. ഇന്നത്തെ ട്രെയിനിംഗിൽ അപാകതകളുള്ളത് നമ്മുടെ സായുധ പോലീസിലാണെന്നാണ് പറയുന്നത്. അതുകൊണ്ട് ട്രെയിനിംഗിന് കൂടുതൽ പണം വകകൊള്ളിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ട്രെയിനിംഗിന് കൂടുതൽ പണം വയ്ക്കുന്നത് നല്ലതാണ്. ഗവൺമെന്റ് അതിനുള്ള ശ്രമം നടത്തിയിട്ടുണ്ടെന്നാണ് അറിയുന്നത്. പോലീസിനെ സംബന്ധിച്ചിടത്തോളം പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളുണ്ടാക്കണം. ജനസംഖ്യാനുപാതികമായി മാത്രമല്ല ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലും പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സാധിക്കണം. എന്റെ ജില്ലയെ സംബന്ധിച്ച് പറയുമ്പോൾ ഇടുക്കി ജില്ലയിൽ ജനസംഖ്യ കുറവാണ്. എങ്കിലും അവിടെ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ കഴിയണം. നിങ്ങൾ കേട്ടിട്ടുണ്ട്, നമ്മുടെ സംസ്ഥാനത്തൊട്ടുക്ക് പ്രസിദ്ധി കേട്ട സ്ഥലമാണ് തങ്കമണി. ആ തങ്കമണിയിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം വർഷങ്ങളായി ഉന്നയിക്കുന്നതാണ്. അതുപോലെതന്നെ ഫയർ സ്റ്റേഷന്റെ കാര്യവും ഞാൻ ഈ നിയമസഭയിൽ അംഗമായ അന്നുതൊട്ടു ആവശ്യപ്പെടുന്ന കാര്യമാണ്. എന്റെ ജില്ലാ ആസ്ഥാനത്ത് ഇടുക്കിയിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ല. ഈ കാര്യങ്ങൾക്ക് മുൻഗണനാക്രമം മാത്രം നോക്കാതെയുള്ള ഒരു സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. പോലീസിന്റെ പരിശീലനത്തിന് കൂടുതൽ ഭൗതിക സൗകര്യമുണ്ടാക്കണം. എല്ലാ രംഗത്തും പോലീസിന്റെയും ജയിലിന്റെയും കാര്യത്തിൽ കൂടുതൽ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ജയിലിന്റേയും പോലീസിന്റേയും കാര്യത്തെക്കുറിച്ച് പറയുമ്പോൾ പോലീസുകാരുടെ പരിമിതി കൂടി നമ്മൾ മനസ്സിലാക്കണം. 24 മണിക്കൂറും ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാണ് ഇവർ. ഇപ്പോൾ ചില പോലീസ് സ്റ്റേഷനുകളിൽ അത് എട്ട് മണിക്കൂറാക്കിയിട്ടുണ്ട്. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. 24 മണിക്കൂറും ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരായ പോലീസുകാർക്ക് പല സ്ഥലങ്ങളിലും താമസസൗകര്യം പോലുമില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ പോലീസ് ക്വാർട്ടേഴ്സ് പണിയുവാൻ അടിയന്തിര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഒരു കാര്യംകൂടി, ജയിലുകളെക്കുറിച്ച് ഒരുപാട് ആക്ഷേപം പറയുന്നുണ്ട്. അവിടന്ന് ആളുകളെ തുറന്നുവിടുന്നതിനെപ്പറ്റിയാണ് ആക്ഷേപം പറയുന്നത്. ഒരു മനുഷ്യൻ കുറ്റവാളിയാകുന്നത്, ഇവൻ മനപ്പൂർവ്വം കുറ്റവാളിയായി ജനിക്കുന്നതുകൊണ്ടല്ല, സാഹചര്യങ്ങളുടെ, സമ്മർദ്ദങ്ങളുടെ ഫലമായിട്ടാണ് കുറ്റവാളിയാകുന്നത്. സ്വാഭാവികമായും ജയിലിൽ കുറേനാൾ താമസിച്ചുകഴിയുമ്പോൾ സ്വഭാവത്തിൽ മാറ്റങ്ങളുണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ ആളുകളെ വിടേണ്ടിവരും. അങ്ങനെ വിടണമെന്നാഗ്രഹിക്കുന്നവർക്ക് അതിനെപ്പോലും നിഷേധിക്കുന്ന സമീപനം ശരിയല്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ പോലീസിന്റെ ഭരണം സംസ്ഥാനത്ത് ക്രമസമാധാന നില സംരക്ഷിക്കുന്ന കാര്യത്തിൽ മുൻപത്തെക്കാൾ ഫലപ്രദമായി ആ പ്രവർത്തനങ്ങളിലേർപ്പടാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ക്രൈമുകളുടെ സംഖ്യയെക്കുറിച്ചും അതിന്റെ ഏറ്റക്കുറച്ചിലുകളെക്കുറിച്ചുമാണ് സംസാരിച്ചത്. അങ്ങനെയുള്ള വിലയിരുത്തലുകളല്ല വേണ്ടത്. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ക്രൈമുകളുടെ പൊതുവായ സ്ഥിതി പരിശോധിച്ചാൽ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നോക്കുമ്പോൾ, കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പോലീസിന്റെ ഭരണത്തിൽ വന്നിട്ടുള്ള മാറ്റം അതിൽ ക്വാളിറ്റേറ്റീവായി വരുത്തിയിട്ടുള്ള മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രതിഫലിച്ചിട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഭരണമെന്നു പറയുന്നത്, കോക്കസ്സുകളും അല്ലെങ്കിൽ അതിന്റെ മേധാവികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാരും പരസ്പരം ഗ്രൂപ്പ് തിരിഞ്ഞ് സംസ്ഥാനത്തിന്റെ ക്രമസമാധാന നിലയെക്കുറിച്ച് യാതൊരു ചിന്തയുമില്ലാതെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് വളരെ ദോഷകരമായി പ്രതിഫലിക്കപ്പെട്ടു. ഈ ഗവൺമെന്റിന് അതൊക്കെ മാറ്റി പോലീസ് സേനയെ ഡിസിപ്ലിന്റാക്കി. പോലീസ് സേനയെക്കുറിച്ച് പറയുമ്പോൾ നാം ഒരു കാര്യം ആലോചിക്കണം. രാജ്യത്തുണ്ടായിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് ക്രൈമിൽത്തന്നെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. മുൻപുണ്ടായിരുന്ന പോലീസ് സംവിധാനങ്ങൾകൊണ്ടൊന്നും ഇന്ന് നടന്നുവരുന്ന ക്രൈമുകളെ തടയാൻ കഴിയുകയില്ല. സാങ്കേതിക രംഗത്തുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, പോലീസ് സേനയെ ആധുനികവൽക്കരിച്ചുകൊണ്ട്, കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉണ്ടാകുന്ന സാഹചര്യങ്ങളെ നേരിടാൻ തയ്യാറെടുക്കുകയെന്നുള്ളതാണ് ഒരു ഭരണകർത്താവെന്നുള്ള നിലയിൽ ചെയ്യേണ്ടത്. അത് നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ സ്തുത്യർഹമായി നിർവഹിച്ചുവെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. നിഷ്പക്ഷമായി വിലയിരുത്തുന്ന ഏതൊരാൾക്കും മനസ്സിലാകുന്ന കാര്യമാണത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : നിങ്ങളുടെ പാർട്ടിയിലെ ശ്രീ. എ.വി. താമരാക്ഷൻ ഇന്നലെ ഇവിടെ സംസാരിച്ച സ്വരത്തിൽനിന്നും വ്യത്യസ്തമാണല്ലോ ഇന്ന് അങ്ങയുടെ സ്വരം, നിങ്ങളുടെ പാർട്ടിയിലെന്തെങ്കിലും ഭിന്നതയുണ്ടോ?

ശ്രീ. ബാബു ദിവാകരൻ : അത് കേൾക്കുന്നവരെ അനുസരിച്ചിരിക്കും. കേൾക്കുന്നവർക്കങ്ങനെയും വ്യാഖ്യാനിക്കാം. അനുകൂലമായി വ്യാഖ്യാനിക്കുന്നവർക്ക് അങ്ങനെ വ്യാഖ്യാനിക്കാം, പ്രതികൂലമായി വ്യാഖ്യാനിക്കുന്നവർക്ക് അങ്ങനെ വ്യാഖ്യാനിക്കാം. എനിക്ക് അതിലൊന്നും എതിരില്ല, ഞാൻ പറയാനുള്ള കാര്യം പറയും. ഈ രംഗത്ത് കഴിഞ്ഞ മൂന്ന് വർഷക്കാലം ഈ ഗവൺമെന്റ് വളരെ വിശാലമായ കാഴ്ചപ്പാടോടുകൂടി പോലീസ് സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിന് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്, സമയചുരുക്കം കൊണ്ടു ഞാൻ അതിലോട്ട് കടക്കുന്നില്ല. ട്രാഫിക്കിന് പ്രത്യേക സംവിധാനം വേണം. നമ്മുടെ പോലീസിന് ഭാരിച്ച ചുമതലയാണ് നമ്മുടെ സംസ്ഥാനത്തെ ട്രാഫിക് നിയന്ത്രണം. അക്കാര്യത്തിൽ ഒരു ഡി.ജി.പിയടക്കം പുതുതായി നിയമിച്ചുകൊണ്ട് അതിൽ വരുത്തിയിട്ടുള്ള ഗുണപരമായ മാറ്റം നമുക്ക്

കാണാൻ കഴിയും. അതുപോലെ വനിതകളുടെ ക്രൈമിന്റെ കാര്യത്തിൽ അതിന് പ്രത്യേക സംവിധാനമുണ്ടാക്കിക്കൊണ്ട് ആ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചതിന്റെ ഫലമായി ഒട്ടേറെ മുന്നോട്ട് പോകാൻ സാധിച്ചിട്ടുണ്ട്. എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും അടുത്ത കാലത്ത് മാതൃകാ പോലീസ് സ്റ്റേഷന് രൂപം കൊടുത്തത് കൊല്ലത്തെ ഒരു സ്റ്റേഷനാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളേയും ഭരണകക്ഷിയിലെ അംഗങ്ങളേയും ആ പോലീസ് സ്റ്റേഷൻ വന്നുകാണാൻ ക്ഷണിക്കുകയാണ്. മാതൃകാപരമായ പോലീസ് സ്റ്റേഷൻ. സാധാരണയായ പോലീസ് സ്റ്റേഷനുകളിൽ ചെന്നാൽ ഇരിക്കാൻ കസേരയില്ല. അവിടെയിരിക്കുന്ന പോലീസുകാർ കാൽമുട്ടിൽ വച്ചാണ് കേസുകൾ എഴുതുന്നത്. ആ സ്ഥിതിവിശേഷം മാറ്റണം. മാതൃകാ പോലീസ് സ്റ്റേഷനിൽ ചെയ്തിരിക്കുന്ന സംവിധാനം കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചെയ്യണം. പോലീസിന് നിക്ഷ്പക്ഷമായി നീതിപരമായി പ്രവർത്തിക്കണമെങ്കിൽ അതിനുള്ള സാഹചര്യമുണ്ടാക്കണം. അങ്ങനെയുള്ള ഒരു പോലീസ് സേനയ്ക്ക് മാത്രമേ സംക്ഷുപ്തമായ ഒരു പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയൂ. അതുകൊണ്ട് അതിന് ഊന്നൽ നൽകണം. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് പെറ്റി തെഫ്റ്റിന്റെ വർദ്ധവനാണ്. ഇപ്പോൾ പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഭവനഭേദനം, മോഷണം ഇവ വ്യാപകമായി നടക്കുന്നു. നമ്മുടെ നാട്ടിലെ ജനങ്ങളിൽ ഭീതിയുളവാക്കുന്നു. ഒരു ദിവസം തന്നെ ഒരു പട്ടണത്തിൽ നാലും അഞ്ചും മോഷണം നടക്കുന്നു. അത് നമുക്ക് മാതൃകാപരമായി തടയുവാനോ അല്ലെങ്കിൽ നടക്കുന്ന മോഷണത്തെ വിലയിരുത്തുവാനോ സാധിക്കുന്നില്ല. അതുകൊണ്ട് ഈ കൊച്ചുകൊച്ചു കാര്യങ്ങൾ കൂടി ചെയ്യാൻ കഴിയണം. മറ്റൊരു കാര്യം കൊല്ലത്ത് ഈ അടുത്ത കാലത്ത് ഒരു പോലീസ് മ്യൂസിയം ആരംഭിച്ചു. അതും നിങ്ങൾ വന്നുകാണണം. പോലീസിന്റെ ചരിത്രം രേഖപ്പെടുത്തുന്ന പോലീസിനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും പോലീസിന്റെ പ്രവർത്തനത്തെ പൊതുജനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും സഹായകരമായ നിലയിലുള്ള ഒരു മ്യൂസിയമാണ്. അത് മാറ്റി പ്രദേശങ്ങളിൽകൂടി വ്യാപിപ്പിക്കാൻ കഴിയണം. അതിന് നേതൃത്വം കൊടുക്കുന്നവർക്ക് നന്ദി പറയുവാൻ കൂടി ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുന്ന മറ്റൊരു കാര്യം ഈ നാട്ടിൽ വന്നിരിക്കുന്ന മറ്റൊരു അപകടം നാം കാണേണ്ടതായിട്ടുണ്ട്. ഒരു പുതിയ പ്രതിഭാസം നമ്മുടെ നാട്ടിലുടനീളമുണ്ടായിട്ടുണ്ട്. 'വ്യാജമദ്യ മാഫിയ'. അപകടകരമായ നിലയിൽ ഇതിന്റെ വളർച്ച നമ്മുടെ നാട്ടിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

ആ കാര്യത്തിൽ പോലീസുമായി അവർ ഒരു ബന്ധം സ്ഥാപിച്ച് അങ്ങനെയൊരു പോലീസ് മദ്യമാഫിയ ബന്ധം വന്നുകഴിഞ്ഞാൽ അവരെ ആരു വിചാരിച്ചാലും തകർക്കാൻ കഴിയാത്ത വിധത്തിൽ വളരും. അത് മുളയിലേ ഗൗരവപൂർവം കാണാനും പരിഹരിക്കാനുമുള്ള കടമ ഗവൺമെന്റിനുണ്ട്. അതിന് പോലീസുകാർക്ക് കുറച്ചുകൂടി നിഷ്പക്ഷമായി പ്രവർത്തിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം.

മറ്റൊരു കാര്യം പ്രിന്റിംഗ് ആന്റ് സ്റ്റേഷനറിയെക്കുറിച്ചാണ്. പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനുള്ളത്. നമ്മുടെ ഗവൺമെന്റ് പ്രസ്സുകളുടെ സ്ഥിതിയാണ്. വളരെ പരിതാപകരമായ സ്ഥിതിയാണ് ഇന്ന് ഗവണ്മെന്റ് പ്രസ്സുകളിലുള്ളത്. വളരെയേറെ വിശാല

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യത്തോടുകൂടി രൂപം കൊടുത്തിട്ടുള്ള ഗവൺമെന്റ് പ്രസ്സുകൾ ആധുനിക ടെക്നോളജിയിലുണ്ടായ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്തതുമൂലം നാം ആഗ്രഹിക്കുന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല. അവിടത്തെ തൊഴിലാളികളെ കൂട്ടമായി പിരിച്ചുവിട്ട് ആ പ്രസ്സുകളുടെ പ്രവർത്തനം നിലച്ചിരിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് പ്രസ്സുകൾ ആധുനിക ടെക്നോളജി ഉപയോഗിച്ചുകൊണ്ട് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്ത് ഇവിടെ സമാധാനപരമായ ജനജീവിതം ഉറപ്പാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് വലിയൊരു നേട്ടമായി ഞാൻ കാണുകയാണ്. വർഗ്ഗീയ കലാപങ്ങളും വെടിവയ്പുകളും ലോക്കപ്പ് മർദ്ദനങ്ങളുമില്ലാത്ത ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പോലീസ് വെടിവയ്പിൽ ഒരാളെങ്കിലും മരിക്കാത്ത ഒരു വർഷം കടന്നുപോയിട്ടില്ല. 122 വെടിയവയ്പുകൾ നടന്നു. അതിൽ 18 പേർ കൊല്ലപ്പെടുകയും 127 പേർക്ക് പരിക്ക് ഏൽക്കപ്പെടുകയും ഉണ്ടായി. അത്തരം സംഭവങ്ങൾ കഴിഞ്ഞ മൂന്നു വർഷക്കാലത്ത് കേരളത്തിൽ ഉണ്ടായില്ല എന്നുള്ള കാര്യം ആർക്കും നിഷേധിക്കാൻ പറ്റുകയില്ല. മതമൈത്രിയുടെയും സാമുദായിക സൗഹാർദ്ദത്തിന്റേയും കേളീരംഗമായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. തീവ്രവാദപ്രസ്ഥാനങ്ങളേയും ഫാസിസ്റ്റ് ശക്തികളേയും തടഞ്ഞു നിർത്താനും അവരുടെ പ്രവർത്തനങ്ങളെ അടിച്ചമർത്താനും പോലീസ് സേനയ്ക്ക് സാധിച്ചിട്ടുണ്ട്. പോലീസ് സേനയുടെ നിതാന്ത ജാഗ്രതയും മുഖ്യമന്ത്രിയുടെ ശക്തമായ ഇടപെടലുമാണ് ഇത്തരം ഒരു സ്ഥിതിവിശേഷം സംജാതമാക്കാൻ സഹായിച്ചത്. മറ്റു സംസ്ഥാനങ്ങളുടെ നില പരിശോധിക്കുമ്പോൾ അവിടെയൊക്കെ എം.എൽ.എ. മാർക്കു പോലും സഞ്ചരിക്കണമെങ്കിൽ തോക്കേന്തിയ രണ്ടു പോലീസുകാർ മുമ്പിലും പുറകിലും വേണമെന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ യാതൊരു ഭയവുമില്ലാതെ എം.എൽ.എ. മാർക്കും മന്ത്രിമാർക്കും കേരളത്തിലുടനീളം സഞ്ചരിക്കാൻ സാധിക്കുന്നത് ഈ ഭരണത്തിന്റെ നേട്ടമായി അപ്പുറത്തിരിക്കുന്നവർ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എസ്കോർട്ട് ഇല്ലാതെ മന്ത്രിമാർക്ക് കേരളത്തിൽ സഞ്ചരിക്കാൻ സാധിക്കുന്നു. ഇതൊരു നേട്ടമായി കാണാതിരിക്കാൻ പറ്റുകയില്ല. എനിക്കിവിടെ ചില നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. പോലീസ് സേനാംഗങ്ങൾക്ക് എല്ലാ സ്റ്റേഷനുകളിലും എട്ടു മണിക്കൂർ ജോലി ഉറപ്പാക്കണം. അതുപോലെ എല്ലാ സ്റ്റേഷനുകളിലും പോലീസിന് ആവശ്യമുള്ള വാഹനങ്ങൾ നൽകണം. മാതൃകാ പോലീസ് സ്റ്റേഷനുകൾ എന്ന പേരിൽ ഏതാനും പോലീസ് സ്റ്റേഷനുകളെ മാത്രം മാറ്റിയാൽ പോരാ, എല്ലാ പോലീസ് സ്റ്റേഷനുകളെയും മാതൃകാ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി ഇവിടെ ജനങ്ങൾക്ക് സൈരജീവിതം ഉറപ്പാക്കാനുള്ള നടപടികൾ ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ പാർട്ടിയെക്കുറിച്ചും പാർട്ടിയുടെ നയത്തെക്കുറിച്ചും രണ്ടു വാക്ക് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ദേശീയ രാഷ്ട്രീയ രംഗത്ത് എന്റെ പാർട്ടി സ്വീകരിച്ചിട്ടുള്ള നയത്തെ സംബന്ധിച്ച് പ്രതിപക്ഷം ഇന്നലെ വിമർശിക്കുകയുണ്ടായി. ഞങ്ങളുടെ പാർട്ടിയിലെ മന്ത്രിയെക്കുറിച്ചും വിമർശനം ഉണ്ടായി. ബി.ജെ.പി. സ്വരമുള്ള ഒരു മന്ത്രി ഇവിടെ ഉണ്ടെന്ന് പ്രതിപക്ഷ നേതാവ് ഇവിടെ ആക്ഷേപിക്കുകയുണ്ടായി. അതിരുകടന്ന ഒരു പ്രയോ

LIBRARY ARCHIVES Kerala Legislative Assembly

ഗമായി ഞാൻ അതിനെ കാണുകയാണ്. ബഹുമാനപ്പെട്ട എ.കെ. ആന്റണിയോട് സ്നേഹവും ബഹുമാനവും ഉള്ളതുകൊണ്ട് അത്തരം പദപ്രയോഗങ്ങൾ നടത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സിനേയും ബി.ജെ.പി.-യേയും ഒരേപോലെ കാണുകയും എതിർക്കുകയും ചെയ്യുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ആ നയവുമായി മുന്നോട്ടുപോകും. ആര് എതിർത്താലും അനുകൂലിച്ചാലും സംശയം പ്രകടിപ്പിച്ചാലും ഈ നയവുമായി മുന്നോട്ടുപോകുകതന്നെ ചെയ്യും. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഘടകകക്ഷിയായി ഞങ്ങൾ പ്രവർത്തിക്കുന്നത് ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ്. ആ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കക്ഷികളെല്ലാം തന്നെ ഒരേ നയവും പരിപാടിയുമായി മുന്നോട്ടുപോകുന്ന കക്ഷികളല്ല. ഇവിടെ ആർ.എസ്.പി. പശ്ചിമ ബംഗാളിൽ ഫോർവേർഡ് ബ്ളോക്ക്, ഈ കക്ഷികളെല്ലാംതന്നെ സമദൂര സിദ്ധാന്തം പ്രകടിപ്പിച്ച കക്ഷികളാണ്. കേരളത്തിലും പശ്ചിമബംഗാളിലും ഭരണത്തിലിരിക്കുന്നത് മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ്. ഞങ്ങളുടെ പരിപാടികളുമായി ഞങ്ങൾ മുന്നോട്ടുപോകും. ദേശീയ രാഷ്ട്രീയത്തിൽ ഞങ്ങളുടേതായ കാഴ്ചപ്പാടോടും സമദൂരസിദ്ധാന്തം മുഖ്യനയവുമായി പ്രഖ്യാപിച്ചുകൊണ്ടും അതിനനുസൃതമായി മുന്നോട്ടുപോകുകതന്നെ ചെയ്യും. അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാർ ഇന്നല്ലെങ്കിൽ നാളെ ഞങ്ങളോടൊപ്പം, ഞങ്ങളുടെ നയത്തോടൊപ്പം ഉണ്ടാകുമെന്നുള്ള കാര്യം തീർച്ചയാണ്. അതിന് അവർ തയ്യാറുമാണ്. ഇപ്പോൾ അവർ ഇങ്ങനെ പ്രഖ്യാപിച്ചാലും ഞങ്ങളുടെ പാർട്ടിയുമായി സഹകരിച്ച് മുന്നോട്ടുപോകുന്ന കാലം അതിവിദൂരമല്ല എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പോലീസ് സേനയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളും നവീകരണ നടപടികളും വളരെ സ്വാഗതാർഹമായിട്ടുള്ള കാര്യങ്ങളാണ്. നമ്മുടെ രാജ്യത്ത് പോലീസിനെ സംബന്ധിച്ച് ബ്രിട്ടീഷ് ഭരണാധികാരികൾ ചില നിയമ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ടായിരുന്നു. ബ്രിട്ടീഷുകാർ പോയപ്പോൾ അതിന്റെ തുടർച്ചയായി ഭരണം കോൺഗ്രസുകാരുടെ കയ്യിലേയ്ക്ക് വന്നു. പോലീസ് നിയമങ്ങളും നടപടികളും അതേപോലെ തുടർന്നു. സാമൂഹിക മാറ്റങ്ങളെ അടിച്ചമർത്താനുള്ള ഉപകരണങ്ങളാക്കി പോലീസ് സേനയേയും ജയിലുകളേയും മാറ്റി. അത് കോൺഗ്രസ്സിന്റെ നയമായിരുന്നു. ആ നയത്തിൽനിന്ന് ഒരു മാറ്റമുണ്ടാക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. അതാണ് രണ്ടുപേരുടേയും നയങ്ങൾ തമ്മിലുള്ള വ്യത്യാസം. ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ഈ രംഗത്ത് കാലോചിതമായ മാറ്റം ഉണ്ടാക്കാൻ സാധിച്ചു. എന്റെ സ്നേഹിതൻമാർ ശ്രീ. കെ.സി. വേണുഗോപാലും ശ്രീ. ജോണി നെല്ലൂരുമൊക്കെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. ന്റെ ഭരണകാലത്ത് മകനു വേണ്ടിയും മകൾക്കുവേണ്ടിയും ബന്ധുക്കൾക്കുവേണ്ടിയും സ്വന്തക്കാർക്കുവേണ്ടിയും ഓരോരോ ഐ.ജി. മാരെ വേർതിരിച്ച് പോലീസ് സേനയെ ആകെ ക്രിമിനലുകളാക്കി മാറ്റാൻ ശ്രമിച്ചില്ലേ? ആ സ്വഭാവത്തിൽനിന്നും നമ്മുടെ പോലീസ് സേനയെ സാമൂഹിക മാറ്റത്തിന്റെ ഭാഗമാക്കി മാറ്റാൻ ഇടതുപക്ഷ മുന്നണിക്കു മാത്രമേ കഴിയൂ. ആ മാറ്റം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതുകൊണ്ടാണ് വിഴിഞ്ഞം, പൂന്തുറ, വർക്കല, കൂത്തുപ്പറമ്പ്, പാലക്കാട് തുടങ്ങിയുള്ള സംഭവങ്ങൾ ഇവിടെ ആവർത്തിക്കാത്തത്. വെടിവയ്പ്പിനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് ഇവിടെ ചില മെമ്പർമാർ സംസാരിക്കുകയുണ്ടായി. പോലീസ് ആകാശത്തേയ്ക്ക് വെടിവയ്ക്കും, താഴെനിൽക്കുന്ന ആളുകൾ മരിക്കും. അത് എന്ത് വെടിയാണ്, അത് എന്ത് തോക്കാണ്? ഹയറുന്നീസ മരിച്ചപ്പോൾ ആ കേസ്സിന്റെ ഇൻവെസ്റ്റിഗേഷനിൽ എന്താണ് പറഞ്ഞിരുന്നത്? പോലീസ് മാനത്തേയ്ക്ക് വെടിവച്ചപ്പോൾ താഴെ തറയിൽനിന്ന കുട്ടി മരിച്ചില്ലേ? ആ കുട്ടിയെ പ്രതിയാക്കി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തില്ലേ? വളരെ ദീർഘദൃഷ്ടിയോടുകൂടി, സാമൂഹിക മാറ്റത്തിന്റെ ഭാഗമായി പോലീസ്സേനയെ നവീകരിക്കണം. അതിന് പറ്റിയവിധത്തിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. മുന്നോട്ടു പോകുന്നത്. ഇവിടെ ചിലർ സൂചിപ്പിച്ചതുപോലെ നമ്മുടെ സമൂഹത്തിലെ ഗണ്യമായ ഒരു വിഭാഗമാണ് പോലീസുകാർ. അവർ നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗവുമാണ്. അവരുടെ സേവനവേതന വ്യവസ്ഥകൾ കുറച്ചുകൂടി മെച്ചപ്പെടുത്താനുള്ള നടപടികൾ ഈ ഗവണ്മെന്റ് എടുത്തിട്ടുണ്ട്. (*അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ബാലൻവൈദ്യർ*) അത് കൂടുതൽ സുശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ അപര്യാപ്തതയുണ്ടെങ്കിൽ അത് പരിഹരിച്ചുകൊടുത്തുകൊണ്ട് കൂടുതൽ സമർത്ഥമായ കുറ്റാന്വേഷണ വിഭാഗമായി അവരെ മാറ്റണം. ശ്രീ. കെ.സി. വേണുഗോപാൽ ഇവിടെ പല കാര്യങ്ങളും ചർച്ചാവിഷയമാക്കി. പക്ഷേ അദ്ദേഹം സതീഷ് ശർമ്മയെക്കുറിച്ച് പറഞ്ഞില്ല. നയനാസാഹ്നിയുടെ കേസ്സും അദ്ദേഹം മനപൂർവ്വം വിടുകയാണ് ചെയ്തത്. കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പൊയ്ക്കഴിഞ്ഞാൽ പോലീസിനെ പഴയ നിയമം അനുസരിച്ചുതന്നെ ഉപയോഗിക്കുന്നു. ഒരുപക്ഷേ കുറ്റം പറയേണ്ട കാര്യമില്ല. മാൻസിംഗും ഫൂലാൻദേവിയുമൊക്കെ കൊള്ളസംഘത്തിൽനിന്നും മാറി കോൺഗ്രസ്സുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. അത്തരം സംസ്ഥാനങ്ങളിൽ അതല്ലേ നടപ്പാക്കാൻ പറ്റൂ. അതിൽനിന്നും എൽ. ഡി.എഫ്. മൗലികമായ മാറ്റം വരുത്തി. ആ മാറ്റം എൽ.ഡി.എഫ്-നു മാത്രമാണ്. എൽ.ഡി.എഫ്-ന്റെ ആ നയത്തെ സംബന്ധിച്ച് ജനങ്ങളുടെ അംഗീകാരം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ അട്രോസിറ്റീസ് ആക്ട് ഫലപ്രദമായി കൊണ്ടുപോകുന്നു. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടെങ്കിൽ അത് അടിയന്തിരമായി പരിഹരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ ചില താലൂക്കുകളിൽ ഫയർ സ്റ്റേഷനുകൾ നൽകാൻ കഴിഞ്ഞിട്ടില്ല. അത് പരിശോധിച്ച് എല്ലാ താലൂക്കുകളിലും ഫയർ സ്റ്റേഷൻ കൊടുക്കേണ്ടതാണ്. വനിതാ പോലീസുകാരെ വളരെ അകലെ ഡ്യൂട്ടിക്ക് അയയ്ക്കുമ്പോൾ അവർക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് വനിതാ പോലീസുകാർക്ക് പ്രത്യേക പരിഗണന നൽകി അവരുടെ സേവന-വേതന സമയ നിബന്ധനകൾ കുറച്ചുകൂടി ലഘൂകരിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, ഈ പോലീസിനെക്കുറിച്ചുള്ള ചർച്ച വളരെയേറെ ചൂടും ശബ്ദവും സൃഷ്ടിക്കുന്നതിൽ അത്ഭുതമില്ല. വാസ്തവത്തിൽ നിയമത്തിനും നിയന്ത്രണത്തിനും വിമർശനത്തിനും വിധേയമായി പ്രവർത്തിക്കേണ്ട ഒരു വിഭാഗമാണ് പോലീസ്. ജനങ്ങളുടെ മൗലികാവകാശങ്ങളും പൗരാവകാശങ്ങളും പൗരസ്വാതന്ത്ര്യവുമൊക്കെ സംരക്ഷിക്കുന്നതിൽ പോലീസ് സേന വളരെ നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. അതുകൊണ്ട് ഇന്ന് ഇവിടെ നടക്കുന്ന ചർച്ചകളിൽ പ്രതിപക്ഷത്തുനിന്ന് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ക്രിയാത്മകമായ നിർദ്ദേശമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. പക്ഷേ നിരാശ പ്പെടുത്തുന്ന രീതിയിലുള്ള പ്രതികരണമാണ് പ്രതിപക്ഷത്തുനിന്ന് ഉയർന്നു കേൾക്കുന്നത്. ഇന്നിവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 297 കോടി രൂപയുടെ ധനാഭ്യർത്ഥനയാണ് പോലീസ് വിഭാഗത്തിനുവേണ്ടി നടത്തിയിരിക്കുന്നത്. അത് ഒരു രൂപയായി കുറവുചെയ്യണമെന്നതാണ് പ്രതിപക്ഷത്തിന്റെ ആവ ശ്യം. വാസ്തവത്തിൽ ആ ആവശ്യം അംഗീകരിക്കുകയാണെങ്കിൽ പോലീ സിന്റെ പ്രവർത്തനം ഈ സംസ്ഥാനത്ത് ഈ വർഷം ആവശ്യമില്ല എന്ന ഒരു നിജസ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ് എന്ന് മനസ്സിലാക്കേണ്ടി വരും. അപ്രകാരം ഇവിടെ വളരെ ഭദ്രമായ ഒരു അവസ്ഥയുണ്ടെന്ന് അംഗീകരിക്കാ നുള്ള അവസ്ഥയായിരിക്കണം. അങ്ങനെ വളരെ രൂക്ഷമായ ഒരു നയനിരാക രണം ആവശ്യമാകുന്ന രീതിയിലുള്ള ഒരു അവസ്ഥ കേരളത്തിൽ ഉണ്ടോ യെന്ന് ആലോചിക്കേണ്ടതാണ്. വാസ്തവത്തിൽ ഒരു താരതമ്യപഠനം തന്നെ ഈ കാര്യത്തിൽ പ്രതിപക്ഷത്തിന് നടത്താവുന്നതാണ്. യു.ഡി.എഫിന്റെ ഭരണകാലത്ത് പോലീസിന് പ്രാകൃതമായ ഒരു മുഖം നൽകി അവരുടെ മൃഗീ യമായ വാസനകൾ വളർത്തി മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കുന്ന ഒരു അവസ്ഥ ഉണ്ടായിരുന്നെങ്കിൽ ഇന്ന് പോലീസിന് മാനവി കമായ ഒരു മുഖം നൽകി സാമൂഹികമായ ഉത്തരവാദിത്വം അവരെ ബോദ്ധ്യ പ്പെടുത്തി ഒരു ജനാധിപത്യ സംവിധാനത്തിന് അനുയോജ്യമായ ഒരു പോലീസ് സേനയെ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമമാണ് നടന്നുകൊണ്ടിരി ക്കുന്നത്. ബാഹ്യമായ ചില ശക്തികൾ പോലീസ് സേനയെ നിയന്ത്രിക്കുന്ന തായി ആക്ഷേപം ഉയർന്നുകേട്ടു. വാസ്തവത്തിൽ കഴിഞ്ഞ യു.ഡി.എഫിന്റെ ഭരണകാലത്ത് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പനമ്പിള്ളി നഗറിൽ മുഖ്യമന്ത്രിയുടെ പുത്രിയുടെ വസതിയിൽ പോലീസ് കാര്യങ്ങൾ നിയന്ത്രിക്ക പ്പെടുന്ന ഒരു അവസ്ഥയുണ്ടായിരുന്നു. ഇതൊക്കെ അറിയാവുന്നവർക്ക് ആ പശ്ചാത്തലം പെട്ടെന്ന് മറക്കാൻ കഴിഞ്ഞുവെന്ന് വരില്ല. നമ്മുടെ സംസ്ഥാന ത്തിലെ പോലീസ് സേനയുടെ പ്രവർത്തനത്തെക്കുറിച്ച് കൂടുതൽ വിവരിക്കു ന്നില്ല. ഈ സമ്മേളനത്തിന്റെ ആദ്യ ദിവസം തന്നെ ബഹുമാനപ്പെട്ട മുഖ്യ മന്ത്രി ഈ സഭയിൽ നൽകിയ ഉത്തരത്തിൽ അക്കാര്യം വിവരിച്ചിട്ടുണ്ട്. സ്ഥിതിവിവര കണക്കുകളിലേക്ക് ഞാൻ കടക്കുന്നില്ല. കുറ്റകൃത്യങ്ങൾ എന്ത് കൂടി, എന്ത് കുറഞ്ഞു എന്നൊന്നും ഞാൻ പറയുന്നില്ല. നിയമങ്ങൾ വർദ്ധിക്കു ന്നതനുസരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങളും വർദ്ധിക്കും. അതുകൊണ്ട് സ്ഥിതിവിവര കണക്കുകൾ മാത്രം ആധാരമാക്കിക്കൊണ്ട് ആധുനിക കാലഘ ട്ടത്തിൽ നമുക്ക് സമൂഹത്തിലെ ക്രമസമാധാന നിലയെ വിലയിരുത്താൻ കഴി യില്ല. ചരിത്രം നൽകുന്ന പാഠം അതാണ്. ആദിയിൽ പ്രപഞ്ചസ്രഷ്ടാവ് ദൈവം നേരിട്ട് കാര്യങ്ങൾ നിയന്ത്രിച്ചിരുന്ന സംവിധാനത്തിൽ തന്നെയാണ് ചരിത്രത്തിലെ ആദ്യത്തെ കൊലപാതകവും നടക്കുന്നത്. ദൈവത്തിന്റെ കൺമുൻപിൽ വച്ച് സഹോദരന്മാരും അവരുടെ മാതാപിതാക്കളും മാത്രം ജീവിച്ചിരുന്ന ഒരു അവസ്ഥയിൽ. അതുകൊണ്ട് കൊലപാതകങ്ങളും കുറ്റകൃ ത്യങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിന് ഏതെങ്കിലും സംവിധാനത്തിൽ പൂർണ്ണമായും സാധിക്കുമെന്ന് ആരും പ്രതീക്ഷിച്ചിട്ട് കാര്യമില്ല. പക്ഷേ ആ കുറ്റകൃത്യങ്ങളോടുള്ള ഗവണ്മെന്റിന്റെ സമീപനം എന്താണ്? ആ കുറ്റകൃത്യ ങ്ങൾ കുറയ്ക്കുന്നതിന് അല്ലെങ്കിൽ കുറ്റവാളികളെ നിയമത്തിന്റെ മുൻപിൽ എത്തിക്കുന്നതിന് ഒരു ഭരണകൂടം സ്വീകരിക്കുന്ന നടപടിയെ ആശ്രയിച്ചാണ് നാം ഏതു ഭരണകൂടത്തിന്റേയും ഗുണനിലവാരം അളക്കേണ്ടത്. ഇവിടെ വെടിവയ്പില്ലാത്ത, വർഗ്ഗീയ ലഹളയില്ലാത്ത, സമാധാനം നിലനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമൂഹത്തെക്കുറിച്ച് ഈ പക്ഷത്തുള്ള അംഗങ്ങൾ വാചാലമായി സംസാരിക്കുകയുണ്ടായി. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. ഇന്ന് സമകാലീന ഭാരതത്തിലെ യാഥാർത്ഥ്യങ്ങൾ അറിയാവുന്ന ആർക്കും കൂടുതൽ ചിന്തയില്ലാതെ, രണ്ടാമത് ഒരു ആലോചനയില്ലാതെ യോജിക്കാൻ കഴിയുന്ന ഒരു അഭിപ്രായം തന്നെയാണിത്. വാസ്തവത്തിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളെക്കുറിച്ച് ഒരു സൂചനയുണ്ടായല്ലോ. മദ്ധ്യപ്രദേശും ഒറീസയും പ്രത്യേകം പരാമർശിക്കപ്പെടുകയുണ്ടായി. മദ്ധ്യപ്രദേശിലെ ജാബോവയിൽ ഞാൻ നേരിട്ടുപോയി സന്ദർശിച്ചതാണ്. അവിടെ രണ്ടു കന്യാസ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടു. ഒറീസ്സയിൽ ഒരു വിദേശ മിഷനറിയും അദ്ദേഹത്തിന്റെ രണ്ട് കുഞ്ഞുകുട്ടികളും അവരുടെ വാഹനത്തിൽ ഉറക്കത്തിലിരിക്കവെ തീവച്ചു കൊല്ലപ്പെട്ടു. അങ്ങനെയുള്ള സാഹചര്യങ്ങൾ നിലനിൽക്കുന്ന ഭാരതത്തിലാണ് ഇപ്രകാരമുള്ള വർഗ്ഗീയ സംഘട്ടനങ്ങൾ ഇല്ലാതെ പൂന്തുറയും വിഴിഞ്ഞവും ആവർത്തിക്കാതെ നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ഭരണം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെയും അതിനുള്ള ശ്രമങ്ങൾ ഇല്ലാതിരുന്നിട്ടില്ല. നമ്മുടെ നാട്ടിലും ടി.വി. പുരം, മാരാമൺ, വടകര, സുൽത്താൻബത്തേരി ഇവിടെയൊക്കെ ശ്രമങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ ആ ശ്രമങ്ങൾ യഥാസമയം കണ്ടറിഞ്ഞ് നിയന്ത്രിക്കുന്നതിനും ഇല്ലായ്മ ചെയ്യുന്നതിനും അപകടാവസ്ഥ ഒഴിവാക്കുന്നതിനും ക്രിയാത്മകമായി പരിശ്രമിച്ച ഒരു ഗവണ്മെന്റിനെയാണ് നാം കാണുന്നത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ സമ്പൂർണ്ണമായി കലവറയില്ലാതെ, പൂർണ്ണമനസ്സോടെ പിന്താങ്ങുന്നതിന് എനിക്ക് യാതൊരു പ്രയാസവും തോന്നുന്നില്ല. 79 മാതൃകാ സ്റ്റേഷനുകൾ ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വാസ്തവത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളും മാതൃകാ സ്റ്റേഷനുകളായി പ്രവർത്തിക്കുന്ന ഒരു നല്ല കാലത്തെക്കുറിച്ചാണ് ഞാൻ സ്വപ്നം കാണുന്നത്. ഒരു യഥാർത്ഥ ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായ പൗരന്മാരുടെ ജനാധിപത്യ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്ന ഗുണനിലവാരമുള്ള ഒരു പോലീസ് സേനയെ Colonial hang over-ൽ നിന്നും വിമോചിതമായ ഒരു പോലീസ് സേനയെ സൃഷ്ടിക്കുവാൻ നമുക്ക് കഴിയുമെന്നാണ് എന്റെ ആശംസയും ആഗ്രഹവും. അതോടൊപ്പം പോലീസ് സേനയിൽ പ്രവർത്തിക്കുന്നവരുടെ സേവന വേതന വ്യവസ്ഥകൾ അവരുടെ ജീവിതനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. എട്ടു മണിക്കൂർ ജോലിയെന്നത് ഇനിയും ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയമായിട്ടാണ് കാണുന്നത്. വാസ്തവത്തിൽ എട്ടു മണിക്കൂർ ജോലിയെന്നത് എല്ലാ വിഭാഗങ്ങളിലും അംഗീകരിക്കപ്പെട്ട ഒരു തത്വമായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ പോലീസ് സേനയിൽ പ്രവർത്തിക്കുന്നവർക്കും അവരുടെ ജോലി യഥാസമയം 8 മണിക്കൂറായി പരിമിതപ്പെടുത്തുകയും അപകടം നിറഞ്ഞ അവസ്ഥയിൽ പ്രവർത്തിക്കുന്ന അവർക്ക് കൂടുതൽ സാമൂഹികമായ, കുടുംബപരമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അവർക്ക് കുറേക്കൂടി മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും അതിനെല്ലാം പുറമെ കുറെക്കൂടി മെച്ചപ്പെട്ട ജനാധിപത്യബോധം ഉൾക്കൊള്ളുന്നതിന് അവരെ പര്യാപ്തമാക്കുകയും ചെയ്യുന്ന ഒരു സാഹചര്യം കൂടി ഉണ്ടാകട്ടെ. അതിനുള്ള ക്രിയാത്മകമായ പ്രവർത്തനത്തിലേക്ക് മുന്നോട്ടുപോകാൻ ഈ ഗവണ്മെന്റിന് കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. ഒരു കാലത്ത് നമ്മുടെ രാജ്യത്ത് ഏറെ പ്രകീർത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കപ്പെട്ടിരുന്നതാണ് കേരളാ പോലീസിന്റെ പ്രവർത്തനം. ചമ്പൽക്കാടുകളിലെ കൊള്ളക്കാരെപ്പോലും അടിച്ചമർത്താൻതക്ക ശേഷിയുള്ള, ദൃഢനിശ്ചയമുള്ള, ആത്മവിശ്വാസമുള്ള ഒരു കേരളാ പോലീസായിരുന്നു നമുക്കുണ്ടായിരുന്നത്. ഇന്നിവിടെ കള്ളൻമാർക്കുപോലും പേടിയില്ലാത്ത ഒരു വകുപ്പായി കേരളാ പോലീസ് മാറിയിരിക്കുകയാണ്. ഇന്നലെ ടി.വി. യിൽ ഒരു പരിപാടിയുണ്ടായിരുന്നു. പാലക്കാട് ചന്തയിൽ പഴയ പ്രതാപവും പേറി അലയുന്ന ചാവാലിക്കുതിരകളുടെ ഒരു പരിപാടി. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് അതിനെപ്പറ്റി കൂടുതൽ അറിയാമായിരിക്കും. പഴയ പ്രതാപത്തിന്റെ ഭാരവും പേറി അലയുന്ന ചാവാലിക്കുതിരകളുടെ ചിത്രമാണ് ഇന്നത്തെ ധനാഭ്യർത്ഥനയിൽ പോലീസിനെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം മനസ്സിൽ കാണുന്നത്. പോലീസിന്റെ ശക്തി എന്നു പറയുന്നത് പോലീസിന്റെ അച്ചടക്കമാണ്. മറ്റ് ഏതു ഡിപ്പാർട്ടുമെന്റിൽനിന്നും വ്യത്യസ്തമായി നിയമസമാധാനം കൈകാര്യം ചെയ്യുന്ന ഏറ്റവും ഉത്തരവാദപ്പെട്ട വകുപ്പ് എന്നുള്ള നിലയിൽ ആ വകുപ്പിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ അച്ചടക്കമാണ്. First obey, then complain എന്നാണ്. അതിന്റെ റൂൾ അതാണ്. ഇന്ന് എന്താ? ഇന്ന് അച്ചടക്കം ഇല്ലായ്മയുടെയും, സ്വജനപക്ഷപാതത്തിന്റെയും രാഷ്ട്രീയ താൽപ്പര്യങ്ങളുടെയും കുത്തരങ്ങായി പോലീസ് വകുപ്പ് മാറിയിരിക്കുകയാണ്. ഒന്നാം ലോക മഹായുദ്ധത്തിൽ ബ്രിട്ടീഷ് ഗൂർഖകൾ ആയിരുന്നു ഈ പാരാ ട്രൂപ്പിൽ ഉണ്ടായിരുന്നത്. അന്ന് ശത്രുപാളയത്തിലേയ്ക്ക് അയ്യായിരം അടി ഉയരത്തിൽ നിന്ന് ചാടണം എന്ന് മേലുദ്യോഗസ്ഥന്റെ ഉത്തരവുണ്ടായപ്പോൾ ഈ ഗൂർഖകൾ ചോദിച്ചു, അയ്യായിരം അടി എന്നുള്ളത് മൂവായിരം അടിയായി കുറച്ചുകൂടേ എന്ന്. ഉപയോഗിക്കുന്നത് പാരച്യൂട്ടാണെങ്കിൽ പിന്നെ അയ്യായിരം അടിയും മൂവായിരം അടിയും തമ്മിൽ എന്താ വ്യത്യാസം എന്ന് മേലുദ്യോഗസ്ഥൻ ചോദിച്ചപ്പോൾ, പാരച്യൂട്ട് ഉണ്ടായിരുന്നു എന്ന് ഞങ്ങൾ അറിഞ്ഞില്ല എന്നാ പറഞ്ഞത്. അതായത് മേലുദ്യോഗസ്ഥന്റെ നിർദ്ദേശം സ്വന്തം ജീവൻ ബലി കൊടുത്തും അനുസരിക്കുന്ന പരാമ്പര്യമായിരുന്നു കേരളാ പോലീസിന് ഉണ്ടായിരുന്നത്. ഏത് ദൗത്യം ഏൽപ്പിച്ചാലും അത് നിർവഹിക്കുന്ന പാരമ്പര്യമായിരുന്നു കേരളാ പോലീസിന് ഉണ്ടായിരുന്നത്. ഇന്ന് മേലുദ്യോഗസ്ഥനെ ബഹുമാനിക്കുന്ന, അനുസരിക്കുന്ന എത്ര പോലീസുകാരും എത്ര പോലീസ് ഉദ്യോഗസ്ഥന്മാരും ഉണ്ട് ഈ ഡിപ്പാർട്ടുമെന്റിൽ. പണ്ടാണെങ്കിൽ "പോലീസ് ഞങ്ങൾക്ക് പുല്ലാണേ" എന്ന് മുദ്രാവാക്യം വിളിച്ചവരല്ലേ നിങ്ങൾ. ഇന്ന് ഡി.ജി.പി. ഞങ്ങൾക്കു പുല്ലാണേ എന്നാണ് പോലീസുകാർ വിളിക്കുന്നത്. അതായിരിക്കുന്നു ഈ സംസ്ഥാനത്തിന്റെ അവസ്ഥ. ഒരു കാലത്ത് ക്രിസ്തുവിന്റെ ചിത്രം വരയ്ക്കാൻ തെരഞ്ഞെടുത്ത ആളെ തന്നെ 14 വർഷത്തിനു ശേഷം യൂദാസിന്റെ ചിത്രം വരയ്ക്കാനും തെരഞ്ഞെടുത്തപോലെ ഒരു കാലത്ത് ഏറ്റവും അച്ചടക്കമുണ്ടായിരുന്ന, നീതി നിർവ്വഹണത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്ന ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തിനും മാതൃകയാകാൻ പറ്റുന്ന പ്രവർത്തനം ഉണ്ടായിരുന്ന പോലീസ് ഡിപ്പാർട്ടുമെന്റിന് ഇന്ന് യൂദാസിന്റെ ചിത്രം ആയിരിക്കുന്നു. ഇന്ന് അവരുടേതായ താൽപ്പര്യങ്ങൾ, അവരുടേതായ ഇഷ്ടങ്ങൾ, മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടിയും ഈ ഗവണ്മെന്റിനുവേണ്ടിയും അവർ പ്രവർത്തിക്കുന്നു എന്നുള്ളത് വളരെ ഖേദത്തോടെ പറയേണ്ടിവരും. ഏതു ഭരണത്തിന്റേയും മുഖച്ഛായ നിലനിർത്തുന്നതും അത് ഇല്ലാതാക്കുന്നതും സംസ്ഥാനത്തെ നിയമ സമാധാനമാണ്. സാമ്പത്തിക തകർച്ചയും നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റവുംമൂലം സാധാരണക്കാരന്റെ ജീവിതം ഇന്ന് ഏറ്റവും ദുഃസ്സഹമായി മാറി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുന്നു. ഈ സംസ്ഥാനത്ത് ഇവിടെ ആര് ആരെയാ അനുസരിക്കേണ്ടത്. ആർക്ക് ആരെയാ ഭയമുള്ളത്? പോലീസുകാരന് മേലുദ്യോഗസ്ഥനെ ഭയമുണ്ടോ? മേലുദ്യോഗസ്ഥന് മുഖ്യമന്ത്രിയെ ബഹുമാനമുണ്ടോ? കള്ളന് പോലീസിനെ ഭയമുണ്ടോ? പട്ടാപ്പകൽ ജനങ്ങളുടെ മുന്നിൽവച്ച് മനുഷ്യജീവിതം ഇന്ന് കൊല ചെയ്യപ്പെടുകയാണ്. നമ്മുടെ സംസ്ഥാന നഗരിയിൽ യൂണിയൻ ബാങ്കിൽ നിന്ന് പട്ടാപ്പകൽ 10 ലക്ഷംരൂപ പകൽക്കൊള്ള നടത്തിയില്ലേ? ഒരാളെയെങ്കിലും പിടിച്ചോ? എന്താ പോലീസ് പറയുന്നത്, 24 മണിക്കൂറിനകം പിടിച്ചാൽ പിടിച്ചു അതില്ലെങ്കിൽ പിന്നെ തെളിവുപോലും ഇല്ല എന്നാണ്. ഇവിടെ കുറെ കുറ്റകൃത്യങ്ങളുടെ കണക്കുകൾ പറഞ്ഞു. രണ്ടുഭാഗത്തുനിന്നും കുറെ അവകാശ വാദങ്ങളും പറഞ്ഞു. സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങൾ 14,345 എന്നാണ് ഇവിടെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതുപോലെ ബലാൽസംഗം 94-ൽ 197 ആയിരുന്നത് ഇപ്പോൾ 640 ആയിരിക്കുന്നു. എങ്ങനെ സംസ്ഥാനത്ത് ബലാൽസംഗങ്ങളുടെ എണ്ണം കൂടാതിരിക്കും, ബലാൽസംഗം എന്നുപറഞ്ഞാൽ ചായ കുടിക്കുന്നതുപോലെയല്ലേ എന്നു ചോദിച്ച മുഖ്യമന്ത്രി ഭരിക്കുന്ന നാടല്ലേ ഇത്. അത് കേട്ടപ്പോൾ പോലീസുകാർ എന്തുചെയ്തു, മുഖ്യമന്ത്രിക്ക് ചായ കുടിക്കുന്നതു പോലെയാണെങ്കിൽ അവർക്ക് കൂൾഡ്രിംഗ്സ് കുടിക്കുന്നതുപോലെയായി ബലാൽസംഗം. അതുകൊണ്ടല്ലേ സംസ്ഥാനത്ത് ഇന്ന് സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളിൽ ഏറ്റവും കൂടുതൽ പോലീസുകാർ പ്രതികളായി വന്നിരിക്കുന്നത്. ഡി.ജി.പി. ഉൾപ്പെടെയുള്ളവർ ഇവിടെയുണ്ടല്ലോ? ഇതിന് മറുപടി പറയണം. ഈ സംസ്ഥാനത്ത് ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത കുറേ സംഭവങ്ങൾ അല്ലേ ഉണ്ടായത്. പാലക്കാട് കളക്ടർ ശ്രീ. ഡബ്ല്യൂ.ആർ. റഡ്ഡിയെ ബന്ധിയാക്കിയ സംഭവം എന്നിട്ട് എന്താ സംഭവിച്ചത്? ഉത്തരമേഖലാ ഐ.ജി., എം.ജി. എ. രാമൻ അതിനെക്കുറിച്ച് അന്വേഷിച്ചു. അയ്യങ്കാളി പടയുടെ കൈയിൽ ബോംബും തോക്കും ഉണ്ടായിരുന്നു എന്നാണ് അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്. പക്ഷെ ആ അന്വേഷണ റിപ്പോർട്ട് മാറ്റി നമ്മുടെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ക്രൈസിസ് മാനേജ്മെന്റിന്റെ അടുത്ത റിപ്പോർട്ടു വന്നു. അയ്യങ്കാളി പടയുടെ കൈയിൽ ബോംബുമില്ലായിരുന്നു, തോക്കുമില്ലായിരുന്നു. അന്വേഷണം എവിടെ ചെന്നുനിൽക്കുന്നു? കേരളത്തിലെ ജനങ്ങൾക്ക് അറിയണ്ടേ? കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി നടന്ന ഒരു സംഭവം, അതിന്റെ അന്വേഷണം എവിടെ ചെന്നുനിൽക്കുന്നു എന്ന് അറിയുവാനുള്ള അവകാശം ഞങ്ങൾക്കില്ലേ? തീർച്ചയായിട്ടും ഇതിന് മറുപടി പറയുമെന്നുള്ള വിശ്വാസമുണ്ട്. കേരളത്തിൽ പോലീസ് സ്റ്റേഷൻ ആക്രമണം ഉണ്ടായി. പത്തനംതിട്ടയിലും, വിതുരയിലുമൊക്കെ പോലീസ് സ്റ്റേഷൻ ആക്രമണം ഉണ്ടായി. സി.പി.എം. കാർ നടത്തിയ ആക്രമണത്തിൽ നടപടി എടുത്തത് പോലീസുകാരുടെ പേരിലാണ്. മാർക്സിസ്റ്റ് പാർട്ടികളുടെ വിരോധികളെ കൈകാര്യം ചെയ്യുന്നത് ഇവിടത്തെ നീതിന്യായ കോടതികളോ, നിയമ സംവിധാനമോ അല്ല. കണ്ണൂരിലെ വിക്രം ചാലി ശശിയെ പട്ടാപ്പകൽ ഓടുന്ന ബസിൽവച്ച് വെട്ടിക്കൊന്നു, ആരാ വിക്രം ചാലി ശശി? ജയരാജൻ വധശ്രമക്കേസിലെ ഒന്നാം പ്രതി. ഒരു കാര്യംകൂടി അറിയാം. കേരളത്തിന്റെ മുഖ്യമന്ത്രി ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ അവിടെ മത്സരിച്ച എതിർ സ്ഥാനാർത്ഥി ഒരു മനുഷ്യജീവനെ പട്ടാപ്പകൽ വെട്ടികൊന്നിട്ട് ഒരാളെ എങ്കിലും പിടിച്ചോ? എന്താ നിങ്ങൾക്ക് പറയാനുള്ളത്? എല്ലാത്തിലും രാഷ്ട്രീയം, വ്യക്തി രാഷ്ട്രീയം, സ്വാർത്ഥ താൽപ്പര്യം. ഇവിടത്തെ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് എന്നുപറയുന്നത് എ.കെ.ജി. സെന്റർ ആണെങ്കിൽ, കണ്ണൂരിലെ ഐ.ജി. യുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസ് മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ ഓഫീസാണ്. അവിടെ നിന്നു കൊണ്ട് ഭരിക്കുമ്പോൾ ഇങ്ങനെയൊക്കെയേ ഉണ്ടാകൂ എന്നൊക്കെ ഇടതു പക്ഷ മുന്നണി അധികാരത്തിൽ വന്നിട്ടുണ്ടോ അന്നൊക്കെ പോലീസിന്റെ അച്ചടക്കം പകുതിയായി. കൂത്തുപ്പറമ്പ് സംഭവം, ഞങ്ങളെ പറഞ്ഞു തോൽപ്പിക്കാനും, ഞങ്ങളുടെ പേരിൽ ആധിപത്യം സ്ഥാപിക്കാനും തുടങ്ങിയതല്ലേ? പോലീസിന്റെ മൊറയിൽ (morale) തകർത്തില്ലേ കൂത്തുപറമ്പ് സംഭവം. കൂത്തുപറമ്പ് സംഭവത്തിൽ 22 പ്രതികൾ ഉണ്ടായിരുന്നുവല്ലോ. ആരൊക്കയായിരുന്നു പ്രതികൾ? മുൻമന്ത്രി ശ്രീ. എം.വി. രാഘവൻ, കണ്ണൂർ എസ്.പി. ശ്രീ. പത്മകുമാർ, എ.എസ്.പി. രവതാ ചന്ദ്രശേഖർ, ഡിവൈ.എസ്.പി. ഹക്കീം ബത്തേരി, ഡെപ്യൂട്ടി കളക്ടർ ടി.ടി. ആന്റണി തുടങ്ങി 22-ഓളം പ്രതികൾ വരുന്ന ആ കുറ്റപത്രം തലശ്ശേരി ഒന്നാം ക്ളാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചു. ഞാൻ ഒന്നു ചോദിക്കട്ടെ, എന്നാൽ ഇപ്പോൾ കണ്ണൂർ എസ്.പി. യായിരുന്ന ശ്രീ. പത്മകുമാർ ഈ കേസ്സിൽ പ്രതിയല്ല. എങ്ങനെ കണ്ണൂർ എസ്.പി. ശ്രീ. പത്മകുമാർ ഈ കേസ്സിൽ പ്രതി അല്ലാതെ വന്നു? ഇന്ന് ശ്രീ. പത്മകുമാർ എവിടെയാണെന്ന് അറിയാമോ? കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ആക്കിയിരിക്കുന്നു ശ്രീ. പത്മകുമാറിനെ. എങ്ങനെ, ആരുമറിയാതെ, അന്വേഷിച്ച ഉദ്യോഗസ്ഥൻമാർ അറിയാതെ, ഇരു ചെവിയറിയാതെ എങ്ങനെയാണ് പത്മകുമാർ കൂത്തുപറമ്പ് കേസ്സിൽനിന്ന്, പ്രതിസ്ഥാനത്തു നിന്ന് മാറിയത്. എന്റെ അറിവിൽ ഞാൻ പറയാം. അദ്ദേഹം ഒരു സത്യവാങ്മൂലം എഴുതിക്കൊടുത്തു, മുൻമന്ത്രി ശ്രീ. എം.വി. രാഘവൻ നിർബന്ധിച്ചിട്ടാണ് പോലീസ് നടപടികളിലേയ്ക്ക് എനിക്ക് പോകേണ്ടിവന്നത് എന്ന്. അതിന് സമാനമായിട്ടാണ് സിറ്റി പോലീസ് കമ്മീഷണർ സ്ഥാനം കൊടുത്തത്. ഇതാണോ ജനാധിപത്യം? ഇതാണോ രാഷ്ട്രീയം? കൂത്തുപറമ്പ് രക്തസാക്ഷികളോടാണോ നിങ്ങൾക്ക് വിധേയത്വം. അതോ ഇതിന്റെ പേരിൽ നിങ്ങൾ യു.ഡി.എഫ്. നേതാക്കൻമാരെ തല്ലി ചതയ്ക്കാനും കള്ളക്കേസിൽ കുടുക്കാനുമാണോ ഉദ്ദേശിക്കുന്നത്? കൂത്തുപ്പറമ്പ് കേസ്സ് എത്ര വലിയ ഒരു ഇംപാക്ടാണ് ഉണ്ടാക്കിയത്. ആ കേസ്സ് അന്വേഷിച്ച ഐ.ജി. ജേക്കബ് പുന്നൂസിനെ മാറ്റി നിർത്തണമെന്ന് എസ്.പി. രവതാ ചന്ദ്രശേഖർ ഗവണ്മെന്റിന് പരാതി കൊടുത്തില്ലേ? ഇത് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ആ എസ്.പി. യെ സസ്പെന്റ് ചെയ്യണമെന്ന് ഐ.ജി. പറഞ്ഞില്ലേ? ഐ.ജി. യെ കേസ്സിൽ നിന്ന് മാറ്റി നിർത്തണമെന്ന് എസ്.പി. അതാണോ കേരളത്തിലെ പോലീസിന്റെ അച്ചടക്കം, അതാണോ കേരളത്തിലെ പോലീസിന്റെ നേട്ടമായി നിങ്ങൾ ഇവിടെ പറയുന്നത്? കേരളത്തിന്റെ ചരിത്രത്തിൽ എന്നെങ്കിലും ഒരു ഐ.ജി. പറഞ്ഞിട്ടുണ്ടോ, മേലുദ്യോഗസ്ഥൻമാരുടെ ഉത്തരവുകൾ അവനവന് തോന്നുന്നുണ്ടെങ്കിൽ അനുസരിച്ചാൽ മതിയെന്ന്. കേരള ചരിത്രത്തിൽ എന്നെങ്കിലും, ഒരു പോലീസ് ഉദ്യോഗസ്ഥൻ പറയാൻ ധൈര്യപ്പെട്ടിട്ടുണ്ടോ?. മേലുദ്യോഗസ്ഥന്റെ ഉത്തരവുകൾ ഇഷ്ടമുണ്ടെങ്കിൽ നടപ്പിലാക്കിയാൽ മതി എന്നുപറഞ്ഞാൽ ഈ കേരളം എങ്ങനെ മുന്നോട്ടുപോകും. എങ്ങനെ ക്രമസമാധാന നില സംരക്ഷിക്കും. എങ്ങനെ ഇതിനകത്ത് അച്ചടക്കം ഉണ്ടാകും. ജേക്കബ് പുന്നൂസിനെപ്പോലെ ഏറ്റവും നല്ലവനെന്നു പേരു കേട്ട ഒരു ഉദ്യോഗസ്ഥനുവരെ ഇത്തരം തറപ്പണി ചെയ്യേണ്ടി വന്നെങ്കിൽ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ തിരിച്ചുവരും, രണ്ടു കൊല്ലം തികയുന്നതിന് മുൻപുതന്നെ രാജാവിനെക്കാൾ വലിയ രാജഭക്തി കാണിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ ഒന്നോർത്തോ, ഞങ്ങളുടെ നേതാക്കൻമാരെ കള്ളക്കേസ്സിലും അഴിമതിയുടെ കള്ളക്കേസ്സിലും ഒക്കെ കുടുക്കി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടാണ് നിങ്ങൾ പോകാൻ ഉദ്ദേശിക്കുന്നത് എങ്കിൽ അതിശക്തമായി യു. ഡി.എഫ്. തിരിച്ചുവരും. ഞങ്ങൾ ഇതിനൊക്കെ കണക്കു പറയും. നിങ്ങൾ അതു മറക്കണ്ട. അന്ന്. ഡെപ്യൂട്ടേഷനിലൊക്കെ പോകാമെന്ന് കരുതുന്നുണ്ടെങ്കിൽ ആ പൂതിയങ്ങ് മനസ്സിൽ വച്ചേക്കത്തേയുള്ളൂ. ഞങ്ങൾ മറക്കില്ല. അത് ഓർമ്മയിരിക്കട്ടെ.

സർ, ഇവിടെ ഏറ്റവും വലിയ വിജിലൻസ് കേസ്സ് കൊണ്ടുവന്നു. എന്താ ഏറ്റവും വലിയ വിജിലൻസ് കേസ്സ് 'പാമോയിൽ കേസ്സ്'.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ശ്രീമതി ശോഭന പഴയ യൂത്ത് കോൺഗ്രസ് നേതാവിന്റെ ഭാഷയിലാണ് ഇവിടെ സംസാരിച്ചു കേട്ടത്. ആലപ്പുഴയിൽ വച്ച് ശോഭനയ്ക്ക് കോൺഗ്രസുകാരിൽ നിന്നുണ്ടായ ആക്രമണത്തിൽനിന്ന് രക്ഷിച്ചത് ശോഭന വിമർശിക്കുന്ന ഇതേ പോലീസ് അല്ലേ.

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : ഇതിനൊക്കെ മറുപടി അർഹിക്കുന്നില്ല. എത്ര കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞു. അങ്ങേയ്ക്ക് എന്നോട് ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് എന്തെല്ലാം ചോദ്യങ്ങൾ ചോദിക്കാമായിരുന്നു. ഞാൻ അത് അങ്ങ് വിട്ടു. ഈ പറഞ്ഞത് അത്രയും അങ്ങ് അംഗീകരിച്ചിട്ടുണ്ടല്ലോ അതുമതി.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഇതു മാത്രമല്ലേ അഭിപ്രായ വ്യത്യാസമുള്ളൂ.

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : ഒരു കാര്യംകൂടി അറിയണം. കേരളത്തിലെ വിജിലൻസ് കേസ്സ് കൈകാര്യം ചെയ്യുന്നല്ലോ, ആ വിജിലൻസ് കേസ്സിൽ പ്രതിയായ ഒരു എസ്.പി. യെ വിജിലൻസ് എസ്.പി. ആയിട്ട് വച്ചിരിക്കുന്നു. എറണാകുളത്തെ വിജിലൻസ് എസ്.പി. സോമരാജൻ വിജിലൻസ് കേസ്സിലെ പ്രതിയാണ്. അതാണോ നിങ്ങളുടെ ഗവണ്മെന്റിന്റെ ന്യായം. ഇന്ന് ഇവിടെ പാമോയിലിനെപ്പറ്റി ആരെക്കെയോ പ്രസംഗിക്കുന്നത് കേട്ടു. കോടികൾ ഖജനാവിന് നഷ്ടപ്പെടുത്തിയ കേസ്സാണ് പാമോയിൽ കേസ്സ് എന്ന്. ഖജനാവിന് കോടികൾ നഷ്ടപ്പെട്ടു എന്നുള്ളതല്ല പാമോയിൽ കേസ്സ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ രണ്ടുകോടി രൂപയുടെ ലാഭമുണ്ടാക്കിയത് എന്തുകൊണ്ട് നാലുകോടി ആക്കിയില്ല എന്നുള്ളതാണ് പാമോയിൽ കേസ്സ്. അതാണ് ചോദ്യം. ലാഭം എന്തുകൊണ്ട് വർദ്ധിപ്പിച്ചില്ല എന്നുള്ളത്. നിങ്ങൾ ശ്രീ. ആര്യാടൻ മുഹമ്മദിനും ശ്രീ. കെ.സി. വേണുഗോപാലിനും ശ്രീ. ടി.എം. ജേക്കബിനും ശ്രീ. ബാലകൃഷ്ണ പിള്ളയ്ക്കും എതിരെ മാത്രമല്ല യു.ഡി.എഫ്.-ലെ ഓരോ നേതാക്കൻമാരുടേയും പേരിൽ കള്ളക്കേസ്സുകൾ ഉണ്ടാക്കി. കള്ളക്കേസ്സിൽ കൂടുക്കാൻ പറ്റാത്തവർക്കെതിരെ അഴിമതികേസ്സുകൾ ഉണ്ടാക്കി. നിങ്ങളിങ്ങനെ എത്രനാൾ മുന്നോട്ടുപോകും. കേരളത്തിലെ ജനങ്ങൾ നിങ്ങളോട് പകരം ചോദിക്കാൻ കാത്തിരിക്കുകയാണ്. ഇതിന്റെ തുടക്കം പാർലമെന്റ് തെരഞ്ഞെടുപ്പായിരിക്കും. ഒരു സംശയവും നിങ്ങൾക്കുവേണ്ട. ഇത്രമാത്രം ക്രൂരത കാട്ടുന്ന, ഇത്രമാത്രം സ്ത്രീകളെ അപമാനിക്കുന്ന, ഇത്രമാത്രം അച്ചടക്കമില്ലാത്ത ഇത്രമാത്രം ജനങ്ങളോട് ദ്രോഹം ചെയ്യുന്ന ഈ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഈ സഭാസമ്മേളനത്തിന്റെ ആരംഭത്തിൽ നമ്മുടെ സഭാനേതാവ് നമുക്ക് നല്കിയ സന്ദേശം ഒരു മേഘസന്ദേശം പോലെ കാർഗിലിന്റെ മേഘസന്ദേശം നമ്മൾ ഇവിടെ ഏറ്റുവാങ്ങുകയുണ്ടായി. ഇത് പ്രണയ സന്ദേശമല്ല, നമ്മുടെ വിക്രമും, വിശ്വനാഥൻമാരും ഹൃദയം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടെഴുക്കിയ ചോരയുടെ നിറമുള്ള രക്തസന്ദേശമാണ് നാം ഏറ്റുവാങ്ങിയിരിക്കുന്നത്. രാജ്യത്തിനുവേണ്ടി പോരാടി വീരമൃത്യുവരിച്ച ആ ധീരയോദ്ധാക്കളുടെ ആ മഹത്തായുള്ള രാജ്യസ്നേഹം ഈ രാജ്യത്തിലെ എല്ലാ ഉത്തരവാദിത്വമുള്ള രാഷ്ട്രീയപാർട്ടികളും കർത്തവ്യത്തിനു നേരെ കണ്ണടയ്ക്കാതിരിക്കാൻ, അങ്ങേയറ്റം കർമോൻമുഖരാക്കാൻ വഴിവയ്ക്കുന്ന രക്തസന്ദേശമാണത്. ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇൻഡ്യൻ രാഷ്ട്രീയത്തെ നോക്കിക്കാണുന്നത്. എനിക്ക് മുൻപ് ഇന്നലെയും ഇന്നുമായി ഇവിടെ സംസാരിച്ച ഇടതുപക്ഷമുന്നണിയുടെ നേതാക്കൻമാർ ഈ കാര്യത്തിലേയ്ക്ക് പ്രതിപക്ഷത്തിന്റെ വിശേഷിച്ച് കോൺഗ്രസ് (ഐ) യുടെ ശ്രദ്ധ തിരിക്കാൻ ആത്മാർത്ഥവും ഫലപ്രദവുമായ ശ്രമം നടത്തുകയുണ്ടായി. ഇൻഡ്യൻ സൈന്യം സ്വന്തം നാട് വീണ്ടെടുക്കാൻ വേണ്ടിയുള്ള പോരാട്ടത്തിൽ ജീവൻ അർപ്പിക്കുമ്പോൾ അഫ്ഗാനിസ്ഥാൻ കൂലിപ്പടയാളികളെ വിട്ട് നമ്മെ ചെറുക്കുന്ന പാക്പടയെപ്പോലെ രാജ്യത്തിന്റെ നിലനിൽപ്പിനുവേണ്ടി രാജ്യത്തിന്റെ യഥാർത്ഥ രാഷ്ട്രീയം വീണ്ടെടുക്കാൻ പോരാടുന്ന ഇടതുപക്ഷ മുന്നണിയുടെ പോരാളികളെ പ്രതിപക്ഷം വിശേഷിച്ച് കോൺഗ്രസ് (ഐ) നേരിടുന്നത് അഫ്ഗാൻ കൂലി പടയാളികളെയിറക്കി പാകിസ്ഥാൻ പട്ടാളക്കാർ നമ്മുടെ സേനയെ നേരിടുന്നത് പോലെയാണ്. എനിക്ക് അത് പറയേണ്ടിവന്നതിൽ വളരെയധികം ഖേദമുണ്ട്. നമ്മുടെ ഈ നാട്ടിൽ മഹത്തായ അപ്രഖ്യാപിതമായ ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ, യുദ്ധസമാനമായ ഒരു അന്തരീക്ഷമുണ്ടെന്നു വിശേഷിപ്പിച്ചുകൊണ്ട് അതിനെ നേരിടുമ്പോൾ നമ്മുടെ ഇത്രയധികം പട്ടാളക്കാർ, മേധാവികൾ കൊല്ലപ്പെടാനുണ്ടായ സാഹചര്യം കോൺഗ്രസ് (ഐ) കണക്കിലെടുക്കുന്നുണ്ടോയെന്ന് ഇന്നലെ പ്രതിപക്ഷനേതാവ് പ്രസംഗിച്ചപ്പോഴും ഇന്ന് മറ്റ് നേതാക്കൻമാർ സംസാരിച്ചപ്പോഴും വ്യക്തമാക്കപ്പെട്ടില്ല എന്നാണ് എന്റെ വിശ്വാസം. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ശക്തമായ ഒരു രാജ്യത്തിന്റെ സേനയോട് നേരിട്ട് ഏറ്റുമുട്ടാതെ ഏതാനും ഒളിപ്പോരാളികളോട് നടത്തിയ ഈ പോരാട്ടത്തിൽ ഇത്രയധികം ധീരയോദ്ധാക്കൾ, മേജർമാരടക്കം നഷ്ടപ്പെടുവാൻ ഇടയായതിന്റെ കാരണമെന്താണ്? ഞാൻ കോൺഗ്രസ് (ഐ) യെ പ്രീണിപ്പിക്കാൻ പറയുകയല്ല. കോൺഗ്രസ് (ഐ) യെ വിമർശിക്കാനാണ് ഞാൻ പറയുന്നത്. ശ്രീമതി ഇന്ദിരാഗാന്ധി ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ഒന്നുരണ്ട് യുദ്ധങ്ങളുണ്ടായി. ആ യുദ്ധകാലങ്ങളിൽ ബംഗ്ലാദേശ് അടക്കം ആ ഗവണ്മെന്റിന്റെ നയങ്ങളെ പിന്തുണച്ച ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ സുപ്രധാനമായ പാർട്ടിയുടെ പ്രതിനിധിയായിട്ട് കൂടി ഞാൻ സംസാരിക്കുകയാണ്. ദീർഘനാൾ നീണ്ടുനിന്ന ആ യുദ്ധത്തിൽപ്പോലും ഇത്രയധികം പട്ടാളക്കാർ കൊല്ലപ്പെട്ടില്ല. ഇതിന്റെ ഉത്തരവാദിത്വം ഈ രാജ്യം ഭരിക്കുന്ന സി.ഐ.എ. ഏജന്റായിട്ടുള്ള രാജ്യരക്ഷാ മന്ത്രി ശ്രീ. ജോർജ് ഫെർണാണ്ടസിനാണ്. ഈ രാജ്യത്തെ വർഗ്ഗീയ വേതാളങ്ങളുടെ നേതാവായ വാജ്പേയിക്കാണ്. ജോർജ് ഫെർണാണ്ടസ് എന്ന രാഷ്ട്രീയ കപടനാടകക്കാരനെ ആ സി.ഐ.എ. ഏജന്റിനെ, അമേരിക്കൻ ചാരൻമാരെ സംരക്ഷിക്കുന്ന ആളിനെ രാജ്യരക്ഷാപതിയായിയിരുത്തിയതിന്റെ, വാജ്പേയിയെ അധികാരത്തിൽ ഏറ്റിയതിന്റെ ഉത്തരവാദിത്വം ശ്രീമാൻ ആന്റണി നിങ്ങളുടെ പാർട്ടിക്കാണ്. അതുകൊണ്ട് വാജ്പേയിയും ഫെർണാണ്ടസും ചെയ്യുന്ന എല്ലാ കുറ്റങ്ങളും ഭംഗ്യന്തരേണ നിങ്ങൾ കാരണം വന്നുകൂടിയ കുറ്റങ്ങളാണ്. ഇതാണ് ഞങ്ങൾ ഉന്നയിച്ചിരിക്കുന്ന പ്രശ്നം. ഈ പ്രശ്നത്തെ നിങ്ങൾ നേരിട്ടിട്ടില്ല. അതുകൊണ്ട് കാർഗിലിന്റെ രക്തംപുരണ്ട മേഘസന്ദേശം അത് വിക്രമിന്റെയും വിശ്വനാഥൻമാരു

LIBRARY ARCHIVES Kerala Legislative Assembly

ടെയും വീടുകളിൽ മാത്രമല്ല നമ്മുടെയെല്ലാം ഭവനങ്ങളിൽ നമ്മുടെ ചിന്തകളെ മദിച്ചുകൊണ്ടിരിക്കുമ്പോൾ ആന്റണി ഒഴിഞ്ഞുമാറുന്നു. ശ്രീമതി ശോഭനാ ജോർജ് ഇതിനു മറുപടി പറയാൻ തയ്യാറായില്ല. അവർക്ക് മറുപടിയായല്ല, അത് ഉദ്ദേശിച്ചല്ലെങ്കിലും പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഈ രക്തത്തുള്ളികൾക്ക് കോൺഗ്രസ്സ് (ഐ)യും മറുപടി പറയേണ്ടിവരും എന്നു ഞാൻ പറയുകയാണ്. അതിലേയ്ക്കു ഞാൻ കൂടുതൽ കടക്കുന്നില്ല. ഇതുപോലുള്ള പ്രശ്നങ്ങളടക്കം ഉന്നയിച്ചുകൊണ്ടു നേതാക്കൻമാർ ഇവിടെ ആശയപരമായി പോരാട്ടം നടത്തുമ്പോൾ ഇരുപത്തിയൊൻപത് ദിവസം നീണ്ടുനിൽക്കാൻ പോകുന്ന രക്തരഹിതമായ മഹത്തായ ഈ സഭയിലെ ഈ ആശയസമരത്തെ ഈ രാഷ്ട്രീയ സമരത്തെ ഒരുതരം രക്തരൂക്ഷിത സമരമാക്കാൻ കണ്ണൂരിൽ നിന്നുള്ള സുധാകരനും അതുപോലെ അഗസ്തിയുമൊന്നും ശ്രമിക്കരുതെന്ന് ശ്രീമാൻ ആന്റണി അവർക്ക് മുന്നറിയിപ്പ് നൽകണം. ഇന്നലത്തെ ചില നടപടികൾ കണ്ടതുകൊണ്ട് ഞാൻ പറയുകയാണ്. ഇന്നലെ ആശയസമരമായിരുന്നു. ഈ ആശയസമരത്തിൽ ഞങ്ങൾക്കൊന്നും മറയ്ക്കാനില്ല, ഞങ്ങൾക്കൊന്നും ഒളിച്ചുവയ്ക്കാനില്ല. ഒന്നും തന്നെ ഭയപ്പെടാനില്ല. ഇരുപത്തിയൊൻപതു ദിവസവും നിങ്ങളെ ഞങ്ങൾ വെല്ലുവിളിക്കുകയാണ്. നേർക്കുനേർ നേരിടുകയാണ്. ഇന്നലത്തെയും ഇന്നത്തെയും പോരാട്ടത്തിൽത്തന്നെ നിങ്ങളിൽ പലരെയും ഞങ്ങൾ കൈയോടെ പിടികൂടി തൽക്കാലം വെറുതെ വിട്ടിരിക്കുകയാണ്. നിങ്ങളെ ഞങ്ങൾ പിടികൂടി. ഞങ്ങൾ ജയിച്ചു. പക്ഷെ നിങ്ങളെ ഞങ്ങൾ ഇപ്പോൾ വെറുതെവിട്ടിരിക്കുന്നു. നമുക്ക് വീണ്ടും പോരാടാം. അല്ലാതെ പാകിസ്ഥാൻ പട്ടാളം ചെയ്തതുപോലെ, പിടികൂടിയവരെ അവർ ശാരീരികമായി അംഗഭംഗം ചെയ്തതുപോലെ നിങ്ങളെ അംഗഭംഗം ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഒരിക്കലുമില്ല. നിങ്ങൾ ആരെയാണ് സംരക്ഷിക്കുന്നത്? പാകിസ്ഥാൻ പട്ടാളവും അഫ്ഗാൻ കൂലിപ്പട്ടാളവും ചേർന്ന് പിടികൂടിയ ഇൻഡ്യൻ ജവാൻമാരെ എങ്ങനെ അംഗഭംഗം ചെയ്തുവെന്ന് ഈ പതിനഞ്ചു മിനിട്ടിനുള്ളിൽ എനിക്കു വിശദീകരിക്കാൻ കഴിയുകയില്ല. മറ്റു പലതും പറയണം. പക്ഷെ ഞാൻ പറയുകയാണ്, അവരുടെ ക്രൂരതയും നിങ്ങൾ കാരണം അധികാരത്തിൽ ഇരുത്തുവാൻ കാരണമായ, നിങ്ങൾ കാരണം അധികാരത്തിൽ ഇരിക്കുന്ന ആർ.എസ്.എസ്. ന്റെ ഒറീസയിലെ മിഷണറിമാരെ കശാപ്പ് ചെയ്ത ക്രൂരതയും തമ്മിൽ എന്താണ് വ്യത്യാസം? അവിടെ ആസ്ട്രേലിയൻ മിഷണറിമാരേയും കുഞ്ഞുങ്ങളേയും ചുട്ടുകൊന്ന ബജരംഗ്ദൾ കാപാലികൻമാരാണോ കൂടുതൽ ക്രൂരർ, അതോ അഫ്ഗാനിസ്ഥാൻ കൂലിപടയാളികൾ ആണോ കൂടുതൽ ക്രൂരർ, അതോ പാകിസ്ഥാൻ പടയാളികളാണോ കൂടുതൽ ക്രൂരർ എന്ന് ഉപമിക്കുകയാണെങ്കിൽ ഇന്നത്തെ യുദ്ധ പരിതസ്ഥിതിയിൽ പാക് ആക്രമികളാണ് കൂടുതൽ ക്രൂരർ എന്നു ഞാൻ പറയുമെങ്കിലും "ക്രൂരതയിൽ ആരാണ് ക്രൂരർ" എന്നു പറഞ്ഞാൽ രണ്ടുകൂട്ടരും ഒരുപോലെ ക്രൂരരാണ് എന്നു ഞാൻ പറയുകയാണ്.

[2 P.M.] സർ, ബജരംഗ്ദിലെ, കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്യുന്നവരെ, രണ്ടായിരത്തോളമാണ്ടുകൾക്ക് അപ്പുറത്തുണ്ടായ ആ മഹാത്യാഗത്തെയിപ്പോഴും മൂകമാണെങ്കിലും ഉച്ചത്തിൽ വർണ്ണിക്കുന്ന ഏകമുഖമായ കുരിശിനെ മാത്രം വാഴ്ത്തിയ, മറ്റാരേയും വാഴ്ത്താതിരുന്ന ആ കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്ത മദ്ധ്യപ്രദേശിലെ നീചന്മാരെ മിഷനറിയേയും കുട്ടികളേയും ചുട്ടുകൊന്ന ഒറീസ്സയിലെ നീചന്മാരെ നിങ്ങളുടെ കോൺഗ്രസ് (ഐ) ഗവണ്മെന്റ് ഇതുവരെ പിടികൂടിയിട്ടില്ല. മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ആന്റണി അതിനെപ്പറ്റി പറഞ്ഞില്ല. നിങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളാണ് ഉത്തരവാദി. ബി.ജെ.പി. ചെയ്യുന്ന ഓരോ തോന്ന്യാസത്തിനും ഉത്തര വാദി ഭംഗ്യന്തരേണ നിങ്ങളാണ്. അവർ ചെയ്ത ഓരോ കൊലപാതകത്തിനും ഭംഗ്യന്തരേണ നിങ്ങളാണ് ഉത്തരവാദി. നമ്മുടെ പ്രിയപ്പെട്ട രാജ്യത്ത് 13 മാസത്തെ ബി.ജെ.പി. ഭരണത്തിൽ പാകിസ്ഥാന് കയറാൻ അവസരം കൊടു ക്കുകയും അങ്ങനെ അവരെ തുരത്താം എന്നുള്ള മട്ടിൽ ഒരു യുദ്ധം നടത്തി ഹൈന്ദവ വർഗ്ഗീയതയെ ഉദ്ദീപിപ്പിച്ച് മുസ്ലീം വിരോധമുണ്ടാക്കി; പാകിസ്ഥാൻ വിരോധമുണ്ടാക്കി, ഇലക്ഷനെ നേരിടാൻവേണ്ടി വാജ്പേയി നടത്തിയ കള്ള ക്കളി രാഷ്ട്രീയ ഇച്ഛാശക്തിയില്ലാത്ത നിങ്ങൾക്ക് മനസ്സിലായില്ല. വാജ്പേയി കയറിയ ദിവസം മുതൽ അവരെ താഴെയിറക്കൂ എന്ന് സി.പി.ഐ. (എം) പറ ഞ്ഞതാണ്, ഇടതുപക്ഷപ്രസ്ഥാനം പറഞ്ഞതാണ്. നിങ്ങൾ പുച്ഛിച്ചു. അവ സാനം നമ്മൾ താഴെയിറക്കുമ്പോൾ സോണിയാഗാന്ധി പറഞ്ഞു മൂന്നാംമുന്ന ണിക്കും പിന്തുണയില്ല, നാലാം മുന്നണിക്കും പിന്തുണയില്ലെന്ന്. നാലാം മുന്നണി എന്നൊരു മുന്നണി ഇല്ലല്ലോ. മൂന്നാം മുന്നണിയോടുള്ള പുച്ഛമാണ്. അങ്ങനെ പറയാൻ കാരണം. സോണിയാ ഗാന്ധി ഇറ്റലിക്കാരിയാണെന്ന് പറ ഞ്ഞാലും ഈ രാജ്യത്തെ ഒരു പൗര എന്നുള്ള നിലയ്ക്ക് ഈ രാജ്യത്തെ ജന ങ്ങൾ അംഗീകരിച്ചാൽ ഏത് പോസ്റ്റിലും അവർക്ക് ഇരിക്കാനുള്ള അവകാശമു ണ്ടെന്ന് പറഞ്ഞ പാർട്ടിയാണ് സി.പി.ഐ. (എം). നിങ്ങളുടെ പ്രിയങ്കരനായ ശ്രീ. എ.കെ. ആന്റണി എടുത്തുവായിച്ച People's Democracy യുടെ authority ആയിട്ടുള്ള സി.പി.ഐ. (എം) ന് എതിരായി ഇവിടെ നിന്ന് അനാവശ്യമായി നിങ്ങൾ സംസാരിക്കുമ്പോൾ നിങ്ങൾ സോണിയാ ഗാന്ധിയെ അധികാരത്തി ലേറ്റാനല്ല; നിങ്ങൾ അവിടെ ഫെർണാണ്ടസിനെ ഇരുത്താനാണ്. വാജ്പേ യിയെ ഇരുത്താനാണ് നോക്കുന്നത്. ക്രൂരമായ ഒരു ഇടതുപക്ഷവിരോധം, ഒരു തൊഴിലാളി വിരോധം, ജനവിരോധം, നായനാർ വിരോധം കേരളത്തിൽ വരുമ്പോൾ നിങ്ങൾക്ക് ഉണ്ടായിരിക്കുന്നു. പശ്ചാത്തപിക്കാൻ സമയമുണ്ട്. അതാണ് മി. എ.കെ. ആന്റണി ഞങ്ങൾ പറയുന്നത്. ഞാൻ ദീർഘിപ്പിക്കു ന്നില്ല. ഇവിടെ ഒരുപാട് കാര്യങ്ങളെപ്പറ്റി പറഞ്ഞു. ബാബറി മസ്ജിദ് പൊളി ക്കാൻ ആർ.എസ്.എസ്. ന് കൂട്ട് നിന്നത് നിങ്ങളല്ലേ? പറഞ്ഞകാര്യം ആവശ്യ മെങ്കിൽ വീണ്ടും വീണ്ടും ഞങ്ങൾ പറയും. ബാബറി മസ്ജിദ് പൊളിച്ച ആർ. എസ്.എസ്.-ന് നിങ്ങളല്ലേ കൂട്ടുനിന്നത്? അന്നു പ്രധാനമന്ത്രിയായിരുന്ന നര സിംഹറാവു കണ്ടുകൊണ്ടു നിന്നതല്ലേ? സോണിയാഗാന്ധി മാപ്പ് പറഞ്ഞു. കുറ്റബോധം കൊണ്ടാണ് മാപ്പു പറഞ്ഞത്. കുറ്റം ചെയ്തുവെന്ന് അങ്ങനെ സോണിയാഗാന്ധി സമ്മതിച്ചുകഴിഞ്ഞു. നിങ്ങൾ ഇവിടെ സമ്മതിക്കുകയില്ല.

സർ, നിങ്ങൾ അമൃതസറിലെ സുവർണ്ണക്ഷേത്രത്തിൽനിന്ന് ഒരു ഭീക രനെ സമയത്ത് പിടിക്കാതെ അയാളെ കയറൂരിവിട്ട്, അയാളേയുംകൊണ്ട് ഇന്ദിരാഗാന്ധി ഇൻഡ്യാ രാജ്യത്ത് തെരഞ്ഞെടുപ്പുകളിൽ പ്രസംഗിച്ചിട്ട് അവ സാനം അയാൾ കൈപ്പിടിയിൽ ഒതുങ്ങാതിരുന്നപ്പോൾ അയാളെ കൊല്ലാൻ അവസാനം നിങ്ങൾ എന്താണ് ചെയ്തത്? ഗ്രന്ഥമാണ് അവിടത്തെ ദൈവം. ഇസ്ലാം മതം പോലെ വിഗ്രഹാരാധനയില്ലാത്ത മഹത്തായ ഒരു മതമാണ് സിക്ക് മതം. നമ്മുടെ ഹിന്ദുമതംപോലെ കാക്കത്തൊള്ളായിരം ദൈവങ്ങളും ******† ദൈവങ്ങളുള്ള ഒരു മതമല്ല, ഇസ്ലാം മതവും നമ്മുടെ രാജ്യത്തെ സിക്ക് മതവുമൊക്കെ ********† ഹിന്ദുക്കൾക്ക് ഇതിൽ അഭിപ്രായ വ്യത്യാസ മില്ല. അങ്ങനെയുള്ള മതമല്ല സിക്ക് മതം. അങ്ങനെയുള്ള മതമല്ല ഇസ്ലാം മതം. ആ സിക്ക് മതത്തിന്റെ മഹാഗ്രന്ഥമായിട്ടുള്ള ഗുരുഗ്രന്ഥസാഹിബിനെ

† സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ബോംബിട്ട് തകർത്ത ഇന്ദിരാഗാന്ധിയുടെ ആ ഭരണം ..... അതിന് സോണിയാ ഗാന്ധി മാപ്പുപറഞ്ഞുവെന്നുള്ളത് ശരിയാണ്. അദ്വാനിയുടെ രഥ യാത്രയെ തടഞ്ഞത് അദ്വാനിയെ അറസ്റ്റു ചെയ്തതും വി.പി. സിംഗാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. *********കോടിക്കണക്കിന് ആളുകൾ വിശ്വസിക്കുന്ന ആ ഹിന്ദുമതത്തെ ഇതു പോലെ സഭയിൽ പുച്ഛിക്കുന്നത് ശരിയല്ല. അത് റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണം.

ശ്രീ. ജി. സുധാകരൻ : *******നിങ്ങൾ ചില അമ്പലങ്ങളിലുള്ള തൂണു കളിൽപ്പോയി നോക്കൂ. അത് സംശയമില്ലാത്ത കാര്യമല്ലേ?

മി. ചെയർമാൻ (ശ്രീ. സി.പി. ബാലൻ വൈദ്യർ) : അത് രേഖ പരിശോ ധിച്ച് പറയാം.

ശ്രീ. ജി. സുധാകരൻ : സർ, കോൺഗ്രസ് (ഐ) ഇങ്ങനെ ചാടിയിട്ട് കാര്യമില്ല. രാഷ്ട്രീയ ശിരസ്സില്ലാത്ത കബന്ധങ്ങളാണ് ഇവർ. കോൺഗ്രസ് (ഐ) ക്ക് രാഷ്ട്രീയ ശിരസ്സില്ല. രാഷ്ട്രീയ ശിരസ്സ് ഇല്ലാത്ത രാഷ്ട്രീയ കബ ന്ധങ്ങൾ വസ്തുതകൾ പറയുമ്പോൾ കിടന്ന് തുള്ളുകയാണ്. രാഷ്ട്രീയ ശിര സ്സില്ലാത്ത കബന്ധങ്ങൾ ലക്കും ലഗാനുമില്ലാതെ തുള്ളിയിട്ട് കാര്യമില്ല. അവി ടെയിരിക്കുന്നവർ കൂടുതലും പൊളിറ്റിക്കൽ മഗ്സു മൂട്ടകൾ ആണ്. ഞാനല്ല ഉത്തരവാദി. രാഷ്ട്രീയ മൂട്ടകളുടെ ഈ ബഹളംകൊണ്ടൊന്നും യാതൊരു കാര്യവുമില്ല. ..... (ബഹളം) .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശ്രീ. സുധാകരൻ പറഞ്ഞത് പിൻവലി ക്കണം.

മി. ചെയർമാൻ : അത് പരിശോധിച്ച് പറയാമെന്ന് പറഞ്ഞല്ലോ.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ പറയാൻ പോകുന്നത് വേറൊരു കാര്യമാണ്. കോൺഗ്രസിന്റെ സ്ഥിതി വാസവദത്തയുടെ സ്ഥിതിയാണ്. ശ്മശാനത്തിൽ കിടന്ന വാസവദത്തയുടെ സ്ഥിതിയാണ് കോൺഗ്രസ്സിന്റെ സ്ഥിതി ..... (ബഹളം) .....

ശ്രീ. എ.കെ. ആന്റണി : സർ, ഈ അസംബ്ലിയിൽ വന്ന് ശ്രീ. ടി.കെ. ഹംസ മാതാ അമൃതാനന്ദമയിയെക്കുറിച്ച് പരാമർശനം നടത്തി ഈ സ്റ്റേറ്റിൽ ഉണ്ടാക്കിയ കോളിളക്കം അറിയാം. ആവശ്യമില്ലാത്ത ഇഷ്യു ഉണ്ടാക്കുകയാ ണ്. ഇൻഡ്യയിലെ കോടിക്കണക്കിന് ഹിന്ദുമത വിശ്വാസികളുടെയിടയിൽ ആവശ്യമില്ലാത്ത വികാരമുണ്ടാക്കാനുള്ള പദപ്രയോഗമാണ്. ഇങ്ങനെ ഹിന്ദുമ തത്തെ ആക്ഷേപിച്ചുകൊണ്ടല്ല നിങ്ങൾ ന്യൂനപക്ഷങ്ങളുടെ വോട്ടിനുവേണ്ടി ശ്രമിക്കേണ്ടത്. ഇത് ശരിയായ സമീപനമല്ല. ആ പദപ്രയോഗം പിൻവലിക്ക ണം. ഞങ്ങൾക്ക് അതിന് കൂട്ട് നിൽക്കാൻ സാദ്ധ്യമല്ല. ആ പദപ്രയോഗം പിൻവലിക്കണം.

മി. ചെയർമാൻ (ശ്രീ. സി.പി. ബാലൻ വൈദ്യർ) : പരിശോധിച്ചു മറു പടി പറയാം.

ശ്രീ. ജി. സുധാകരൻ : സർ, സഭാനടപടികൾക്ക് വിരുദ്ധമായിട്ടുള്ളത് എന്തെങ്കിലും ഉണ്ടെങ്കിൽ ചെയർ പരിശോധിച്ച് നീക്കം ചെയ്യട്ടെ. എനിക്ക് അതിൽ അഭിപ്രായവ്യത്യാസമില്ല. ഞാൻ പറഞ്ഞത് എന്താണ്? **********

എല്ലാവരുടെയും കാര്യമല്ല പറഞ്ഞത്. അത് അമ്പലങ്ങളിൽ കൊത്തി വച്ചിട്ടുണ്ട്. എന്താണ് വസ്തുത? വസ്തുതയാണ് പറഞ്ഞത്. ഞാൻ ഹിന്ദുമത

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ജനിച്ച ആളാണ്. നിങ്ങളുടെ വക്കാലത്ത് ഒന്നും വേണ്ട. ശ്രീ. എ.കെ. ആന്റണിയുടെ വക്കാലത്ത് ഒന്നും വേണ്ട. ഞാൻ ഹിന്ദുമതത്തിൽ ജനിച്ചതാണ്. ********** അതുപോലെയല്ല സിക്ക് മതം എന്നാണ് ഞാൻ പറഞ്ഞത്. അതു പോലെയല്ല ഇസ്ലാംമതം എന്നാണ് ഞാൻ പറഞ്ഞത്. എന്താണ് പ്രശ്നം? ഇതിൽ എന്താണ് തർക്കം? നിങ്ങൾക്ക് എന്താണ് വേണ്ടത്? നിങ്ങൾ ഹിന്ദു ദൈവത്തെ എന്തിനാണ് പിടിക്കുന്നത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ആ പദപ്രയോഗം പിൻവലിക്കണം.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഞാൻ പിൻവലിക്കാനൊന്നും പോകുന്നില്ല. പിൻവലിക്കേണ്ട യാതൊരു കാര്യവുമില്ല. ഞാൻ പറഞ്ഞത് ഞാൻ പിൻവലിക്കാൻ പോകുന്നില്ല. അങ്ങനെ നിങ്ങൾ ഹിന്ദുക്കളുടെ വോട്ട് എല്ലാം വാങ്ങുമെന്ന് കരുതേണ്ട. ഞങ്ങൾ അക്കാര്യം നോക്കിക്കൊള്ളാം. ഹിന്ദുക്കളുടെ കാര്യം ഹിന്ദുക്കൾ നോക്കിക്കൊള്ളും. യു.ഡി.എഫ്. ബേജാറാവേണ്ട. വാസ്തവത്തിൽ കോൺഗ്രസ് (ഐ) വളരെ വളരെ പരിതാപകരമായ ഒരു സ്ഥിതിയിലാണ്. കുമാരനാശാന്റെ വാസവദത്തയുടെ സ്ഥിതിയിലാണ് ശ്മശാനത്തിൽ കിടക്കുന്ന വാസവദത്തയുടെ .....

"ഉത്തര മഥുരാപുരിക്കുത്തരോപാന്തത്തിലുള്ള
വിസ്തൃത രാജവീഥിതൻ കിഴക്കരികിൽ,
.....
.....
വ്യാളിമുഖം വച്ചുതീർത്ത വാതിലാർന്നക-
ത്താളിരുന്നാൽ കാണും ചെറുമതിലിന്നുള്ളിൽ,
.....
.....
കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞി പോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി"

എന്ന് പറയുന്ന ഒരു സ്ഥിതി കോൺഗ്രസിന് പണ്ട് ഉണ്ടായിരുന്നു. ഇന്ന് ആ സ്ഥിതിയില്ല. ഇന്ന് സ്ഥിതി വളരെ വളരെ മോശമാണ്. രാഷ്ട്രീയ ശ്മശാനത്തിൽ കിടക്കുകയാണ്. സീറ്റുകളാകുന്ന അംഗോപാംഗങ്ങൾ എല്ലാം നഷ്ടപ്പെട്ട്, വോട്ടാകുന്ന അംഗോപാംഗങ്ങൾ എല്ലാം നഷ്ടപ്പെട്ട് ഈ രാജ്യത്തെ അധികാരങ്ങളെല്ലാം പോയി രാഷ്ട്രീയ ശ്മശാനത്തിൽ രാഷ്ട്രീയ വാസവദത്തയായി ഈ കോൺഗ്രസ് കിടക്കുകയാണ്. ആ രാഷ്ട്രീയ ശ്മശാനത്തിൽ ചെന്ന് ഈ രാജ്യത്തെ ഇടതുപക്ഷനേതാവ് സഖാവ് സുർജിതിനെ പോലുള്ള, ഈ രാജ്യത്തെ ഉത്തമൻമാരായ, നേതാക്കൻമാർ..... (ബഹളം) .....

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, ശ്രീ. സുധാകരൻ പറഞ്ഞത് പിൻവലിക്കണം.

<u>മി. ചെയർമാൻ</u> : പിൻവലിക്കണമോ വേണ്ടയോ എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ തീരുമാനിക്കേണ്ടതാണ്. പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് എന്ത് ചെയ്യണമെന്നുള്ളത് ചെയർ ആലോചിച്ച് പറയാം.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ദേശീയ പാരമ്പര്യമുള്ള കോൺഗ്രസ് ഇന്ന് വാസവദത്തയുടെ സ്ഥിതിയിൽ രാഷ്ട്രീയ ശ്മശാനത്തിൽ കിടക്കുമ്പോൾ ആ കോൺഗ്രസിന്റെ ഗതികേടും ദയനീയാവസ്ഥയും കണ്ട് വിഷമം തോന്നിയതുകൊണ്ട് സഖാവ് സുർജിത് രണ്ടുതുള്ളി കണ്ണുനീർ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

അർപ്പിച്ചു. അങ്ങനെയാണ് ആ മഹാന്റെ കണ്ണിൽ നിന്ന് തുള്ളി അശ്രുകണം ആമലീകഫലം പോലെ അടർന്നുവീണത് ..... (ബഹളം) ..... വാസവദത്തയുടെ ശ്മശാനത്തിൽ രണ്ടുതുള്ളി കണ്ണുനീർ അടർന്നുവീണ സഖാവ് സുർജിത് പറഞ്ഞു ''കഷ്ടമായിപ്പോയി''. സുർജിത് എന്ന ഉപഗുപ്തന്റെ കണ്ണിൽ നിന്ന് രണ്ടിറ്റ് കണ്ണുനീർ രാഷ്ട്രീയമായി വീണപ്പോൾ അതിനെ ദുർവ്യാഖ്യാനം ചെയ്തിട്ട് കാര്യമില്ല. ഞങ്ങൾ വസ്തുതകളേ പറയൂ. ഇവരുടെ ഏറ്റവും വലിയ വ്യാമോഹം ഇൻഡ്യ ഇരുകക്ഷി ഭരണത്തിലേക്ക് വരുമെന്നാണ്. അമേരിക്കയിലെപ്പോലെ, ഇംഗ്ലണ്ടിലെപ്പോലെ ദ്വികക്ഷി ഭരണത്തിലേക്ക്, കൺസർവേറ്റീവ് ഭരണമെന്നും റിപ്പബ്ലിക് ഭരണമെന്നും ഡെമോക്രാറ്റിക് ഭരണമെന്നും മാറിമാറി പറഞ്ഞുകൊണ്ട് നമ്മുടെ രാജ്യത്തെ ഒരു ദ്വികക്ഷിഭരണത്തിലേക്ക് കൊണ്ടുവരാമെന്നാണ് വ്യാമോഹിക്കുന്നത്. ഇംഗ്ലണ്ടിൽ മുഖ്യകക്ഷിയായ ലിബറലിന് കാര്യമായി സീറ്റില്ല. അമേരിക്കൻ മുഖ്യകക്ഷി തന്നെ പാർലമെന്റിലില്ല. അതാണോ, ഇൻഡ്യയുടെ സ്ഥിതി? ശ്രീമാൻ ആന്റണി, സത്യത്തെ നിഷേധിക്കാതെ. ഇവിടെ ബി.ജെ.പി. മുന്നണി, കോൺഗ്രസ് (ഐ) മുന്നണി, മൂന്നാം മുന്നണി എന്നിവ ഉണ്ട്. അതിന് വെളിയിലുള്ള ചില പാർട്ടികളും ഉണ്ട്. ഒന്നുകിൽ കോൺഗ്രസ് അല്ലെങ്കിൽ ബി.ജെ.പി. എന്നത് കോൺഗ്രസിന്റെ രാഷ്ട്രീയ മരുഭൂമിയിലെ ദിവാസ്വപ്നമാണ്.

ബഹുമാനപ്പെട്ട ആന്റണി, ഞാൻ നിങ്ങളോട് ചോദിക്കുകയാണ്, അമേരിക്കയാണോ ഇൻഡ്യ? ഇംഗ്ലണ്ട് ആണോ ഇൻഡ്യ? എന്താണ് ഇൻഡ്യയിലെ രാഷ്ട്രീയ കക്ഷികളുടെ സ്ഥിതി? അമേരിക്കയിൽ പ്രധാനമായി രണ്ട് പാർട്ടികൾ ഉള്ളപ്പോൾ, ഇംഗ്ലണ്ടിൽ പ്രധാനമായി രണ്ട് പാർട്ടികൾ ഉള്ളപ്പോൾ 477 രാഷ്ട്രീയ പാർട്ടികളുണ്ട് ഇൻഡ്യയിൽ. ആറ് ദേശീയ പാർട്ടികളുണ്ട്. ബി.ജെ.പി., കോൺഗ്രസ് (ഐ), സി.പി.ഐ. (എം), സി.പി.ഐ. ജനതാദൾ അടക്കമുള്ള ആറ് ദേശീയപ്പാർട്ടികൾ. 431 റീജിയണൽ പാർട്ടികൾ. ഇത്തരത്തിലുള്ള 477 രാഷ്ട്രീയകക്ഷികൾ ഈ രാജ്യത്തുണ്ട് .....(ബഹളം) .....

മി. ചെയർമാൻ : മി. സുധാകരൻ, അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. ജി. സുധാകരൻ : അതിൽ 1988-ലെ തെരഞ്ഞെടുപ്പിൽ 545 സീറ്റിൽ 170 സീറ്റുകൾ 34 പ്രാദേശിക പാർട്ടികളാണ് വാങ്ങിയത്. 375 സീറ്റുകളാണ് ദേശീയ പാർട്ടികൾക്ക് കിട്ടിയത്. ഇതു കാണിക്കുന്നത് ബൈ-പോളാർ പൊളിറ്റിക്കൽ സിസ്റ്റം ഇൻഡ്യയിൽ അസാദ്ധ്യമാണെന്നാണ് ഇൻഡ്യയുടെ രാഷ്ട്രീയ ഘടനയ്ക്ക് അസംഭവ്യമാണ് എന്നാണ്. ഇൻഡ്യയിൽ അതിന് വസ്തുനിഷ്ഠമായ അടിത്തറയില്ല. ഇങ്ങനെയുള്ള പ്രാദേശിക പാർട്ടികളെയും താൽക്കാലിക പാർട്ടികളെയും ദേശീയ പാർട്ടികളെയും മറികടന്നുകൊണ്ട് ഒന്നുകിൽ ബി.ജെ.പി. അല്ലെങ്കിൽ കോൺഗ്രസ് (ഐ) എന്നു പറയുന്ന ടൂ - പോളാർ പൊളിറ്റിക്കൽ സിസ്റ്റം നിങ്ങളുടെ വെറും മിഥ്യാ സങ്കൽപ്പമാണ്. കോൺഗ്രസ് (ഐ) ഒറ്റക്ക് അധികാരത്തിൽ വരുമെന്നുള്ളത് നിങ്ങളുടെ മിഥ്യാ സങ്കൽപ്പമാണ്. ബി.ജെ.പി. ക്ക് ഒറ്റയ്ക്ക് അധികാരത്തിൽ വരാൻ കഴിയുമെന്നുള്ളത് നിങ്ങളുടെ മിഥ്യാ സങ്കൽപ്പമാണ്. .....(ബഹളം).....

മി. ചെയർമാൻ : മി. സുധാകരൻ, അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അങ്ങ് റിക്കോർഡ് പരിശോധിച്ചിട്ട് *********** എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിൽനിന്ന് നീക്കം ചെയ്യണം. അങ്ങനെ പറയാൻ പാടില്ല. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിലുണ്ടാകാൻ പാടില്ല. ഇക്കാര്യം അങ്ങ് പറയണം.

മി. ചെയർമാൻ : രേഖ പരിശോധിച്ചിട്ട് ആവശ്യമായ കാര്യം ചെയ്യും. അദ്ദേഹം പ്രസംഗിച്ചത് ഞാൻ ശ്രദ്ധിച്ചില്ല. അദ്ദേഹം സംസാരിച്ചതിൽ ********* എന്ന് പറഞ്ഞിട്ടുണ്ടോയെന്ന് രേഖ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ********** എന്നോ, അല്ലെങ്കിൽ അതുപോലെ എന്തെങ്കിലുമോ പറഞ്ഞ് ********** പരാമർശിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിൽ പാടില്ല, അത് രേഖയിൽ നിന്ന് നീക്കം ചെയ്യുമെന്നാണ് അങ്ങ് പറയേണ്ടത്.

മി. ചെയർമാൻ : അത് പറഞ്ഞ് കഴിഞ്ഞു.

ശ്രീ. എ.കെ. ആന്റണി : നമ്മളെല്ലാവരും കേട്ടതാണ്. ****** എന്നു പറഞ്ഞു. ഇത് നമ്മൾ ഈ രാജ്യത്ത് ഹിന്ദുക്കളാകട്ടെ, ക്രിസ്ത്യാനികളാകട്ടെ, മുസ്ലീങ്ങളാകട്ടെ, മതവിശ്വാസികളുടെ വികാരം ആവശ്യമില്ലാതെ ആളിക്കത്തിച്ച് ഇവിടെ സംഘർഷമുണ്ടാക്കുന്നത് അപകടമാണ്. ഈ സഭയിൽത്തന്നെ മാതാ അമൃതാനന്ദമയിയെക്കുറിച്ച് ശ്രീ. ഹംസ ഒരു പരാമർശം നടത്തിയതിനുശേഷം ഇൻഡ്യയൊട്ടുക്ക്, കേരളമൊട്ടുക്ക് കോളിളക്കമുണ്ടാക്കിയതിനുശേഷമാണ് ദിവസങ്ങൾ കഴിഞ്ഞ് ശ്രീ. ഹംസ ആ പരാമർശം പിൻവലിച്ചത്. ശ്രീ. സുധാകരന്റെ പരാമർശം നാളെ പുറത്ത് ആവശ്യമില്ലാത്ത സംഘർഷമുണ്ടാക്കുന്നതിനുപകരം ബഹുമാനപ്പെട്ട സുധാകരാ, ആർജ്ജവത്തോടുകൂടി അത് പിൻവലിക്കുക. അതാണ് നല്ലത്. അതാണ് അങ്ങേയ്ക്ക് അന്തസ്സ്. മാർക്സിസ്റ്റുപാർട്ടിക്ക് അന്തസ്സ്. തെറ്റായ നിലപാടിൽ ഉറച്ചുനിൽക്കരുത്.

മി. ചെയർമാൻ : അത് പിൻവലിക്കണമോ വേണ്ടയോ എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്.

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിലായതുകൊണ്ട് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഒരു അഭിപ്രായം പറഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ഇവിടെ എടുക്കുന്ന ഏത് തീരുമാനവും എനിക്ക് ബാധകമാണ്. ബഹുമാനപ്പെട്ട സ്പീക്കർ അത് പറയണം. എനിക്ക് ഇക്കാര്യത്തിൽ ഒരു കുറ്റബോധവുമില്ല. എനിക്ക് ഒരു കുറ്റബോധമുണ്ടാകാനും പോകുന്നില്ല. കാരണം, ***** ഞാൻ പറഞ്ഞിട്ടില്ല.....(ബഹളം).....

ഞാൻ സിക്കുമതത്തിന്റെയും മുസ്ലീം മതത്തിന്റെയും വിഗ്രഹാരാധനയില്ലാത്ത പ്രാധാന്യത്തെപ്പറ്റിയാണ് പറഞ്ഞത്. ഇവിടെ എല്ലാ എഴുത്തുകാരും പണ്ഡിതൻമാരും കവികളും എഴുതിയ കാര്യമാണ്.....(ബഹളം).....

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു എന്നിവർ ഇത് പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയ നേതാവായ താത്വികാചാര്യൻ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് ലേഖനത്തിൽ പറഞ്ഞിട്ടുള്ള കാര്യമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഇവിടെ സുധാകരൻ പറഞ്ഞത് ********** എന്ന് അദ്ദേഹം പറഞ്ഞിട്ടില്ലെന്നാണ്. ഉണ്ടെങ്കിൽ പിൻവലിക്കണം. അത് രേഖയിലുണ്ടാകാൻ പാടില്ല, പത്രങ്ങൾ റിപ്പോർട്ട് ചെയ്യാനും പാടില്ല.....(ബഹളം).....

മി. ചെയർമാൻ : ശ്രീ. സുധാകരന്റെ പ്രസംഗത്തിൽ അത്തരത്തിലൊരു വാക്ക് വന്നിട്ടുണ്ടെങ്കിൽ അത് രേഖയിൽനിന്ന് നീക്കുന്നു.....(ബഹളം).....

ശ്രീ. എ.കെ. ആന്റണി : ശ്രീ. സുധാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിലുള്ള ഈ പദപ്രയോഗം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് അദ്ദേഹത്തിന്റെ പ്രസംഗം കഴിയുന്നതുവരെ ഞങ്ങൾ സഭ ബഹിഷ്ക്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി)

മി. ചെയർമാൻ : ബഹുമാനപ്പെട്ട സുധാകരാ, അങ്ങയുടെ പ്രസംഗത്തിൽ********** എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിൽനിന്ന് നീക്കിയിരിക്കുന്നു.

ശ്രീ. ജി. സുധാകരൻ : സർ, ഡൽഹിയിലെ പോലീസ് സ്റ്റേഷനിൽ ഒരു മോട്ടോ എഴുതി വച്ചിട്ടുണ്ട്. "All Policemen are citizens with uniform; All citizens are policemen without uniform" ഇതൊരു നല്ല ഐഡിയലാണ്. നമ്മുടെ രാജ്യത്തെ ഏത് പോലീസിനും ഉപയോഗിക്കാവുന്ന ഒരു ഐഡിയലാണ്. നമ്മുടെ കേരളത്തിലെ പോലീസിനെ ആ മോട്ടോ അനുസരിച്ച് മാറ്റാനാണ് ബഹുമാനപ്പെട്ട നായനാരുടെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്നു വർഷമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ, ഈ മോട്ടോ കോൺഗ്രസ് (ഐ) യുടെ ഭരണകാലത്ത് ഡൽഹിയിലെ പോലീസ് സ്റ്റേഷനിൽ എഴുതിവച്ചപ്പോൾ ശ്രീ. സെബാസ്റ്റ്യൻ പോൾ പറഞ്ഞതുപോലെ കൊളോണിയൽ ഹാംഗ് ഓവർ പോലീസിന്റെ മേൽനിന്നും ഒഴിവാക്കുന്നതിന് നമ്മുടെ രാജ്യത്തെ കേന്ദ്രഭരണകൂടം നാളിതുവരെ ഒന്നും ചെയ്തിട്ടില്ല. പോലീസിൽ പഴയ രീതികൾ ധാരാളമുണ്ട്. അതിന്റെ കുഴപ്പമാണ്. ഒരു ഗവൺമെന്റ് മാറിവന്നാലും ആ ഗവൺമെന്റിന്റെ നയങ്ങൾ മുഴുവൻ മനസ്സിലാക്കി പ്രവർത്തിക്കണമെങ്കിൽ പോലീസിനെ ഈ കൊളോണിയൽ ഹാംഗ് ഓവറിൽനിന്ന്, ഈ 50 വർഷക്കാലത്തെ അവരുടെ മോശപ്പെട്ട പഴയകാല പാരമ്പര്യത്തിൽനിന്ന് മോചിപ്പിക്കണം. അതിനുവേണ്ടി നായനാർ ഗവൺമെന്റ് ഫലപ്രദമായ നടപടി എടുക്കുന്നു. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു.

മി. ചെയർമാൻ : മി. സുധാകരൻ, അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. പ്രസംഗം അവസാനിപ്പിക്കണം. സമയം വളരെ കൂടുതലായി.

ശ്രീ. ജി. സുധാകരൻ : അതിന് ഞാനല്ല ഉത്തരവാദി. എനിക്ക് പത്തു മിനിറ്റുകൂടെ വേണം.

സർ, ഇതേ പോലീസ് കോൺഗ്രസ് (ഐ) യുടെ ഭരണകാലത്ത് ഈ മോട്ടോ എഴുതിവച്ചപ്പോഴാണ് മഹാനായ എ.കെ.ജി. യുടെ കൈയിലിരുന്ന മൈക്ക് ശ്രീ. കരുണാകരന്റെ ഭരണകാലത്ത് പിടിച്ചെടുത്തത്. "All Policemen are citizens with uniform. All citizens are policemen without uniform" എന്ന മോട്ടോ എഴുതിവച്ചിരുന്നപ്പോഴാണ് ഇതുണ്ടായത്. മഹാനായ കേളുവേട്ടന്റെ

LIBRARY ARCHIVES Kerala Legislative Assembly

തലയിൽ ലാത്തികൊണ്ടടിച്ചത് ഇവരുടെ ഭരണകാലത്താണ്. അങ്ങനെ എത്ര യെത്ര സംഭവങ്ങളുണ്ട്. രാജനെ തല്ലിക്കൊന്ന് കക്കയം ക്യാമ്പിൽ എറിഞ്ഞത് ഇവരുടെ ഭരണകാലത്തല്ലേ? ഇപ്പോൾ ഇവർ പോലീസിനെപ്പറ്റി ഒരുപാട് വർത്തമാനം പറയുന്നു. 1970 ജനുവരി 26, റിപ്പബ്ലിക് ദിനത്തിൽ പണത്തിനും കൂലിക്കും വേണ്ടി പോരാടിയ കൈനകരിയിലെ കുട്ടനാടൻ സഹദേവനെ വെടിവച്ച് കൊന്നത് ഇവരുടെ പോലീസാണ്. സ്വാതന്ത്ര്യം കിട്ടിയ ആദ്യത്തെ നാളുകളിൽ സർദാർ ഗോപാലകൃഷ്ണനെ ഭീകരമായിട്ട് കൊലപ്പെടുത്തിയത് ഇവരാണ്. പേരൂർക്കടയിലെ എ.ഐ.വൈ.എഫ്. പ്രവർത്തകനെ കൊന്നില്ലേ? കൂത്തുപറമ്പിലെ അഞ്ച് സഖാക്കളെ കൊന്നില്ലേ? ശ്രീ. കെ.സി. വേണുഗോപാൽ ഇവിടെ ഇല്ല. ആലപ്പുഴയിൽ നബിദിനഘോഷയാത്രയ്ക്കു നേരെ വെടിവച്ചില്ലേ? സർ, ഇവർ ഇപ്പോൾ സഭയിൽനിന്ന് ഇറങ്ങിപ്പോയില്ലേ? ലീഗ് ഇറങ്ങിപ്പോയില്ലേ? ഏറ്റുമാനൂർ അപ്പന്റെ വിഗ്രഹം മോഷ്ടിച്ച സ്റ്റീഫന്റെ പാർട്ടിയാണ് എ.കെ. ആന്റണിയുടെ പാർട്ടി. ഏറ്റുമാനൂർ അപ്പന്റെ വിഗ്രഹം മോഷ്ടിച്ചത് ഇവരാണ്. 1980-ലെ നായനാർ ഗവൺമെന്റാണ് ആ വിഗ്രഹം തിരിച്ചുകൊണ്ടുവന്നത്. ചാലക്കമ്പോളം കത്തിയപ്പോൾ ഇവർ എന്തു ചെയ്തു? നീറോ ചക്രവർത്തിയെപ്പോലെ വീണ വായിച്ചു. തലശ്ശേരിയിലെ പള്ളി ആക്രമിച്ചപ്പോൾ പോലീസ് ആർ.എസ്.എസ്.-നെ എതിർത്തോ? ശിവഗിരിയിൽ കയറി തല്ലിച്ചതച്ചില്ലേ? പൂന്തുറ, വിഴിഞ്ഞം ഇതെല്ലാം ഇവിടെ പറഞ്ഞില്ലേ? ഞാൻ കൂടുതലായി ദീർഘിപ്പിക്കണമോ? 25 എസ്.എഫ്.ഐ. പ്രവർത്തകരെ കലാലയങ്ങളിലിട്ട് കെ.എസ്.യു.ക്കാർ തല്ലിക്കൊന്നപ്പോൾ യു.ഡി.എഫിന്റെ പോലീസ് എവിടെയായിരുന്നു? എത്ര കുറ്റക്കാരെ ശിക്ഷിച്ചു? വളരെക്കുറച്ച് ആളുകളെ മാത്രമേ ശിക്ഷിച്ചുള്ളൂ. സി.ഐ.റ്റി.യു.ക്കാരെ. കർഷകരെ, അതുപോലെ മാർക്സിസ്റ്റുപാർട്ടിയിലെ, ഇടതുപക്ഷപാർട്ടിയിലെ പലരേയും കൊല ചെയ്തില്ലേ? പി.ആന്റ്.ടി.യുടെ സമരത്തെ തകർക്കാൻ ഇന്ദിരാഗാന്ധിയുടെ കാലത്ത് ഡൽഹിയിലെ ഇന്ദ്രപ്രസ്ഥത്തിൽ വെടിവച്ച് 11 പേരെയാണ് കൊലപ്പെടുത്തിയത്.. ഓൾഡ് ഡൽഹിയിൽ അടിയന്തിരാവസ്ഥയിൽ എന്തെല്ലാം ചെയ്തു? സിക്കുകാരെ കൂട്ടക്കൊല ചെയ്തില്ലേ? അയ്യായിരത്തിൽപ്പരം കമ്മ്യൂണിസ്റ്റുകാരെ ഈ കഴിഞ്ഞ 25 വർഷങ്ങളിലായി വിവിധ സംസ്ഥാനങ്ങളിൽ കൊന്നിട്ടുണ്ട്. അങ്ങനെ എന്തെല്ലാം കൊലപാതകങ്ങൾ നടത്തിയവരാണ് ഇപ്പോൾ പോലീസിനെപ്പറ്റി പറയുന്നത്.

സർ, ഇവിടെ ശ്രീമാൻ ആന്റണി പറഞ്ഞു, വാജ്പേയിയെക്കാൾ മോശമാണ് നായനാരെന്ന്. അങ്ങനെയാണ് ഇൻഡ്യൻ രാഷ്ട്രീയത്തെ ശ്രീ. ആന്റണി കാണുന്നത്. ഇവിടെ സഖാവ് നായനാർ എഴുതിയ പുസ്തകത്തെ സംബന്ധിച്ച് ഇവർ ഒരുപാട് കാര്യങ്ങളൊക്കെ പറഞ്ഞു. ആ പുസ്തകം ഇവർ വായിച്ചിട്ടില്ല. ആ പുസ്തകത്തിന്റെ മുഖവുരയുടെ 11-ാം പേജിൽ ഇസ്ലാം മതത്തെപ്പറ്റി സഖാവ് നായനാർ പറയുന്നു. "തൊഴിലാളികൾക്ക് വിയർപ്പുണങ്ങുന്നതിനുമുൻപേ കൂലി കൊടുക്കണമെന്നാണ്" നബി പറഞ്ഞിട്ടുള്ളത്. വിഗ്രഹാരാധനയെ നിഷേധിക്കുന്ന, മനുഷ്യത്വത്തെയും സമത്വത്തെയും സാഹോദര്യത്തെയും ഉയർത്തിപ്പിടിക്കുന്ന മതമാണ് ഇസ്ലാം മതമെന്ന്" പറയുന്നു. ഈ കോൺഗ്രസ്(ഐ)ക്കാരും ലീഗുക്കാരും ഇറങ്ങിപ്പോയത് ശരിയാണോ? ഇതുകേട്ടിട്ട് ആന്റണിക്കൊപ്പം ലീഗുകാർ ഇറങ്ങിപ്പോയത് ശരിയാണോ? അങ്ങനെ മനസ്സിലാക്കാൻ ഒട്ടേറെ കാര്യങ്ങളുള്ള ഈ പുസ്തകത്തിനുനേരെ ഇവർ വിരൽ ചൂണ്ടുകയാണ്. മൂന്നാം മുന്നണിയെപ്പറ്റി ഇവിടെ പറഞ്ഞു. 77-ൽ ജനതാ പാർട്ടി വന്നില്ലേ? ആർ.എസ്.എസ്. കാരണം അതു പൊളിഞ്ഞുപോ

LIBRARY ARCHIVES Kerala Legislative Assembly

യി. 89-ൽ വി.പി. സിംഗ് വന്നില്ലേ? ഗൗഡ വന്നില്ലേ; ഗുജ്റാൾ വന്നില്ലേ? അതു പോലെ മൂന്നാം മുന്നണി ഇനിയും വരും. ഇത് ഹിന്ദു വർഗ്ഗീയതയ്ക്കും

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ബി.ജെ.പി.യ്ക്കും എതിരായ പോരാട്ടമാണ്. 77-ൽ ബി.ജെ.പി. യാണ് ജനതാ പാർട്ടിയെ നശിപ്പിച്ചത്. ബി.ജെ.പി. ക്ക് എതിരായ രാഷ്ട്രീയം ഞങ്ങൾ ഉറക്കെ പറയുമ്പോൾ ഹിന്ദു മതത്തിൽ ചില ഹിന്ദു ദൈവങ്ങളുടെ കെയറോഫിൽ രക്ഷപ്പെടാമെന്നു കരുതുകയാണ്. കോൺഗ്രസ് (ഐ) ഇവിടെ. ഒന്നും ഭയപ്പെടുത്തണ്ട. യാതൊരു ഭയപ്പാടുമില്ല. എല്ലാ ദൈവങ്ങളേയും ബഹുമാനിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലെയും ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് ഇടതുപക്ഷ മുന്നണി സ്വച്ഛവും ശാന്തവുമായ അന്തരീക്ഷമുണ്ടാക്കി കേരളത്തിൽ മുന്നോട്ടു പോകുന്നു. കണ്വതപോവനത്തിന്റെ ശാലീനതയോടുകൂടി കേരള സംസ്ഥാനത്തെ നയിച്ചുകൊണ്ടിരിക്കുന്ന മഹാനായ സഖാവ് നായനാരെ നെഹ്റുവിനോട് ഉപമിക്കാമോ എന്നു ചോദിച്ചു. ചില കാര്യങ്ങളിൽ നെഹ്റുവിനോട് ഉപമിക്കാൻ കഴിയില്ല. ചില കാര്യങ്ങളിൽ നെഹ്റുവിനേയും നായനാരോട് ഉപമിക്കാൻ കഴിയില്ല. അതു ഓരോരുത്തരുടെയും വ്യക്തിത്വമാണ്. അങ്ങനെ മുന്നോട്ടു പോകുന്നു ഇടതുപക്ഷ മുന്നണി ഗവൺമെന്റ്. ഇൻഡ്യൻ രാഷ്ട്രീയത്തിലെ മുഖ്യശത്രുവായ ബി.ജെ.പി.യെ തകർത്തുകൊണ്ട് കേന്ദ്രത്തിൽ വീണ്ടും മൂന്നാം മുന്നണി അധികാരത്തിൽ വരും. ബി.ജെ.പി. യെ തകർത്തുകൊണ്ട് ഒരു മൂന്നാം മുന്നണിക്ക് നല്ല അവസരമുണ്ട്. അങ്ങനെയൊരു ഭരണകൂടം കേന്ദ്രത്തിൽ വരും. കേരളത്തിലെ മുഖ്യ ശത്രുവായ കോൺഗ്രസ് (ഐ) യെ തകർത്തുകൊണ്ട് എൽ.ഡി.എഫ്. വീണ്ടും വരും. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

മി. സ്പീക്കർ : ശ്രീ. ജി. സുധാകരന്റെ പ്രസംഗത്തിനിടിയിലുണ്ടായ ഒരു പരാമർശം,****** ഇവിടെ ഒച്ചപ്പാടുണ്ടാക്കി. ആ പരാമർശം രേഖയിൽ നിന്നും നീക്കും. അതു പത്രങ്ങൾ പ്രസിദ്ധീകരിക്കാനും പാടുള്ളതല്ല. ആ പരാമർശം രേഖയിൽനിന്നും നീക്കം ചെയ്യുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട സ്പീക്കർ നീക്കം ചെയ്യുന്നു എന്നുപറഞ്ഞ ആ പരാമർശം പിൻവലിക്കേണ്ടത് കേവലം മര്യാദ മാത്രമാണ്. അതു പിൻവലിക്കേണ്ടതാണ്. അങ്ങ് അദ്ദേഹത്തോട് ആ പരാമർശം പിൻവലിക്കാൻ ആവശ്യപ്പെടണം.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. കേരളത്തിന്റെ ആഭ്യന്തരരംഗം ഇന്ന് ശക്തമാണ്, ഭദ്രവും സുദൃഢവുമാണ്. ഭാരതത്തിന്റെ ഭാഗമാണ് കേരളം. ഭാരതത്തിന്റെ ആഭ്യന്തര സ്ഥിതി അത്യന്തം ഗുരുതരമായ വെല്ലുവിളികളെ നേരിടുകയാണ്. ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും പ്രാദേശികതയുടെയും പേരിൽ കലാപങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളെ കണ്ടുകൊണ്ടാണ് നാം ദിവസവും ഉണരുന്നത്. അത്തരമൊരു സ്ഥിതിവിശേഷം നിലവിലില്ലാത്ത ഭാരതത്തിലെ ഏക സംസ്ഥാനം കേരളമാണ്. പോയകാലങ്ങളിലെ മനുഷ്യർ തങ്ങളുടെ ദുഃഖത്തിനുകാരണം മുൻജൻമ ചെയ്തികളാണെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ ഇന്ന് അവൻ മനസ്സിലാക്കുന്നത് ഈ കണ്ട ദുരിതങ്ങൾക്ക്

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ദുർഭരണമാണെന്നാണ്. ദുർഭരണത്തിന്റെ തജ്ജന്യഫലങ്ങളാണ് ഭാരതത്തിലെ സംസ്ഥാനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആ കലാപകലുഷിതമായ അന്തരീക്ഷത്തിൽനിന്നും ഒഴിഞ്ഞുമാറി ശാന്തിയുടെയും സമാധാനത്തിന്റെയും ഒരു തുരുത്തുപോലെ ഈ കേരളത്തെ സഖാവ് നായനാർ നയിക്കുന്നു. അദ്ദേഹത്തെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇൻഡ്യയിലെ സ്ഥിതിഗതികളെ എന്തുകൊണ്ട് നിങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു? അശാന്തിയുടെ വിത്തുകൾ പാകിയ നിങ്ങളുടെ ദുർഭരണമല്ലേ ഈ സ്ഥിതി വിശേഷമുണ്ടാക്കിയിട്ടുള്ളത് എന്നത് നിങ്ങൾ മറന്നുപോയോ? അതിന് നിങ്ങളും ഉത്തരവാദികളല്ലേ? അങ്ങനെയുള്ള 46 വർഷങ്ങളുണ്ടായിരുന്നു. ഏറ്റവും ഒടുവിലത്തെ പതിമൂന്നു മാസക്കാലം ഭാരതം ഭരിച്ച വർഗ്ഗീയ ഫാസിസ്റ്റ് ഭരണത്തെ ആ കാലമത്രയും മൗനംകൊണ്ട് പിന്താങ്ങിയവരല്ലെ നിങ്ങൾ? ഒടുവിൽ ആ ദുർഭരണം താഴെയിറക്കാൻ കിട്ടിയ അവസരം പോലും ഉദ്ദേശപൂർണ്ണമാക്കാതെ അഹന്തയുടെയും രാഷ്ട്രീയമായ ഇച്ഛാശക്തിയില്ലായ്മയുടെയും ദീർഘവീക്ഷണമില്ലായ്മയുടെയും ഫലമായി കളഞ്ഞു കുളിച്ചു. എന്നിട്ട് നാലുവശവും നിന്ന് വർത്തമാനം പറഞ്ഞിട്ടു വല്ല അർത്ഥവുമുണ്ടോ? ഏറ്റവും അടുത്തു കിട്ടിയ അവസരം പോലും ഉപയോഗിക്കാതെ പാഴാക്കി കളഞ്ഞില്ലേ? കേരളത്തിലെ മൂന്നു വർഷത്തെ ഭരണത്തിന് എതിരായി സമരം ചെയ്യാൻ കച്ച കെട്ടി ഇറങ്ങിയ നിങ്ങൾ കഴിഞ്ഞ പതിമൂന്നു മാസം ഇവിടെ ഭരിച്ച് മുടിച്ച്, രാജ്യത്തെ വർഗ്ഗീയ പിണിയാൾ തുള്ളാനുള്ള അവസരമുണ്ടാക്കിയിട്ട് ഒരു ചെറുവിരൽ അനക്കാൻ തയ്യാറാകാതിരുന്നത് തീർച്ചയായും കേരളത്തിൽ വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.ക്ക് അനുരോധമായ ഒരു നയം സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നുള്ളതിന്റെ തെളിവല്ലേ? കേന്ദ്ര ഗവൺമെന്റ് അരിയുടെ വില കൂട്ടിയാൽ ശ്രീമാൻ ചന്ദ്രശേഖരൻ നായരെ കൈചൂണ്ടിക്കൊണ്ട് നിങ്ങൾ അരിയുടെ വില കുറച്ചുകൊള്ളണമെന്നു പറയുന്നതല്ലാതെ അരി വില കൂട്ടിയ കേന്ദ്ര ഗവൺമെന്റിന് എതിരെ പ്രതിഷേധിക്കാൻ ഒരു ദിവസം നിങ്ങൾ തയ്യാറായോ? ബി.ജെ.പി. ഭരണത്തിൽ കയറിയതു മുതൽ ഭരണത്തിൽനിന്നും ഇറങ്ങുന്നതുവരെ സമരങ്ങളുടെ വേലിയേറ്റം ഉണ്ടാക്കിയത് കമ്മ്യൂണിസ്റ്റു പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുമാണ്. രണ്ടു ദിവസം നീണ്ടുനിന്ന അഖിലേന്ത്യാ പണിമുടക്കു സമരം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തി പ്രതിഷേധിച്ചപ്പോൾ പാർലമെന്റിൽ രണ്ടാമത്തെ അംഗസംഖ്യയുള്ള രാഷ്ട്രീയ കക്ഷി എവിടെയായിരുന്നു. അത് നിങ്ങൾ ജനങ്ങളോടു കാട്ടിയ വഞ്ചന മാത്രമാണ്. ബി.ജെ.പി. യും അവരുടെ പരിവാരങ്ങളും ചേർന്നു കേരളത്തിലും ശാന്തിയുടെ സ്ഥിതിവിശേഷം ഇല്ലായ്മ ചെയ്യാൻ ശ്രമിക്കാതിരുന്നതുകൊണ്ടാണോ ഇവിടെ ശാന്തിയും സമാധാനവും നിലനിൽക്കുന്നത് അല്ല. മതന്യൂനപക്ഷങ്ങൾക്ക് എതിരെ നടക്കുന്ന അരുംകൊലപാതകങ്ങളുടെ ചുവടു പിടിച്ചുകൊണ്ട് കേരളത്തിൽ വൈക്കത്തും ശിവഗിരിയിലും മാരാമൺ കൺവെൻഷൻ മണൽപ്പുറത്തും ഒളിഞ്ഞും തെളിഞ്ഞും അശാന്തിയുടെ വിത്തുകൾ പാകാനുള്ള ബി.ജെ.പി. യുടെ പരിശ്രമത്തെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അതിജീവിച്ചില്ലേ? അന്നും നിങ്ങൾ ഞങ്ങളെ എതിർത്തതാണ്. പക്ഷെ ഞങ്ങൾ എതിർത്തത് ബി.ജെ.പി. യെയാണ്. വർഗ്ഗീയ ഫാസിസ്റ്റ് പ്രവണതകളുടെ വിത്ത് ഇവിടെ വിതച്ചു കൊയ്യാൻ അനുവദിക്കില്ലെന്നുള്ള ഇച്ഛാശക്തിയുള്ള നിലപാട് ഇടതുപക്ഷ ഭരണാധികാരികൾ സ്വീകരിച്ചു. ഒരുപക്ഷെ അപ്പുറത്തിരിക്കുന്ന ശ്രീമാൻ കുഞ്ഞാലിക്കുട്ടിക്ക് എങ്ങനെ നിങ്ങളുടെ കൂടെ ഇരിക്കാൻ കഴിയുമെന്നുള്ളത് അദ്ദേഹം പുനരാലോചന ചെയ്താൽ അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹത്തെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ന്യൂനപക്ഷ പീഡനത്തിന് കേൾവികേട്ട ബി.ജെ.പി. ക്ക് എതിരെ ഒരു ചെറുവിരൽ അനക്കുന്നതിന് നിങ്ങൾ തയ്യാറാകുന്നില്ല. വൈദികനെ ചുട്ടുകൊന്നു. കന്യാസ്ത്രീയെ ബലാൽസംഗം ചെയ്തു. പള്ളികളും പള്ളിക്കൂടങ്ങളും ഇടിച്ചിട്ടു. ബൈബിൾ കത്തിച്ചു. അതെല്ലാം സഹിച്ചുകൊണ്ട് കോൺഗ്രസിന് ഓരം ചേർന്നുകൊണ്ട് ശ്രീ. മാണിയും ശ്രീ. ജേക്കബും എങ്ങനെ ഇരിക്കുന്നു എന്ന് എനിക്കറിയില്ല. പക്ഷെ അവർ ഇരിക്കുന്നു എന്നുള്ളതാണ് ഇവിടെയുള്ള പ്രതിഭാസം.

മൊട്ടവച്ചാൽ വേവും ആ പരുവത്തിലാണ് അവർ ഇരിക്കുന്നത്. അടി ഒരു പ്രശ്നത്തിനും പരിഹാരമല്ല മാണി അടിയല്ല പ്രശ്നം. അടികൂടി ജയിക്കാമെങ്കിൽ പിന്നെ ദ്വന്ദയുദ്ധം മതിയായിരുന്നു. അതല്ല. ഇവിടെ അഭിപ്രായങ്ങളാണ്. ഇവിടെ അഭിപ്രായങ്ങളെ ഇച്ഛാശക്തിയോടുകൂടി പ്രകടിപ്പിക്കുന്ന കക്ഷിയാണ് എന്റെ കക്ഷി. നമ്മുടെ മൂന്നു വർഷത്തെ ഭരണമെടുത്ത് നോക്കാം. ആന്ധ്രയോടോ തമിഴ്നാടിനോടോ, കർണ്ണാടകയോടോ, ഒറീസ്സയോടോ, മദ്ധ്യപ്രദേശിനോടോ തട്ടിച്ചുനോക്കിയാൽ താരതമ്യ പഠനത്തിന്റെ അടിസ്ഥാനത്തിൽ ശാന്തിയുടെ കാര്യത്തിൽ ഒന്നാം നമ്പരായി കേരളം നിന്നില്ലെങ്കിൽ നിങ്ങൾ വകവച്ചുതരണ്ട. കേരളം നിൽക്കുന്നുവെന്നുള്ളത്കൊണ്ടാണ് നിങ്ങൾക്ക് ഒരു വിഷമമുള്ളത്. പക്ഷേ എല്ലാമായിയെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. കറക്ടുചെയ്യേണ്ട ഒരുപാട് കാര്യങ്ങളുണ്ട്. പോലീസ് സേനയെക്കുറിച്ച് എനിക്കുമുൻപ് സംസാരിച്ച ആളുകൾ പറഞ്ഞു. പോലീസ്സേനയെ നവീകരിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. പോലീസ് കമ്മീഷൻ റിപ്പോർട്ടുണ്ട്. സഖാവ് ഇന്ദ്രജിത് ഗുപ്ത കേന്ദ്ര ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ എല്ലാ സംസ്ഥാനങ്ങൾക്കും അയച്ചുകൊടുത്തതാണ് ഒരു പോലീസ് കമ്മീഷൻ റിപ്പോർട്ട്. അത് നടപ്പിലാക്കുന്നില്ല. നടപ്പിലാക്കണം. 1861-ലാണ് ഇൻഡ്യയിൽ പോലീസ് ആക്ട് വന്നത്. ആ ആക്ട് ഇപ്പോഴും അതുപോലെയിരിക്കുകയാണ്. അത് കാലോചിതമായി ജനാധിപത്യ രാജ്യത്തിന്റെ സംവിധാനങ്ങൾക്കനുരോധമായി പരിഷ്കരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് തയ്യാറാകണം. അങ്ങനെ പരിഷ്കരിക്കുമ്പോൾ പോലീസ് ട്രെയിനിംഗിലും പോലീസ് റിക്രൂട്ടുമെന്റിലും പരിഷ്കാരം വരണം. തടിമിടുക്ക് മാത്രം പോലീസ്സേനയിലേക്കുള്ള റിക്രൂട്ടുമെന്റിന്റെ അടിസ്ഥാനമായി എടുക്കുന്നത് ഒരു ജനാധിപത്യ രാഷ്ട്രത്തിന് പറ്റിയതല്ല. ഉദാത്തമായ ജനാധിപത്യ സമ്പ്രദായത്തെക്കുറിച്ചുള്ള അവബോധം പോലീസ് ട്രെയിനിംഗിൽ പോലീസുകാർക്കുണ്ടാകണം. അത് ഇന്നില്ല. പോലീസ് ട്രെയിനിംഗ് കേളേജുകളുടെ പരിഷ്കാരം, അതോടൊപ്പംതന്നെ റിക്രൂട്ടുമെന്റിലെ കാലോചിതമായ പരിഷ്കാരം എന്നിവ അനിവാര്യമാണ്. അതുമാത്രമല്ല, വനിതാ പോലീസ് സെല്ലുകൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലുമുണ്ടാക്കിയിരിക്കുന്നു. കൊല്ലത്ത് അതുണ്ട്. ഇവിടെയില്ലെന്ന് വാദിച്ചവരുണ്ട്. അത് വാദത്തിനുവേണ്ടിയാണ്. അത് കൂടുതൽ വിപുലീകരിക്കണം. അവർക്കുള്ള സാഹചര്യങ്ങളും സന്നാഹങ്ങളുമൊരുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കണം. എന്നാൽ മാത്രമേ ആ സംവിധാനം കുറ്റമറ്റതാക്കി കൊണ്ടുപോകാൻ കഴിയൂ. ഭീകരസംഘങ്ങളുടെ പ്രവർത്തനം കേരളത്തിൽ ധാരാളമുണ്ട്. വെളിയിൽ നിന്ന് വരുന്നവരാണ്. അവരെ അമർച്ച ചെയ്യുന്നതിന് ദ്രുതകർമ്മ സേനയുൾപ്പെടെയുള്ള സേനകളുണ്ട്, എങ്കിലും അവരുടെ കൈയിൽ അത്യാധുനിക, സോഫിസ്റ്റിക്കേറ്റഡായിട്ടുള്ള ആയുധ സാമഗ്രികളും ഇൻഫർമേഷൻ ടെക്നോളജിയുടെ ഏറ്റവും ഉത്തുംഗമായ സംവിധാനങ്ങളുമുള്ളപ്പോൾ 'പരട്ട' തോക്കുമായി നമ്മുടെ സേനാവിഭാഗത്തിലെ ആളുകൾ അവരെ നേരിടാൻ പോകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പരമ അബദ്ധമായിരിക്കും, അതുകൊണ്ട് പോലീസ് സേനയെ നവീകരിക്കുമ്പോൾ അവർക്കാവശ്യമായ സജ്ജീകരണങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കണം. അതോടൊപ്പം അത്യാധുനികമായ പട്രോളിംഗ് സംവിധാനം ഈ ഗവൺമെന്റ് വളരെ ശക്തമാക്കിയതാണ്. അത് പട്ടണ പ്രദേശങ്ങളിൽ മാത്രമാണ്. ഇത് ശക്തമായ ക്രൈം നിരോധിക്കുന്നതിനുള്ള ഉപാധിയായി ഇന്ന് വരുന്നുണ്ട്. കുറ്റം ചെയ്തിട്ട് കേസ്സ് എടുക്കുന്നതിനെക്കാൾ കുറ്റകൃത്യങ്ങളുടെ പ്രിവൻഷനാണ് ഏറ്റവും പ്രധാനം. അതിന് പട്രോളിംഗ് ഏറ്റവും അനുയോജ്യമാണ്. അത് ഗ്രാമങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണം. അങ്ങനെ വ്യാപിപ്പിക്കുമ്പോൾ പട്രോളിംഗ് സംവിധാനത്തിനു വേണ്ടി പോലീസുകാർക്കാവശ്യമായ സജ്ജീകരണങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ അമാന്തം കാണിക്കാൻ ഗവൺമെന്റ് ഒരുങ്ങരുത്. വനിതാ പോലീസിന്റെയും പോലീസുകാരുടെയും പ്രൊപ്പോർഷൻ 1:10 എന്നുള്ളത് 1:5 എന്നുള്ള ക്രമത്തിലാക്കണം. കാരണം ജനസംഖ്യയിൽ മഹാഭൂരിപക്ഷം സ്ത്രീകളാണ്. അവരുടെ നേരെയുള്ള അട്രോസിറ്റീസ് ഏറ്റവും കൂടുതലുണ്ടെന്ന് വ്യാപകമായ പ്രചരണം ഇവിടെ നടക്കുന്നുണ്ട്. തീർച്ചയായും ഇല്ലെന്ന് ഞാൻ പറയുന്നില്ല. ആ പ്രചാരണത്തിന്റെ പ്രധാന അടിസ്ഥാന കാരണം സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഇന്ന് വനിതാ പോലീസ് സ്റ്റേഷനിലും വനിതാ സെല്ലിലുമുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ റിപ്പോർട്ട് ചെയ്യുകയും റിപ്പോർട്ട് ചെയ്യുന്നത് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നതാണ്. അതുകൊണ്ടാണ് കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതായി വരുന്നത്. പക്ഷേ കഴിഞ്ഞകാലങ്ങളിൽ ഒരു മനുഷ്യനും ഒരു സ്ത്രീയും അട്രോസിറ്റീസിനെക്കുറിച്ച് ഒരു പോലീസ് സ്റ്റേഷനിലും കയറി പറയുക പ്രയാസമുള്ള കാര്യമായിരുന്നു. അന്ന് സ്വാധീനത്തിന്റെ മുഖം വേറെ. മറ്റൊരു കാര്യമുണ്ട്. ഇവിടെ പ്രതിപക്ഷത്തുനിന്ന് പറഞ്ഞതുപോലെ ഇന്ന് ഗവൺമെന്റിന്റെ പോളിസികൾക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാണെന്ന ദുഷ്ടവിചാരത്തോടുകൂടിയ ചില ഓഫീസർമാർ പോലീസ് സേനയിലുണ്ട്. അവർക്ക് അതൊരു ശീലമാണ്. കഴഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ആ ശീലം ഇന്നും തുടരുന്നുണ്ട്. അത് ഗവൺമെന്റിന്റെ പോളിസിക്കെതിരായി അങ്ങനെ പ്രവർത്തിക്കാൻ നിൽക്കുന്ന പോലീസ് ഓഫീസർമാരെ ആറുമാസത്തിലൊരിക്കലല്ല, മൂന്നുമാസത്തിലൊരിക്കൽ അല്ല, ട്രാൻസ്ഫർ ചെയ്യുകയല്ല, പിരിച്ചുവിടുന്നതിലും യാതൊരു കുഴപ്പവുമില്ല. അയാൾ ഗവൺമെന്റിന്റെ പോളിസിക്ക് അനുരോധമായി പ്രവർത്തിക്കാൻ നിശ്ചയമായും ബാധ്യസ്ഥമാണ്. അവരെ നിലയ്ക്കു നിർത്താൻ ഈ ഗവൺമെന്റ് സന്നദ്ധമാകണം. ഒരു ജനാധിപത്യരാഷ്ട്രത്തിൽ പോലീസ് എങ്ങനെയായിരിക്കണമെന്നുള്ളതിന്റെ സങ്കൽപ്പത്തിൽ വളരെ വളരെ പിന്നിലാണ് ഇൻഡ്യ. പോലീസിനെ ഭയപ്പാടോടുകൂടി മാത്രം ഒരു പൗരൻ കാണുന്ന സ്ഥിതി നമ്മുടെ നാട്ടിലുമുണ്ട്. തീർച്ചയായും പോലീസ് കമ്മീഷൻ റിപ്പോർട്ടിൽ അത് പറഞ്ഞിട്ടുണ്ട്. ഉത്തമനായ പോലീസ് ഓഫീസർ തീർച്ചയായും ഒരു ജനാധിപത്യരാഷ്ട്രത്തിലെ നിയമമനുശാസിക്കുന്ന പൗരന്റെ ഉത്തമസുഹൃത്തും സഹായിയും ഗൈഡുമായിരിക്കും. അങ്ങനെയുള്ള ആളുകളെ നിർഭയത്തോടുകൂടി സമീപിക്കുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള ഉപാധിയായി പോലീസ് സേനയെ മാറ്റിയെടുക്കണം. മാത്രമല്ല, വെറും ക്രിമിനൽ കുറ്റങ്ങൾ മാത്രമല്ല, സോഷ്യൽ ക്രൈംസ് കൂടി ഇതിന്റെ കൂടെയുണ്ട്. സാമൂഹ്യ കുറ്റമാണ് രാഷ്ട്രീയ അഴിമതി. രാഷ്ട്രീയ അഴിമതിക്ക് ഇന്നുവരെ അർജുൻസിംഗിന്റെ പിതാവ് ഒഴിച്ച് ഇൻഡ്യയിലാരും ജയിലിൽ പോയതായി എനിക്കറിയില്ല. ചില

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ നമ്മുടെ സഭയിൽനിന്നും ആരെങ്കിലും പോയിയെന്നിരിക്കും. അങ്ങനെ ഒരാളേ പോയിട്ടുള്ളൂ. അങ്ങനെ പോയാൽ പോര. രാഷ്ട്രീയ അഴിമതിക്കാരെ തുറുങ്കിലടയ്ക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളേർപ്പെടുത്തുമ്പോൾ ഒളിഞ്ഞും തെളിഞ്ഞും അതിനെ ആക്രമിക്കുന്നത് ശരിയല്ല. പോകുകതന്നെ വേണം. ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി രാഷ്ട്രീയ അഴിമതിക്കാരെ ഓരോരുത്തരെ പിടിക്കുമ്പോൾ ശ്രീ. എം.വി. രാഘവനെതിരെ കേസ്സ്, ശ്രീ. ജേക്കബിനെതിരെ കേസ്സ്, ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കെതിരെ കേസ്സ്. വെറും കേസ്സാണോ? ശ്രീ. ബാലകൃഷ്ണപിള്ള ശിക്ഷിക്കപ്പെട്ട് രണ്ട് കോടതി കൺഫേം ചെയ്ത് പോയതാണ് ആ കേസ്സ്. സുപ്രീംകോടതിയിൽ ഒ.കെ. പറഞ്ഞാൽ അകത്താണ് വിഷയം. അതാണ് ശ്രീമാൻ ബാലകൃഷ്ണപിള്ളയെപ്പോലുള്ള ആളുകളുടെ കാര്യം. അതെങ്ങനെ വന്നു? രാഷ്ട്രീയ അഴിമതിക്ക് അറുതി വരുത്താനുള്ള ദൃഢപ്രതിജ്ഞയോടെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രകടനപത്രികയിൽ എഴുതിവച്ച് അധികാരത്തിൽവന്ന ഈ മുന്നണി ഗവൺമെന്റ് അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും പ്രതിബദ്ധതയും കാണിച്ചുവെന്നുള്ളതുകൊണ്ട് സഖാവ് നായനാരെ പ്രതിപക്ഷനിരകളിൽനിന്ന് പൂവിട്ട് പൂജിക്കേണ്ടതാണ്. അങ്ങനെ കേരളത്തെ ഇൻഡ്യയിൽ ശാന്തിയുടെയും സമാധാനത്തിന്റെയും മാതൃകയായി ചൂണ്ടിക്കാണിച്ചുകൊടുക്കാൻ കഴിവുള്ള തുരുത്താക്കി മാറ്റിയെടുത്ത ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേതാവായ ശ്രീ. നായനാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സർവാത്മനാ പിന്താങ്ങുന്നു.

<u>ശ്രീ. കെ.പി.എ. മജീദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്ക് മുൻപ് സംസാരിച്ച അനിരുദ്ധൻ, അതിന് മുൻപ് പ്രസംഗിച്ച ഭരണകക്ഷിയംഗങ്ങളും ഈ ഡിമാന്റിന്റെ ചർച്ചയിൽ അതിശയോക്തിപരമായ പരാമർശനങ്ങളാണ് നടത്തിയിട്ടുള്ളത്. വളരെ ഭദ്രമാണ്, വളരെ ശാന്തമാണ് ഇതുപോലെ ഒരു ഭരണം മുമ്പുണ്ടായില്ല എന്ന് പറയുന്നു. അനിരുദ്ധൻ ഇങ്ങനെ പറഞ്ഞാൽ അടുത്ത ഒരു ഡിമാന്റ് ഡിസ്ക്ഷനിൽ പങ്കെടുക്കേണ്ട സ്ഥിതി ആലോചിക്കേണ്ടിയിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റ് ഒരു പോലീസ് നയം പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ സർക്കാർ പത്തിനപരിപാടികൾ പോലീസ് ഡിപ്പാർട്ടുമെന്റിന് നൽകിയിട്ടുണ്ട്. ഈ സ്റ്റേറ്റിൽ ഉത്തരവാദിത്വബോധത്തോടുകൂടി മുഖ്യമന്ത്രി ഇതുസംബന്ധിച്ചുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ട്. പക്ഷെ കാര്യങ്ങൾ ആ രീതിയിലാണോ നടക്കുന്നത്. അങ്ങ് പരിശോധിക്കണം. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള, അന്ന് ആഭ്യന്തരരംഗത്തുണ്ടായിരുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതെല്ലാം ശരിയാക്കിയെടുക്കാൻ മോസസിന്റെ 10 കൽപനകൾ പോലെ 10 കൽപ്പനകൾ കൊടുത്തിട്ട് എല്ലാം ഭദ്രമായിയെന്ന് അങ്ങ് ആശ്വസിക്കുകയാണ്. പക്ഷെ യഥാർത്ഥമായി പോലീസ് സ്റ്റേഷനുകളുമായിട്ട് നിർബന്ധിതമായ അവസ്ഥയിലെങ്കിലും ബന്ധപ്പെട്ടുവരുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ പറയുന്നതിലൊന്നും യാതൊരുവിധ യാഥാർത്ഥ്യവുമില്ലെന്നു കാണാൻ കഴിയും. ഇപ്പോൾ വന്നിട്ടുള്ള ഒരു പ്രവണത ഹരിജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് വന്നിട്ടുള്ള കേന്ദ്രഗവൺമെന്റിന്റെ നിയമം ദുരുപയോഗപ്പെടുത്തുകയാണ്. ഹരിജനങ്ങൾക്ക് എതിരായി വന്നിട്ടുള്ള അതിക്രമങ്ങൾ തടയാനും അത് അവസാനിപ്പിക്കാനും വേണ്ടി, അതികർശനമായ നിബന്ധനയോടെ വന്നിട്ടുള്ള ഒരു നിയമനിർമ്മാണം ഉണ്ട്. എന്നാൽ ഇന്ന് ഹരിജനപീഡന കേസ്സുകൾ എന്നുപറയുന്നത് രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടി ഉപയോഗിക്കുന്ന കേസ്സു

LIBRARY ARCHIVES Kerala Legislative Assembly

കളാണ്. ഏതെങ്കിലും രണ്ട് വിഭാഗങ്ങൾ തമ്മിൽ അല്ലെങ്കിൽ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ സംഘട്ടനമുണ്ടായാൽ ആ സംഘട്ടനത്തിൽ ഒരു ഹരിജന്റെ പേര് കൊടുത്ത് ഹരിജൻ ഇല്ലെങ്കിൽ പോലും പോലീസ് സ്റ്റേഷനിൽവച്ച് ഹരിജന്റെ പേര് ചേർത്ത് ഹരിജൻ പീഡനം വകുപ്പുകൾ ചേർത്ത് ബുദ്ധിമുട്ടിക്കുന്ന ഒരു സ്ഥിതിവിശേഷം വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : നമ്മുടെ ജില്ലയിൽ എടുത്ത കേസുകൾ സി.പി.ഐ.(എം)-ന് എതിരാണെന്ന് അറിയാമോ?

<u>ശ്രീ. കെ.പി.എ. മജീദ്</u> : അദ്ദേഹം പറഞ്ഞപ്പോൾ എല്ലാവരും അറിഞ്ഞല്ലോ. ഞാൻ ഇനി പറയേണ്ടല്ലോ. ഞാൻ വെറുതെ രാഷ്ട്രീയ ഉദ്ദേശത്തോടുകൂടി പറയുന്നതല്ല. അങ്ങ് പരിശോധിക്കണം. എന്റെ മണ്ഡലത്തിൽ ഒരു പി.ടി.എ. യോഗത്തിൽ വാക്കേറ്റമുണ്ടായി. പിറ്റേ ദിവസം അവിടെ ഹരിജന മർദ്ദന കേസ്സാണ് വന്നിട്ടുള്ളത്. ആ യോഗത്തിൽ പങ്കെടുത്ത ഒരു ഹരിജനെ ആക്രമിച്ചുവെന്നപേരിൽ ഒരു വിഭാഗം ആളുകൾക്കെതിരെ കേസ്സ് എടുത്തിരിക്കുകയാണ്. ഞങ്ങളുടെ പാർട്ടിക്കെതിരെയല്ല, ഞാൻ അത് വച്ചുപറയുകയല്ല. ഭരണകക്ഷിയിൽപ്പെട്ട ആളുകൾക്കെതിരെയാണ്. ഇത് വ്യാപകമായി വരുകയാണ്. ജില്ലാ പോലീസ് അഡ്വൈസറി കമ്മിറ്റിയിൽ സ്ഥിരമായി പങ്കെടുക്കുന്നവരാണ് ഞങ്ങൾ. അവിടെ ഈ പ്രശ്നം ഗൗരവമായി ഞങ്ങൾ ചർച്ച നടത്തിയിട്ടുണ്ട്. പക്ഷെ എന്താണ് പോലീസ് ഉദ്യോഗസ്ഥന്മാർ പറയുന്നത്. ഇത്തരം കേസ്സുകൾ തെറ്റാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ടെങ്കിലും പ്രൈവറ്റ് അന്യായം കൊടുത്ത് ഒഴിവാക്കിയ എല്ലാ കേസ്സുകളെ സംബന്ധിച്ചും കോടതിയിൽ മറുപടി പറയേണ്ട സ്ഥിതിവിശേഷമാണ് പോലീസിന് വരുന്നത് എന്നുള്ളതുകൊണ്ട് ഹരിജൻ കേസ്സുകൾ യഥാർത്ഥത്തിൽ ഇല്ലാത്തതാണെങ്കിൽപ്പോലും ഞങ്ങൾ നിസ്സഹായരാണെന്ന് പറയേണ്ട ഒരവസ്ഥ വന്നിരിക്കുകയാണ്. വളരെ ഗൗരവമായി ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരും മുഖ്യമന്ത്രിയും ഇതിൽ ഇടപെട്ടില്ലെങ്കിൽ ഈ ആയുധം ഭാവിയിൽ പലരും ഉപയോഗിക്കുന്ന സ്ഥിതിവിശേഷം വരുകയും അത് വളരെ ആപൽക്കരമായ ഒരു സ്ഥിതിവിശേഷമുണ്ടാക്കുകയും ചെയ്യും. ഭരണകക്ഷി അംഗങ്ങൾ ഈ ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നല്ലരീതിയിൽ പറഞ്ഞു. നല്ല കാര്യമാണ്. ഇങ്ങനെ ഒരു ഭരണം ഉണ്ടായിട്ടില്ല, വളരെ ഭദ്രമാണ്. ഇങ്ങനെ പറയാമോ, പുറത്ത് സ്വന്തം പാർട്ടി പ്രവർത്തകർ പറയുന്ന വികാരവിചാരമെങ്കിലും ഈ സഭയിൽ മൃദുലമായെങ്കിലും ഒന്ന് പ്രതികരിച്ചുകൂടേ? അങ്ങനെ പറയുന്നതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഭാവി പ്രവർത്തനങ്ങളിലോ ആഭ്യന്തരരംഗത്തെ പ്രവർത്തനങ്ങളിലോ വല്ല തകർച്ചയും സംഭവിച്ചു പോകുമോ? യാഥാർത്ഥ്യവുമായി ബന്ധം വേണ്ടേ? പോലീസ് സ്റ്റേഷൻ മാർച്ച് നടത്താത്ത ഏത് പാർട്ടി പ്രവർത്തകരാണിവിടെ ഉള്ളത്. ഏത് സംഘടനകളാണുള്ളത്. എല്ലാവരും പോലീസ് സ്റ്റേഷൻ മാർച്ച് നടത്തിയിട്ടില്ലേ? എന്തുകൊണ്ടാണ് നടത്തിയത്. പോലീസിന്റെ നടപടിയോടുള്ള എതിർപ്പ് കൊണ്ടാണ് നടത്തിയത്. നടത്താത്തവർ ആരാണുള്ളത്. അപ്പോൾ ഈ സഭയിൽ വന്നിരുന്ന പോലീസ് വകുപ്പ് നടത്തുന്ന തെറ്റായ കാര്യങ്ങൾ തുറന്നുപറയുന്നതിൽ എന്തിനാണ് വൈമനസ്യം കാണിക്കുന്നത്. പറഞ്ഞ് പറഞ്ഞ് ഈ വകുപ്പിന്റെ ആഭ്യന്തര രംഗം നല്ലതാണെന്നു പറയാൻ മധ്യപ്രദേശിനെയാണ് ഉദ്ധരിച്ചത്. അവർ ബീഹാറിനെയും, കാശ്മീരിനെയും, പഞ്ചാബിനെയും ഉപമിക്കാത്തത് ഭാഗ്യമായിപ്പോയിയെന്ന് ഞാൻ കരുതുകയാണ്. മധ്യപ്രദേശിലെ ജനസംഖ്യയും കേരളവും തമ്മിൽ വല്ല താരതമ്യവും ഉണ്ടോ? കേരളത്തിൽ ഇതുവരെ വന്ന

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ആഭ്യന്തര മന്ത്രിമാരും തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാൻ വേണ്ടി പറയുന്നതും ഇതുതന്നെയാണ്. മധ്യപ്രദേശ് തന്നെയാണ് എല്ലാ കാലത്തും പറയുന്നത്. അതിപ്പോൾ മാത്രമല്ല. അത് എല്ലാവരും പറഞ്ഞുവരുന്ന കാര്യമാണ്. ഇതാണോ കാര്യം. പോലീസിന്റെ നിയമാനുസൃതമല്ലാത്ത നടപടികളിൽ ഗവൺമെന്റിന്റെ സമീപനം എന്താണെന്നുള്ളതാണ് പ്രധാനകാര്യം. ഭരണത്തിൽവരും പോകും എന്നുള്ളതല്ല. രാഷ്ട്രീയ പാർട്ടികൾ ഓരോരുത്തർക്കും ഓരോ അഭിപ്രായമുണ്ടാകും. പക്ഷെ ഇവിടെ എല്ലാ വിഭാഗങ്ങൾക്കും സമാധാനം കൊടുക്കേണ്ട പോലീസ് സന്നാഹം നീതി നിഷ്പക്ഷമായി, ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോയെന്നതാണ് പ്രധാനകാര്യം. അതു സംബന്ധിച്ചുള്ള നടപടികളും അഭിപ്രായപ്രകടനങ്ങളും വന്നാൽ തെറ്റുതിരുത്താൻ കഴിയുമെങ്കിൽ തെറ്റുതിരുത്തി മുന്നോട്ടുപോകാൻ ഗവൺമെന്റിന് കഴിയണം. ആ കടമ ഭരണകക്ഷികൾ നിർവഹിക്കണമെന്നുപറയാനാണ് ഞാൻ ഇത് പറയുന്നത്. ഇവിടെ ഫൂലൻദേവിക്ക് പിന്തുണ നൽകാൻ ഒരു മെമ്പർ ഉണ്ടായി. ഇവിടെ പോലീസ് ഡിപ്പാർട്ടുമെന്റിൽ നിയന്ത്രണങ്ങൾ വന്നിട്ടുണ്ട്, ഇല്ലെന്നല്ല. ഫോണിന്റെ കാര്യം ഞാൻ പറയുന്നില്ല. എന്നാൽ ഡീസൽ നിയന്ത്രണത്തിന്റെ ഫലമായി കേസന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നു. അഡ്വൈസറി കമ്മിറ്റിയിൽ വന്നിട്ടുള്ള പ്രധാനകാര്യം അനുവദിച്ച ഡീസൽ ക്വാട്ടയ്ക്ക് അധികമായി ഉപയോഗിച്ചാൽ അതിന്റെ പണം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർ കൊടുക്കണമെന്ന നിർദ്ദേശമാണ് ഉള്ളതെന്നാണ്. അതിന്റെ ഫലമായി പരാതിക്കാർ പോലീസ് സ്റ്റേഷനിൽ വന്നാൽ അവർക്ക് പോകണമെങ്കിൽ ബദൽ സംവിധാനം ചെയ്യണം. അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം നിശ്ചിത ക്വാട്ടയ്ക്ക് അപ്പുറം ഡീസൽ ഉപയോഗിച്ചാൽ പോലീസ് ഉദ്യോഗസ്ഥന്റെ കൈയിൽനിന്നും പണം ഈടാക്കുകയെന്നുവന്നാൽ പിന്നെ മറ്റ് സൂത്രങ്ങൾ ചെയ്യേണ്ടിവരും. അതുകൊണ്ട് നിയന്ത്രണങ്ങൾ പുനപരിശോധിക്കുന്നത് നന്നായിരിക്കും എന്നുകൂടി ഞാൻ പറയുകയാണ്. ഇപ്പോൾ ശ്രീ. വി.സി. കബീർ പരാതി കൊടുത്താൽ അവർക്ക് പോകാൻ വി.സി. കബീർ വാഹനം കൊടുക്കണം. ഇല്ലെങ്കിൽ അയാളുടെ കൈയിൽ നിന്നും പൈസ കൊടുക്കണം. അതുകൊണ്ട് ഫോണിന്റെ ഉപയോഗത്തിൽ നിയന്ത്രണം വന്നാലും ഡീസലിന്റെ കാര്യത്തിൽ നിയന്ത്രണം വരുന്നത് പോലീസിന്റെ ശരിയായ പ്രവർത്തനത്തിനെ പ്രതികൂലമായി ബാധിക്കുമെന്നു പറയാൻ വേണ്ടിയാണ് പറഞ്ഞത്. പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട ചില നടപടികളെകുറിച്ച് സുപ്രീംകോടതി 1996-ൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷെ അത് ശരിയായ രീതിയിൽ പാലിക്കുന്നില്ലായെന്നു മാത്രമല്ല ഇന്ന് പോലീസുകാർക്കുതന്നെ യഥാർത്ഥ കുറ്റവാളികളെ ചോദ്യം ചെയ്യുന്നതിനും കുറ്റങ്ങൾ തെളിയിക്കുന്നതിനും ബുദ്ധിമുട്ടായിരിക്കുകയാണെന്ന തോന്നൽ വരികയാണ്. ഇന്നത്തെ നിബന്ധന അനുസരിച്ച് ഇതിനകത്തുനിന്നുകൊണ്ട് ഞങ്ങൾക്ക് വ്യക്തമായ സമയം വച്ചുകൊണ്ട് ചോദ്യം ചെയ്ത് കുറ്റവാളികളെ പിടിക്കാനും കുറ്റം തെളിയിക്കാനും കഴിയാത്ത സ്ഥിതിവിശേഷം വരുന്നുവെന്ന രീതിയിൽ ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യമുണ്ട്. അത് പരിശോധിക്കേണ്ടതാണ്. ഇവിടെ അക്രമത്തേയും കവർച്ചയേയും സംബന്ധിച്ച് മന്ത്രിമാർ നൽകിയിട്ടുള്ള കണക്കുകൾ ഓരോരുത്തരും ഇവിടെ പറയുകയുണ്ടായി. ഇവിടെ ഗുണം എന്താണെന്നുവച്ചാൽ ആർക്കും ഈ ഗവൺമെന്റ് തന്ന കണക്കനുസരിച്ച് ഇവിടെ കുഴപ്പമാണെന്നു പറയാൻ കഴിയും. അങ്ങനെയുള്ള മറുപടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

തന്നിട്ടുള്ളത്. ഭരണകക്ഷി പറയുന്നത് ഇവിടെ വലിയ മെച്ചമാണ്. മുഖ്യമന്ത്രി കൊടുത്തിരിക്കുന്ന കണക്കനുസരിച്ച് ഇന്ത്യയിലുള്ള കണക്കനുസരിച്ച് വളരെ മോശമാണ്. അപ്പോൾ ആർക്കും എങ്ങനെയും പറയാവുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്. സംഭവം എന്താണെന്നുവച്ചാൽ ഇതിന്റെ യാഥാർത്ഥ്യം ജനങ്ങളുമായിട്ട് ബന്ധപ്പെടുന്ന ആളുകൾ എന്ന നിലയിൽ നമുക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഞാൻ ഇതുസംബന്ധിച്ച് കൂടുതൽ പോകുന്നില്ല. ഒരു പ്രധാനപ്പെട്ട കാര്യം കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പോലീസിന്റെ സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ചുതന്നെ. സംഘടനാസ്വാതന്ത്ര്യം പോലീസിന് അവകാശപ്പെട്ടതാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. സംഘടനാ രാഷ്ട്രീയത്തിലെ എല്ലാ മോശമായ പ്രവണതകളും പോലീസിലും പ്രകടമാകുന്നത് വളരെയധികം ആപൽക്കരമാണ്. അവർക്ക് അവരുടേതായ പ്രശ്നങ്ങൾ പരിഹരിക്കാനും ചർച്ച ചെയ്യപ്പെടുന്നതിനും സംഘടനാ സ്വാതന്ത്ര്യം അംഗീകരിക്കേണ്ടതാണ്. എന്നാൽ ഇന്ന് പോലീസ് സ്റ്റേഷനിൽ രാഷ്ട്രീയ ചേരിതിരിവുണ്ടാകുകയും ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത രീതിയിൽ അന്വേഷണത്തിലും ജനങ്ങളോടുള്ള പെരുമാറ്റത്തിലും പോലീസ് ചേരിത്തിരിഞ്ഞുനിൽക്കുന്ന സ്ഥിതിവിശേഷം പോലീസിന്റെ സംഘടനാരംഗത്ത് പുതുതായിട്ട് വരികയും ചെയ്തിട്ടുണ്ട്. ഇത് വളരെ ആപൽക്കരമാണ്. അത് നമ്മുടെ രാജ്യത്ത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഒരു സാഹചര്യമായിരിക്കുമെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഡിമാന്റുകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി അനുകൂലിക്കുകയാണ്. കേരളത്തിന്റെ അഭ്യന്തരജീവിതം ഇന്ത്യയിലെ മറ്റു ഇതര സംസ്ഥാനങ്ങളുടെ നിലയോട് സമാനതകൾ ഇല്ലാത്ത നിലയിൽ വ്യതിരിക്തമായി നിൽക്കുന്നു എന്നുള്ളതാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. സമാധാന ജീവിതം ഉറപ്പുവരുത്തുന്നതിനും നീതി നിഷ്ഠവും കാര്യക്ഷമവുമായ പോലീസ് നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ആ നയത്തിന് രൂപം നൽകുന്നതിനും അഴിമതിയും നിയമവിരുദ്ധ പ്രവർത്തനങ്ങളും കർശനമായി തടയുന്നതിന് സാധിക്കുന്നതുമായ ഒരു നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ കാലഘട്ടത്തിൽ അതിന്റെ പോലീസ് ആഭ്യന്തര നയവുമായി ബന്ധപ്പെടുത്തി എടുത്തിരിക്കുന്നത്. അതിന്റെ ഫലമായി തന്നെ ഞാനാദ്യം ചൂണ്ടികാണിച്ചതുപോലെ സമാനതകളില്ലാത്ത സമാധാനപരമായ ഒരന്തരീക്ഷം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലുണ്ടായിട്ടുണ്ട് എന്നുള്ളത് തന്നെയാണ് വസ്തുത. ഈ ചർച്ച സമാപിക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ പ്രതിപക്ഷത്തിരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾക്ക് ഈ ചർച്ചയുടെ ഭാഗമായി കാര്യമായ ഒരു പ്രശ്നവും ഉന്നയിക്കാൻ സാധിച്ചിട്ടില്ല എന്നത് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവു കൂടിയാണ്. ശ്രീ. ജോണിനെല്ലൂർ ഈ സഭയിൽ സംസാരിച്ചുകൊണ്ട് ക്രമസമാധാനനില ഭരണകക്ഷിയിൽപ്പെട്ട ആളുകൾ പറയുന്നതുപോലെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ മെറിറ്റ് ഞങ്ങൾക്കാണ് - പ്രതിപക്ഷത്തിനാണെന്ന് ഭാഗീകമായി സമ്മതിച്ചുകൊണ്ട് ഇവിടെ പ്രസംഗിച്ചു. ക്രമസമാധാന നിലയെക്കുറിച്ച് പറയുമ്പോൾ കഴിഞ്ഞ മൂന്നു കൊല്ലത്തെ അനുഭവവും അതിനുമുമ്പുള്ള അനുഭവവും ഇപ്പോൾ ഇന്ത്യയിലെ മറ്റു ചില സംസ്ഥാനങ്ങളുടെ ചരിത്രവുമെല്ലാം താരതമ്യം ചെയ്ത് പരിശോധിക്കുമ്പോൾ ഏറ്റവും മെച്ചപ്പെട്ട നിലയിൽ കേരളം ഈ കാര്യം കൈകാര്യം ചെയ്തിട്ടുണ്ട്. അതിന് തീർച്ചയായും ഇടതുപക്ഷ ജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനോട് പ്രത്യേകിച്ച് ആഭ്യന്തരവകുപ്പു കൈകാര്യം ചെയ്യുന്ന മുഖ്യ മന്ത്രിയോട് കേരള ജനത കടപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് പറയുമ്പോൾ ആമുഖമായി പറയുവാനുള്ളത്. ഇന്നലെ ഇവിടെ സജീവമായ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ പ്രതിപ ക്ഷനേതാവ് സി.പി.ഐ.(എം)-ന്റെ ജനറൽ സെക്രട്ടറി സഖാവ് സുർജിതിന്റെ പ്രസ്താവനയും അതുപോലെതന്നെ പീപ്പിൾസ് ഡെമോക്രസിയിൽ എഴുതി യിട്ടുള്ള അദ്ദേഹത്തിന്റെ ലേഖനവും വളരെ സുദീർഘമായി ഉദ്ധരിക്കുകയു ണ്ടായി. സി.സി.(സെൻട്രൽ കമ്മിറ്റി) പ്രമേയവും വിശദീകരിക്കുകയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ കോൺഗ്രസായ പ്രതിപക്ഷ നേതാക്കൻമാർ ഇത്ര വിശദമായി സി.പി.ഐ.(എം) ന്റെ സെൻട്രൽ കമ്മിറ്റി പ്രമേയമോ, സി.പി.ഐ. (എം) സെക്രട്ടറിയുടെ പ്രസ്താവനയോ, പീപ്പിൾസ് ഡെമോക്രസിയുടെ ലേഖ നമോ ഇതേവരെ ഉദ്ധരിച്ചിട്ടില്ല. അതിന്റെ ഒപ്പം ശ്രീ. ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ള ആളുകൾ സി.പി.ഐ.(എം) നേയും ഇടതുപക്ഷ പാർട്ടിക ളെയും കൊച്ചാക്കാൻ ശ്രമിക്കുകയുണ്ടായി. ഞാനൊരുകാര്യം അതുമായി ബന്ധപ്പെട്ട് വിശദീകരിക്കാനാഗ്രഹിക്കുകയാണ്. ഇടതുപക്ഷ പാർട്ടികൾക്ക് സ്വാധീനമുള്ള സംസ്ഥാനങ്ങളാണ് കേരളം, ബംഗാൾ, ത്രിപുര ബാക്കി സംസ്ഥാനങ്ങളിൽ അപ്പുറവും ഇപ്പുറവുമൊക്കെയായിട്ട് ചെറിയ ചെറിയ സ്വാധീനമാണ്. ഞങ്ങളും ചെറിയ പാർട്ടിയാണ്. പക്ഷേ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റും) ഇടതുപക്ഷ പാർട്ടികളും സങ്കീർണ്ണമായിക്കൊ ണ്ടിരിക്കുന്ന ഇന്ത്യൻ രാഷ്ട്രീയത്തിൽ എടുത്തുകൊണ്ടിരിക്കുന്ന നിലപാടുക ളെന്താണെന്ന് മനസ്സിലാക്കാതെ ഇന്ത്യയിൽ ഒരൊറ്റ രാഷ്ട്രീയ പാർട്ടിക്കും രാഷ്ട്രീയ പ്രവർത്തനം നടത്താൻ സാധ്യമല്ല, സാധിക്കില്ല എന്നുള്ളതിന്റെ തെളിവാണ് ഇന്നലെ ബഹുമാനപ്പെട്ട എ.കെ. ആന്റണി കൂടി പ്രധാനമായി ഉന്നയിക്കേണ്ടുന്ന അവസ്ഥയിലേക്ക് എത്തിയ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഇന്നത്തെ ചിത്രം. ഞാനത് പറയുമ്പോൾ ഇന്ത്യയിലാകെ എടുത്തുപരിശോ ധിച്ചു നോക്കിയാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഞങ്ങൾ കേരള ത്തിലെ പ്രധാനപ്പെട്ട പാർട്ടിയാണെങ്കിലും ഇന്ത്യയിലെ വലിയ പാർട്ടിയാണെ ന്നുള്ള ഒരവകാശവാദവും ഞങ്ങൾക്കില്ല. ഞങ്ങൾ ചെറിയ പാർട്ടിയാണ്. പക്ഷെ ഇന്ത്യയിൽ കലങ്ങിമറിഞ്ഞുകൊണ്ടിരിക്കുന്ന, സങ്കീർണ്ണമായിക്കൊണ്ടി രിക്കുന്ന്, രാഷ്ട്രീയ സാഹചര്യത്തിൽ കൃത്യമായ രാഷ്ട്രീയ നിലപാട് സ്വീക രിക്കാൻ കഴിയുന്ന പാർട്ടി എന്ന രീതിയിൽ ഇടതുപക്ഷ പ്രസ്ഥാനം കൂടുതൽ കൂടുതൽ അംഗീകാരം നേടിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. ഇസ്ഹാക് കുരിക്കൾ നേരത്തെ സംസാരിച്ചപ്പോൾ ഒരു കാര്യം പറയുകയു ണ്ടായി. അദ്ദേഹം പറഞ്ഞത് ഉത്കണ്ഠ ജനിപ്പിക്കുന്ന ഒരു ദേശീയ പശ്ചാ ത്തലം ഇന്ത്യയിലുണ്ടെന്നാണ്. അത് തികച്ചും ശരിയായ ഒരു പ്രസ്താവനയാ യിരുന്നു. അഡ്മിറൽ വിഷ്ണുഭഗവത് പുറത്താക്കപ്പെട്ടതിനുശേഷം അതും ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. സർവ്വസൈന്യാധിപൻ പ്രസിഡന്റാണല്ലോ. ആ സർവ്വസൈന്യാധിപന്റെ കീഴിൽ മൂന്നു പ്രധാനപ്പെട്ട സൈന്യത്തിൽ ഒരു സൈന്യത്തിന്റെ തലവനെ രാഷ്ട്രീയ കാരണ ങ്ങൾകൊണ്ട് പുറത്താക്കപ്പെടുന്നതും ആദ്യത്തെ സംഭവമാണ്. ആ സംഭവ ത്തിനുശേഷം തിരുവനന്തപുരത്തുവന്ന് പത്രപ്രവർത്തകരോട് സംസാരിച്ച പ്പോൾ ശ്രീ. വിഷ്ണുഭഗവത് ഒരു കാര്യം ചൂണ്ടിക്കാണിച്ചു. ഇന്ത്യൻ പട്ടാള ത്തിൽനിന്ന് റിട്ടയർ ചെയ്തിട്ടുള്ള പ്രമുഖരായ ചിലരും ഇന്ത്യൻപട്ടാള ത്തിൽത്തന്നെ ഇപ്പോഴും സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട ചില ഉദ്യോഗസ്ഥന്മാരും അതിന്റെ വെളിയിൽ ആർ.എസ്.എസ്./

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി. വിഭാഗത്തിൽപ്പെട്ട ചിലരും ചേർന്ന് ഇന്ത്യൻ പട്ടാളത്തെ നിയന്ത്രിക്കാൻ പട്ടാളത്തിന് ബാഹ്യമായ ഒരു പൊതു കേന്ദ്രം പ്രവർത്തിക്കുന്നു എന്ന് വിഷ്ണുഭഗവത് വ്യക്തമാക്കി. അത് പത്രങ്ങളിലൂടെ വായിക്കാൻ കഴിയുന്ന രീതിയിൽ പത്രക്കാരോട് പറഞ്ഞത് ഓർമ്മിക്കുകയാണ്. ഉത്കണ്ഠപ്പെടുത്തുന്ന വളരെ പ്രധാനപ്പെട്ട സംഭവമായിരുന്നു അത്. ഇവിടെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ - കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ഉൾപ്പെടെ വ്യക്തമായി ഒരു കാര്യം, 13 മാസം അധികാരത്തിൽ ഇരിക്കുന്ന അതിന്റെ ആരംഭഘട്ടത്തിൽ പറഞ്ഞു. എക്സിക്യൂട്ടീവും ജുഡീഷ്യറിയും ലെജിസ്ലേച്ചറും ഉൾക്കൊള്ളുന്ന ഭരണകൂട വ്യവസ്ഥ ആകെ ഹിന്ദുത്വ പ്രത്യയശാസ്ത്രം അടിസ്ഥാനപ്പെടുത്തി വർഗ്ഗീയവൽക്കരിക്കുന്നതിനുവേണ്ടിയാണ് ബി.ജെ.പി. ഭരണം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആദ്യത്തെ നിമിഷം ഏത് സന്ദർഭമാണോ താഴെയിറക്കാൻ ലഭിക്കുക, അങ്ങനെ താഴെയിറക്കാൻകിട്ടുന്ന ആദ്യത്തെ സന്ദർഭംതന്നെ താഴെയിറക്കേണ്ടതാണെന്ന് ഇടതുപക്ഷ പ്രസ്ഥാനം വ്യക്തതയോടുകൂടി ആദ്യം മുതലേ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങളെല്ലാം ഈ കാര്യം പറയുമ്പോൾ ഇത്രത്തോളം ഗൗരവതരമായ ഒരു പ്രശ്നം ഇതിനകത്തുണ്ടെന്ന്, അവസാനം ശ്രീ. വിഷ്ണുഭഗവത് പറയുന്ന അത്രത്തോളമുള്ള ഗൗരവം തോന്നിയതല്ല. പക്ഷെ ഉത്കണ്ഠപ്പെടുത്തുന്ന ഒരവസ്ഥയാണ് ഇന്ത്യയിലുണ്ടായിരുന്നത്. അത് ഏതെങ്കിലും തരത്തിൽ മാത്രമല്ല, സൈനിക മേഖലയിൽ മാത്രമല്ല, വിദ്യാഭ്യാസമേഖലയിലും എക്സിക്യൂട്ടീവും ജുഡീഷ്യറിയും ലെജിസ്ലേച്ചറും ഉൾക്കൊള്ളുന്ന ഭരണകൂട വ്യവസ്ഥ ആകെതന്നെ ഹിന്ദുത്വ പ്രത്യയശാസ്ത്രം അടിസ്ഥാനപ്പെടുത്തി വർഗ്ഗീയവൽക്കരിക്കാൻ നടത്തിയിട്ടുള്ള നിരന്തരമായ ശ്രമത്തെ ചെറുത്ത് പരാജയപ്പെടുത്താൻ വേണ്ടിയുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്വം ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കുണ്ട്, അതുപോലെതന്നെ ജനാധിപത്യ മതേതര പ്രസ്ഥാനങ്ങൾക്കുണ്ട്. ആ ജനാധിപത്യ മതേതര പ്രസ്ഥാനം ആ ചരിത്രപരമായ ദൗത്യം നിർവഹിക്കുന്നതിൽ കാണിക്കുന്ന വീഴ്ചയാണ് ഗൗരവപൂർവ്വമായ വിമർശനത്തിന് ഓരോ സന്ദർഭത്തിലും കോൺഗ്രസ്സിനെ സംബന്ധിച്ച് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ചരിത്രപരമായി ഈ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട പാർട്ടി എന്നുള്ള രീതിയിൽ ഇന്ന് പ്രതിപക്ഷത്തിലെ അംഗസംഖ്യകൊണ്ട് പ്രധാന പാർട്ടിയായിട്ടുള്ള കോൺഗ്രസ് അതിന് മുൻകൈ എടുക്കണമെന്നാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. അങ്ങനെ മുൻകൈയെടുക്കുകയാണെങ്കിൽ ബി.ജെ.പി. യെ താഴെയിറക്കുന്നതിന് കോൺഗ്രസ്(ഐ)ക്ക് പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പിന്തുണയുണ്ടെന്നാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത് അങ്ങനെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ശരിയായ രീതിയിൽ ഒരു ഘട്ടം വരെ മുന്നോട്ടു കടന്നുവന്നു. എങ്കിലും ബി.ജെ.പി. ഗവൺമെന്റ് താഴെ ഇറങ്ങി പുതിയ ഗവൺമെന്റ് രൂപീകരിക്കുന്ന പ്രവർത്തനം വന്നപ്പോൾ ഞങ്ങൾക്ക് ഭരിക്കാൻ സാധിക്കുന്നില്ലെങ്കിൽ രാജ്യം ഞങ്ങൾക്ക് പ്രശ്നമല്ല, ശ്രീമതി സോണിയാ ഗാന്ധി പ്രധാനമന്ത്രിയാകുന്നില്ലെങ്കിൽ ഈ രാജ്യം എന്തായാലും ഞങ്ങൾക്ക് പ്രശ്നമല്ലെന്നു പറഞ്ഞുകൊണ്ട് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി ബഹുമാന്യനായ ശ്രീ. എ.കെ. ആന്റണി ഉൾപ്പെടെ യോഗം ചേർന്നു തീരുമാനിച്ചു. ആ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഞങ്ങൾക്ക് ഭൂരിപക്ഷവുമില്ല. മൂന്നാം മുന്നണിക്കും നാലാം മുന്നണിക്കും ഒരു മുന്നണിക്കും ഞങ്ങളുടെ പിൻതുണയില്ല എന്നുപറഞ്ഞ് ഇറങ്ങിവരുന്ന അവസ്ഥയിലേക്ക് വന്നത് രാജ്യതാല്പര്യമല്ല. കോൺഗ്രസ്(ഐ)യുടെ അധികാരരാഷ്ട്രീയമാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്(ഐ)യുടെ അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായി ഉയർത്തപ്പെട്ട ഈ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ഇടതുപക്ഷപ്രസ്ഥാനങ്ങൾ വളരെ വ്യക്തമായി പറഞ്ഞു. ഇങ്ങനെയൊരു സാഹചര്യം തുടർന്ന് ആറുമാസത്തേക്കോ, ഏഴുമാസത്തേക്കോ, ഇന്ത്യ ഭരിക്കുന്ന ഒരു അവസ്ഥയിലേക്ക് ബി.ജെ.പി.യെ എത്തിച്ചിട്ടുള്ളത് നിങ്ങളുടെ നിലപാട് കൊണ്ടാണെന്ന് അന്ന് ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. ഇന്നും ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ സമയമില്ലാത്തതുകൊണ്ട് മുതിരുന്നില്ല. ഇന്നത്തെ ഇന്ത്യൻ പശ്ചാത്തലത്തിൽ വളരെ വ്യക്തതയോടുകൂടി ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ബി.ജെ.പി. യെ തോല്പിക്കുക എന്നുള്ളതുതന്നെയാണ് വളരെ പ്രധാനപ്പെട്ടകാര്യം. എന്നാൽ 25 ശതമാനം വോട്ടുള്ള ബി.ജെ.പി.യും 25 ശതമാനം വോട്ടുള്ള കോൺഗ്രസ് ഐ-യും വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. ഞങ്ങൾ ആരേയും കൂട്ടുന്നില്ല, ഞങ്ങൾക്ക് ഒറ്റയ്ക്ക് ഭരിക്കാൻ കഴിയുന്നതാണ്. നിങ്ങൾക്ക് ഒറ്റയ്ക്ക് ഭരിക്കാൻ സാധിക്കുന്നില്ല എന്നുമാത്രമല്ല നിങ്ങൾക്ക് അധികാരത്തിലേക്ക് വരാൻ സാധിക്കുന്ന ഒരു പശ്ചാത്തലവും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്നില്ല. അപ്പോൾ ഒറ്റയ്ക്ക് ഭരിക്കാൻ സാധിക്കുന്നില്ല എന്ന് നിങ്ങൾക്ക് മനസ്സിലാകുന്നില്ല, ബി.ജെ.പി. ക്ക് മനസ്സിലായിരിക്കുന്നു, ബി.ജെ.പി. എന്താണ് പറഞ്ഞത്? വാതിൽ തുറന്നു വച്ചിരിക്കുകയാണ് ആർക്കും വരാം എന്നാണ്. ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം അതാണ്. ആർക്കും വരാം, ആരെയും കൂട്ടാം, നമ്മുടെ പേരും മാറ്റാം, നയവും മാറ്റാം, എന്തു വേണമെങ്കിലും മാറ്റാം, എല്ലാവരുമായി സഹകരിക്കാൻ തയാറാണ് എന്നുപറഞ്ഞുകൊണ്ട് വീണ്ടും അധികാരത്തിലേക്ക് വരാനുള്ള ബോധപൂർവ്വമായ പ്രവർത്തനമാണ് യഥാർത്ഥത്തിൽ ഇപ്പോൾ ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുന്നത്. ആ ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുന്ന ശ്രമത്തെ തടഞ്ഞ് പരാജയപ്പെടുത്തണമെങ്കിൽ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക് ശക്തിയായി മുന്നോട്ടേയ്ക്ക് വരാൻ സാധിക്കണം, ഞാൻ വെറുതേ പറഞ്ഞതല്ല, പണ്ട് കേരളത്തിൽ തെരഞ്ഞെടുപ്പു നടക്കുമ്പോൾ പാർലമെന്റിലേക്ക്, അസംബ്ളിയിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ, ആദ്യം തെരഞ്ഞെടുപ്പു നടത്തുന്നത് കേരളത്തിലായിരിക്കും, ഇടയ്ക്കിടയ്ക്ക് ഉപതെരഞ്ഞെടുപ്പാണ്, രണ്ടുകൊല്ലം മൂന്നുകൊല്ലം ആകുമ്പോൾ ഉപതെരഞ്ഞെടുപ്പാണ് കേരള അസംബ്ലിയിൽ. പത്രങ്ങൾ എഴുതാറുണ്ട്, നിങ്ങൾ അവകാശപ്പെടാറുണ്ട്, സുസ്ഥിരമായ ഗവൺമെന്റ് കേന്ദ്രത്തിൽ, എന്നാൽ കേന്ദ്രത്തിൽ സുസ്ഥിരമായ ഗവൺമെന്റ് എന്നുപറഞ്ഞു പറഞ്ഞ് ഇപ്പോൾ ഏറ്റവും അവസാനമായി ബൂർഷ്വാ രാഷ്ട്രീയത്തിന്റെ ഉല്പന്നമായ അസ്ഥിരതയാണ് നിൽക്കുന്നത്. പഴയ സുസ്ഥിരമായി നിൽക്കുന്ന ഗവൺമെന്റിന്റെ ചിത്രം മാറി, ഞങ്ങളൊന്നുമല്ല അതിനു ഉത്തരവാദി, ഇടതുപക്ഷക്കാരല്ല അതിനുത്തരവാദി, ഇപ്പോൾ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ തകർച്ചയാണ്. കേരളത്തിലും ബംഗാളിലും ത്രിപുരയിലും ബൂർഷ്വാ രാഷ്ട്രീയത്തിന്റെ തകർച്ചയിൽനിന്നും പുതിയ രാഷ്ട്രീയശക്തി ഉയർന്നുവന്നിട്ടുണ്ട്. ആ ഉയർന്നുവന്നത് ഇടതുപക്ഷപ്രസ്ഥാനങ്ങളാണ്. ഇടതുപക്ഷപ്രസ്ഥാനങ്ങളും ജനാധിപത്യപ്രസ്ഥാനങ്ങളും ചേർന്ന് ഒരു ഐക്യപ്രസ്ഥാനം കേരളത്തിലും ബംഗാളിലും, ത്രിപുരയിലും ഉയർന്നുവന്നപ്പോൾ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ തകർച്ചയിൽനിന്നും പുതിയ ദിശാബോധത്തോടുകൂടി ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ചുകൊണ്ട് കേരളത്തേയും ബംഗാളിനേയും ത്രിപുരയേയും മുന്നോട്ടേയ്ക്ക് നയിക്കുന്നതിനുവേണ്ടി സാധിച്ചിട്ടുണ്ട്. ആ സാധിച്ചതിന്റെ വെളിച്ചത്തിൽ ഞങ്ങൾ

[3 PM]

LIBRARY ARCHIVES Kerala Legislative Assembly

വളരെ വ്യക്തമായി ചൂണ്ടികാണിക്കുന്നു കേരളത്തിലും ബംഗാളിലും ത്രിപുര യിലും കോൺഗ്രസ്സിനും ബി.ജെ.പി.യ്ക്കും എതിരായിട്ട് ശക്തിമത്തായ നില പാട് എടുത്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനത്തിന്റെ ശക്തി തെളിയിപ്പിച്ചുകൊണ്ട് മുന്നോട്ടേയ്ക്ക് പോകാനുള്ള കരുത്ത് ഏകാൻ നമുക്ക് സാധിക്കണം. എന്നാൽ ദേശീയ രാഷ്ട്രീയത്തിന് ബൂർഷ്വാ രാഷ്ട്രീയത്തിന്റെ ഭാഗമായിട്ടുള്ള ഈ കുഴപ്പവും പ്രതിസന്ധിയും അസ്ഥിരതയും പരിഹരി ക്കാൻ സാധിക്കണമെങ്കിൽ ഏതെങ്കിലും ഒരു പാർട്ടിക്കുപകരം മറ്റൊരു പാർട്ടി അധികാരത്തിൽ വന്നാൽ സാധിക്കുകയില്ല. അതിന് സാധിക്കണമെങ്കിൽ ഇട തുപക്ഷ ബദൽ നയം വേണം. ഏതെങ്കിലും പാർട്ടിയുടെ പേരിൽ അല്ല, നയം പകരം വയ്ക്കണം. ആ ബദൽനയം പകരം വയ്ക്കാൻ കഴിയുന്ന ഒരു പുതിയ രാഷ്ട്രീയ സാഹചര്യം ഇന്ത്യയിൽ ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി ട്ടാണ് ഇടതുപക്ഷശക്തികൾക്ക് സ്വാധീനം വർദ്ധിപ്പിക്കാൻ സാധിക്കണമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റും) ഇടതുപക്ഷ പ്രസ്ഥാന ങ്ങളും പൊതുവേ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ആ തീരുമാനത്തെ അടി സ്ഥാനപ്പെടുത്തികൊണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിൽ ബി.ജെ.പി. യെ തോല്പി ക്കാൻ സാധിക്കുന്ന ഇടതുപക്ഷ പ്രസ്ഥാനത്തിന് കൂടുതൽ സ്വാധീനം നേടാൻ സാധിക്കുന്ന മൂന്നാം മുന്നണിക്ക് അധികാരത്തിൽ വരാൻ സാധി ക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യത്തിലേക്ക് നയിക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനമാണ് ഈ കേരള രാഷ്ട്രീയത്തിന്റെ മർമ്മമായിട്ട് ഇന്ന് മാറിക്കൊ ണ്ടിരിക്കുന്നത് എന്ന കാര്യം ഓർമ്മിപ്പിക്കുവാൻ ഈ സന്ദർഭവും ഈ സമ യവും ഉപയോഗിക്കുകയാണ്. സമദൂരസിദ്ധാന്തം ഉൾപ്പെടെയുള്ള ധാരാളം പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട ആന്റണി തന്നെ പറഞ്ഞു. ഞാൻ അതി ലേക്ക് കടക്കുന്നില്ല. സമദൂരസിദ്ധാന്തമൊന്നുമല്ല ഞങ്ങൾ പറയുന്ന സിദ്ധാന്തം. ഞങ്ങൾ പറയുന്നത് ബി.ജെ.പി.യെ പരാജയപ്പെടുത്തണം., കേരള ത്തിലും, ബംഗാളിലും ത്രിപുരയിലും, ബി.ജെ.പി. ഇല്ല. കേരളത്തിലും ബംഗാ ളിലും ത്രിപുരയിലും ഏറ്റവും പ്രധാനപ്പെട്ട പാർട്ടി ഇടതുപക്ഷപ്രസ്ഥാനങ്ങ ളാണ്. മറുഭാഗത്ത് അതിനെതിരായിട്ട് നിൽക്കുന്നവർ മാത്രമാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക് ഒപ്പം നിൽക്കുന്ന പാർട്ടികളും അതുപോലെ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക് എതിരായിട്ട് നിൽക്കുന്ന പാർട്ടി കളും തമ്മിലുള്ള പോരാട്ടമാണ് കേരളത്തിലും, ബംഗാളിലും ത്രിപുരയിലും അങ്ങനെയല്ലാത്ത സംസ്ഥാനങ്ങളിൽ ബി.ജെ.പി.യെ തോല്പിക്കണം. അങ്ങനെ ബി.ജെ.പി. യെ തോൽപ്പിക്കുകയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ സ്വാധീനം വർദ്ധിക്കുകയും ചെയ്തുകൊണ്ട് ഇടതുപക്ഷജനാധിപത്യപ്രസ്ഥാ നങ്ങൾക്ക് ഒരു ബദൽ ശക്തി ആകാൻ സാധിക്കുന്ന മൂന്നാം മുന്നണിക്ക് ഇന്ത്യയിൽ രൂപം കൊടുക്കുവാനും അതിനെ അടിസ്ഥാനപ്പെടുത്തി മുന്നോട്ടു പോകുവാനുമാണ് ഉദ്ദേശിക്കുന്നത്. ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയമെന്ന് പറ യുന്നത് വളരെ സങ്കീർണ്ണമാണ്, ആ സങ്കീർണ്ണമായ രാഷ്ട്രീയ സാഹച ര്യത്തെ മുറിച്ചുകടന്ന് മുന്നോട്ടേയ്ക്ക് പോകുവാനുള്ള പോംവഴിയും സങ്കീർണ്ണങ്ങളാണ്. ആ സങ്കീർണ്ണമായ വഴിയിൽനിന്നുകൊണ്ടുവേണം കേരള ത്തിന്റെ ആഭ്യന്തരപ്രശ്നവുമായിട്ട് ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഇവിടെ ക്രമസമാധാനം സ്വർഗരാജ്യം പോലെയുള്ള ഒന്നാ യിരുന്നു എന്ന് ആർക്കും പറയാൻ കഴിയുന്നതല്ല, ഇവിടെ ശ്രീമതി ശോഭനാ ജോർജ് ഉൾപ്പെടെയുള്ളവർ സംസാരിച്ചപ്പോൾ ചൂണ്ടികാണിച്ചത് കണ്ണൂർ ജില്ല യാണ് കുഴപ്പം എന്നാണ്. കണ്ണൂർ ജില്ലയിൽ എന്തോ വമ്പിച്ച കുഴപ്പമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ 8 കൊല്ലത്തിനിടയിൽ സമാധാനപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടത് ഈ മൂന്നുകൊല്ലമാണെന്ന് ഉറപ്പിച്ച് പറയാൻ കഴിയും. അതിനു മുമ്പ് ഇവിടെ ഇരിക്കുന്ന സുധാകരനും പോലീസും ആന്റണിയും അതിനു മുമ്പ് ശ്രീമാൻ കരുണാകരനും ഉൾപ്പെടെ ചേർന്ന് കുഴപ്പങ്ങളും കൊലപാതകങ്ങളും സംഘർഷങ്ങളും നടത്തുകയായിരുന്നു. ഈ അക്രമത്തിന്റെ അന്ത്യം കുറിച്ചുകൊണ്ടാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുള്ളത്. 1991-ൽ അധികാരത്തിൽ വരുമ്പോൾ 63 രാഷ്ട്രീയ സംഘട്ടനങ്ങൾ കണ്ണൂരിൽ നടന്നിരുന്നു. 1997-ൽ 166 രാഷ്ട്രീയ സംഘർഷങ്ങൾ, 1998-ൽ 215 ആയി, ഇപ്പോൾ കണക്ക് പരിശോധിച്ചുനോക്കുമ്പോൾ നിങ്ങളുടെ കാലത്ത് ശരാശരി 500-ൽ അധികമാണ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരണം നടത്തിയിരുന്ന 3 കൊല്ലക്കാലം ശരാശരി എടുത്തുപരിശോധിച്ചാൽ 150 ആണ്. സംഘർഷാത്മകമായ പശ്ചാത്തലമാണെന്ന് വെറുതെ പുകമറ സൃഷ്ടിച്ചുകൊണ്ട് രാജ്യത്ത് പ്രചരണം നടത്തിക്കൊണ്ടിരിക്കുന്ന ബഹുമാന്യരായ കോൺഗ്രസ് നേതാക്കന്മാർ, യു.ഡി.എഫ് പ്രവർത്തകന്മാർ വസ്തുതയോടുകൂടി കാര്യങ്ങൾ പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും തയാറാകണമെന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് പറയുമ്പോൾ പറയാനുള്ളത്. കൊലപാതകത്തിന്റെ ചിത്രമെടുത്ത് പരിശോധിച്ചാലും അതുതന്നെയാണ്. മുമ്പ് എന്തൊക്കെ സംഘട്ടനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളത്. ആരാണ് സംഘട്ടനത്തിന് നേതൃത്വം കൊടുത്തത്.

കോൺഗ്രസ്സ് എന്നുപറയുന്നത് പാർട്ടിയൊന്നുമല്ല, അവിടത്തെ ബൂത്ത് കമ്മിറ്റികളും മണ്ഡലം കമ്മിറ്റികളുമെല്ലാം പിരിച്ചുവിട്ട് ഗുണ്ടാക്കമ്മിറ്റികൾ ഉണ്ടാക്കി, ഇവിടെയിരിക്കുന്ന പല കോൺഗ്രസ്സുകാർക്കും അത് അറിയില്ല. ബൂത്ത് കമ്മിറ്റികളും ജില്ലാ കമ്മിറ്റികളും ഇല്ല, ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിച്ചിരുന്ന എല്ലാ കമ്മിറ്റികളേയും പിരിച്ചുവിട്ട് ഗുണ്ടാ കമ്മിറ്റികൾ ഉണ്ടാക്കി, ഗുണ്ടാ കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട നേതാവായി ശ്രീ. സുധാകരൻ പ്രസിഡന്റായി. ആ സുധാകരനാണ് നാൽപ്പാടി വാസുവിനെ കൊല്ലാൻ നേതൃത്വം കൊടുത്തത്. നാൽപ്പാടി വാസുവിന്റെ കൊലക്കേസിലെ പ്രതിയാണ് ഇവിടെയിരിക്കുന്ന സുധാകരൻ. വളരെ ഗൗരവപൂർവ്വം നിങ്ങൾ ആലോചിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വന്നുവെന്ന ഒറ്റ കാരണം കൊണ്ട് സുധാകരൻ പ്രതിയായി അല്ലെങ്കിലോ സുധാകരനെ പിടിക്കുകയില്ല. ശ്രീമാൻ ആന്റണിയും കരുണാകരനുമെല്ലാം സുധാകരനെ ഒഴിവാക്കിയിരുന്നു. ഒരു സഹ എം.എൽ.എ.യെ വെടിവച്ചുകൊല്ലാൻ വേണ്ടി ബോധപൂർവ്വമായി വാടകയ്ക്ക് എടുക്കുന്ന ആർ.എസ്. എസ്സിന്റെ പഴയ ഗുണ്ടകളെ വിലയ്ക്ക് വാങ്ങിയിട്ട് ഡെൽഹിയിൽ നിന്നും പാർട്ടി കോൺഗ്രസ്സും കഴിഞ്ഞ് ട്രെയിനിൽ തിരിച്ചുവരുമ്പോൾ വെടിവെച്ച് കൊല്ലാൻ ഏർപ്പാട് ചെയ്തു, പണവും കൊടുത്ത് തോക്കും കൊടുത്തു. ഈ കേസ്സ് ഇപ്പോൾ നടക്കുകയാണ്. നേതൃത്വപരമായ പങ്ക് വഹിച്ചത് സുധാകരനാണ്. എത്രയെത്ര സംഭവങ്ങളാണ് ഇതുപോലെ കണ്ണൂർ ജില്ലയിൽ വിവിധ മേഖലകളിൽ സംഘർഷങ്ങൾക്ക് നേതൃത്വം കൊടുത്തത് സുധാകരനാണ്. യഥാർത്ഥത്തിൽ കോൺഗ്രസ്സും ഞാൻ നേരത്ത പറഞ്ഞ ഗുണ്ടാസംഘവും അതിന്റ ഭാഗമായിട്ട് നിന്നത് പോലീസുകാരുമാണ്. ആ പോലീസിന്റെ അവസ്ഥ മാറിയിട്ടുണ്ട്. അത് മാറ്റുകയെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രധാനപ്പെട്ട നിലപാടാണ്, അതുപോലെ തുടരുകയെന്നുള്ളതല്ല, ഗുണ്ടാപ്പണിക്ക് ഒപ്പം നിന്നുകൊടുക്കുക മാത്രമല്ല. ഡി.സി.സി. ഓഫീസിന്റെ മേൽ പത്രപ്രവർത്തകരെ കൊണ്ടുവന്നിട്ട് ബോംബ് കാണിച്ചുകൊടുത്തു, ഇത് എവി

LIBRARY ARCHIVES Kerala Legislative Assembly

ടയാണെന്നോ, സുധാകരന്റെ ആസ്ഥാനത്ത്, ഫോട്ടോ അതോടുകൂടിയാണ് പ്രസിദ്ധീകരിച്ചത്. ഈ ബോംബ് ആളെ കൊല്ലാനുള്ള ബോംബാണ്, ഈ ബോംബ് പരിക്കേൽപ്പിക്കാനുള്ള ബോംബാണ്, ഈ ബോംബ് ഭീഷണിപ്പെടുത്താനുള്ള ബോംബാണ്. ഞങ്ങൾക്ക് മൂന്നു ബോംബുണ്ട്. ഏത് തരത്തിലുള്ള അക്രമം നടത്താനും ഏത് തരത്തിലുള്ള പ്രശ്നങ്ങളുണ്ടായാലും അതിനെയെല്ലാം നേരിടാൻ ഞങ്ങൾക്ക് ഇഷ്ടംപോലെ ബോംബുകളുണ്ടെന്ന് ഡി.സി.സി.(ഐ) ഓഫീസിന്റെ മേലേ പത്രസമ്മേളനം നടത്തി. ആ പത്രസമ്മേളനത്തിൽ പങ്കെടുത്തത് നാരായണൻ കുട്ടിയാണ്. കോൺഗ്രസ്സിന്റെ ഡി.സി.സി. സെക്രട്ടറി, കാട്ടിക്കൊടുത്തതാരാണെന്നോ? കാട്ടിക്കൊടുക്കാനായിട്ട് അല്ലെങ്കിൽ ഒരു ഉപകരണമായിട്ട് ഒരാൾ ഉണ്ടായിരുന്നു, എനിക്കും സുധാകരനും അറിയാം, ആരാണ് കാട്ടിക്കൊടുത്തതെന്ന്. ആ കാട്ടിക്കൊടുത്ത ആൾ ഇപ്പോൾ ഭൂമുഖത്തില്ല. ക്രമസമാധാനത്തിന്റെ പേരും പറഞ്ഞ് ഇപ്പോൾ നാടിന്റെ പലഭാഗത്തും വലിയ രീതിയിലുള്ള പ്രശ്നങ്ങളാണെന്ന് പറയുന്നവർ ഇവിടെ ഇപ്പോൾ പ്രസംഗിക്കാൻ പോകുന്ന സുധാകരനാണ് കണ്ണൂരിലെ മുഴുവൻ കുഴപ്പത്തിന്റെയും ഉത്തരവാദിയായിട്ട് നിലകൊണ്ടിട്ടുള്ളത് എന്ന കാര്യത്തിൽ ഒരു സംശയവും ഇപ്പോൾ വേണ്ട. ഇപ്പോൾ ശ്രീ. സുധാകരൻ പ്രസംഗിക്കുമ്പോൾ എല്ലാ ദിവസവും പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യം മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി ശ്രീ. ശശി എന്നെ കൊല്ലാൻ നടത്തിയിട്ടുള്ള കേസ്സിലെ പ്രതിയാണെന്നാണ്. ആ കേസ്സിന്റെ അവസാന വിധി വന്നു. ആ കേസ്സിൽ യഥാർത്ഥത്തിൽ ഇവർ ഒന്നും കുറ്റക്കാരല്ല എന്ന് പരസ്യമായിട്ട് കോടതി പറഞ്ഞിരിക്കുകയാണ്.

ഇന്നലെ ഇവിടെ നമ്മുടെ ബഹുമാനപ്പെട്ട എം.എൽ.എ. പാലോട് രവി പറഞ്ഞല്ലോ മൂന്ന് മുഖ്യമന്ത്രിമാരുണ്ട് എന്ന്. അതിന് ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. പക്ഷെ നിങ്ങളുടെ മനസ്സിൽ അപ്പോൾ ഉണ്ടായിരുന്നത് ശശിയെ സംബന്ധിച്ചാണ്. സുധാകരൻ പറയുമ്പോൾ പല പ്രാവശ്യം ഇവിടെ ചൂണ്ടിക്കാണിച്ചു. ആ പൊളിറ്റിക്കൽ സെക്രട്ടറിയായിട്ടുള്ള ശശി ഞങ്ങൾക്കെതിരായിട്ടുള്ള കേസ്സിലൊക്കെ പ്രതിയായിട്ടുള്ള ക്രിമിനലാണ് എന്ന്. ശശിയുടെ പേരിൽ രണ്ട് കേസ്സ് ഉണ്ടായിരുന്നു. ആ രണ്ടു കേസ്സിലും ശശി കുറ്റക്കാരനല്ല എന്നു കണ്ടിരിക്കുന്നു. രാഷ്ട്രീയ എതിരാളികൾക്കെതിരായിട്ട് കേസ്സ് ചാർജ്ജ് ചെയ്യിപ്പിക്കുക എന്നുള്ളതും അതുപോലെ കേസ്സ് എടുപ്പിക്കുക എന്നുള്ളതും ആയിരുന്നു. ശ്രീ. സുധാകരൻ ഉൾപ്പെടെയുള്ള ആളുകൾ അന്നു ചെയ്തുകൊണ്ടിരുന്നത്. പ്രധാനപ്പെട്ട നേതാക്കൻമാരെ കൊല്ലുക, നേതാക്കൻമാർക്കെതിരായിട്ട് കേസ്സ് എടുപ്പിക്കുക, കള്ളക്കേസ്സ് ഉണ്ടാക്കുക. 3000-ത്തിൽ അധികം വരുന്ന കേസ്സുകൾ നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒന്നും രണ്ടും കേസ്സുകളല്ല. ഇപ്പോൾ ഇവിടെ ഒരു കേസ്സിനെപ്പറ്റി, ഒരാൾ തല്ലിയതിനെപ്പറ്റിയൊക്കയല്ലേ പറഞ്ഞുകൊണ്ടിരുന്നത്. മൂവായിരത്തിലധികം വരുന്ന കേസ്സുകൾ. ആ കള്ളകേസ്സുകൾ മുഴുവൻ ഉണ്ടാക്കിയിട്ട് കേരളത്തിൽ അങ്ങോളമിങ്ങോളം ഭരണം നടത്തിയിരുന്ന ആളുകൾ ശരിയായ രീതിയിൽ, ശരിയായ ദിശാബോധത്തോടുകൂടി ജനങ്ങൾക്ക് സമാധാനം നൽകി കൃത്യമായ രീതിയിൽ ജനങ്ങളെ മുന്നോട്ടു നയിക്കാൻ, രാജ്യത്തെ മുന്നോട്ടു നയിക്കാൻ, ശ്രമിക്കുന്ന ആഭ്യന്തര വകുപ്പിന്റെ മുഖത്തു നോക്കിയിട്ട് നിങ്ങൾ ഇപ്പോൾ കൊഞ്ഞനം കുത്തുകയാണ്. നിങ്ങൾക്ക് കാര്യമായിട്ട് ഒന്നും പറയാനില്ല. അതുകൊണ്ട് ആഭ്യന്തര ജീവിതം ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടേയ്ക്കുകൊണ്ടുപോയി കഴിഞ്ഞ 3 വർഷക്കാലം, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു തുരുത്തായിട്ട് കേരളത്തെ മാറ്റിനിർത്താൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടുണ്ട്. ഇനിയും അതിന്റെ ഭാഗമായിട്ട് മുന്നോട്ടേയ്ക്കു കൊണ്ടുപോകാൻ നമുക്കു സാധിക്കും. ഇവിടെ വളരെ വ്യക്തമായിട്ട് ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. ശ്രീമതി ശോഭനാ ജോർജ് ഇവിടെ ഒരു കാര്യം പറഞ്ഞു. അവർ മാത്രമാണ് ഈ പ്രസംഗിച്ച കൂട്ടത്തിൽ രാഷ്ട്രീയം പറഞ്ഞത്. ബാക്കി നിങ്ങളാരും ഒരു രാഷ്ട്രീയവും പറഞ്ഞില്ല. രാഷ്ട്രീയ എതിരാളികളേയും അതുപോലെ പോലീസ് ഉദ്യോഗസ്ഥരേയും മറ്റ് ഉദ്യോഗസ്ഥൻമാരേയും ഭീഷണിപ്പെടുത്താനുള്ള പണിയാണ് ശ്രീമതി ശോഭനാ ജോർജ് ചെയ്തത്. അത് നടത്തുന്നതിന് ഉത്തരവാദപ്പെടുത്തിയത് ശോഭനാ ജോർജ്ജിനെയാണ്. ആരും അറിയാതെയൊന്നുമല്ല. പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി നടത്തിയ പ്രസംഗം തന്നെയാണ്. എന്താണ് പറഞ്ഞത്? വരാൻ പോകുകയാണ് തെരഞ്ഞെടുപ്പ്. ആ തെരഞ്ഞെടുപ്പ് വന്നാൽ ഞങ്ങൾ വീണ്ടും അധികാരത്തിൽ വരും. ഞങ്ങൾ വീണ്ടും അധികാരത്തിൽ വന്നാൽ കണ്ണൂരിൽ നടത്തിയതുപോലെ കേരളത്തിന്റെ വിവിധ ഭാഗത്ത് മുമ്പുള്ള 5 വർഷക്കാലം നടത്തിയതുപോലെ പോലീസിനെ ഉപയോഗിച്ച് കടന്നാക്രമണം നടത്തും ഞങ്ങൾ എന്ന പരസ്യപ്രഖ്യാപനമാണ് ശ്രീമതി ശോഭനാ ജോർജ്ജ് നടത്തിയിട്ടുള്ളത്. ആ പരസ്യപ്രഖ്യാപനത്തോട് എനിക്ക് ഒറ്റ കാര്യം മാത്രമേ പറയാനുള്ളൂ. 5 കൊല്ലക്കാലം കണ്ണൂരിൽ, അതുപോലെതന്നെ കേരളത്തിലെ വിവിധ മേഖലകളിൽ നിങ്ങളുടെ വളരെ പ്രധാനപ്പെട്ട ഗുണ്ടാസംഘവും പോലീസും ഉൾപ്പെടെ ചേർന്ന് നടത്തിയിട്ടുള്ള എല്ലാ കടന്നാക്രമണങ്ങളേയും അതിജീവിച്ച് മുന്നോട്ടുവന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനം. ആ പ്രസ്ഥാനം തകർക്കാൻ നിങ്ങൾക്ക് ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടു മാത്രം സാധിക്കുന്നില്ല. ആ നിലപാടല്ല കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിലപാട്. ജനങ്ങൾക്ക് സേവനം നൽകുന്ന, ജനങ്ങളെ സഹായിക്കുന്ന, പാവപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന, ദളിതർക്കെതിരായിട്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ഉൾപ്പെടെയുള്ള പാവപ്പെട്ട ജനങ്ങൾക്കെതിരായിട്ട് കടന്നാക്രമണം നടന്നാൽ ആ കടന്നാക്രമണങ്ങളെയെല്ലാം ശരിയായ രീതിയിൽ കൈകാര്യം ചെയ്ത് മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണ്, ഒരു ആഭ്യന്തര വകുപ്പാണ്, ഈ കേരളത്തിനകത്തുള്ളത്. നമ്മുടെ നാട്ടിൽ കുഴപ്പങ്ങളും അതുപോലെതന്നെ പ്രശ്നങ്ങളും ഉയർന്നുവരുമ്പോൾ സാധാരണ പറയാറുണ്ട്. ഇതെല്ലാം ഉത്തരേന്ത്യയിൽ. ബലാൽസംഗം ആർക്കെതിരായിട്ട്? കന്യാസ്ത്രീകൾക്കെതിരായിട്ട്. അതുപോലെതന്നെ മിഷനറി പ്രവർത്തകർക്കും നേരെ കടന്നാക്രമണം. ഇതൊന്നും കേരളത്തിൽ ഉണ്ടാവില്ല എന്നുപറയുന്നത് ശരിയല്ല. ഉണ്ടാക്കാനുള്ള ആർ.എസ്.എസ്. ഉൾപ്പെടെയുള്ള ശക്തികൾ കേരളത്തിലുണ്ട്. പക്ഷേ എന്താണ് നടക്കാത്തത്? മാരാമൺ കൺവെൻഷൻ ഇവിടെ കഴിഞ്ഞ പ്രാവശ്യം ഈ സഭയിൽ ശ്രീ. എം.വി. ജയരാജനേയും മറ്റും പരിഹസിച്ചുകൊണ്ട് ചിലർ പ്രസംഗിച്ചു. ആ പ്രശ്നങ്ങൾ ഞാൻ ഗൗരവത്തിലെടുക്കുന്നില്ല. ഒരു കാര്യം ഉറപ്പാണ്. കേരളത്തിന്റെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന സഖാവ് ഇ.കെ. നായനാരും അതുപോലെതന്നെ വർഗ്ഗീയതയ്ക്ക് എതിരായി ചെറുത്തുനിൽക്കുന്ന മനസ്സുള്ള കേരളത്തിലെ ജനങ്ങളും ഒറ്റക്കെട്ടായി മുന്നോട്ടു വന്നപ്പോഴാണ് നമുക്കെല്ലാം അറിയുന്നതുപോലെ ആർ.എസ്.എസുകാർ പരസ്യമായി പത്രസമ്മേളനം നടത്തിയിട്ട് മാരാമൺ കൺവെൻഷനിൽ വിദേശികളായ ആളുകളെ പങ്കെടുപ്പിക്കാൻ ഞങ്ങൾ അനുവദിക്കില്ല എന്നുപറഞ്ഞത്. നമുക്കറിയാമല്ലോ, കുമ്മനം രാജശേഖരൻ, അദ്ദേഹം പരസ്യമായിട്ട് അവിടെ വിദേശികളെ പങ്കെടുപ്പിച്ചുകൊണ്ട് 105 കൊല്ലക്കാലം തുടർച്ച

LIBRARY ARCHIVES Kerala Legislative Assembly

യായി നടത്തിവരുന്ന മാരാമൺ കൺവെൻഷൻ നടത്താൻ ഞങ്ങൾ അനുവദിക്കില്ല എന്നുപറഞ്ഞപ്പോൾ അന്ന് പ്രതികരിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് പിണറായി വിജയൻ ആണ്. സഖാവ് പിണറായി വിജയൻ അങ്ങനെ വിദേശികളായിട്ടു വരുന്നവരെ പങ്കെടുക്കാൻ അനുവദിക്കില്ല എങ്കിൽ അനുവദിക്കാത്ത വർക്കെതിരായിട്ട് ശക്തിമത്തായ രീതിയിൽ മുന്നോട്ടു പോകാൻ ഞങ്ങൾ ഒരുക്കമാണ് എന്ന് പരസ്യമായിട്ടു പറഞ്ഞു. ആയിരക്കണക്കിന് യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട്, അവിടെ ശക്തിമത്തായ പ്രതിരോധം സംഘടിപ്പിച്ചപ്പോഴാണ് കുമ്മനം രാജശേഖരൻ പരസ്യമായിട്ട് പറഞ്ഞത് ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല എന്ന്. ആദ്യം ഞാൻ പറഞ്ഞു എന്നാണ് പറഞ്ഞത്. പിന്നീട് പറഞ്ഞിട്ടില്ല എന്ന് പറയേണ്ടിവന്ന അവസ്ഥയുണ്ടായി. ഇവിടെ ആ സാധ്യത ഇല്ലാഞ്ഞിട്ടല്ല. ആ സാധ്യത മങ്ങുന്നത് ജനങ്ങളുടെ മുൻകൈയും ആഭ്യന്തര വകുപ്പിന്റെ ഉറച്ച നിലപാടുകൊണ്ടാണ്. അതുകൊണ്ട് വർഗ്ഗീയ ശക്തികൾക്കെതിരായി, അതിന്റെ ഭാഗമായി നിൽക്കുന്ന ഈ രീതിയിലുള്ള യുവജന സംഘടനകൾക്ക് എതിരായി ബോധപൂർവ്വമായ പ്രവർത്തനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തിക്കൊണ്ടിരിക്കുന്നത്. ആ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ധനാഭ്യർത്ഥനയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ അതിനെ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. സുധാകരൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. എന്റെ പ്രിയപ്പെട്ട ശ്രീ. കണാരേട്ടൻ മുതൽ എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ വരെയുള്ളവരുടെ പ്രസംഗം കേട്ടു. അതുപോലെ സി.പി.ഐ.യുടെ ഭാഗത്തുനിന്നും വളരെ ആവേശപൂർവ്വം സംസാരിച്ച ശ്രീ. സത്യൻ മൊകേരി, ശ്രീ. എൻ. അനിരുദ്ധൻ എന്നിവരുടെ സവിസ്താര പ്രസംഗവും കേട്ടു. ഞാൻ അതിനൊന്നും മറുപടി, ഓരോന്നിനായി, പറയുന്നില്ല. ശ്രീ. എ. കണാരൻ പറഞ്ഞ ഒന്നിനെമാത്രം പരാമർശിക്കാതെ പോയാൽ അതൊരു മോശമായിപ്പോകും. മ്അദനിയെ കൂട്ടുപിടിച്ചത്, അദ്ദേഹത്തിന് പവിത്രത നൽകിയത് ഞങ്ങളാണ് എന്നുപറയുമ്പോൾ നിങ്ങളുടെ മുഖ്യമന്ത്രിയെ നിങ്ങൾ അപമാനിക്കുകയാണ്. 28000 വോട്ടിന്റെ ഭൂരിപക്ഷത്തിന്റെ കണക്ക് ഇന്നലെ ശ്രീ. ബാലേട്ടൻ സൂചിപ്പിച്ചില്ലേ? തലശ്ശേരി നിയോജക മണ്ഡലത്തിൽ ബഹുമാനപ്പെട്ട നായനാർക്ക്. ആ 28000-ത്തിൽ ബഹുമാനപ്പെട്ട മ്അദനിയുടേയും അനുയായികളുടേയും വോട്ട് അദ്ദേഹത്തിന്റെ പരസ്യ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിരുന്നു എന്നുള്ള സത്യം അങ്ങ് വിസ്മരിക്കേണ്ട. മ്അദനിയുടെ വോട്ടു കൊണ്ട് ഈ നിയമസഭയിൽ ഇരിക്കുന്ന ഒരാളേയുള്ളൂ. മുഖ്യമന്ത്രി. ഞങ്ങളാരുമല്ല. മാരാമൺ കൺവെൻഷനെക്കുറിച്ച് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ സംസാരിച്ചു. ശ്രീ. എ. കണാരൻ സംസാരിച്ചു. അതുതന്നെയാണ് ഞങ്ങളുടെ പരാതി. എന്താണ് നിങ്ങൾ സംസാരിച്ചത്? മാരാമൺ കൺവെൻഷന് ഭീഷണിയുണ്ടായപ്പോൾ ഡി.വൈ.എഫ്.ഐ.ക്കാരെ വച്ച് ഞങ്ങൾ സംരക്ഷണം കൊടുത്തു എന്നാണ് സംസാരിച്ചത്. പോലീസിനെ വച്ച് സംരക്ഷണം കൊടുത്തു എന്നല്ല. വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ സാമുദായിക കൺവെൻഷൻ നടത്താൻ സംരക്ഷണം നൽകി എന്നല്ല നിങ്ങളുടെ അവകാശവാദം. ഡി.വൈ.എഫ്.ഐ.ക്കാരെ അയച്ചു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, കാര്യം വളച്ചൊടിച്ചു പറയരുത്. ജനങ്ങളെ അണിനിരത്തി ഇതിനെ എതിർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതേസമയത്ത് സംരക്ഷണത്തിന് 4 കമ്പനി റിസർവ് പോലീസായിരുന്നു അവിടെ. ഞാനാണ് ഇവിടെ മറുപടി പറഞ്ഞത്. മുഖ്യമന്ത്രി ഇല്ലായിരുന്നു.

ശ്രീ. കെ. സുധാകരൻ : ഞാൻ ഇവിടെ പറഞ്ഞത് അങ്ങയുടെ സഹപ്രവർത്തകരായ ശ്രീ. കണാരേട്ടനും ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററും സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ്. അതിലൊന്നും ഞാൻ മറുപടി പറയാൻ പോകുന്നില്ല. പിന്നെ ഇതിനെ വളരെ വാശിയോടുകൂടി പിന്താങ്ങി സംസാരിച്ച സി.പി.ഐ.യിലെ എന്റെ പ്രിയപ്പെട്ട സത്യൻ മൊകേരി, അദ്ദേഹം ഈ പത്രം കണ്ടോ എന്ന് എനിക്കറിയില്ല. 1999 ഫെബ്രുവരി 26-ാം തീയതിയിലെ ഇന്ത്യൻ എക്സ്പ്രസ്സ് ആണ് എന്റെ കയ്യിലിരിക്കുന്നത്"CPI raising its army to fight CPM menace"-അതിനകത്ത് കാസർഗോഡ് ജില്ലാ സെക്രട്ടറി ശ്രീമാൻ കൃഷ്ണൻ പറയുന്നു "The decision to revive the people's Service Corps was taken in the wake of counting political attacks on our workers. In almost all the political encounters that took place during the past one year, CPI cadres found themselves at the receiving end." ഞാൻ മറുപടി ഓരോന്നിനും പറയുന്നില്ല. ഏപ്രിൽ 1-ാം തീയതി 1999-ലെ മനോരമയാണ് ഇത്. സി.പി.എം.-ന് എതിരെ കേളകത്ത് സി.പി.ഐ. മാർച്ച്. എന്തിനാണ് മാർച്ച്? സി.പി.ഐ.യ്ക്ക് എതിരേയുള്ള സി.പി.എം. ആക്രമണത്തിനും കേളകം പോലീസിന്റെ പക്ഷപാതത്തിനുമെതിരായി സി.പി.ഐ. പോലീസ് സ്റ്റേഷൻ മാർച്ച് ദേശീയ കൗൺസിൽ അംഗം ശ്രീ. പള്ളിപ്പുറം ബാലൻ ഉദ്ഘാടനം ചെയ്തു. ശ്രീ. പിണറായി വിജയൻ കൊലയാളി എന്ന് സി.പി.ഐ. നേതാവ്. ഞാനാണോ സി.പി.ഐ. നേതാവ്? സി.പി.ഐ.യുടെ കർഷക സംഘം ജില്ലാ പ്രസിഡന്റ് ശ്രീ. ബാലകൃഷ്ണൻ ആരോപിച്ചു. തീർന്നില്ല. സി.പി.എം. ആക്രമത്തെ ചെറുക്കാൻ സി.പി.ഐ.യുടെ കർമ്മസേന. ശ്രീ. പി.എസ്. സുപാൽ ഉണ്ടോ ഇവിടെ? ഇത് ശ്രീ. പി.എസ്. സുപാലിന്റെ ഫോട്ടോയാണ്. സി.പി.ഐ. (എം.) കാരെ സി.പി.ഐ.കാർ ആക്രമിച്ചു. അഞ്ചലിൽ സംഘർഷം. വളരുന്നു. അതിൽ ശ്രീ. പിണറായി വിജയനെതിരെ മുദ്രാവാക്യം മുഴക്കിയാണ് സി.പി.ഐ. പ്രവർത്തകർ കഴിഞ്ഞ ദിവസങ്ങളിൽ സി.പി.ഐ. (എം.) ആക്രമണങ്ങളോട് പ്രതികരിച്ചത്. വിശദീകരണ യോഗത്തിൽ രണദിവെ പ്രസംഗിക്കുന്നു. പ്ലാറ്റ് ഫോറത്തിൽ എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. പി.എസ്. സുപാൽ ഇരിക്കുന്നു. എ.ഐ.എസ്.എഫ്. നേതാവിന് സി.പി.ഐ.(എം.)ന്റെ വെട്ടേറ്റു. സി.പി.ഐ. പ്രകടനത്തിനിടയിൽ ആക്രമണം, രണ്ടു പേർക്ക് വെട്ടേറ്റു. മണ്ണാർക്കാട് സി.പി.ഐ. (എം.), സി.പി.ഐ. സംഘട്ടനം. നെടുമങ്ങാട് സി.പി.ഐ., സി.പി.ഐ.(എം.) സംഘട്ടനം, 4 പേർ ആശുപത്രിയിൽ. ഞാൻ ചോദിക്കുന്നു ശ്രീ. സത്യൻ മൊകേരിയോട്, ഇവിടെ ഇന്നു നടത്തിയ പ്രസംഗം കണ്ണൂരിലും കാസർഗോഡും വന്ന് സി.പി.ഐ. പ്രവർത്തകരുടെ മുഖത്തു നോക്കി പ്രസംഗിക്കാൻ അങ്ങേയ്ക്ക് തന്റേടം ഉണ്ടോ? ഞാൻ വെല്ലുവിളിക്കുകയാണ്. കേരളത്തിൽ രാഷ്ട്രീയ സംഘട്ടനമില്ലായെന്ന് അങ്ങുപറഞ്ഞ വാക്ക് ആവർത്തിക്കാൻ ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. സാധിക്കുമോ? ഞാനിവിടെ നിർത്തുകയാണ്. സി.പി.ഐ.യ്ക്ക് എതിരെയുള്ള പരാമർശം. എന്തേ, ശ്രീ. ജി. സുധാകരന്റെ ഇൻവിറ്റേഷനെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. ഈ വേദി ആശയപ്രചരണത്തിനുള്ള വേദിയാക്കി മാറ്റണമെന്നുള്ള അങ്ങയുടെ നിർദ്ദേശമുണ്ടല്ലോ, അതിനെ ഉള്ളുതുറന്ന് സ്വാഗതം ചെയ്യുന്നു. പക്ഷെ, അങ്ങ് പ്രകടിപ്പിച്ചതുപോലെയല്ല, ഞങ്ങൾ ആ സന്ദർഭം ഉപയോഗിക്കുക. ഇത്തരം ഒരു സന്ദർഭം കിട്ടിയാൽ, നിങ്ങളുടെ ആശയ പാപ്പരത്തം കേരളത്തിലെ ജനങ്ങൾക്കുമുമ്പിൽ തുറന്നുകാണിക്കണം. അതിന് ഇവിടെ കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭം ഞങ്ങൾ ഉപയോഗിക്കാതിരിക്കുമോ? ഇന്നലെവരെ എതിർക്കുകയും ഇന്ന് വിഴുങ്ങുകയും ചെയ്ത നിങ്ങളുടെ നയപരമായ ആശയ പാപ്പരത്തം ജനങ്ങളുടെ മുമ്പിൽ തുറന്നുകാണിക്കാൻ ഈ വേദിയല്ലാതെ മറ്റേത് വേദിയാണ് ഞങ്ങൾ ഉപയോഗിക്കുക. ആശയപരമായ സംവാദത്തിന്റെ വേദിയാക്കി ഇത് മാറ്റാം. Nothing to lose but chains, എന്ന് ഒരു കമ്മ്യൂണിസ്റ്റുകാരനെക്കുറിച്ച് മാർക്സ് പറഞ്ഞു. കേരളത്തിൽ 50 വർഷം കഴിഞ്ഞപ്പോൾ നഷ്ടപ്പെടാനുള്ള കമ്മ്യൂണിസ്റ്റായി വളർന്നു വന്നതിന്റെ കഥ വിയർപ്പൊഴുക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ മുൻപിൽ പറയാൻ ഇതല്ലാതെ വേറെ ഏതു വേദിയാണ്? നിങ്ങളുടെ എ.സി. സംസ്കാരവും ബെൻസ് സംസ്കാരവും ജനങ്ങളുടെ മുമ്പിൽ തുറന്നുകാണിക്കാൻ ഇവിടെ കിട്ടുന്ന വേദി ഞങ്ങൾ ഉപയോഗിക്കുകയില്ലേ. ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതുകൊണ്ട് പരാമർശത്തിന്റെയകത്ത് മറ്റൊന്നും തോന്നരുത് ഇത്രമാത്രം നിങ്ങൾക്കു മറുപടിയായി ഞാൻ പറയുന്നു. ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ പ്രകോപനമൊന്നും എന്നെ തൊട്ടിട്ടേയില്ല. എത്ര സമയം എത്ര തവണ ഇവിടെ വന്നതാണ്. വിഴുപ്പലക്കിയതാണ്. അതൊക്കെ കേരളത്തിലെ ജനങ്ങൾക്കറിയാം. അവരുടെ വിധിക്ക് ഞാൻ വിടുകയാണ്.

കേരളത്തിലെ പോലീസിന്റെ സ്ഥിതി എന്താണ്? ഇന്ന് എന്തൊരു ആലസ്യത്തിലാണ് പോലീസിനെക്കുറിച്ച് സംസാരിക്കുന്നത്. എന്തൊരു അന്തസ്സാണ് നിങ്ങൾക്ക് സംസാരിക്കുമ്പോൾ. ഒരുകാലത്ത് കേരളത്തിലെ പോലീസിന് അന്തസ്സുണ്ടായിരുന്നു. നീതിനിർവ്വഹണത്തിന്റെ രംഗത്തും കാര്യക്ഷമതയുടെ രംഗത്തും ആത്മവിശ്വാസത്തിന്റെ രംഗത്തും ,ആത്മസംയമനത്തിന്റെ കാര്യത്തിലും കേരളത്തിലെ പോലീസിന് ഒരു കാലത്ത് റെക്കാർഡുണ്ടായിരുന്നു. ഇന്ന് അതൊരു ഗതകാല സ്മരണയല്ലേ. ഇവിടെ ഏതു പോലീസാണ് പ്രതികരിക്കുന്നത്. ആത്മവീര്യവും കർമ്മശേഷിയും നഷ്ടപ്പെട്ട് കർമ്മരംഗത്ത് ഇന്ന് അന്ധതയാണ്, ഇരുട്ടാണിവിടെ. കേരളത്തിലെ പോലീസുകാരന്റെ മുമ്പിൽ കർമ്മരംഗത്ത് ഇന്ന് ഇരുട്ടാണ്. എന്തുചെയ്യണമെന്ന് അവർക്കറിയില്ല. ആരുടെ നിർദ്ദേശം സ്വീകരിക്കണമെന്ന് കേരളത്തിലെ പോലീസിന് അറിയില്ല. ശ്രീമതി ശോഭനാ ജോർജ് പറഞ്ഞില്ലേ, ആരുടെ നിർദ്ദേശമാണ് കേരളത്തിലെ പോലീസ് സ്വീകരിക്കുകയെന്ന്. ശ്രീമതി ശോഭനാ ജോർജ് പറഞ്ഞതുകൊണ്ടല്ല, ശ്രീമതി മെഴ്സിക്കുട്ടി അമ്മ പറഞ്ഞതുകൊണ്ടുമാണ്. നിയമവിരുദ്ധ ഉത്തരവ് നടപ്പാക്കേണ്ട, ആരാണ് പറഞ്ഞത്. ഐ.ജി. ജേക്കബ് പുന്നൂസ്. ഐ.ജി. ജേക്കബ് പുന്നൂസിന്റെ ഉത്തരവാണ്, നിയമവിരുദ്ധ ഉത്തരവ് നടപ്പാക്കേണ്ട എന്ന്. അതിനടുത്ത് വീണ്ടും അദ്ദേഹം പറഞ്ഞു, ശിക്ഷാനടപടിയിൽ തകരുന്ന പോലീസിന്റെ മനോവീര്യമല്ല കേരളത്തിലെ പോലീസിന്റെ മനോവീര്യം. അതിനടുത്ത ദിവസം അങ്ങ് പ്രസ്താവനയിറക്കി, ഐ.ജി.യുടെ വിശദീകരണം സർക്കാർ അറിഞ്ഞുകൊണ്ട് തന്നെ. എന്തേ, മേലുദ്യോഗസ്ഥന്റെ നടപടികൾ അപ്പടി പ്രാവർത്തികമാക്കാൻ കീഴുദ്യോഗസ്ഥൻമാർക്ക് ബാധ്യതയില്ലേ. ആ പ്രസ്താവന അങ്ങയുടെ അറിവോടുകൂടിയാണെന്ന് അങ്ങ് പറഞ്ഞു. എന്നാൽ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദിന്റേയും ശ്രീ. പി.പി. തങ്കച്ചന്റേയും ചോദ്യത്തിന് ഉത്തരമായി നിങ്ങൾ പറഞ്ഞു, ഐ.ജി.യുടെ വിവാദ പ്രസ്താവന ഞാൻ അറിഞ്ഞില്ലായെന്ന്. എല്ലാം പത്രവാർത്താ റിക്കാർഡുകളാണ്. അതുകഴിഞ്ഞ് ദിവസങ്ങൾ കഴിഞ്ഞപ്പോൾ കേരളത്തിൽ ഡി.ജി.പി.യുടെ പ്രസ്താവന. ഉത്തരവുകൾ ചോദ്യം ചെയ്യാതെ അനുസരിക്കണം. പോലീസുകാരൻ ഏതാണ് ചെയ്യേണ്ടത്? ഇതിൽ ഏതാണ് കേരളത്തിലെ പോലീസുകാരൻ സ്വീകരിക്കേണ്ടത്. കേരളത്തിലെ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ആരുടെ ഉത്തരവാണ് നടപ്പാക്കേണ്ടത്. ഐ.ജി. ജേക്കബ് പുന്നൂസ് പറയുന്നു മേലുദ്യോഗസ്ഥന്റെ ഉത്തരവ് സ്വീകരിക്കണ്ട. അങ്ങുപറയുന്നു അത് എന്റെ അറിവോടുകൂടിയാണെന്ന്. പിന്നെ അങ്ങ് പറയുന്നു ഞാനതറിഞ്ഞിട്ടില്ലായെന്ന്. എല്ലാത്തിലും നിങ്ങളുടെ കൈകളല്ലേ. അതാണല്ലോ. നിങ്ങൾക്ക് ഒന്നിനും വ്യക്തതയില്ലല്ലോ. ഡി.ജി.പി. പറയുന്നു ചോദ്യം ചെയ്യാതെ ഉത്തരവുകൾ അനുസരിക്കണമെന്ന്. ഞാൻ ചോദിക്കുന്നു, ഇതിൽ ഏതാണ് കേരളത്തിലെ പോലീസ് അംഗീകരിക്കേണ്ടത്. പോലീസുകാരൻ പ്രവർത്തന രഹിതനാണെങ്കിൽ .....

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഇവിടെ താഴെയുള്ള ഉദ്യോഗസ്ഥൻമാർ അവർക്ക് ഇഷ്ടംപോലെ അനുസരിച്ചാൽ മതി എന്നല്ല, they will obey all lawful orders. എന്നുള്ളത് പോലീസ് മാനുവലിൽ ഉള്ളതാണ്.

<u>ശ്രീ. കെ. സുധാകരൻ</u> : ബഹുമാനപ്പെട്ട ശിവദാസമേനോൻ അങ്ങൊരു അദ്ധ്യാപകനാണ്. സാമാന്യം ബുദ്ധിയുള്ള ഒരാൾ. ചിന്തിക്കാൻ സാധിക്കുന്ന ആളാണ്. എനിക്ക് നിങ്ങളെക്കുറിച്ച് അങ്ങിനെ അഭിപ്രായമുണ്ട്. ഞാൻ ചോദിക്കുന്നു സംഘർഷം നിറഞ്ഞ സ്ഥലത്ത് ഒരു മേലുദ്യോഗസ്ഥൻ ലാത്തിചാർജ്ജ് നടത്തണമെന്നു പറഞ്ഞാൽ അത് ശരിയോ തെറ്റോ എന്ന് എവിടെപ്പോയി, ആര്, എങ്ങനെ, എപ്പോൾ തീരുമാനിക്കും. നടപ്പുള്ളതാണോ പറയുന്നത്. പ്രായോഗികമായി പറയൂ. അങ്ങയുടെ ഇത്രയുംകാലത്തെ രാഷ്ട്രീയ പാരമ്പര്യം വച്ചുകൊണ്ട് അങ്ങേയ്ക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമോ? അതുകൊണ്ട് ഇവിടെ പോലീസ് ഇരുട്ടിലാണ്. പോലീസ് പ്രതികരിക്കുന്നില്ല. എവിടെ പോലീസിന്റെ പ്രവർത്തനം. എവിടെയും പോലീസ് പ്രതികരിക്കുന്നില്ല. ചാല അങ്ങാടിയിൽ സംഘർഷം പുറപ്പെട്ടുവെന്നുപറഞ്ഞാൽ പോലീസ് പോകുന്നത് കൊല്ലത്തേയ്ക്കാണ്. ചാലയിൽ പോവുകയില്ല. എന്തുകൊണ്ട്? വെടിവയ്ക്കേണ്ടി വന്നാൽ കൊലക്കേസ്സിലെ പ്രതിയാവുകയില്ലേ. പഴയകാര്യമല്ല, ഇപ്പോഴത്തെ കഥയാണ് ഞാൻ പറയുന്നത്. പയ്യാവൂർ പഞ്ചായത്തിലെ 2-ാം വട്ട അവിശ്വാസപ്രമേയ ചർച്ചയ്ക്ക് പോലീസിന് ഡ്യൂട്ടികൊടുത്തു. കണ്ണൂരിൽനിന്നും പോലീസിനെ അയയ്ക്കാൻ നിങ്ങൾ പറഞ്ഞു. പോലീസിന് തോക്കുകൊടുത്തു. എന്താണ് കണ്ണൂരിലെ പോലീസ് പറഞ്ഞത്. അത് പള്ളിയിൽ പറഞ്ഞാൽ മതിയെന്നാണ്. പോലീസ് തോക്കെടുത്തില്ല. നിങ്ങളുടെ ഡി.ഐ.ജി. സഖാവ് ശേഖരൻ പറഞ്ഞു തോക്കെടുക്കാൻ. അവസാനം റബ്ബർ ബുള്ളറ്റ് എടുത്താണ് പയ്യാവൂർ പഞ്ചായത്തിൽ കണ്ണൂരിലെ പോലീസ് പോയത്. കേരളത്തിലെ പോലീസ് പ്രതികരിക്കുമോ? ഇല്ല. എനിക്ക് ധാരാളം കാര്യങ്ങൾ പറയാനുണ്ടായിരുന്നു. നേരത്തെ എന്റെ സ്നേഹിതൻ ശ്രീ. പി.സി. ജോർജ്ജ് ഒരു കണക്കുവായിച്ചു. അതൊന്ന് മേശപ്പുറത്തുവയ്ക്കാമോ? ഇവിടെ വായിച്ച അക്രമത്തിന്റെ കണക്ക് മേശപ്പുറത്തുവയ്ക്കാമോ? അദ്ദേഹം പറഞ്ഞു ഭവനഭേദനം കേരളത്തിൽ നടന്നത് 500 ആണെന്ന്. മുഖ്യമന്ത്രി തന്ന ഉത്തരം ഇവിടെയുണ്ട്. അതിൽ പറയുന്നത് 1,435 എന്നാണ്. ഞാനത് വിടുകയാണ്. പുതിയ പോലീസ് സംസ്കാരം നടപ്പിലാക്കിയെന്ന് മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. അതിനുശേഷം കേരളത്തിലെ പത്രങ്ങളിൽ വന്നിരിക്കുന്ന ഹെഡ്ലൈൻ മാത്രം വായിക്കാം. 'കൈക്കൂലി വാങ്ങിയ ജയിൽ വാർഡൻ പിടിയിൽ, പിടിച്ചുപറി നടത്തിയ പോലീസുകാരൻ സസ്പെൻഷനിൽ, പോലീസ് ഉദ്യോഗസ്ഥൻ മാസപ്പടി പറ്റുന്നുണ്ട്, രേഖകൾ പിടിച്ചെടുത്തു. പോലീസ് വാഹനത്തിലെ സ്ത്രീപീഡനം, നടപടി വേണം, സഭാസമിതി, കസ്റ്റഡിയിലെടുത്ത ആട്ടോറിക്ഷായിൽ പോലീസുകാരടക്കം നാലുപേർ

LIBRARY ARCHIVES Kerala Legislative Assembly

പിടിയിൽ, കൈക്കൂലി വാങ്ങുന്ന പോലീസുകാരൻ പിടിയിലായി.' മനോരമ എടുത്തുനോക്കു. ഏതാണ് നിങ്ങളുടെ പോലീസ് സംസ്കാരം. പോക്കറ്റടിക്കാരന്റെ പോക്കറ്റടിച്ച പോലീസ് സംസ്കാരം. അതുപോലെതന്നെ ശമ്പളം കട്ടു കൊണ്ടുപോയ പോലീസ് സംസ്കാരം. കുരുമുളകുകട്ട കേസ്സിലെ പ്രതിയായ പോലീസ് സംസ്കാരം. ഏതു പോലീസ് സംസ്കാരമാണ് മുഖ്യമന്ത്രി നടപ്പിലാക്കുന്നത്. കേരളത്തിലെ പോലീസുകാരനെ ഇതുപോലെ അധഃപതിപ്പിച്ച ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഞാൻ അതിനെക്കുറിച്ചൊന്നും അധികം സംസാരിക്കുന്നില്ല. കേരളത്തിലെ പോലീസിൽ കള്ളൻമാരെത്ര? മാന്യൻമാരെത്ര? ഇന്റഗ്രിറ്റിയുള്ള പോലീസുകാരുണ്ട്. അന്തസ്സുള്ള പോലീസുകാരുണ്ട്. കർമ്മശേഷിയുള്ള പോലീസുകാരുണ്ട്. അവർ നിങ്ങളോടൊപ്പം സർവ്വീസിലുണ്ടാവുകയില്ല. അവരൊക്കെ അപ്രധാനമായ സ്ഥാപനങ്ങളിൽ ട്രാൻസ്ഫർ വാങ്ങി പോവുകയാണ്. വിജിലൻസിൽനിന്നും എത്ര ആളാണ് പോയത്. നിങ്ങളോടൊപ്പം പ്രവർത്തിക്കാൻ അവർക്ക് പറ്റുകയില്ല. അതുകൊണ്ട് ക്രെഡിബിലിറ്റിയുള്ള പോലീസുദ്യോഗസ്ഥൻമാർ മാറ്റം വാങ്ങി പോവുകയാണ്. കയർഫെഡിലേയ്ക്ക്, റബ്ബർ ബോർഡിലേയ്ക്ക്, കെ.എസ്. ആർ.ടി.സി.യിലേയ്ക്കൊക്കെ. അവരൊന്നും നിങ്ങളോടൊപ്പം ഇരിക്കുകയില്ല. ഇതുപോലുള്ള അധമസംസ്കാരം പോലീസിൽ ഉള്ള കാലഘട്ടം ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. ഇവിടെ നിയമസഭയിൽ എ.ജി.(അഡ്വക്കേറ്റ് ജനറൽ) യെക്കുറിച്ച് ധാരാളം പരാമർശം വന്നു. എ.ജി.യുടെ ഓഫീസൊക്കെ നമുക്കറിയാം. പരിപാവനമായ ഓഫീസാണ്. ആ ഓഫീസിനോട് ജനങ്ങൾക്കുള്ള മതിപ്പ്, ഈ സമൂഹത്തിനുള്ള മതിപ്പ് അതൊക്കെ അപാരമായ മതിപ്പാണ്. ആ മാന്യതയുടേയും അന്തസ്സിന്റേയും അതുപോലെ നീതിനിർവ്വഹണത്തിന്റേയും രംഗത്ത് ഈ സംസ്ഥാനത്തിന്റെ ഈറ്റില്ലമെന്ന് അറിയപ്പെടുന്ന എ.ജി.യുടെ ഓഫീസും എ.ജി.യും എവിടെയെത്തിയെന്ന് ഒന്ന് സ്വയം പരിശോധിക്കണം. ഒരു കറുത്ത അധ്യായമായി മാറിയിരിക്കുന്നു നമ്മുടെ അഡ്വക്കേറ്റ് ജനറൽ. ഒരു അഡ്വക്കേറ്റ് ജനറലിനെ കോടതി കയറ്റിയ സംഭവം കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് ചോദിക്കുന്നത്? ആ സ്ഥാനത്തിരിക്കുന്ന ആളുകൾക്ക് മാന്യത വേണം. ആ സ്ഥാനത്ത് സംസ്കാരസമ്പന്നതയുടെ പൈതൃകം വേണം. ഉണ്ടോ നിങ്ങളുടെ എ.ജി.യ്ക്ക്? ഇതൊക്കെ അറിയാവുന്നതല്ലേ? നിങ്ങൾക്കും അറിയാം; എനിക്ക് അറിയാം. നമ്മൾ രണ്ടും കണ്ണൂരുകാരല്ലേ; സാധാരണ ഗതിയിൽ ഒരു അഡ്വക്കേറ്റ് ജനറലായിക്കഴിഞ്ഞാൽ എന്താണ് അന്തസ്സ്? എന്താണ് മാന്യത? അദ്ദേഹത്തിന്റെ പ്രൈവറ്റ് പ്രാക്ടീസ് അവിടെ നിർത്തണം. അതുവരെ കയ്യിലുള്ള ഫയലുകൾ തിരിച്ചേൽപ്പിക്കണം. സ്വകാര്യ പ്രാക്ടീസ് പാടില്ല. അദ്ദേഹത്തിന് ഒരു വക്കീൽ ഓഫീസ് ഉണ്ടെങ്കിൽ അത് നിറുത്തണം. എന്താണ് നമ്മുടെ എ.ജി. ചെയ്തത്. വീട്ടിൽ വച്ചിരുന്ന 'ദാമോദർ അസോസിയേറ്റ്സ്' ഒരു വിളിപ്പാടകലെ മാറ്റി. ഒരു വാടക കെട്ടിടത്തിലേയ്ക്ക് മാറ്റി. ആരാണ് എ.ജി.യോടൊപ്പം വർക്കുചെയ്യുന്ന സർക്കാർ വക്കീലൻമാർ നാലുപേർ എം.കെ. ദാമോദരന്റെ ഓഫീസിലെ ജൂനിയർമാർ. ബാക്കി ജൂനിയർമാർ ദാമോദർ അസോസിയേറ്റ്സ്. സർക്കാരിന് എതിരെ കേസ്സ് വരുമ്പോൾ, ആ കേസ്സിൽ പരാതിക്കാരനുവേണ്ടി ദാമോദർ അസോസിയേറ്റ്സിലെ ശ്രീ. എം.കെ. ദാമോദരന്റെ ജൂനിയർ വക്കീലൻമാർ ഹാജരാകുന്നു. മറുഭാഗത്ത് സർക്കാരിനുവേണ്ടി ശ്രീ. എം.കെ. ദാമോദരന്റെ ജൂനിയർ വക്കീലൻമാർ ഹാജരാകുന്നു. കുറിച്ചുവയ്ക്കൂ ഞാൻ പറയാം ഒരു എക്സാമ്പിൾ, ഒ.പി. 21541/95, എഴുതിവയ്ക്കൂ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കോഴിക്കോട് കോർപ്പറേഷനുമായിട്ടുള്ള കേസ്സാണ്. 35 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ മുതൽമുടക്കി കെട്ടിടം കെട്ടുന്നത് നിറുത്തിവെച്ചു. കോർപ്പറേഷൻ കേസ്സ്. ഹൈക്കോടതിയിൽ ഹർജിക്കാർക്കുവേണ്ടി ആരാണ് ഹാജരായത്? അഡ്വക്കേറ്റ് രാംദാസ് കോർപ്പറേഷനുവേണ്ടി ആരാണ് ഹാജരായത്, അഡ്വക്കേറ്റ് കെ.വി.ജി. മേനോൻ പ്രഭാതരൻ ആരാണ്. കെ.വി.ജി. മേനോൻ? ശ്രീ. എം.കെ. ദാമോദരന്റെ ജൂനിയറാണ്. ആരാണ് പ്രഭാതരൻ? ശ്രീ. എം.കെ. ദാമോദരന്റെ ചേട്ടന്റെ മകൻ. ആരാണ് അഡ്വക്കേറ്റ് രാംദാസ്? ശ്രീ. എം.കെ. ദാമോദരന്റെ ജൂനിയറാണ്. കേസ്സ് വ്യത്തിയാകുമോ? കേസ്സ് പോയില്ലേ; ആണുങ്ങൾ സ്വത്ത് കൊണ്ടുപോയില്ലേ. കോഴിക്കോട്ട് ആണുങ്ങൾ സ്വത്ത് കൊണ്ടുപോയില്ലേ. ഇങ്ങനെ എത്രയെത്ര കേസ്സുകൾ. എന്റെ കൈയിൽ ഇതുപോലുള്ള ചാർട്ടുണ്ട്. പത്തറുപതോളം കേസ്സുകൾ. നമ്പർ വേണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തരാം. ഈ കേസ്സുകൾക്ക് അത്രയും ഒരു ഭാഗത്ത്, ദാമോദർ അസോസിയേറ്റ്സിലെ ശ്രീ. എം.കെ. ദാമോദരന്റെ ജൂനിയർമാരാണ്. മറുഭാഗത്ത് സർക്കാരിനുവേണ്ടിയും ശ്രീ. എം.കെ. ദാമോദരന്റെ ജൂനിയർമാർ തന്നെയാണ്. അവിടെ സംസ്ഥാന സർക്കാരിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ സാധിച്ചോ? എത്ര കേസ്സുകളിൽ സാധിച്ചു. തെറ്റായ നിയമോപദേശം നൽകി ഖജനാവ് കൊള്ളയടിച്ചില്ലേ. ലോവർ പെരിയാറിന്റെ 8 കോടി രൂപ പോയില്ലേ. ഐ.എസ്.ആർ.ഒ. ചാരക്കേസ്, ഒരു പോലീസ് ഇൻസ്പെക്ടർക്ക് ഒരു പെണ്ണിനോട് തോന്നിയ സ്നേഹത്തിന്റെ കേസ്സാണ്. എല്ലാപേർക്കും അറിയാം. ആവശ്യത്തിന് കിട്ടാത്തപ്പോൾ ചാരക്കേസ്സ് ഉണ്ടാക്കി എന്നല്ലേ ഇപ്പോൾ തെളിഞ്ഞത്. ആ ചാരക്കേസ്സിന്റെ പേരിൽ സുപ്രീംകോടതിയുടെ അപ്പീലിനുപോകാൻ നിങ്ങളുടെ എ.ജി. ഉപദേശിച്ച് സുപ്രീം കോടതിയിൽ പോയപ്പോൾ എന്താണ് ഉണ്ടായത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നലെവരെ ഇല്ലാത്ത നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നു. എന്താണ് പയ്യാവൂരിലെ കോടതി അലക്ഷ്യം? ഞാൻ വളരെ ചുരുക്കുകയാണ്. കോടതിയലക്ഷ്യ കേസ്സിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിക്കുവേണ്ടി ഹാജരാകുവാൻ അഡ്വക്കേറ്റ് ജനറലിന് സാധിച്ചോ? ചീഫ് സെക്രട്ടറി എന്തിനാണ് അഡ്വക്കേറ്റ് റ്റി.പി. കേളുനമ്പ്യാരെവെച്ചത്. ഈ സംസ്ഥാനത്ത് ചീഫ് സെക്രട്ടറിക്ക് എതിരായ കോർട്ടലക്ഷ്യക്കേസ്സ് വാദിക്കേണ്ടതാരാണ്? എ.ജി. അല്ലേ; എന്താണ് ഉത്തരവ്? മുഖ്യമന്ത്രി പറയണം. അഡ്വക്കേറ്റ് റ്റി.പി. കേളുനമ്പ്യാർക്ക് കൊടുത്ത ഫീസ് എവിടെനിന്നാണ്? ഖജനാവിൽ നിന്നുള്ള ഫീസ്. എങ്ങനെ കൊടുത്തു നിങ്ങൾ? എങ്ങനെ കൊടുക്കുവാൻപറ്റി? നിങ്ങൾക്ക് അഡ്വക്കേറ്റ് ജനറലില്ലേ; അദ്ദേഹം ഹാജരാകണം, അദ്ദേഹം വാദിക്കണം.

<u>ശ്രീ. ജി. സുധാകരൻ</u> : പോയിന്റ് ഓഫ് ഓർഡർ, ഭരണഘടനാപരമായ പദവിയുള്ള അഡ്വക്കേറ്റ് ജനറലിനെപ്പറ്റി നിയമസഭയ്ക്കകത്ത് ഇത്തരത്തിലുള്ള പരാമർശങ്ങൾ പാടില്ല എന്നുള്ള കീഴ്വഴക്കമാണുള്ളത്. അങ്ങ് പരിശോധിച്ച് അഡ്വക്കേറ്റ് ജനറലിനെപ്പറ്റി പറഞ്ഞ പരാമർശങ്ങൾ നീക്കംചെയ്യണം. കോൺസ്റ്റിറ്റ്യൂഷണലായി ഒരു പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്.

<u>ശ്രീ. കെ. സുധാകരൻ</u> : അതിന്റെ നിയമവശമൊക്കെ മനസ്സിലാക്കിയിട്ടാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. അതിനകത്ത് വേറെ എന്തെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് യുക്തമായ നടപടി സ്വീകരിക്കാം. ഒത്തൊരുമിച്ച് കളിച്ച് ഖജനാവ് മുടിച്ച സംസ്ഥാന ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ എത്ര ഹനിച്ചു ഈ അഡ്വക്കേറ്റ് ജനറൽ? തത്തപ്പള്ളി പാലത്തിന്റെ പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പൂർത്തിയാക്കപ്പെട്ട രണ്ട് കോൺട്രാക്ടർമാർ ഹൈക്കോടതിയിൽപ്പോയി, ആരാണ് സഹായിക്കുന്നത്? ഒരു ഭാഗത്ത് ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

എം.കെ. ദാമോദരന്റെ ജൂനിയേഴ്സ്, മറുഭാഗത്തും ശ്രീ. എം.കെ. ദാമോദരന്റെ ജൂനിയേഴ്സ്. എന്നിട്ട് എന്തുണ്ടായി? അവരുടെ പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ എടുക്കുവാൻ കോടതി ഉത്തരവിട്ടു. പീരുമേട്ടിലെ തേയിലത്തോട്ടത്തിന്റെ ഉടമ, ഹോപ്പ്-പ്ലാന്റേഷൻസ് 400 ഏക്കർ മിച്ചഭൂമിയാണെന്ന് കേരള ഹൈക്കോടതി വിധിച്ചു. അതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽപോയി. അഡ്വക്കേറ്റ് ജനറൽ എത്ര കേസ്സ് സുപ്രീംകോടതിയിൽ വാദിച്ചു എന്ന് അറിയാമോ; 100 കണക്കിന് ചോദ്യങ്ങൾ ഞങ്ങളുടെ ഭാഗത്തുനിന്നും നിങ്ങളോട് ചോദിച്ചു. അഡ്വക്കേറ്റ് ജനറൽ, ശ്രീ. എം.കെ. ദാമോദരൻ ചാർജ്ജ് എടുത്തശേഷം സുപ്രീം കോടതിയിൽ വാദിച്ച കേസ്സുകൾ എത്ര? അന്വേഷിക്കണ്ടേ ..... ഒരു കേസ്സ് വാദിച്ചോ? വാദിച്ചില്ല. അവിടെയും എന്താണ് സ്ഥിതി? അവിടെയും സീനിയർ ലായേഴ്സിനെക്കൊണ്ട് വാദിപ്പിച്ചു. രണ്ട് സീനിയർ ലായേഴ്സിനെവച്ചു. ഒരു അപ്പിയറൻസിന് ഒരു ലക്ഷം രൂപയാണ്. ഒരു ലക്ഷം വച്ച് രണ്ട് വക്കീലിനെ നിയോഗിച്ചു. ആ കേസ്സിനെ യാതൊന്നും പ്രതികരിക്കാതെ സുപ്രീംകോടതി പറഞ്ഞു, നിങ്ങൾക്ക് നിയമപരമായി ഒരു അവകാശവുമില്ലായെന്ന്. ആ വക്കീലൻമാർ വാദിക്കേണ്ടതല്ലേ. അനുവദിച്ചില്ല. എന്നിട്ട് പറഞ്ഞു നിങ്ങൾ ഗവൺമെന്റിനോട് ചോദിക്കൂ. സ്പെഷ്യൽ പെർമിഷൻ കിട്ടണമെന്ന് ചോദിക്കൂ. അങ്ങനെ ഗവൺമെന്റിന് അപ്പീൽ നൽകി, റവന്യൂ സെക്രട്ടറിക്ക് ഹർജിനൽകി മാറ്റിയിരിക്കുകയാണ്. തോട്ടം മുതലാളിക്കുവേണ്ടി. ഇങ്ങനെ അബ്കാരി, എത്ര കേസ്സ്. ഞാൻ ഇത് എടുത്തുപറയുന്നില്ല. അഡ്വക്കേറ്റ് ജനറൽ പോലീസിൽ നേരിട്ട് ഇടപെടുന്നത് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? എറണാകുളത്ത് പോലീസ് കേസ്സുകളിലൊക്കെ എ.ജി. ഡയറക്ഷൻ കൊടുക്കുകയാണ്. രാമവർമ്മ ക്ലബ്ബ് റെയിഡ് ചെയ്ത് പ്രതികളെ വിടാൻ പറഞ്ഞു. എ.ജി. അതുപോലെ കളമശ്ശേരിയിലെ ഹോട്ടൽ ഹൈവേ റെയിഡ് ചെയ്തു. ഗ്യാമ്പ്ളിംഗ് പിടിച്ചു. ലിക്വർ വെയ്ക്കുവാൻ ആ ഹോട്ടലിന് ലൈസൻസില്ല. ലിക്വർ വെച്ചതിന് കേസ്സെടുത്തു. വിടാൻ പറഞ്ഞു. വിട്ടില്ല. എന്നിട്ട് ആ കേസ്സിൽ എ.സി. ഗോപിനാഥൻ നായർക്ക് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് മെമ്മോ കൊടുത്തു. എന്ത് സംഭവമാണിത്? അഡ്വക്കേറ്റ് ജനറൽ പറഞ്ഞ പ്രകാരം എന്തുകൊണ്ട് ഇദ്ദേഹത്തെ ജാമ്യത്തിൽ വിട്ടില്ല എന്ന് ചോദിച്ചു. ഐ.ജി. മെമ്മോ കൊടുത്തിരിക്കുന്നു. ആർക്ക്? എ.സി. ഗോപിനാഥൻ നായർക്ക്. ഏതെങ്കിലും കാലത്ത് ഈ രാജ്യത്ത് നടക്കുമോ, അഡ്വക്കേറ്റ് ജനറൽ ഓഫീസ് ഫർണിഷ് ചെയ്യുന്നതിന് 50 ലക്ഷം രൂപ. കമ്പ്യൂട്ടർ, ഫോട്ടോ കോപ്പി, ഫാക്സ് തുടങ്ങിയവ . ഒന്നും ശരിയായ മാർഗ്ഗമല്ല. നമ്മുടെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, വ്യവസായവകുപ്പു മന്ത്രി കേൾക്കണം. കെൽട്രോൺ ഉണ്ടായിട്ട് അവിടെനിന്നും സാധനം എടുക്കാതെ സ്വകാര്യ വ്യക്തികളിൽനിന്നും സാധനം എടുത്തു 50 ലക്ഷം രൂപയുടെ. എത്ര മുടക്കി എന്ന് എനിക്കും നിങ്ങൾക്കും അറിയുമോ? നമ്മൾ അത് നോക്കണ്ടേ, പരിശോധിക്കണ്ടേ. ഫ്രഞ്ച് ചാരക്കേസ്സിൽ ഒരു കക്ഷിയെ പിടിച്ചുകൊണ്ടുവന്നു. പാതിരിയെ. അദ്ദേഹം ഫ്രഞ്ച് ചാരക്കേസ്സിലെ പ്രതികളെ രക്ഷിക്കുവാൻ വന്നതാണ്. അദ്ദേഹം 'RAW' നിരീക്ഷണത്തിലാണ്. അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി മലബാർ ഹോട്ടലിൽ സ്വീകരണം. എവിടെനിന്നാണ് പണം? ബ്രജനാവിൽ നിന്നാണ്. സർക്കാരിന്റെ പണമാണ്. സർക്കാരിന്റെ പണം ചെലവഴിച്ച് ഫ്രഞ്ച് ചാരക്കേസ്സിലെ പ്രതിക്ക് സ്വീകരണം കൊടുത്തു. അതിനും അപ്പുറത്തെ കഥ അറിയണോ? സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസിന് ഡോക്ടറേറ്റ് കൊടുക്കുന്നതിനുവേണ്ടി കൊച്ചിൻ സർവ്വകലാശാലയ്ക്ക് ശുപാർശ. എന്താണ് പറയുക? കോടതിയോട് ബഹുമാനമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളാണ് ഞാൻ. വളരെയേറെ ബഹുമാനമുള്ള ആളാണ്. ഞാൻ ഇവിടെ നിൽക്കുന്നത് കോടതി ഉള്ളതുകൊണ്ടാണ്. എനിക്ക് ബഹുമാനമുണ്ട് കോടതിയോട്. പക്ഷേ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർക്ക് അതുണ്ടോ? ശ്രീ. കൃഷ്ണമേനോൻ ഇന്നലെ പത്രത്തിൽ പറഞ്ഞു. ഇത്തരം ബഹുമതികൾ വ്യക്തികളെ വ്യവസ്ഥിതിയുടെ ഭാഗത്തേയ്ക്ക് വശീകരിക്കുവാനുള്ള സംവിധാനമാണ് എന്ന്, എന്താണ് ഇതുകൊണ്ട് എ.ജി.യുടെ ലക്ഷ്യം? ഹൈക്കോടതിയിൽ ഇദ്ദേഹത്തിന്റെ ഒരു പ്രസിദ്ധമായ പല്ലവിയുണ്ട് വാദിക്കാം എന്നല്ല മാനേജ് ചെയ്യാം എന്നാണ് അദ്ദേഹം പറയാറ്. ആ മാനേജ്മെന്റ് എങ്ങനെയാണെന്ന് നമുക്ക് എല്ലാപേർക്കും അറിയാമല്ലോ. ഈ എ.ജി.ക്കാണ് മുഖ്യമന്ത്രി ഗുഡ് സർട്ടിഫിക്കറ്റ് കൊടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ന്യായീകരിച്ചു. അങ്ങ് കൊടുക്കണം, അങ്ങ് കൊടുക്കണ്ടേ; കൊല്ലുന്ന മന്ത്രിക്ക് തിന്നുന്ന രാജാവാണ് വേണ്ടത്. അങ്ങയുടെ ഓഫീസുമായി ബന്ധപ്പെട്ട് നടക്കുന്നത് അങ്ങാടിയിൽ പാട്ടാണ്. അത് നിങ്ങൾക്ക് അറിയാമോ? നിങ്ങളുടെ ഓഫീസിൽനിന്ന് ഒരു ഉന്നത ഉദ്യോഗസ്ഥൻ കൊല്ലത്ത് എസ്.പി.യെ കാണാൻ ജനുവരിമാസം ഒരു ദിവസംപോയി. മൂന്നര മണിക്ക് അകത്ത്, ഏഴര മണിക്ക് തിരിച്ചുപോയി. അന്നു അഡ്വക്കേറ്റ് രാജേന്ദ്രൻ എന്ന പേരിലാണ് അദ്ദേഹം അവിടെ പോയത്. അവിടെ സെൻട്രി ഗോപാലകൃഷ്ണനായിരുന്നു. നിങ്ങൾ അതോടനുബന്ധിച്ച് എന്തുകൊണ്ടാണ് ഗോപാലകൃഷ്ണനെ സസ്പെന്റ് ചെയ്തു? മൂന്നര മണിക്ക് അകത്ത് കയറിയ രാജേന്ദ്രൻ എന്ന പേരിൽ വന്ന ആൾ തിരിച്ചു പോയത് ഏഴര മണിക്കാണ്. ഇതൊടനുബന്ധിച്ച് എന്തിന് ഗോപാലകൃഷ്ണനെ സസ്പെന്റ് ചെയ്തു. ആരാണ് ഈ ഉന്നതൻ? എന്താണ് ഈ ഉന്നതന് അവിടെ ബിസിനസ്സ്. ഈ നാലുമണിക്കൂർ എന്താണ് അദ്ദഹം അവിടെ ചെയ്തത്?

സർ, പോലീസുദ്യോഗസ്ഥൻമാരുടെ വീടുകളിൽ, പോലീസ് എസ്.പി. മാരുടെ വീടുകളിൽ നിങ്ങളുടെ ഓഫീസിൽ നിന്നുള്ള ആളുകൾ നേരിട്ടു പോകുകയാണ്. മണിക്കൂറുകളോളം അവിടെ ചെലവഴിക്കുകയാണ്. ഇതൊക്കെ നിങ്ങളുടെ ഓഫീസിനെക്കുറിച്ചുള്ള പരാതികളാണ്. അങ്ങയെക്കുറിച്ച് ഞാൻ പറയുന്നില്ല. അങ്ങ് അറിഞ്ഞിട്ടില്ല. അങ്ങേയ്ക്ക് എന്തിനാണ് ഇനി ഇതിലൊക്കെ താൽപര്യം? അങ്ങു എല്ലാറ്റിനോടും മനസ്സു മടുത്തു നിൽക്കുന്ന വലിയൊരു മനുഷ്യനല്ലേ? അങ്ങേയ്ക്ക് താൽപ്പര്യമുണ്ടോ? അങ്ങേയ്ക്ക് താൽപ്പര്യമില്ല. അതെനിക്കറിയാം. ശ്രീ. ടി.എം. ജേക്കബ് ഇന്നലെ ഒരു ആരോപണമുന്നയിച്ചു. നിങ്ങൾ അതിനു മറുപടി പറയാത്തത് നന്നായി. അങ്ങയുടെ മകനെതിരേയും മരുമകനെതിരേയും ആരോപണം പറഞ്ഞപ്പോൾ അങ്ങ് അതു കേൾക്കാത്ത ഭാവത്തിൽ ഇരുന്നത് നന്നായി. അങ്ങേയ്ക്ക് ഒരു താൽപ്പര്യവുമില്ല. അങ്ങ് അതുതന്നെ പറയണം. കാരണം, അഡ്വക്കേറ്റ് ജനറലിന്റെ കുടുംബത്തെ എനിക്കും നിങ്ങൾക്കും അറിയാവുന്നതാണ്. അദ്ദഹത്തിന്റെ കുടുംബപാരമ്പര്യം എനിക്കും നിങ്ങൾക്കും അറിയാം. അദ്ദേഹത്തിന്റെ സാമ്പത്തികശേഷി എനിക്കും നിങ്ങൾക്കും അറിയാം. അദ്ദേഹം വക്കീലായപ്പോൾ അദ്ദേഹത്തിന്റെ ക്രെഡിബിലിറ്റി എന്താണെന്ന് അറിയാം. ഞാൻ നിങ്ങളോട് നിഷ്പക്ഷമായി ആവശ്യപ്പെടുകയാണ്. അങ്ങേയ്ക്ക് തന്റേടമുണ്ടെങ്കിൽ അഡ്വക്കേറ്റ് ജനറലായതിനുശേഷം അദ്ദേഹം സമ്പാദിച്ച സ്വത്തിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ? നൂറായിരം തെളിവുകൾ കൊടുക്കാം. വ്യവസ്ഥാപിതമായ മാർഗ്ഗത്തെ അപമാനപ്പെടുത്തുന്ന അഡ്വക്കേറ്റ് ജനറൽ, അങ്ങും അതുപോലെ അല്ലേ? അങ്ങേയ്ക്ക് എങ്ങനെ സഹകരിക്കാതിരിക്കാൻ സാധിക്കും? സാമ്പാർ കിട്ടാൻ താമസിച്ചപ്പോൾ സഖാക്കളെ വിട്ടു ജീവന

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെ തല്ലിച്ച അങ്ങും വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ വിശ്വസിക്കുന്നില്ല. അതു ഞങ്ങൾക്ക് അറിയാം. ഞാൻ ഒരിക്കൽ കൂടി പറയുന്നു, അഡ്വക്കേറ്റ് ജനറലിന്റെ ആസ്തി അന്വേഷിക്കണം. അങ്ങും അങ്ങയുടെ ഓഫീസും അഡ്വക്കേറ്റ് ജനറലും സംയുക്തമായി നടത്തുന്ന അതിക്രമങ്ങളും കൊള്ള കളും അവസാനിപ്പിക്കാൻ അങ്ങേയ്ക്ക് സാധിക്കണം. ഇത്തരം തെറ്റായ നടപ ടികളിൽ പ്രതിഷേധിച്ചുകൊണ്ട് അങ്ങ് അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, നല്ലൊരു പ്രസം ഗമാണ് കേട്ടത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ നടത്തിയ പ്രസംഗവും ശ്രീ. കെ. സുധാകരന്റെ അവസാനത്തെ പ്രസംഗവും ഞാൻ കേട്ടു. ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നത് അതല്ല, ശ്രീ. ഗോവിന്ദൻ മാസ്റ്റർ രണ്ടു കൊലക്കേസ്സു കളെപ്പറ്റി പറഞ്ഞു. അതിനെപ്പറ്റി ശ്രീ. സുധാകരൻ ഒരു വാക്കെങ്കിലും പറ യുമോ എന്നു ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. മിണ്ടുന്നില്ല. ഒന്ന്, നാൽപ്പാടി വാസു വധക്കേസ്സും മറ്റൊന്ന് ഇ.പി. ജയരാജനെ വെടിവച്ച് കൊല്ലാൻ നടത്തിയ ശ്രമവും. അതുരണ്ടും ശ്രീ. സുധാകരനെപ്പറ്റി ശ്രീ. ഗോവിന്ദൻ മാസ്റ്റർ പരാമർശിച്ചതാണ്. രണ്ടു കൊല നടത്താനുള്ള ശ്രമത്തെ പ്പറ്റി ഒരക്ഷരം പറഞ്ഞില്ല. അങ്ങു അതു പറയുമെന്ന് ഞാൻ വിചാരിച്ചു. മിണ്ടി യില്ല. അതു തള്ളിക്കളഞ്ഞു. രണ്ടും കൊലയാണ്. കേസ്സു നടക്കുകയാണ്. ശ്രീ. സുധാകരനെതിരായിട്ട് കേസ്സ് കോടതിയിൽ കിടക്കുകയാണ്. ഒരക്ഷരം .....

ശ്രീ. കെ സുധാകരൻ : അങ്ങ് എത്ര കേസ്സു നടത്തി?

ശ്രീ. ഇ.കെ. നായനാർ : എന്റേത് രാഷ്ട്രീയ കൊലക്കേസ്സല്ല. കയ്യൂർ കേസ്സാണ്. നിങ്ങൾ ഒരു എം.എൽ.എ.യെ കാശാപ്പു ചെയ്യാൻ നടത്തിയ കോൺസ്പിറസിയെപ്പറ്റി ഒരക്ഷരം പറഞ്ഞോ? അതിൽ ശ്രീ. ഇ.പി. ജയരാ ജൻ ജീവിച്ചിരിപ്പുണ്ട്. നാൽപ്പാടി വാസു മരിച്ചു. ശ്രീ. ജയരാജൻ എം.എൽ. എ. ആയിരുന്നു. അദ്ദേഹം ജീവിച്ചിരിപ്പുണ്ട്. ഒരക്ഷരം അതിനെക്കുറിച്ച് മിണ്ടിയോ? കാര്യങ്ങളൊക്കെ പ്രസംഗിച്ചു, ശരിതന്നെ. അതിലൊന്നും എനിക്കും ആക്ഷേപമില്ല. ഞാൻ പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായി രുന്നു. ശ്രീ. സുധാകരന്റെ പ്രസംഗത്തിന്റെ കാതലെന്താണെന്ന് ഇപ്പോൾ മന സ്സിലായി. ഇവിടെ നടന്ന പ്രസംഗത്തിൽ പോലീസുകാരെക്കുറിച്ചു പറഞ്ഞു. പത്തു- നാൽപ്പതിനായിരം പോലീസുകാരുണ്ട്. പോലീസുകാരെപ്പറ്റി ഓരോരു ത്തരും പറഞ്ഞതിനെപ്പറ്റി എനിക്കൊന്നും പറയാനില്ല. ഒരാൾ പോക്കറ്റടിച്ചിട്ടു ണ്ടാകും, ഒരാൾ ചെവി കടിച്ചിട്ടുണ്ടാകും. എന്റെ കീഴിൽ നാൽപ്പതിനായിര ത്തോളം പോലീസുകാരുണ്ട്. ഒന്നും രണ്ടുമല്ല. പലരും പലതും ചെയ്തിട്ടുണ്ടാ കും. അതുകൊണ്ട് ആ വ്യക്തിപരമായ പ്രശ്നത്തെപ്പറ്റി പറയുമ്പോൾ എല്ലാ വരും ശുദ്ധൻമാരാണെന്ന് ധരിക്കുന്നില്ല. നല്ലവരുമുണ്ട്, ചെവികടിക്കുന്നവരു മുണ്ട് പോക്കറ്റടിക്കുന്നവരുമുണ്ടാകും. ഒന്നും രണ്ടും മൂന്നുമാണോ പോലീസു കാർ? നാൽപ്പതിനായിരം പൊലീസുകാരെയും നന്നാക്കാൻ ഒരാൾ വിചാരി ച്ചാൽ നടക്കുമോ? എല്ലാവരും കൂടി വിചാരിക്കണം. പോലീസ് ഓഫീസർമാ രുടെ ട്രാൻസ്ഫറിനെപ്പറ്റി പറയുകയുണ്ടായി. ഇവിടെനിന്ന് ചില ആളുകൾ പോയി എന്നും മറ്റും പറഞ്ഞു. എത്ര ആളു പോയി, എത്ര ആളു വന്നു എന്ന് സുധാകരന് വല്ല വിവരവും ഉണ്ടോ? ഞാനല്ലേ കൈകാര്യം ചെയ്യുന്നത്. പോകുന്നതും വരുന്നതുമെല്ലാം എനിക്കറിയാം. അവർ കൊല നടത്തിയിട്ട് പോയതല്ല. അതു വേറെ പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് പോലീസിന

LIBRARY ARCHIVES Kerala Legislative Assembly

കത്ത് ഏതു രൂപത്തിലുള്ള സമീപനമാണ്. മുൻകാലത്തുണ്ടായിരുന്നത് ഒരു സമീപനം. ഇപ്പോൾ എന്താണ് സമീപനം? രണ്ടു സമീപനമാണ് അക്കാര്യത്തിലുള്ളത്. നിങ്ങളുടെ നാലു വർഷക്കാലത്തെ സമീപനമല്ല ഇക്കാലത്തുള്ളത്. ശ്രീ. എ.കെ. ആന്റണിയും ശ്രീ. കെ. കരുണാകരനും മറ്റു നേതാക്കൻമാരും കൈകാര്യം ചെയ്തതിൽനിന്ന് വളരെ വ്യത്യസ്തമാണ് ഇന്ന്. ഇവിടെ ജാഥ നടത്തുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. എല്ലാ പാർട്ടിക്കാരും പോലീസ് സ്റ്റേഷനിലേയ്ക്ക് ജാഥ നടത്തുകയാണ്. അതിനു ഞങ്ങളെതിരാണോ? മാർക്സിസ്റ്റുകാരുടെ നേതൃത്വത്തിൽ ഇടതുമുന്നണി ഭരിക്കുമ്പോൾ, ഇടതുമുന്നണിയുടെ ജാഥ വേണ്ടെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ആരും പറഞ്ഞിട്ടില്ല. അവർക്കും ജാഥ നയിക്കാം. സി.പി.ഐ.കാർക്കും ജാഥ നയിക്കാം. സി.പി.ഐ.(എം.)നും ജാഥ നയിക്കാം, കോൺഗ്രസ്സിനും ജാഥ നയിക്കാം. പക്ഷെ കോൺഗ്രസ്സുകാർ ബി.ജെ.പി.ക്കെതിരായി ജാഥ നയിക്കുകയില്ല എന്നുമാത്രമേയുള്ളൂ. ഇതുവരെ ബി.ജെ.പി.ക്കെതിരെ ശ്രീ. എ.കെ. ആന്റണി ഒരു ജാഥ നയിച്ചോ? നമുക്കെതിരായി ഒരു ഹർത്താൽ നടത്തിയില്ലേ? ഒരു ബന്ദ് നടത്താൻ ശ്രമിച്ചില്ലേ? ബി.ജെ.പി.ക്കെതിരെ കേരളത്തിൽ ഒരു ചെറുവിരലനക്കിയോ? മൂന്നു കൊല്ലത്തിനിടയിൽ എന്തെങ്കിലും മിണ്ടിയോ? നിങ്ങൾ ബി.ജെ.പി.ക്കെതിരായി അഖിലേന്ത്യാ പ്രമേയം പാസ്സാക്കിയിട്ടുണ്ടാകും. ഇവിടെ നിങ്ങൾ ഹർത്താൽ നടത്തിയില്ലേ? മൂന്നു വർഷക്കാലത്തെ നേട്ടങ്ങളെ മുഴുവൻ ബഹിഷ്കരിച്ചുകൊള്ളണമെന്നു പറഞ്ഞ് കെ.പി.സി.സി.പ്രമേയം പാസ്സാക്കി. ബി.ജെ.പി.ക്കെതിരായി നിങ്ങൾ ഒരു ബഹിഷ്കരണം നടത്തിയോ? ഇല്ല. അപ്പോൾ ശ്രീ. ആന്റണിയുടെ കൂട്ടുകാർ ആരാണ്? ബി.ജെ.പി.യാണ് നിങ്ങളുടെ ചങ്ങാതി. ബി.ജെ.പി.ക്കെതിരായി നിങ്ങൾ ഒരു ചെറുവിരലനക്കിയോ?

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ഞങ്ങൾ ബി.ജെ.പി.ക്കെതിരായിട്ട് ധർണ്ണ നടത്തിയിട്ടുണ്ട്, പിക്കറ്റിംഗ് നടത്തിയിട്ടുണ്ട്, തീവണ്ടി തടയുകയും ചെയ്തിട്ടുണ്ട്. അവരെയെല്ലാം നിങ്ങളുടെ പോലീസ് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങു മനസ്സിലാക്കാൻ വേണ്ടി പറയുകയാണ്.

ശ്രീ. ഇ.കെ. നായനാർ : തീവണ്ടി തടഞ്ഞത് ഇവിടെ ബി.ജെ.പി.ക്കെതിരായിട്ടല്ല. കേന്ദ്രത്തിൽ റെയിൽവേ വകുപ്പുമന്ത്രി ഭരിക്കുന്നതുകൊണ്ടാണ് ഇവിടെ തടഞ്ഞത്. ബി.ജെ.പി.ക്കെതിരായിട്ട് ഇവിടെ നടത്തിയോ എന്നാണ് എന്റെ ചോദ്യം. ബി.ജെ.പി.ക്കെതിരായിട്ട് സെക്രട്ടേറിയറ്റ് നടയിൽ നടത്തിയോ? അല്ലെങ്കിൽ നിങ്ങൾ എവിടെ നടത്തി? നടത്തിയില്ല. ഒരു ദിവസംപോലും സമരം നടത്തിയില്ല. റെയിൽവേ സ്റ്റേഷനിൽ കുത്തിയിരുന്നത് ബി.ജെ.പി.ക്കെതിരായിട്ടല്ല, അത് നമുക്കെതിരായിട്ടാണ്. ഈ ഗവൺമെന്റിനെതിരായിട്ടാണ്. നിങ്ങൾക്ക് തീർച്ചയായിട്ടും ബി.ജെ.പി. വിരോധമില്ല. നോർത്ത് മലബാർ മാർക്കറ്റിംഗ് സൊസൈറ്റി ഇലക്ഷനിൽ ബി.ജെ.പി.യുമായിട്ട് കോൺഗ്രസ് എങ്ങനെയാണ് കൂടിയത്? അത് മിനിഞ്ഞാന്നായിരുന്നു. ശ്രീ. എ.കെ. ആന്റണിക്ക് മനസ്സിലായോ? അതിനെപ്പറ്റി ശ്രീ. ആന്റണി ഒരക്ഷരം പറഞ്ഞോ? വയനാട്ടിൽ ബി.ജെ.പി. നേതാവിന്റെ കൂടെയല്ലേ കൈകോർത്ത് നടന്നത്? പുത്തിഗെ പഞ്ചായത്തിൽ ബി.ജെ.പി.യുടെ കൂടെ കൂടിയില്ലേ? പുത്തിഗെ കാസർഗോട്ടാണ്. നിങ്ങളുടെ ബി.ജെ.പി. വിരോധം എവിടെയാണ്? പുത്തിഗെയിൽ കൂടി, നോർത്ത് മലബാർ മാർക്കറ്റിംഗ് സൊസൈറ്റിയിൽ മിനിഞ്ഞാന്നു കൂടി. രണ്ടാഴ്ച മുമ്പുള്ള കാര്യമാണ്. ശ്രീ. ചെർക്കളം അബ്ദുള്ളയ്ക്ക് പുത്തിഗെയുടെ കഥയറിയാം. ഇവർക്കറിയില്ല. എനിക്കറിയാം. എന്നിട്ട് എന്തിനാണ് ആന്റണീ .....

ശ്രീ. എ.കെ. ആന്റണി : അങ്ങു പുത്തിഗെയുടെ കാര്യം പറഞ്ഞു. കുറച്ചുകൂടി അടുത്തുള്ള കാര്യം പറയാം. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ബി.ജെ.

LIBRARY ARCHIVES Kerala Legislative Assembly

പി.യുടെ കൗൺസിലറും അങ്ങയുടെ പാർട്ടിയും കൂടി ഒരുമിച്ചാണ് ഭരിക്കുന്നത് .....

ശ്രീ. ജി. സുധാകരൻ : അല്ല.

ശ്രീ. ഇ.കെ. നായനാർ : ആരു നമ്മളോ? കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ആരാണു ഭരിക്കുന്നത്?

ശ്രീ. ജി. സുധാകരൻ : ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അങ്ങനെയല്ല.

ശ്രീ. ഇ.കെ. നായനാർ : ശ്രീ. ജി. സുധാകരൻ ആലപ്പുഴക്കാരനാണ്. ശ്രീ. എ.കെ. ആന്റണി പറഞ്ഞത് അദ്ദേഹം നിഷേധിക്കുന്നു.

ശ്രീ. ജി. സുധാകരൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ സഭയെ പൂർണ്ണമായി തെറ്റിദ്ധരിപ്പിക്കുന്ന ഒരു പ്രസ്താവനയാണ് ചെയ്തിരിക്കുന്നത്. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ബി.ജെ.പി.യുമായി ബന്ധപ്പെട്ട് ആരേയും ഞങ്ങൾ സപ്പോർട്ട് ചെയ്തില്ലെന്ന് വ്യക്തമാക്കുന്നു. ആ ആരോപണം പിൻവലിക്കണം. ആണത്തമുണ്ടെങ്കിൽ ആരോപണം പിൻവലിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ആലപ്പുഴ മുനിസിപ്പാലിറ്റി ഭരിക്കുന്നത് ബി.ജെ.പി.യുടെ കൗൺസിലറും മാർക്സിസ്റ്റു പാർട്ടിയുടെ കൗൺസിലറും ഒരുമിച്ചു പിന്തുണനൽകുന്ന ചെയർമാനാണ്. ഞാൻ എന്റെ ആരോപണം ആവർത്തിക്കുന്നു. .....(ബഹളം).....

ശ്രീ. ഇ.കെ. നായനാർ : ശ്രീ. എ.കെ. ആന്റണി ആവർത്തിക്കുന്നു. ശ്രീ. ജി. സുധാകരൻ അദ്ദേഹത്തിന്റെ അഭിപ്രായം പറയുന്നു.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നുരണ്ട് സൊസൈറ്റികൾ പറഞ്ഞു. ഇവിടെ ആലപ്പുഴയുടെ കാര്യം പറഞ്ഞു. ശ്രീ. ജി. സുധാകരൻ എതിർത്തു. ആമ്പല്ലൂർ സൊസൈറ്റി നിങ്ങളും ബി.ജെ.പി.യും കൂടിയാണ് ഭരിക്കുന്നത് .....(ബഹളം).....

ശ്രീ. ഇ.കെ. നായനാർ : ഞാൻ എന്റെ വിഷയത്തിലേയ്ക്ക് കടക്കുകയാണ്. ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്നതിന്റെ വിശദീകരണം പറഞ്ഞു. യു.ഡി.എഫ്. ഭരണത്തിലാണ് ഇവിടെ ആദ്യത്തെ പ്രശ്നം തുടങ്ങിയത്. 1991-ൽ 4261 മോഷണങ്ങൾ നടന്നു. 1998-ൽ മോഷണക്കേസ് 3749 ആയി കുറയുകയാണ് ചെയ്തത്. യു.ഡി.എഫ്. ഭരണകാലത്ത് തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരത്തിൽ സാമൂഹിക വിരുദ്ധൻമാർ അഴിഞ്ഞാടിയിരുന്നു. എൽ. ഡി.എഫ്. സർക്കാർ കാളമൂരുകൻമാരെ സംരക്ഷിച്ചിട്ടില്ല. അത് കോൺഗ്രസ് ആണ് സംരക്ഷിച്ചത്. സാമൂഹ്യ വിരുദ്ധൻമാരെ അമർച്ച ചെയ്യുകയാണ്. പഴവങ്ങാടി ഗണപതി ക്ഷേത്രത്തിന്റെ കാര്യം ആരോ ഇവിടെ പറഞ്ഞു. പറഞ്ഞയാളെ ഇവിടെ കാണുന്നില്ല. അയാൾക്കൊന്നും ഗണപതിയില്ല. അയാൾ ഇവിടെയാണ്, ഗണപതി വേറെയാണ്. നിങ്ങൾക്കറിയില്ല, എനിക്ക് ഓരോരുത്തരേയും അറിയാമല്ലോ. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഗണപതിയുടെ കാര്യം ഓരോരുത്തരും മൂളിയാലേ ഗണപതിയാകുന്നുള്ളോ? ഗണപതി ക്ഷേത്രത്തിൽ തർക്കമുണ്ടായി. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹരിക്കണമെന്നാണ് ഞാൻ പോലീസിനു നൽകിയ നിർദ്ദേശം. ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങളായ സ്ത്രീകൾക്ക് ദ്രോഹമുണ്ടാക്കുന്നതായി ഗണപതി ക്ഷേത്രത്തിലെ ഭാരവാഹികൾ പോലീസിന് എഴുതിയിട്ടുണ്ട്. ഇവിടെ വനിതാ സംരക്ഷണമെന്നൊക്കെ പ്രസംഗിച്ചല്ലോ? ഗണപതി ക്ഷേത്രത്തിൽ സ്ത്രീകളെ ദ്രോഹിക്കുന്നതിനെപ്പറ്റി മിണ്ടിയോ? ആരാണ് തന്റെ കൂട്ടുകാരാണ്, മുൻപ് ആലപ്പുഴയിലുണ്ടായിരുന്നവർ. അത് ശരിക്കും ആരാണെന്നുള്ളത് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.ക്ക് അറിയാം. ആ ആഴ്ചപ്പതിപ്പ് എന്റെ കൈയിലുണ്ട്. അതിപ്പോൾ കാണിക്കണോ? വേണ്ട. അപ്പോൾ ഭക്തജനങ്ങളെ ദ്രോഹിക്കുന്ന ആർ.എസ്.എസ്.കാരനെ ന്യായീകരിക്കുന്ന സമീപനം നേതാക്കൻമാർ സ്വീകരിക്കരുത്. ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ.യെ മർദ്ദിച്ച കേസിനെപ്പറ്റി നമ്മുടെ സുഹൃത്ത് പറഞ്ഞല്ലോ. ലാ സെക്രട്ടറിയില്ല, ലാ ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ഒരു ഉയർന്ന ഉദ്യോഗസ്ഥനില്ല. അയാളെ ഇപ്പോൾ നിയമിക്കാൻ പോകുന്നതേയുള്ളൂ. അന്വേഷണം നടത്തി നിയമോപദേശത്തിന് കൊടുത്തിരിക്കുകയാണ്. നിയമോപദേശം കിട്ടിക്കഴിഞ്ഞാൽ ഉടനെ നടപടി സ്വീകരിക്കും. അല്ലാതെ എനിക്ക് നിയമോപദേശമൊന്നും അറിയില്ല .....(ബഹളം) ..... നിയമോപദേശം കിട്ടിക്കഴിഞ്ഞാൽ അതനുസരിച്ച് നടപടിയെടുക്കുമെന്നാണ് ഞാൻ പറഞ്ഞത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഒരു എം.എൽ.എ.യെ മർദ്ദിച്ച സംഭവം കഴിഞ്ഞിട്ട് രണ്ടരവർഷമായി. ലാ സെക്രട്ടറി ഹൈക്കോടതി ജഡ്ജിയായി പോയിട്ട് ഒരുമാസമായി. മർദ്ദനം നടന്നിട്ട് രണ്ടര വർഷമായി. ഒരു മാസത്തിനുമുൻപ് ഹൈക്കോടതി ജഡ്ജിയായി ലാ സെക്രട്ടറി പോയതുകൊണ്ടാണ് ഈ രണ്ടരവർഷം കാലതാമസം വന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറയുന്നത് ന്യായമാണോ?

ശ്രീ. ഇ.കെ. നായനാർ : ശ്രീ. കെ.സി. വേണുഗോപാലിനെ മർദ്ദിച്ചതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം നടത്തി നിയമോപദേശത്തിന് കൊടുത്തിരിക്കുകയാണ്. ഉപദേശം കിട്ടിക്കഴിഞ്ഞാൽ അതിൽ നടപടിയെടുക്കും. ഇത്രയേ എനിക്ക് പറയാനുള്ളൂ.

ശ്രീ. ടി.എം. ജേക്കബ് : സർ, സാധാരണ ഒരാളെ തല്ലിയാൽ നിയമോപദേശം കിട്ടിയിട്ടേ കേസ് എടുക്കുകയുള്ളോ?

ശ്രീ. ഇ.കെ. നായനാർ : ഇത് ഏതെങ്കിലും ഒരാളല്ല, സാധാരണ ഒരാളല്ല ഇത് എം.എൽ.എ.യാണ്. സാധാരണ ഒരാളുടെ കാര്യവും എം.എൽ.എ.യുടെ കാര്യവും ഒരുപോലെയാണോ? ശ്രീ. ഇസ്ഹാക് കുരിക്കൾ ഇവിടെ ഒരു പ്രശ്നമുന്നയിച്ചു. ശ്രീ. ഇസ്ഹാക് കുരിക്കൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനെ ഉദ്ധരിച്ചുകൊണ്ട് ഇവിടെ വായിച്ചത് തുക ചെലവഴിക്കാൻ കഴിയാതെവന്നത് ശമ്പളമിനത്തിൽ വകയിരുത്തിയ തുകയാണ്. പോലീസിൽ നിരവധി ഒഴിവുകൾ നിലവിലുണ്ടായിരുന്നു. ഒഴിവു നികത്തുന്നതിനുവേണ്ടി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് യഥാസമയം നടപടി എടുത്തില്ല. എൽ.ഡി.എഫ്. സർക്കാർ ആറായിരത്തിലധികം പോലീസുകാരെ ഇപ്പോൾ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പരിശീലനം നൽകിവരികയാണ്. നിയമനം നടത്തുന്നതിൽ വന്ന കാലതാമസം കാരണമാണ് വകയിരുത്തിയ തുക ചെലവഴിക്കാൻ താമസിച്ചത്. ഈ തുകയും പാഴാക്കിയിട്ടില്ല. സി.ആന്റ്.എ.ജി. റിപ്പോർട്ടിൽത്തന്നെ ഈ തുക വാഹനങ്ങൾക്കും മറ്റു ചെലവുകൾക്കും വേണ്ടി വിനിയോഗിച്ച കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്. അതുകൊണ്ട് നിങ്ങൾ പറഞ്ഞത് ഒരാളുടെ പകുതി മീശമുറിച്ച മട്ടിലാണ്. ഇനി മറ്റൊന്ന് ശ്രീമതി ശോഭനാ ജോർജ് ഇതിനിടയിൽ ഒരു വർത്തമാനം പറഞ്ഞു. ആഴ്ചപ്പതിപ്പ് എന്റെ കൈയിലിരിപ്പുണ്ട്, ഞാനതെടുക്കുന്നില്ല. കുത്തുപ്പറമ്പ് വെടിവയ്പ്പു കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു എന്നത് വസ്തുതയല്ല. നിങ്ങൾ പറഞ്ഞത് ശരിയല്ല, കേസ്സ് അന്വേഷണം ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ നിങ്ങൾ ഉന്നയിച്ച ചില പ്രശ്നങ്ങൾ കഴിഞ്ഞു. ഇനി വരാൻ പോകുന്ന കാര്യങ്ങൾ പറയാൻ പോകുന്നു. ഇവിടെ നമ്മൾ നടത്തുന്ന ഉപതെരഞ്ഞെടുപ്പിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ ആഭ്യന്തരവകുപ്പിനെപ്പറ്റി ചർച്ച നടക്കുന്ന ഘട്ടത്തിൽ നമ്മുടെ ചുറ്റുപാടുമുള്ള സംസ്ഥാനങ്ങളിലെ സ്ഥിതി എന്താണ്? ..... (ബഹളം) ..... എ.ജി.യെപ്പറ്റി നിങ്ങൾ പറഞ്ഞതൊന്നും ഞാൻ സ്വീകരിക്കുന്നില്ല. അതിനേക്കാളും കൂടുതൽ പത്രം എന്റെ കൈയിലുണ്ട്. തന്റെ കൈയിൽ മാത്രമല്ല, കൊള്ളരുതാത്ത പത്രങ്ങൾ എന്റെ കൈയിലുമുണ്ട്. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. നിങ്ങൾക്കൊക്കെ അതാണ് പണി, എനിക്ക് ആ പണിയില്ല. നമ്മൾ ആഭ്യന്തരവകുപ്പ് ചർച്ച ചെയ്യാൻ തുടങ്ങിയിട്ടുള്ള സാഹചര്യമെന്താണ്? അഖിലേന്ത്യാ തലത്തിൽ ബി.ജെ.പി. 13 മാസവും 13 ദിവസവും ഭരിച്ചു. 13 മാസം ഭരിച്ചിരുന്ന ഘട്ടത്തിൽ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കെതിരായ മർദ്ദനം നടന്നതിന്റെ സാഹചര്യമാണ് നമ്മുടെ ചുറ്റുമുള്ളത്. ഒറീസ്സയിൽ മൂന്നുപേരെ ചുട്ടുകൊന്നില്ലേ? മദ്ധ്യപ്രദേശിൽ കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തിയില്ലേ? ഒറീസ്സയിൽ ഗ്രഹാം സ്റ്റെയിൻസിനേയും രണ്ട് മക്കളേയും ചുട്ടുകൊന്നില്ലേ? അതുപോലെ കോയംപത്തൂരിൽ പത്തൊൻപത് പേരെ കശാപ്പ് ചെയ്തില്ലേ? ഇതൊക്കെ നമ്മുടെ ചുറ്റുപാടിൽ നടന്ന കാര്യങ്ങളല്ലേ? ഗുജറാത്തിലാണെങ്കിൽ പള്ളിയിൽ

[4 PM] ഘോഷയാത്ര നടത്തി കശാപ്പ് നടത്തിയില്ലേ? ഇതൊക്കെയാണ് ബി.ജെ.പി. ഭരിച്ചപ്പോൾ നടന്നത്. ഈ സാഹചര്യത്തിൽ കേരളത്തിൽ എന്തു നടന്നു. ഇത്തരം സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഭരണം നടത്തുന്ന കേരളത്തിൽ എന്ത് നടന്നു. ഗുജറാത്തിൽ ഡിസംബർ 25 -ാം തീയതി ക്രിസ്തുമസ് ദിവസം പള്ളിക്കെതിരായി ജാഥ നടത്തി. ഇങ്ങനെയുള്ള വല്ല സംഭവങ്ങളും കേരളത്തിലുണ്ടായോ എന്ന് ഞാൻ നിങ്ങളോട് ചോദിക്കുന്നു. കേരളത്തിൽ നിങ്ങളാണെങ്കിൽ ബി.ജെ.പി.ക്ക് എതിരായിട്ട് ഒരക്ഷരം മിണ്ടുകയില്ല. നമുക്കെതിരായിട്ടാണ് ഹർത്താലും ബഹിഷ്കരണവുമൊക്കെയുള്ളത്. ബി.ജെ.പി. ഗവൺമെന്റ് വരുന്നതിന് മുൻപ് 13 മാസം നമ്മുടെ ഗുജ്റാൾ ഗവൺമെന്റ് ഉണ്ടായിരുന്നല്ലോ, ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് 40 വർഷം കോൺഗ്രസ് ഭരിച്ചിട്ടും പുന്നപ്ര വയലാർ സമര സേനാനികൾക്ക് പെൻഷൻ കൊടുത്തോ? കോൺഗ്രസ് ഭരിച്ചപ്പോൾ കൊടുത്തില്ല. കയ്യൂരിലെ ത്യാഗികൾക്ക് പെൻഷൻ കൊടുത്തോ? കൊടുത്തില്ല. കാവുംപായ് സമരസേനാനികൾക്ക് പെൻഷൻ കൊടുത്തോ? കൊടുത്തില്ല. ഒരു വർഷം ഭരിച്ച ഗുജ്റാൾ ഗവൺമെന്റിന്റെ മന്ത്രിസഭയിലുള്ള ശ്രീ. ഇന്ദ്രജിത്ത് ഗുപ്തയാണ് പെൻഷൻ കൊടുത്തത്. മനസ്സിലായോ? നിങ്ങളെ പുറത്താക്കേണ്ടി വന്നിരുന്നു അവരുടെയൊക്കെ വീട്ടിൽ പെൻഷൻ കിട്ടാൻ. ശ്രീ. ആന്റണിയോട് ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. ആന്റണിക്ക് പുന്നപ്രയും അറിയില്ല കയ്യൂരുമറിയില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പുന്നപ്ര വയലാർ എന്റെ നാടാണ്. 1957-ൽ നിങ്ങൾ ഭരിച്ചിട്ടും 1967-ൽ നിങ്ങൾ ഭരിച്ചിട്ടും പുന്നപ്ര വയലാർകാർക്ക് പെൻഷൻ കൊടുത്തില്ല. 1970-ൽ കോൺഗ്രസിന്റെ കൂടെയുള്ള ശ്രീ. അച്യുതമേനോൻ ഗവൺമെന്റ് വന്നപ്പോഴാണ് പുന്നപ്ര വയലാർകാർക്ക് സംസ്ഥാന പെൻഷൻ കൊടുത്തത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : പുന്നപ്രവയലാർകാർക്ക് പെൻഷൻ കൊടുത്തത് ഞങ്ങളുടെ കാലത്താണ്. നിങ്ങളുടെ കാലത്തല്ല. നിങ്ങൾക്ക് അതുപറയാനുള്ള അവകാശമുണ്ടോ? പുന്നപ്രവയലാർ സമര സേനാനികൾക്ക് പെൻഷൻ കൊടുത്തത് നമ്മൾ രണ്ടു കക്ഷിക്കാരും ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുള്ളപ്പോഴാണ്. അച്യുതമേനോൻ നിങ്ങളുടേതാണോ? അച്യുതമേനോൻ കമ്മ്യൂണിസ്റ്റല്ലേ, നിങ്ങൾ കോൺഗ്രസ് അല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അന്ന് അങ്ങയുടെ പാർട്ടി 'അച്യുതൻ വഞ്ചക' മുഖ്യാ എന്നുവിളിച്ചിരുന്ന കാലമാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അല്ല.. അല്ല. അതു ശരിയല്ല, ഇവർ കോൺഗ്രസ് ആണ് അച്യുതമേനോൻ കമ്മ്യൂണിസ്റ്റാണ് അതാണ് വ്യത്യാസം. നിങ്ങൾ കൊടുത്തിട്ടില്ല. പെൻഷൻ കൊടുക്കാൻ ശ്രീ. ഇന്ദ്രജിത്ത് ഗുപ്ത വരേണ്ടിവന്നു. ഞാൻ പറയുന്നു ജനസംഖ്യയിൽ 20 ശതമാനം ക്രിസ്ത്യാനികളും 20 ശതമാനം മുസ്ലീങ്ങളുമുള്ള കേരളത്തിൽ ഒറീസ്സയിൽ നടന്നതുപോലെ വല്ലതും നടന്നോ? മദ്ധ്യപ്രദേശിൽ നടന്നതുപോലെ വല്ലതും കേരളത്തിൽ നടന്നോ? മദ്ധ്യപ്രദേശിലെ ബസ്തറിൽ എന്താണ് നടക്കുന്നത്? മദ്ധ്യപ്രദേശിലെ ഒരു ജില്ലയാണ് ബസ്തർ. അവിടെ ആയുധമേന്തിയ സമരമാണ് നടക്കുന്നത്. ഇത് ശ്രീ. എ.കെ. ആന്റണിക്ക് അറിയാമോ? ശ്രീ. ആന്റണിക്ക് കേട്ടവർത്തമാനമുണ്ടാകും. ആന്ധ്രയിലെ കമ്മം ജില്ലയിലും armed struggle ആണ് നടക്കുന്നത്. ഇവിടെയോ? നിങ്ങൾ ഭരിക്കുന്ന സ്ഥലത്തൊക്കെ armed struggle ആണ് നടക്കുന്നത്. മദ്ധ്യപ്രദേശിലെ ബസ്തറിൽ, റ്റി.ഡി.പി. ഭരിക്കുന്ന ആന്ധ്രയിലെ കമ്മം ജില്ലയിൽ ഇവിടെയൊക്കെ armed struggle ആണ് നടക്കുന്നത്. കേരളത്തിൽ നടക്കുന്നത് സായുധസമരവും ശ്രീ. എ.കെ. ആന്റണി, നിങ്ങൾ ഭരിക്കുന്ന സ്ഥലങ്ങളിൽ എന്ത് ക്രമസമാധാന നിലയാണുള്ളത്. ഒറീസ്സയിലും ഗുജറാത്തിലും ആസ്സാമിലും കന്യാസ്ത്രീകൾക്ക് രക്ഷയില്ല സംഘട്ടനവും നടക്കുന്നു. 20 ശതമാനം ക്രിസ്ത്യാനികളും 20 ശതമാനം മുസ്ലീങ്ങളുമുള്ള കേരളത്തിൽ ഇത്തരത്തിലുള്ള വല്ല വർഗ്ഗീയ ലഹളയും ഈ മൂന്നുവർഷക്കാലത്ത് ഉണ്ടായോ? നിങ്ങൾ ഭരിക്കുന്ന മദ്ധ്യപ്രദേശിൽ armed struggle നടക്കുകയാണല്ലോ? ബസ്തർ വലിയ ഡിസ്ട്രിക്റ്റാണ്. നമ്മുടെ കേരളത്തിന്റെയത്ര വലിപ്പമുണ്ട്, അവിടെ എന്താണ് നടക്കുന്നത്. അതുപോലെതന്നെ 40 ശതമാനം ന്യൂനപക്ഷമുള്ള കേരളത്തിൽ കലാപം നടന്നോ? കന്യാസ്ത്രീകളുടെ പിന്നാലെ ആക്രമിക്കാൻ പോയോ? അവരെ ദേഹോപദ്രവം ചെയ്യാൻ പോയോ? ഇവിടെ ജീപ്പിലിട്ട് ചുട്ടുകൊന്നോ? ഒറീസ്സയിൽ കോൺഗ്രസ്സ് അല്ലേ ഭരിക്കുന്നത്? കേരളത്തിലാണെങ്കിൽ ഇത്തരത്തിലുള്ള ഒരു വർഗ്ഗീയ ലഹളയും നടന്നിട്ടില്ല. ആറൻമുളയെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. ബണ്ട് നിർമ്മാണത്തിന് ആർ.എസ്.എസ്.കാരല്ലേ മുൻകൈയെടുത്തത്? അവിടെ സമാധാനമുറപ്പിച്ചില്ലെങ്കിൽ നമ്മുടെ ശക്തിയുപയോഗിക്കുമെന്ന് പറഞ്ഞ് കെട്ടിയ ബണ്ട് പൊളിച്ചില്ലേ. അതുപോലെതന്നെ വൈക്കത്തെ ക്രിസ്ത്യാനികളെ മറവുചെയ്യുന്ന റ്റി.വി. പുരം തകർക്കാൻ ആർ.എസ്.എസ്. ഹിന്ദുവിഭാഗത്തെ ഇളക്കിവിട്ടില്ലേ? ഇതിനെ നേരിട്ടതാരാണ്? നിങ്ങളാണോ ഇതിൽ ഞാൻ ഇടപെട്ടു. പുരോഹിതന്മാർ, ബിഷപ്പുമാർ ഇവരൊക്കെയാണ് ഇടപെട്ടത്. അങ്ങനെ ഇടപെട്ടില്ലായിരുന്നുവെങ്കിൽ പാലായിൽ നിന്നും വടിയും കത്തിയുമായി ആളുകൾ പുറപ്പെട്ടതല്ലേ. എന്ത് സംഭവിക്കുമായിരുന്നു. നൂറുപേരെയെങ്കിലും കശാപ്പുചെയ്യുകയില്ലായിരുന്നോ? ബിഷപ്പുമാർ തടഞ്ഞു. നല്ലൊരു കാര്യം അവരും ചെയ്തു. അതുപോലെതന്നെ നിരവധി വെടിവയ്പ്പുകളും മരണങ്ങളും നിങ്ങൾ ഭരിച്ചപ്പോൾ നടത്തിയില്ലേ? നിങ്ങൾക്ക് തടയാൻ സാധിച്ചോ? അതുപോലൊരു വെടിവയ്പോ മറ്റോ ഞങ്ങൾ ഭരിച്ച മൂന്നു വർഷക്കാലത്തിനുള്ളിൽ നടന്നിട്ടുണ്ടോ? നിങ്ങൾക്ക് അതൊന്നും തടയാൻ പറ്റുകയില്ല. കാരണം ആന്റണി പറയുമ്പോൾ ശ്രീ. കരുണാകരൻ വേറെ, ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

കരുണാകരൻ പറയുമ്പോൾ ശ്രീ. വയലാർ രവി വേറെ, വയലാർ രവി പറയുമ്പോൾ ശ്രീ. ടി.എം. ജേക്കബ് വേറെ, ശ്രീ. ടി.എം. ജേക്കബ് പറയുമ്പോൾ ശ്രീ. കെ.എം. മാണി വേറെ പിന്നെ എങ്ങനെയാണ് നടക്കുക. ഇതായിരുന്നില്ല കഴിഞ്ഞ കാലത്തെ ഭരണം. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ വർഗ്ഗീയ ലഹളയിൽ നാൽപ്പത് പേർ കേരളത്തിൽ കൊല്ലപ്പെട്ടു. ഞങ്ങളുടെ കാലത്ത് ആരെയെങ്കിലും കൊന്നോ, അങ്ങനെയുള്ള വല്ല സംഭവവും ഉണ്ടായോ. ഒറീസ്സയെപ്പോലെയോ, മദ്ധ്യപ്രദേശിനെപ്പോലെയോ, നടന്നിട്ടില്ല. എൽ.ഡി.എഫ് -ന്റെ മൂന്ന് വർഷത്തെ ഭരണത്തിൽ മതസൗഹാർദ്ദം സ്ഥാപിക്കാൻ നമുക്ക് സാധിച്ചു. ഏതോ ഒരു ദൈവത്തെപ്പറ്റിയുള്ള ലഹള ഞാൻ അപ്പുറത്തിരുന്നു കേട്ടു*****എന്തിനാണ് ദൈവത്തെപ്പറ്റി പറഞ്ഞ് കുഴപ്പമുണ്ടാക്കുന്നത്? ദൈവം ഇഷ്ടംപോലെ നടന്നോട്ടെ. ദൈവത്തെ വിട്ടേയ്ക്ക്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ മതസൗഹാർദ്ദം സംരക്ഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഒരാൾ പോലും വെടിയേറ്റ് മരിച്ചിട്ടില്ല. ഒരു വെടിവയ്പ്പും ജനക്കൂട്ടത്തിനുമേൽ നടന്നിട്ടില്ല. 40,000 പോലീസുകാർ ഉണ്ട്. ചിലപ്പോൾ ഒറ്റയ്ക്കൊറ്റയ്ക്ക് പലതും ചെയ്തിട്ടുണ്ടാകും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഭൂരിപക്ഷവും അനുകൂലമായിട്ട് നിന്നിട്ടുണ്ടാകും. അതിൽ ഒരു വിഭാഗം പിടിച്ചുപറിക്കാനും പോക്കറ്റടിക്കാനും പോയിട്ടുണ്ടാകും. എല്ലാ കക്ഷികൾക്കും പോലീസ് സ്റ്റേഷനിൽ ജാഥ നയിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. ഭരണവും സമരവുമാണ് ഞങ്ങളുടെ നയം. മാർക്സിസ്റ്റുകാർക്ക് ജാഥ പോകാം. സി.പി.ഐക്കാർക്ക് പോകാം. കേരളാ കോൺഗ്രസ്സ് (ജേക്കബ്) ഗ്രൂപ്പിനും ജാഥ പോകാം. മാണി ഗ്രൂപ്പിനും ജാഥ പോകാം. പോയാലും എത്ര പോകുമെന്ന് നമുക്ക് അറിയാമല്ലോ.

<u>ശ്രീ. ടി.എം. ജേക്കബ്</u> : മാർക്സിസ്റ്റു പാർട്ടിക്കുവേണ്ടി സി.പി.ഐ. യുടെ ആളുകൾക്കെതിരെ പോലീസുകാർ പ്രവർത്തിക്കുന്നു എന്നതാണ് ഇവിടെ വന്ന ആക്ഷേപം.

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇത്തരം ആക്ഷേപങ്ങൾ ഉണ്ടാകും. പത്ത് നാൽപ്പതിനായിരം പോലീസുകാർ ഉണ്ടാകുമ്പോൾ അപ്പുറവുമിപ്പുറവും ചില ചെവി കടിയും മൂക്കുചൊറിയും ഉണ്ടാകും. അതൊക്കെ പറഞ്ഞുതീർക്കാനും ജാഥപോയി തീർക്കാനും കഴിയുമെങ്കിൽ സമാധാനമായി. കൂടിയാലോചിച്ച് തീർക്കുകയാണ് വേണ്ടത്. പൂന്തുറയിലും വിഴിഞ്ഞത്തും കാസർഗോഡും വർഗ്ഗീയ സംഘർഷം മുറ്റിനിന്ന അന്തരീക്ഷം യു.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായിരുന്നില്ലേ? വിഴിഞ്ഞം സംഭവത്തിൽ അന്ന് ശ്രീ. എ.കെ. ആന്റണി ആയിരുന്നല്ലോ മുഖ്യമന്ത്രി. ആറാളുകളെ മണ്ണിനടിയിലല്ലേ കുഴിച്ചിട്ടത്? പൂന്തുറയിൽ ശ്രീ. കെ. കരുണാകരന്റെ കാലത്ത് വെടിവയ്പ്പ് ഉണ്ടായി. അഞ്ചാള് മരിച്ചു. ഞാനും ബഹുമാനപ്പെട്ട അച്യുതാനന്ദനുംകൂടി വിഴിഞ്ഞം സന്ദർശിക്കുകയുണ്ടായി. ക്രിസ്ത്യാനിയും മുസ്ലീമും അടക്കം ആറാളുകളെ മണ്ണിനടിയിൽ കുഴിച്ചിട്ടില്ലേ? നിങ്ങൾ ഭരിക്കുമ്പോൾ അല്ലേ ഈ സംഭവം നടന്നത്? ക്രിസ്ത്യാനിയും മണ്ണിന്റെ അടിയിൽ, മുസ്ലീമും മണ്ണിന്റെ അടിയിൽ. എന്നിട്ട് ഞങ്ങൾ ചോദിച്ചപ്പോൾ അസംബ്ലിയിൽ ആദ്യം ഒരാളെന്നാണ് പറഞ്ഞത്. രണ്ടാം ദിവസം രണ്ടുപേരായി, പിന്നെ ആറാളായി. ഇത് ശ്രീ. എ.കെ. ആന്റണിയുടെ കാലത്താണ്. എന്റെ കാലത്ത് ആരെങ്കിലും മണ്ണിനടിയിൽ പോയോ? പൂന്തുറയിലെ വെടിവയ്പ്പിൽ അഞ്ചുപേരെ കശാപ്പു ചെയ്തില്ലേ?

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അത് ശ്രീ. കെ. കരുണാകരന്റെ കാലത്താണ്. നിങ്ങൾ ഭരിക്കുമ്പോഴല്ലേ ശിവഗിരിയിൽ ചവിട്ടി പഞ്ചസാരപോലെ ആക്കിയത്. നമ്മൾ ആരാധിക്കുന്ന ശ്രീ. നാരായണഗുരുദേവന്റെ പടങ്ങൾ മുഴുവൻ തകർത്തില്ലേ? ഞാൻ അവിടെ പോയിരുന്നു. ഒറ്റ പടം അവിടെയുണ്ടോ? ശ്രീ. നാരായണ ഗുരുദേവന്റെ പാവനസ്മരണ പുലർത്തുന്ന ആ സ്ഥലം ചവുട്ടി മെതിച്ചത് എന്റെ കാലത്താണോ? ഞാൻ പടത്തിനെപ്പറ്റി ചോദിച്ചപ്പോൾ അത് മിനിഞ്ഞാന്ന് ശരിപ്പെടുത്തിയെന്ന് ഒരു സ്വാമി പറഞ്ഞു. അതുപോലെ എന്റെ കാലത്ത് ഏതെങ്കിലും ഒരു അമ്പലത്തിൽ കയറിയോ? കഴിഞ്ഞ മൂന്നു കൊല്ലം അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നുവെങ്കിലും സമാധാനപരമായിട്ടാണ് കാര്യങ്ങൾ നീങ്ങുന്നത്. 40% ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളുമുള്ള കേരള സംസ്ഥാനത്തിൽ ഒരു കുഴപ്പവുമുണ്ടായില്ല. അതിന് നിങ്ങളുടേയും സഹായമുണ്ട്. രണ്ടു പക്ഷവും സഹായിച്ചതുകൊണ്ട് ഇവിടെ അത്തരം കുഴപ്പങ്ങളൊന്നുമുണ്ടായില്ല. ഞാനാണ് പോലീസ് വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. നിങ്ങളുടെ സഹായത്തോടുകൂടി ഇതല്ലേ നമുക്ക് തുടരേണ്ടത്. ഇക്കാര്യം ഈ സർക്കാരിന്റെ കാലത്തെ ഗുണകരമായ ഒരു സമീപനമായിട്ട് നിങ്ങൾ കണക്കാക്കിയിട്ടുണ്ടോ? ശ്രീ. കെ. സുധാകരൻ കണക്കാക്കുകയില്ലായെന്ന് എനിക്ക് അറിയാം. സുധാകരനെപ്പറ്റി എനിക്ക് നല്ല വിവരമുണ്ട്, പ്രസംഗം വേറെ പ്രവൃത്തി വേറെ. കോയമ്പത്തൂരിൽ ബോംബ് സ്ഫോടനത്തിൽ കുറെ ആളുകൾ മരിച്ചില്ലേ? അടുത്ത് പാലക്കാടല്ലേ ലക്ഷ്യമിട്ടിരുന്നത്? നമ്മൾ ബോർഡർ സീൽ ചെയ്തതുകൊണ്ടല്ലേ ഇവിടെ വരാത്തത്. ഇവിടെ ചിലർ വന്നില്ലേ? അവരെ അപ്പുറം പിടിച്ച് ഏൽപ്പിച്ചു. പാലക്കാട്ടും മലപ്പുറത്തും കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമം നടത്തി. പോലീസിനെ ശക്തിയായി ഉപയോഗിച്ചുകൊണ്ട് അത് തടഞ്ഞു. മ്അദനിയുടെ കാര്യം എടുക്കാം. എനിക്ക് നിങ്ങളുടെ വോട്ടാണ് കിട്ടിയത്. മ്അദനിയുടെ വോട്ടല്ല. കോൺഗ്രസിന് കൊടുക്കേണ്ട വോട്ട് എനിക്കാണ് തന്നത്. അങ്ങനെയാണ് 25,000 വോട്ട്. നിങ്ങളുടെ കാലത്ത് മ്അദനിയെ അറസ്റ്റ് ചെയ്തില്ല. എന്റെ കാലത്താണ് അറസ്റ്റ് ചെയ്തത്. എനിക്ക് ലോഹ്യം ഉണ്ടെങ്കിൽ അറസ്റ്റ് ചെയ്യേണ്ട ആവശ്യമില്ല. പൈസ കിട്ടും. ആർക്കും പൈസ കൊടുക്കാൻ തയ്യാറാണ് മ്അദനിയുടെ അനുയായികൾ. കൈ കാണിച്ചാൽ മതി. അതിന് ഞാൻ നിൽക്കാത്തതുകൊണ്ടാണ് മ്അദനിയെ അറസ്റ്റ് ചെയ്തത്. നിങ്ങളുടെ കാലത്ത് മ്അദനിയെ അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് നിങ്ങൾ ആലോചിക്കണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : മ്അദനിയുടെ ആളുകൾ അങ്ങേയ്ക്ക് കൈക്കൂലി കൊണ്ടുതരാൻ ശ്രമിച്ചല്ലോ. അവർക്ക് എതിരെ കേസ്സ് എടുത്തോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഞാൻ വാങ്ങിയില്ല. ആര്യാടൻ വാങ്ങിയിട്ടുണ്ടെങ്കിൽ വാങ്ങിയെന്ന് പറഞ്ഞോ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ വാങ്ങിയെന്ന് അങ്ങേയ്ക്ക് ആവർത്തിക്കാമോ? അങ്ങ് ധൈര്യം ഉണ്ടെങ്കിൽ ഏത് അന്വേഷണം വേണമെങ്കിലും നടത്തിക്കോ.

<u>ശ്രീ. ഇ.കെ. നായനാർ</u> : ആര്യാടൻ വാങ്ങിയെന്ന് ഞാൻ പറയുകയില്ല. വാങ്ങാൻ മുതിർന്നിട്ടുണ്ട്. ഞാൻ വാങ്ങിയിട്ടില്ല. മ്അദനിയെ മുമ്പ് എന്തുകൊണ്ട് അറസ്റ്റ് ചെയ്തില്ല എന്നാണ് ഞാൻ ചോദിക്കുന്നത്. അതിന് നിങ്ങൾ മറുപടി പറയണം. നിങ്ങളുടെ കാലത്ത് അറസ്റ്റ് ചെയ്തില്ല, എന്റെ കാലത്ത് അറസ്റ്റ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, ബോംബ് സ്ഫോടനവുമായി ബന്ധപ്പെട്ടാണ് മ്അദനിയെ അറസ്റ്റ് ചെയ്തത്. ഞങ്ങളുടെ കാലത്ത് ബോംബ് സ്ഫോടനം ഇല്ലാതെ എങ്ങനെയാണ് അറസ്റ്റ് ചെയ്യുന്നത്?

ശ്രീ. ഇ.കെ. നായനാർ : ബോംബ് സ്ഫോടനം നടത്തുന്നതിനുമുമ്പ് കോൺസ്പിറസി ഉണ്ടായിരുന്നു.

ശ്രീ. എ.കെ. ആന്റണി : മ്അദനിയെ അറസ്റ്റ് ചെയ്തത് തമിഴ്നാട്ടിൽ മ്അദനി എന്തെങ്കിലും ചെയ്ത്. അല്ലെങ്കിൽ ആരെയെങ്കിലും സഹായിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ക്രിമിനൽ കുറ്റത്തിന്റെ അടിസ്ഥാനത്തിലാണോ അതോ കേരളത്തിൽ എന്തെങ്കിലും പ്രശ്നത്തിന്റെ പേരിലാണോ? അങ്ങനെയാണെങ്കിൽ മ്അദനിയെ അറസ്റ്റ് ചെയ്ത് കേസ് എടുത്ത് കേരളത്തിലെ ലോക്കപ്പിലല്ലേ സൂക്ഷിക്കേണ്ടത്; എന്തിനാണ് തമിഴ്നാട്ടിൽ വച്ചിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : കേരളത്തിൽ നിങ്ങളുടെ കാലത്തും എന്റെ കാലത്തും ഇരുന്ന് കോയമ്പത്തൂരിൽ പോയി രഹസ്യമായി കോൺസ്പിറസി നടത്തി ഇവിടെ തന്നെ വന്നു. അതാണ് സത്യം. അപ്പോൾ നിങ്ങളുടെ കാലത്ത് കോൺസ്പിറസി നടത്തുമ്പോൾ നിങ്ങൾ അറിഞ്ഞില്ല. നമ്മുടെ കാലത്ത് കോൺസ്പിറസി നടത്തുമ്പോൾ അറിയും. ഇതാണ് വ്യത്യാസം. മ്അദനിയുടെ കാല് വെട്ടി മുറിച്ചിട്ട് നിങ്ങളുടെ കാലത്ത് അതിന്റെ കുറ്റവാളികളെ അറസ്റ്റു ചെയ്യാൻ കഴിഞ്ഞോ? നിങ്ങൾ കഥകളൊന്നും പൂഴ്ത്തണ്ട. മ്അദനിക്ക് ഒന്നരകാല് അല്ലേ ഉള്ളൂ. മ്അദനിയുടെ കാല് വെട്ടിമുറിച്ചവനെ നിങ്ങൾ അറസ്റ്റ് ചെയ്തോ? അവനെ ലോക്കപ്പിലിടാനോ ആരാണ് വെട്ടിമുറിച്ചതെന്ന് അന്വേഷിക്കാനോ നിങ്ങൾ എന്തെങ്കിലും ശ്രമം നടത്തിയോ? നടത്തിയില്ല. എന്നാൽ എന്റെ കാലത്ത് അന്വേഷിച്ചു. അദ്ദേഹത്തിന്റെ കാല് വെട്ടിമുറിച്ചത് ഒരു ആർ.എസ്.എസ്. കാരനായിരുന്നു. അവൻ ഇപ്പോൾ ലോക്കപ്പിൽ കിടക്കുകയാണ്. ആന്റണിയുടെ കാലത്ത് അവനിവിടെ സൈരവിഹാരം നടത്തുകയായിരുന്നു. അപ്പോൾ നിയമസമാധാനം ആരുടെ കാലത്താണ് നടക്കുന്നത്? ഇവിടെ മുതലെടുപ്പിന് ശ്രമിക്കാതെ ശത്രുക്കളെ മനസ്സിലാക്കാനും ഇവിടെ ശാന്തിയും സമാധാനവും സൃഷ്ടിക്കാനും തയ്യാറാകണം. ഞങ്ങളിവിടെ വരുമ്പോൾ യു.ഡി.എഫിന്റെ ഭരണകാലത്ത് മ്അദനിയുടെ പേരിൽ അറസ്റ്റുവാറണ്ട് ഉണ്ടായിരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : യു.ഡി.എഫിന്റെ ഭരണകാലത്ത് അറസ്റ്റ് വാറണ്ട് ഉണ്ടായിരുന്ന, നിയമലംഘനം നടത്തിയ മ്അദനിയുടെ സഹായം ഒറ്റപ്പാലത്തിലും തലശ്ശേരിയിലും സ്വീകരിച്ചത് കോൺസ്പിറസി കൂട്ടിയിട്ടല്ലേ?

ശ്രീ. ഇ.കെ. നായനാർ : ഞാൻ പറഞ്ഞുതരാം ആന്റണി. ഒന്നും പൂഴ്ത്തിവയ്ക്കണ്ട. നിങ്ങളുടെ കാലത്ത് അറസ്റ്റു വാറണ്ട് ഉണ്ടായിരുന്നപ്പോൾ നിങ്ങൾ അറസ്റ്റു ചെയ്തില്ല. അതാണ് സത്യം. ഞങ്ങൾ വന്നിട്ടാണ് നിങ്ങളുടെ വാറണ്ടിൽത്തന്നെ ഞങ്ങൾ അറസ്റ്റു ചെയ്തത്.

ശ്രീ. ജി. കാർത്തികേയൻ : യു.ഡി.എഫിന്റെ ഭരണകാലത്ത് മ്അദനിയുടെ പേരിൽ അറസ്റ്റു വാറണ്ട് ഉണ്ടായിരുന്നുവെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ കോയമ്പത്തൂർ കേസ്സുമായി ബന്ധപ്പെട്ട അറസ്റ്റ് വരുന്നതുവരെ ഇതേ മ്അദനിയെ എന്തുകൊണ്ടു നിങ്ങളുടെ കാലത്ത് അറസ്റ്റു ചെയ്തില്ല?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : അയാൾ ഒളിവിലായിരുന്നു. ഞങ്ങൾ പിടിച്ചു. നിങ്ങളുടെ കാലത്ത് അയാൾ സൈരവിഹാരം നടത്തി ഇവിടെ താമസിച്ചു. ഞങ്ങൾ എറണാകുളത്തുവച്ച് പോലീസിനെക്കൊണ്ട് അറസ്റ്റു ചെയ്യിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യത്തെ മൂന്നു വർഷത്തിനിടയിൽ 55 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. എൽ.ഡി.എഫിന്റെ കാലത്ത് അത് 38 ആയി കുറഞ്ഞു. അതുപോലെ യു.ഡി.എഫിന്റെ ഭരണത്തിൽ ആദ്യത്തെ 3 വർഷം 2723 രാഷ്ട്രീയ സംഘർഷങ്ങളുണ്ടായി. ഞങ്ങളുടെ കാലത്ത് 2400 ആയി കുറഞ്ഞു. ഈ രാഷ്ട്രീയ സംഘർഷം കുറച്ചുകൊണ്ടുവരാൻ എല്ലാവരും മുൻകൈ എടുത്തിട്ടുണ്ട്. അതുപോലെ കേരളത്തിൽ യു.ഡി.എഫ്. ഭരണത്തിൽ 122 തവണ പോലീസ് വെടിവയ്പ്. അതിന്റെ ഫലമായി നൂറ്റിയൻപതോളം പേർക്ക് മാരകമായി പരിക്ക് പറ്റിയില്ലേ? എന്നാൽ എൽ.ഡി.എഫിന്റെ ഭരണകാലത്ത് ഒരാൾക്കെങ്കിലും വെടിയേറ്റ് മരിക്കേണ്ടതായോ പരിക്കേറ്റ് മരിക്കേണ്ടതായോ വന്നിട്ടുണ്ടോ? ഇതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള സമീപനത്തിന്റെ വ്യത്യാസം. നിങ്ങൾ വെടിവച്ച് മരിക്കും. പരിക്കേൽപ്പിച്ച് മരിക്കും. ഞങ്ങൾ വെടി വയ്ക്കാതെ മരിക്കും.

ശ്രീ. ടി.എം. ജേക്കബ് : ഇത് 5 വർഷത്തെ കണക്കാണോ മൂന്ന് വർഷത്തെ കണക്കാണോ?

ശ്രീ. ഇ.കെ. നായനാർ : 3 വർഷത്തെ കണക്കുതന്നെ. വ്യക്തികളുടെ സ്വാതന്ത്ര്യം, സ്ത്രീകൾക്കെതിരായി നടക്കുന്ന കയ്യേറ്റം തടയുന്നതിന് വനിതാ സെൽ ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾക്ക് കണക്ക് വേണമെങ്കിൽ കാണിച്ചുതരാം. രാഷ്ട്രീയ കൊലപാതകം എൽ.ഡി.എഫ്. സർക്കാരിന്റെ മൂന്നു വർഷക്കാലം 20.5.1996 മുതൽ 30.4.1999 വരെ കേവലം 38 രാഷ്ട്രീയ കൊലപാതകം മാത്രം. നിങ്ങളുടേത് ജൂൺ 91 മുതൽ മേയ് 94 വരെ മൂന്നുവർഷക്കാലം 55 രാഷ്ട്രീയ കൊലപാതകങ്ങൾ. രാഷ്ട്രീയ സംഘട്ടനം നോക്കുമ്പോൾ നിങ്ങളുടെ കാലത്ത് മൂന്നു വർഷത്തിൽ 2686, ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2441 ആയി കുറഞ്ഞു. യു.ഡി.എഫിന്റെ കാലത്ത് 24.6.1991 മുതൽ 31.5.94 വരെ നാല് ലോക്കപ്പ് മരണം. എന്നാൽ എൽ.ഡി.എഫിന്റെ കാലത്ത് ഒരു ലോക്കപ്പുമരണവും ഉണ്ടായിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആറെണ്ണമുണ്ട്.

ശ്രീ. ഇ.കെ. നായനാർ : ശരിയല്ല. അതൊന്നും ഞാൻ അംഗീകരിക്കുകയില്ല. അസ്സൽ അച്ചടിച്ച് കണക്കെടുത്ത പുസ്തകം എന്റെ കൈയ്യിലുണ്ട്. നിങ്ങൾ എന്തുപറഞ്ഞാലും ഞാൻ അംഗീകരിക്കുകയില്ല. ക്രമസമാധാന നില-യു.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ മൂന്നുവർഷക്കാലം 95 പോലീസ് വെടിവയ്പ്പുകൾ. അതിൽ 9 പേർ ദാരുണമായി മരണമടഞ്ഞു. 41 പേർക്ക് മാരകമായി പരിക്കുപറ്റി? വെടിവയ്പ്പുകൾ-എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ കേവലം 11 വെടിവയ്പ്പ്. അതും ആകാശത്തിലേയ്ക്കാണ് വെടിവച്ചത്. ആർക്കും മരണമോ ഒരു പോറൽ പോലുമോ ഇല്ല. ലാ ആന്റ് ഓർഡർ കൈകാര്യം ചെയ്തത് ഈ സർക്കാർ പോലീസ് സേനയ്ക്ക് നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ ഉത്തമോദാഹരണമാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങ് വായിക്കുമ്പോൾ എൽ.ഡി.എഫ്.ന്റെ കാലത്തെ കേവലം എന്നും യു.ഡി.എഫിന്റെ കാലത്തെ മൃഗീയം എന്നും വായിക്കുന്നത് എന്താ?

ശ്രീ. ഇ.കെ. നായനാർ : വേണ്ട. അത് തിരുത്താം, ആ വാചകം തിരുത്താം. രണ്ടും കേവലം ആക്കാം. അതുപോലെ ലാത്തിച്ചാർജ്ജിന്റെ കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മൂന്നു വർഷത്തിൽ 27 ലാത്തിച്ചാർജ്ജുകൾ. എന്നാൽ മൂന്നു വർഷക്കാലയളവിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 9 ലാത്തിച്ചാർജ്ജ് മാത്രം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാത്തിച്ചാർജ്ജിൽ 209 പേർക്ക് പരിക്ക്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 106 പേർക്ക് പരിക്ക്. ഏതാ കുറവ്. ഇനി വർഗ്ഗീയ. സംഘട്ടനം. 1996-ൽ 38 സംഭവങ്ങളാണ്. വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ട 50 സംഘട്ടനങ്ങൾ നടന്നു. വർഗ്ഗീയ ലഹളകൾ ഒന്നുംതന്നെ നടന്നില്ല. എന്നാൽ പ്രാദേശികമായി ഉണ്ടായ ചില്ലറ തർക്കങ്ങൾ, 50 സംഘട്ടനങ്ങൾ ഉണ്ടായി. അത്തരം സംഭവങ്ങൾ 1966-ൽ 38 സംഭവങ്ങൾ നടന്നപ്പോൾ 1997-ൽ 9-ഉം 1998-ൽ 14 -ഉം, 1999 വരെ 3-ഉം മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇത്തരം സംഭവങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഭരണത്തിൽ 24.6.91 മുതൽ 30.4.94 വരെ 1122 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ഈ തരത്തിൽ കണക്കുകൾ കൃത്യമായി പറയുന്നുണ്ട്. പിന്നെ കേസ്സ്, ബലാൽസംഗം ഇതിന്റെയൊക്കെ കണക്ക് ഇതിനകത്തുണ്ട്. തട്ടിക്കൊണ്ടുപോകൽ അതിന്റെ കണക്കും ഉണ്ട്. ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്. ഇന്ത്യയിൽ നമ്മളാണ് ഇന്ന് ഏറ്റവും കുറവ്, ഞാൻ പറഞ്ഞുതരാം. തട്ടിക്കൊണ്ടുപോയത് റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം ഏറ്റവും കുറവ് കേരളം, ഇങ്ങനെ കുറ്റകരമായ കൃത്യങ്ങൾ കൊലപാതകങ്ങൾ ഏറ്റവും കുറവ് കേരളം-5, ബീഹാർ-130. ബലാൽസംഗം ഏറ്റവും കുറവ് കേരളം, തട്ടിക്കൊണ്ടുപോകൽ ഏറ്റവും കുറവ് കേരളം. കൊള്ള, ഡക്കോയിറ്റി ഏറ്റവും കുറവ് കേരളം. പിടിച്ചുപറി (റോബറി) ഏറ്റവും കുറവ് കേരളം-ഭവനഭേദനം ഏറ്റവും കുറവ് കേരളം, ഏറ്റവും അധികം മദ്ധ്യപ്രദേശ് - 16,352. കോൺഗ്രസ് ഭരിക്കുന്ന മദ്ധ്യപ്രദേശ് ആണ്. ഇന്ത്യാ ഗവൺമെന്റ് വിളിച്ചുകൂട്ടിയ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസുമാരുടെയും, ഡി.ജി.പി.മാരുടെയും ആൾ ഇന്ത്യാ കോൺഫറൻസിലെ കണക്കാണിത്. ഈ കണക്കിൽ ഏറ്റവും കുറവ് കേരളമാണ്. ഏതിലായാലും പിടിച്ചുപറി ആയാലും, കൊള്ള ആയാലും ബലാൽസംഗമായാലും ഏറ്റവും കുറവ് കേരളത്തിലാണ്. അതുപോലെ പോലീസ് സേനയിൽ 10% സ്ത്രീകൾ വേണമെന്ന് നമ്മൾ തീരുമാനിച്ചിരുന്നു. 4500 ഓളം പുതിയ തസ്തികകൾ പോലീസ് സേനയിൽ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. 3500 ഓളം പുതിയ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തേണ്ടതുണ്ട്. പിന്നെ 8 മണിക്കൂർ ജോലി, ഞാൻ ചോദിക്കുന്നു നിങ്ങളുടെ കാലത്ത് ആലോചിച്ചിട്ടുണ്ടോ? പോലീസിന്റെ ചരിത്രത്തിൽ ഇന്ത്യയിൽ എവിടെയെങ്കിലുമുണ്ടോ? 22 സ്റ്റേഷനുകളിൽ 8 മണിക്കൂറേ ഉള്ളൂ ഇപ്പോൾ. അത് 50 സ്റ്റേഷനുകളിൽക്കൂടി വ്യാപിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യാ രാജ്യത്ത് എവിടെയും ജോലി 8 മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടില്ല. ഷിക്കാഗോ തൊഴിലാളികൾ 8 മണിക്കൂറിനുവേണ്ടി ആത്മാഹൂതി ചെയ്തു. ഇന്ത്യയിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ ജോലി 8 മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ടോ? കേരളത്തിൽ ഉണ്ട്. 22 പോലീസ് സ്റ്റേഷനുകളിൽ ഉണ്ട്. അതുപോലെ തന്നെ ഇനി 50 പോലീസ് സ്റ്റേഷനുകളിൽക്കൂടി ആക്കാൻ പോകുകയാണ്. 50 പോലീസ് സ്റ്റേഷനിലും കൂടി ജോലിസമയം 8 മണിക്കൂർ ആക്കാൻ പോകുകയാണ്. മാതൃകാ പോലീസ് സ്റ്റേഷന്റെ കണക്ക് ഞാൻ ഇവിടെ പറഞ്ഞു 19. പിന്നെ ഒരു പുതിയ ടൂറിസ്റ്റ് പോലീസ് വിഭാഗവും ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ ഇതിന്റെ ഓർഗനൈസേഷൻ ശരിയായിട്ടില്ല. നല്ല ഒരു ഓഫീസർ വേണം, അത് നിശ്ചയിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുകയാണ്. ടൂറിസ്റ്റ് ഗാർഡ്, ഒരു പ്രത്യേക യൂണിഫാം, പ്രത്യേക പോലീസുകാർ എന്നിവ നിശ്ചയിക്കാൻ പോകുകയാണ്. അതുപോലെ പോലീസ് അസോസിയേഷനുകൾ. കോൺഗ്രസിന്റെ കാലത്ത് നിങ്ങൾ ഭരിക്കുമ്പോൾ അതിന്റെ അസോസിയേഷനുകൾ വർക്ക് ചെയ്യാൻ സമ്മതിച്ചോ? മുഴുവൻ പൂട്ടി വച്ചിരിക്കുകയായിരുന്നില്ലേ? ഇപ്പോൾ തർക്കമുണ്ട്, തർക്കം ഇല്ല എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അസോസിയേഷൻ ശരിക്കും വർക്ക് ചെയ്യുന്നുണ്ട്. ആ അസോസിയേഷനിൽ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. ചീമേനിയിൽ ഒരു തുറന്ന ജയിൽ. ചീമേനിയിലാണ് 1987 മാർച്ച് മാസത്തിൽ 5 പേരെ ഈ കോൺഗ്രസുകാർ കശാപ്പു ചെയ്തത്. ഞാൻ ആ ദിവസം സംഭവസ്ഥലത്ത് പോയതാണ്. 5 പേരെ അടിച്ചു കൊന്നതാണ് ഈ കോൺഗ്രസുകാർ, ശ്രീ. ആന്റണിക്ക് ഇത് അറിയുമോ എന്ന് അറിയില്ല. ജീവനോടെ കിടന്ന അപ്പുവിനെയാണ് തീയിട്ടു ചുട്ടുകൊന്നത്. 1987 മാർച്ച് 5-ന് ഞാൻ പോയതാണ്. അന്ന് അവിടത്തെ സ്ഥാനാർത്ഥി ഞാനായിരുന്നു. അതിനെപ്പറ്റിയൊന്നും ശ്രീ. സുധാകരന് മിണ്ടാനില്ല. കോൺഗ്രസുകാരൻ അടിച്ചുകൊന്നു 5 ആളെ, ഒരാളെ ജീവനോടെ ചുട്ടുകൊന്നു. ഇതാണ് കോൺഗ്രസിന്റെ ത്യാഗവും, സേവനവും. ഞാൻ പോയി കണ്ടതല്ലേ രാത്രി. അപ്പു എന്നുപറഞ്ഞ ഒരു കർഷക തൊഴിലാളി. അന്ന് ഞാനും ശ്രീ. കരുണാകരനും, കൃഷ്ണൻ നായരുമാണ് ആ സ്ഥലത്ത് പോയത്. 749 തടവുകാരെ മോചിപ്പിച്ചു, അതിൽ ആരോ പറഞ്ഞു കള്ളനെയൊക്കെ മോചിപ്പിച്ചിരിക്കുകയാണെന്ന്. കള്ളനുണ്ടാവില്ലെന്ന് ഞാൻ പറഞ്ഞോ? കളവ് കേസ്സിൽ അല്ലേ പ്രതികൾ ജയിലിൽ. ആ ജയിലിലുള്ള പ്രതികളെ ജയിലിൽ നിന്ന് വിട്ടാൽ പിന്നെ കള്ളൻ ഉണ്ടെന്ന് പറയാനുണ്ടോ? എല്ലാ വിഭാഗങ്ങളുമുണ്ട്. പിടിച്ചുപറിക്കാരും, കള്ളനും ഒക്കെ ഉണ്ടാകും. പക്ഷെ അവർ 8 കൊല്ലമായി ജയിലിൽ, അവരെ വിട്ടു. ജയിൽ ഉപദേശക സമിതികൾ 95 തടവുകാരെ വിട്ടയയ്ക്കാൻ ശുപാർശ ചെയ്തു, വിട്ടു. മൊത്തം 749 തടവുകാരെ മോചിപ്പിച്ചു. തടവുകാരുടെ വേതനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ ചെയ്തു. കഴിഞ്ഞ മൂന്നു വർഷമായി 654 തടവുകാരെ വിട്ടയച്ചു. അവർ ജയിലിൽ സ്ഥിരം ഇരിക്കേണ്ടവരാ? ചീമേനിയിൽ ഒരു തുറന്ന ജയിൽ തുറക്കാൻ തീരുമാനിച്ചു. ശ്രീ. ആര്യാടന് വിഷമം ഉണ്ടാകും. 11-ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകി. ഫയർ സ്റ്റേഷൻ ഇല്ലാത്ത മുനിസിപ്പൽ ടൗണിലും ഘട്ടം ഘട്ടമായി സ്റ്റേഷനുകൾ സ്ഥാപിക്കും. ഇവിടെ പല ഡിമാന്റുകളും ഉണ്ട്. അതുപോലെ അഴിമതിക്കെതിരെ 2000 കേസ്സുകൾ എടുക്കുകയും ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എൻ.ജി.ഒ.മാരെ സംബന്ധിച്ച് പറഞ്ഞു. അവരെ വിട്ടയച്ചിട്ടുണ്ട്, അവരുടെ പേരിൽ ശിക്ഷ എടുത്തിട്ടുണ്ട്. പോലീസുകാരുടെ പേരിലും ശിക്ഷയുണ്ട്. ഉയർന്ന പോലീസുകാർ കൈക്കൂലി വാങ്ങാൻ ഇപ്പോൾ ധൈര്യപ്പെടുന്നില്ല. മുൻകാലത്തുള്ള സ്ഥിതി എന്തായിരുന്നു, ഉന്നതരായ പോലീസുകാരിൽ കൈക്കൂലി വാങ്ങുന്നവനാണ് പ്രൊമോഷൻ. ഇന്നിപ്പോൾ അതില്ല. ഇന്നിപ്പോൾ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥൻമാർ, വാങ്ങുന്നില്ല. താഴെയുള്ളവർ വാങ്ങുന്നുണ്ടാവും. ഇല്ല എന്നൊന്നും ഞാൻ പറയുന്നില്ല. ഉന്നത പോലീസ് ഉദ്യോഗസ്ഥർ വാങ്ങുന്നില്ല, കാരണം ഭയം കൊണ്ടാണ്. മറ്റൊന്നുമല്ല. ആ തരത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഞങ്ങൾ സർക്കാർ പുനഃസംഘടിപ്പിച്ചു. വളരെ ശക്തിമത്തായി അത് പുനഃസംഘടിപ്പിച്ചു. വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു. അന്വേഷണ സംഘങ്ങളുടെ എണ്ണം 56-ൽ നിന്ന് 93 ആയി വർദ്ധിപ്പിച്ചു. പൊതു മേഖലാ സ്ഥാപനങ്ങളിലും വിജി

LIBRARY ARCHIVES Kerala Legislative Assembly

ലൻസ് സെല്ലുകൾ രൂപീകരിച്ചു. അങ്ങനെ ഡൽഹിയിൽ നിന്നുള്ള സി.ബി. ഐ. ഉദ്യോഗസ്ഥന്മാർ പരിശീലനം നേടി, അങ്ങനെ കൊടുത്തുകൊണ്ടു വരികയാണ്. അങ്ങനെ പോലീസ് ഡിപ്പാർട്ടുമെന്റിൽ അഴിമതിരഹിതമായി. ഉന്നത സ്ഥാനത്ത് എല്ലായിടത്തും എന്ന് ഞാൻ പറയുന്നില്ല - നിയമസമാധാനം കൊണ്ടുവരണം. വർഗ്ഗീയ ലഹള ഇല്ലാത്ത, സ്ത്രീകൾക്കെതിരായി അക്രമം നടക്കാത്ത അടിയും കൊള്ളയും അക്രമവും പിടിച്ചുപറിയും ഇല്ലാത്ത ഒരു വ്യവസ്ഥ വളർത്തിക്കൊണ്ടുവരണം. ഇപ്പോൾ നമ്മൾ അതിന്റെ ട്രയിനിംഗിലാണ്. അതിന്റെ ഉന്നതമായ തലത്തിൽ നിന്നാണ് അതിന്റെ തുടക്കം. ചിലതൊന്നും നടന്നില്ല എന്ന് ഞാൻ പറയുന്നില്ല. 40,000-ത്തോളം പോലീസുകാരുള്ളതാണ്. അവരെ നന്നാക്കി എടുക്കത്തക്കവിധത്തിൽ നിങ്ങളുടെയടക്കം സഹായ സഹകരണങ്ങളോടുകൂടി ഇത് നടപ്പിൽ വരുത്താൻ കഴിയും എന്ന ഒരു വിശ്വാസത്തിൽ നിങ്ങൾ ഇതിന് പിൻതുണ നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. അവസാനിപ്പിക്കുന്നു.

VII. വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഞാൻ പ്രസംഗിച്ചപ്പോൾ എന്റെ പ്രസംഗമദ്ധ്യേ ചില ഹിന്ദു ദൈവങ്ങളെപ്പറ്റി നടത്തിയ പരാമർശങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ള സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശിവദാസമേനോനും ഇപ്പോൾ ഒടുവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിലും നിരവധി ബഹുമാനപ്പെട്ട എം.എൽ.എ. മാരായ സുഹൃത്തുക്കളും മറ്റും നേരിട്ടും അങ്ങനെ പ്രയോഗിക്കേണ്ടതില്ലായിരുന്നു എന്ന് പറയുകയുണ്ടായി. ചെയറിൽ അപ്പോൾ ഉണ്ടായിരുന്ന ബഹുമാനപ്പെട്ട ശ്രീ. സി.പി. ബാലൻ വൈദ്യരും, പിന്നീട് ബഹുമാനപ്പെട്ട സ്പീക്കറും ആ കാര്യത്തിൽ എടുത്ത നടപടികളോട് ഞാൻ യോജിച്ചു കഴിഞ്ഞു. മറ്റു മതങ്ങളെപ്പോലെ മഹത്തായ ഹിന്ദുമതത്തിന്റെ എല്ലാ മഹത്തായിട്ടുള്ള സംഭാവനകളെപ്പറ്റിയും എപ്പോഴും അംഗീകരിച്ച് പ്രസംഗിക്കുന്ന, നാളിതുവരെ ദൈവവിശ്വാസികൾക്ക് വിഷമം ഉണ്ടാക്കുന്ന യാതൊരു പരാമർശങ്ങളും എന്നിൽ നിന്നും ഉണ്ടാകാതിരിക്കുന്ന ഒരു സാഹചര്യത്തിൽ അത് തെറ്റിദ്ധാരണാ ജനകമായി വന്നതിൽ ഖേദിക്കുന്നു. അതിൽ മറ്റ് യാതൊരു ദുരുദ്ദേശങ്ങളും ഉദ്ദേശിച്ചിരുന്നില്ല എന്ന കാര്യം സഭയെ അറിയിക്കുന്നു.

പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

<u>മി. സ്പീക്കർ</u> : പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 68

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ബാബു ദിവാകരൻ
6. ശ്രീ. എൻ.ആർ. ബാലൻ
7. ശ്രീ. ടി.കെ. ബാലൻ
8. ശ്രീ. സി.പി. ബാലൻ വൈദ്യർ
9. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
10. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
11. ശ്രീ. വി.കെ. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
13. ശ്രീ. എം. ദാസൻ
14. ശ്രീ. പി.സി. ജോർജ്ജ്
15. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
16. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. ടി.കെ. ഹംസ
18. ശ്രീ. കെ.ഇ. ഇസ്മയിൽ
19. ശ്രീ. സി.എൻ. ജയദേവൻ
20. ശ്രീ. എം.വി. ജയരാജൻ
21. ശ്രീ. ടി.എസ്. ജോൺ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ജോസ് ബേബി
24. ശ്രീ. പി.ജെ. ജോസഫ്
25. ശ്രീ. വി.സി. കബീർ
26. ശ്രീ. എ. കണാരൻ
27. ശ്രീ. എൻ. കണ്ണൻ
28. ശ്രീ. എളമരം കരീം
29. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
30. ശ്രീ. ഇ.കെ. നായനാർ
31. ശ്രീ. പി.കെ. കുമാരൻ
32. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
33. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
34. ശ്രീമതി ആർ. ലതാദേവി
35. ശ്രീ. ലോനപ്പൻ നമ്പാടൻ
36. പ്രൊഫ. മീനാക്ഷി തമ്പാൻ
37. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
38. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. പിരപ്പൻകോട് മുരളി
41. ശ്രീ. ടി. നാണു മാസ്റ്റർ
42. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
43. ശ്രീ. പി. നാരായണൻ
44. ഡോ. എ. നീലലോഹിതദാസൻ നാടാർ
45. ശ്രീ. ടി.കെ. നൗഷാദ്
46. ശ്രീ. കെ. പ്രകാശ് ബാബു
47. ശ്രീമതി എൻ.കെ. രാധ
48. ശ്രീ. കെ. രാധാകൃഷ്ണൻ
49. ശ്രീ. പി. രാഘവൻ
50. ശ്രീ. സി.കെ. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. പി. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
54. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
57. ശ്രീ. സത്യൻ മൊകേരി
58. ശ്രീ. സെബാസ്റ്റ്യൻ പോൾ
59. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
60. ശ്രീ. ടി. ശിവദാസമേനോൻ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. പി.എസ്. സുപാൽ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. പ്രൊഫ. എ.വി. താമരാക്ഷൻ
65. ശ്രീ. എം.എ. തോമസ്
66. ശ്രീ. എം.പി. വർഗ്ഗീസ്
67. ശ്രീ. വർഗ്ഗീസ് വൈദ്യർ
68. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 46

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. എ.കെ. ആന്റണി
7. ശ്രീ. ഇ.എം. അഗസ്തി
8. ശ്രീ. കെ. ബാബു
9. ശ്രീ. വി. ബാലറാം
10. ശ്രീ. കെ.എ. ചന്ദ്രൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. പി.ജെ. ഫ്രാൻസിസ്
13. ശ്രീ. ജോർജ്ജ് ജെ. മാത്യു
14. ശ്രീ. ഇസ്ഹാക് കുരിക്കൾ
15. ശ്രീ. ടി.എം. ജേക്കബ്
16. ശ്രീ. ജോണി നെല്ലൂർ
17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. പി.ജെ. ജോയി
19. ശ്രീ. ജി. കാർത്തികേയൻ
20. ശ്രീ. കെ.കെ. നായർ
21. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
22. ഡോ. എം.എ. കുട്ടപ്പൻ
23. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
24. ശ്രീ. കെ.എം. മാണി
25. ശ്രീ. കെ. മുഹമ്മദാലി
26. ശ്രീ. എ.കെ. മണി
27. ശ്രീ. സി. മോയീൻകുട്ടി
28. ശ്രീ. ആര്യാടൻ മുഹമ്മദ്
29. ശ്രീ. എം.കെ. മുനീർ

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. എം. മുരളി
31. ശ്രീ. കെ. നാരായണക്കുറുപ്പ്
32. ശ്രീ. എഴുകോൺ നാരായണൻ
33. ശ്രീ. വി.ജെ. പൗലോസ്
34. ശ്രീ. അടൂർ പ്രകാശ്
35. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
36. ശ്രീമതി രാധാ രാഘവൻ
37. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
38. ശ്രീ. പാലോട് രവി
39. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. നാലകത്ത് സൂപ്പി
41. ശ്രീ. കെ. സുധാകരൻ
42. ശ്രീ. പി.പി. തങ്കച്ചൻ
43. ശ്രീ. സി.എഫ്. തോമസ്
44. ശ്രീ. കെ.സി. വേണുഗോപാൽ
45. ശ്രീ. ബി. വിജയകുമാർ
46. ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 68

പ്രതികൂലിക്കുന്നവർ - 46

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII - നമ്പർ ധനാഭ്യർത്ഥനയ്ക്ക് നേരെ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ജയിലുകൾ എന്ന XIII - നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന് പ്രമേയം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

നീതിന്യായ നിർവ്വഹണമെന്ന III -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നീതിന്യായ നിർവ്വഹണം എന്ന III -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂൺ മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly